Newspaper for malayalees Worldwide CHICAGO/TORONTO Estd.2020

# വാചകം VACHAKAM

America | Canada | India | Keralam | Socialmedia | Cinema | Sports | Technology | World

CHICAGO
Vol. 5 / Issue 47/ Pages 32
17
ജൂൺ 2026
ബുധനാഴ്ച
1201 മിഥുനം 3

www.vachakam.com
news@vachakam.com
canada@vachakam.com



## ട്രംപിന്റെ ഇറാൻ നയതന്ത്രം!

## കരാർ പാളിയാൽ ആഗോള വിപണിയിലും യുഎസ് രാഷ്ട്രീയത്തിലും

# പ്രളയമോ?

ഫ്രാൻസിലെ പ്രശസ്ത റിസോർട്ട് നഗരമായ ഏവിയാൻ-ലെ-ബെയ്ൻസിൽ നടന്ന ജി7 ഉച്ചകോടിയുടെ സമാപനം ലോക ചരിത്രത്തിലെ തന്നെ ഏറ്റവും നാടകീയമായ ഒരു നയതന്ത്ര നീക്കത്തിനാണ് സാക്ഷ്യം വഹിച്ചത്. കഴിഞ്ഞ നാല് മാസമായി പശ്ചിമേഷ്യയെയും ആഗോള സമ്പദ്വ്യവസ്ഥയെയും ഒരുപോലെ മുൾമുനയിൽ നിർത്തിയ യു.എസ്-ഇറാൻ സൈനിക പ്രതിസന്ധിക്ക് താൽക്കാലിക ശമനം നൽകിക്കൊണ്ട് ഇരുരാജ്യങ്ങളും 60 ദിവസത്തെ ധാരണാപത്രത്തിൽ ഒപ്പുവെച്ചു.അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണിനൊപ്പം വേഴ്സായ് കൊട്ടാരത്തിൽ വെച്ച് നടത്തിയ കൂടിക്കാഴ്ചയിലാണ് ഈ നിർണായക കരാർ ഒപ്പിട്ടത്.എന്നാൽ ഈ വലിയ നയതന്ത്ര നേട്ടത്തിനിടയിലും മാധ്യമ പ്രവർത്തകരെ അഭിസംബോധന ചെയ്ത് സംസാരിക്കവെ ഡൊണാൾഡ് ട്രംപ് നടത്തിയ ഒരു പരാമർശമാണ് ഇപ്പോൾ ആഗോള രാഷ്ട്രീയത്തിൽ പുതിയ ചർച്ചകൾക്ക് തിരികൊളുത്തിയിരിക്കുന്നത്.

70 മിനിറ്റോളം നീണ്ട വാർത്താ സമ്മേളനത്തിൽ തന്റെ പതിവ് ശൈലിയാണ് ട്രംപ് പുറത്തെടുത്തത്. ഈ സമാധാന കരാർ പരാജയപ്പെടുകയാണെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്തം വൈസ് പ്രസിഡന്റ് ജെ.ഡി വാൻസിന് ആയിരിക്കുമെന്നാണ് ട്രംപ് പരസ്യമായി പ്രഖ്യാപിച്ചത്.'ഈ കരാർ വിജയകരമായാൽ അതിന്റെ എല്ലാ ക്രെഡിറ്റും ഞാൻ എടുക്കും. എന്നാൽ ഇത് പരാജയപ്പെടുകയാണെങ്കിൽ ഞാൻ പറയും, അത് ജെ.ഡി വാ

ശേഷം പേജ് 8ൽ

## കെവിൻ വാർഷിന്റെ പുതിയ പരീക്ഷണങ്ങൾ;

# ഫെഡറൽ റിസർവിൽ വൻ അഴിച്ചുപണി




പശ്ചിമേഷ്യൻ മണ്ണിലെ കനത്ത യുദ്ധസാഹചര്യങ്ങൾക്ക് അന്ത്യം കുറിച്ചുകൊണ്ട് അമേരിക്കയും ഇറാനും തമ്മിൽ ഡിജിറ്റൽ സമാധാന കരാറിൽ ഒപ്പുവെച്ച അതേ സുപ്രധാന നിമിഷത്തിൽ തന്നെയാണ്, ആഗോള സാമ്പത്തിക വ്യവസ്ഥയുടെ സിരാകേന്ദ്രമായ യുഎസ് ഫെഡറൽ റിസർവിൽ പുതിയൊരു യുഗത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ചിരിക്കുന്നത്. ഫെഡ് ചെയർമാനായി പുതുതായി ചുമതലയേറ്റ കെവിൻ വാർഷിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ നയരൂപീകരണ യോഗം പലിശ നിരക്കുകൾ മാറ്റമില്ലാതെ നിലനിർത്തിക്കൊണ്ടാണ് അവസാനിച്ചത്. നിലവിൽ 3.5 ശതമാനം മുതൽ 3.75 ശതമാനം വരെയുള്ള പരിധിയിൽ തുടരുന്ന ഈ നിരക്കുകൾ വിപണി പ്രതീക്ഷിച്ച ഒന്നായിരുന്നെങ്കിലും, വാർഷ് നടപ്പിലാക്കിയ അപ്രതീക്ഷിതമായ

ശേഷം പേജ് 8ൽ

ഇനിയും വേണ്ടേ പുതുവഴി?
(സി. രാധാകൃഷ്ണൻ എഴുതുന്നു)
.................................. പേജ് 06

ഡിജിറ്റൽ പോസ്റ്റ്മോർട്ടത്തോട് 'നോ' പറയേണ്ടതില്ല
.................................. പേജ് 15

ഈ കപ്പൽ ആടിയുലയരുത് സാർ !
.................................. പേജ് 16

അപ്രതീക്ഷിതമായ ചില തീരുമാനങ്ങൾ..!
.................................. പേജ് 17

ഓന്തുവർഗ്ഗങ്ങളൊക്കെ എന്ത്? ഭരണം മാറിയപ്പോൾ ചിലർ കളം മാറുന്നു, നിറം മാറുന്നു !
.................................. പേജ് 24

വ്യാജ ആയുധക്കരാറിന്റെ മറവിൽ 700 കോടിയുടെ രാജ്യാന്തര നിക്ഷേപത്തട്ടിപ്പ്: നിജസ്ഥിതി പുറത്ത്
.................................. പേജ് 25

# ‘ഇറാൻ കരാർ പരാജയപ്പെട്ടാൽ കുറ്റം ജെഡി വാൻസിന്, വിജയിച്ചാൽ ക്രെഡിറ്റ് എനിക്ക്’; രസകരമായ പ്രതികരണവുമായി ട്രംപ്

ഇറാനുമായി നടക്കുന്ന സമാധാന കരാർ വിജയിച്ചാൽ അതിന്റെ ക്രെഡിറ്റ് താൻ ഏറ്റെടുക്കുമെന്നും, പരാജയപ്പെട്ടാൽ ഉത്തരവാദിത്വം യുഎസ് വൈസ് പ്രസിഡന്റ് ജെയിംസ് ഡേവിഡ് വാൻസ് ഏറ്റെടുക്കേണ്ടിവരുമെന്നും യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രതികരിച്ചു.

ഫ്രാൻസിലെ എവിയൻ-ലെ-ബെയിൻസിൽ നടന്ന ജി7 ഉകോടിക്കിടെ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു ട്രംപ്. ഇറാൻ കരാർ ഒപ്പുവെക്കാൻ വൈസ് പ്രസിഡന്റിനെ അയക്കുന്നതിനെക്കുറിച്ചുള്ള ചോദ്യത്തിനിടയിലാണ് അദ്ദേഹം തമാശയായി പ്രതികരിച്ചത്.



‘ഇത് വിജയിച്ചാൽ ക്രെഡിറ്റ് ഞാൻ എടുക്കും. വിജയിക്കില്ലെങ്കിൽ ജെ ഡിയെ ഞാൻ കുറ്റം പറയും,’ എന്ന് ട്രംപ് പറഞ്ഞു. അദ്ദേഹത്തിന്റെ പരാമർശം ഹാളിൽ ചിരി ഉണർത്തിയതായി റിപ്പോർട്ടുകൾ പറയുന്നു.

യുഎസ് പ്രസിഡന്റ് ഭരണകൂടത്തിലെ മുതിർന്ന ഉദ്യോഗസ്ഥർ മാധ്യമങ്ങളോട് പറഞ്ഞതനുസരിച്ച് ഇറാനുമായി തയ്യാറാക്കിയിരിക്കുന്ന ഒഛരഡ എന്ന കരാറിൽ 14 പ്രധാന പോയിന്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**കരാറിലെ പ്രധാന വ്യവസ്ഥകൾ:**

ഇസ്രായേൽ സേനയും ലെബനനിലെ സംഘർഷങ്ങളും ഉടൻ അവസാനിപ്പിക്കൽ

ഇറാൻ നിയന്ത്രിക്കുന്ന ഹോർമൂസ് കടലിടുക്ക് കുറഞ്ഞത് 60 ദിവസത്തേക്ക് ടോൾ ഇല്ലാതെ പൂർണ്ണമായി തുറക്കുക

ഇറാന്റെ ഉയർന്ന ശുദ്ധതയുള്ള യുറേനിയം ശേഖരം എങ്ങനെ കൈകാര്യം ചെയ്യണം എന്നത് സംബന്ധിച്ച് യു.എസ്-ഇറാൻ ധാരണയിലെത്തുക

നാമം വെളിപ്പെടുത്താത്ത ഒരു മുതിർന്ന യുഎസ് ഉദ്യോഗസ്ഥൻ പറഞ്ഞത് പ്രകാരം, ഇറാന്റെ ആണവ വസ്തുക്കൾ ഇപ്പോൾ എളുപ്പത്തിൽ ലഭ്യമല്ലാത്ത വിധത്തിൽ ‘ആഴത്തിൽ മറഞ്ഞിരിക്കുന്നു’ എന്നാണ് വിലയിരുത്തൽ.

ഈ വസ്തുക്കൾ കണ്ടെത്താൻ പ്രത്യേകമായി ഇറാനിലേക്ക് പ്രവേശിക്കേണ്ട സാഹചര്യമില്ലെന്നും, മുമ്പ് നടന്ന യുഎസ് ആക്രമണങ്ങൾ അതിനെ ബാധിച്ചിരിക്കാമെന്നും അദ്ദേഹം പറഞ്ഞു.

2025 ജൂണിൽ യുഎസ് നടത്തിയ "Operation Midnight Hammer" എന്ന സൈനിക ആക്രമണത്തിൽ ഇറാനിലെ ആണവ കേന്ദ്രങ്ങൾ ലക്ഷ്യമിട്ടിരുന്നു.

ഈ ആക്രമണത്തിന് ശേഷം ഇറാന്റെ ആണവ ശേഷി വലിയ തോതിൽ ബാധിക്കപ്പെട്ടുവെന്നാണ് യുഎസ് ഭരണകൂടത്തിന്റെ അവകാശവാദം.

കരാറിനെതിരെ യുഎസ് സെനറ്റർമാർ കടുത്ത വിമർശനം ഉന്നയിച്ചു:

സെനറ്റർ ബിൽ കാസിഡി ഈ കരാറിനെ ‘ദശകങ്ങളിലെ ഏറ്റവും മോശം വിദേശനയ പിഴവ്‘ എന്ന് വിശേഷിപ്പിച്ചു.

സെനറ്റർ തോം ടില്ലിസ് ‘14 പോയിന്റുകൾ മാത്രം മതിയാകില്ല’ എന്ന് പ്രതികരിച്ചു. കരാർ ഒപ്പിടൽ ചടങ്ങിൽ പങ്കെടുക്കാമെങ്കിലും ഉറപ്പില്ല, ഇത് അന്തിമ കരാർ അല്ല, ഒരു "memorandum of understaning" മാത്രമാണ് എന്ന് പ്രസ് കോൺഫറൻസിന്റെ അവസാനം ട്രംപ് പറഞ്ഞു. അതിനാൽ താൻ തന്നെ ഒപ്പിടേണ്ട ആവശ്യമില്ലെന്നും അദ്ദേഹം സൂചിപ്പിച്ചു.

# ഇറാന്റെ യുറേനിയം ശേഖരം നശിപ്പിക്കാൻ ധാരണ; അമേരിക്കയ്ക്ക് വൻ നയതന്ത്ര വിജയമെന്ന് ഉന്നത ഉദ്യോഗസ്ഥർ

അമേരിക്കയും ഇറാനും തമ്മിൽ ഒപ്പുവെക്കാനിരിക്കുന്ന ചരിത്രപരമായ സമാധാന കരാറിലെ നിർണ്ണായക വിവരങ്ങൾ പുറത്തുവിട്ട് യുഎസ് ഉന്നത ഉദ്യോഗസ്ഥർ രംഗത്തെത്തി. ഇറാന്റെ പക്കലുള്ള സമ്പുഷ്ടീകരിച്ച യുറേനിയം ശേഖരം പൂർണ്ണമായി നശിപ്പിക്കാൻ ടെഹ്റാൻ സമ്മതിച്ചതായാണ് പുതിയ വെളിപ്പെടുത്തൽ. അന്താരാഷ്ട്ര തലത്തിൽ വലിയ നയതന്ത്ര ചലനങ്ങൾ സൃഷ്ടിച്ച ഈ പുതിയ മാറ്റം അമേരിക്ക നേടിയ ഏറ്റവും വലിയ വിജയമാണെന്ന് വൈറ്റ് ഹൗസ് വൃത്തങ്ങൾ അവകാശപ്പെടുന്നു.

രഹസ്യമായി സൂക്ഷിച്ചിരുന്ന 14 ഇന സമാധാന കരാറിന്റെ കരട് രേഖകൾ പ്രമുഖ മാധ്യമപ്രവർത്തകർക്ക് മുന്നിലാണ് അമേരിക്കൻ പ്രതിനിധികൾ ഔദ്യോഗികമായി വിശദീകരിച്ചത്. ഐഎഇഎയുടെ കർശനമായ മേൽനോട്ടത്തിൽ തങ്ങളുടെ യുറേനിയം ശേഖരം വീര്യം കുറച്ച് ഇല്ലാതാക്കാമെന്ന് ഇറാൻ സമ്മതിച്ചിട്ടുണ്ട്. ആറ്റം ബോംബുകൾ നിർമ്മിക്കാൻ ശേഷിയുള്ള ഈ ആണവവസ്തുക്കൾ നശിപ്പിക്കാൻ തയ്യാറായത് പശ്ചിമേഷ്യൻ സുരക്ഷയിൽ നിർണ്ണായകമാകും.

ഈ ചരിത്രപരമായ കരാർ ഒപ്പുവെക്കുന്നതോടെ ലോക സമ്പദ്‌വ്യവസ്ഥയെ തകർത്ത കടുത്ത പ്രതിസന്ധികൾക്ക് താല്ക്കാലിക പരിഹാരമാകുമെന്നാണ് കരുതപ്പെടുന്നത്. ഇറാന്റെ കടുത്ത നിലപാടുകളിൽ വലിയ മാറ്റം കൊണ്ടുവരാൻ നിലവിലെ അമേരിക്കൻ ഭരണകൂടത്തിന്റെ ശക്തമായ ഇടപെടലുകൾക്ക് സാധിച്ചിട്ടുണ്ട്. ആണവായുധങ്ങൾ ഇനി ഒരിക്കലും നിർമ്മിക്കില്ലെന്ന ഉറ



പ്പ് കരാറിന്റെ ആദ്യ വ്യവസ്ഥകളിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതേസമയം ഈ താല്ക്കാലിക ഉടമ്പടിയിലൂടെ ഇറാന് കടുത്ത സാമ്പത്തിക ഇളവുകൾ നൽകുന്നതിനെതിരെ അമേരിക്കയിൽ വലിയ രാഷ്ട്രീയ തർക്കങ്ങൾ ഉടലെടുത്തിട്ടുണ്ട്. ഇറാന്റെ എണ്ണക്കപ്പലുകൾക്ക് ഏർപ്പെടുത്തിയിരുന്ന കർശനമായ വിലക്കുകൾ നീക്കുന്നതും മരവിപ്പിച്ച ഫണ്ടുകൾ വിട്ടുനൽകുന്നതുമാണ് പ്രതിപക്ഷത്തെ ചൊടിപ്പിച്ചത്.

എന്നാൽ ഈ ഇളവുകളെല്ലാം ഇറാന്റെ ആണവ പിന്മാറ്റവുമായി നേരിട്ട് ബന്ധിപ്പിച്ചിട്ടുള്ളതാണെന്ന് അധികൃതർ വ്യക്തമാക്കി.

കരാറിന്റെ ഭാഗമായി ലെബനനിലെ ഹിസ്ബുള്ള ഭീകരരെ നിയന്ത്രിക്കാൻ ഇറാൻ പൂർണ്ണമായ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടിവരും. മേഖലയിലെ സൈനിക നീക്കങ്ങൾ പൂർണ്ണമായി അവസാനിപ്പിക്കാൻ ഇരുരാജ്യങ്ങളും തങ്ങളുടെ സഖ്യകക്ഷികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും ഒരു വിഭാഗം വ്യവസ്ഥകൾ ലംഘിച്ചാൽ കരാറിൽ നിന്നും ഏതുസമയത്തും പിന്മാറാൻ ഇരുപക്ഷത്തിനും നിയമപരമായ അവകാശമുണ്ട്.

അന്താരാഷ്ട്ര കപ്പൽ ഗതാഗത മേഖലയായ ഹോർമുസ് കടലിടുക്ക് അടുത്ത 60 ദിവസത്തേക്ക് നികുതിയില്ലാതെ തുറന്നു നൽകാനും പുതിയ കരാറിലൂടെ ധാരണയായിട്ടുണ്ട്. യുദ്ധത്തിൽ തകർന്ന ഇറാന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി വൻ സാമ്പത്തിക പാക്കേജും ഈ പുതിയ നയത്തിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നു. സ്വിറ്റ്സർലൻഡിൽ വെച്ച് നടക്കുന്ന ഔദ്യോഗിക ചടങ്ങിൽ ഇരുരാജ്യങ്ങളുടെയും പ്രസിഡന്റുമാർ ഈ സുപ്രധാന കരാറിൽ ഒപ്പുവെക്കും.

ഇറാന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തരത്തിലുള്ള ലംഘനങ്ങൾ ഉണ്ടായാൽ കടുത്ത സൈനിക നടപടികളിലേക്ക് മടങ്ങുമെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സമാധാന ശ്രമങ്ങൾ പരാജയപ്പെട്ടാൽ ഇറാന്റെ പ്രതിരോധ കേന്ദ്രങ്ങൾക്ക് നേരെ വീണ്ടും ബോംബാക്രമണം നടത്താൻ പെന്റഗൺ തയ്യാറാണ്. പുതിയ സമാധാന അന്തരീക്ഷം ആഗോള ഇന്ധന വിപണിയിലും വലിയ രീതിയിലുള്ള ആശ്വാസമാണ് ഇപ്പോൾ നൽകുന്നത്.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Founder, Chairman & CEO:
Jose Chennikkara
Co-Founder Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad
1-773-888-2242
1-773-842-9149, 1-773-888-2243
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
1-773-888-2242
1-773-842-9149
Email: vachakamonline@gmail.com

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisments, advertorials, articles or copyright issues.

# ’തൊഴിൽരഹിത ആനുകൂല്യങ്ങളിലെ തട്ടിപ്പ് തടയണം, ഇല്ലെങ്കിൽ ഫണ്ട് തടയും’: യുഎസ് സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ്

വാഷിംഗ്ടൺ: തൊഴിലില്ലായ്മ ആനുകൂല്യ പദ്ധതികളിൽ നടക്കുന്ന തട്ടിപ്പ്, ദുരുപയോഗം എന്നിവക്കെതിരെ ഉടൻ നടപടി സ്വീകരിക്കണമെന്ന് യുഎസ് തൊഴിൽ വകുപ്പ് സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി. നിർദ്ദേശം പാലിക്കാത്ത പക്ഷം അഡ്മിനിസ്ട്രേറ്റീവ് ഫണ്ടുകൾ തടയുമെന്നും വകുപ്പ് മുന്നറിയിപ്പ് നൽകി.

രാജ്യത്തെ എല്ലാ സംസ്ഥാന ഗവർണർമാർക്കും അയച്ച കത്തിൽ ഈ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. ഫെഡറൽ ഫണ്ടിംഗ് ലഭിക്കുന്ന സംസ്ഥാനനടത്തപ്പെടുന്ന പദ്ധതികളിൽ നടക്കുന്ന സാമ്പത്തിക ക്രമക്കേടുകൾ നിയന്ത്രിക്കാനാണ് നടപടി.

‘സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിരിക്കുന്നു’ എന്നാണ് ആക്ടിംഗ് ലേബർ സെക്രട്ടറി കീത്ത് സോണ്ടർലിംഗ് പ്രസ്താവനയിൽ പറഞ്ഞത്.

‘സംസ്ഥാന ഗവർണർമാരെ ഔദ്യോഗികമായി മുന്നറിയിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നികുതിദായകരുടെ പണം ഉപയോഗിക്കുന്ന പദ്ധതികളിലെ തട്ടിപ്പും ദുരുപയോഗവും ഇനി സഹിക്കില്ല. സംസ്ഥാനങ്ങൾ ഇത് അനുവദിച്ചാൽ അതിന് പ്രത്യാഘാതം നേരിടേണ്ടിവരും‘ എന്നും അദ്ദേഹം വ്യക്തമാക്കി.

തൊഴിൽ വകുപ്പിന്റെ അഭിപ്രായത്തിൽ, ദുർബലമായ മേൽനോട്ടം, പഴയ സാങ്കേതിക സംവിധാനങ്ങൾ, തിരിച്ചറിയൽ പരിശോധനയിലെ വീഴ്ചകൾ, നിയന്ത്രണങ്ങളുടെ കുറവ് എന്നിവയാണ് തട്ടിപ്പുകൾ വർധിക്കാൻ കാരണമായത്.

കാലിഫോർണിയ, ഇല്ലിനോയിസ്, ന്യൂയോർക്ക് എന്നീ ഡെമോക്രാറ്റിക് ഭരണത്തിലുള്ള സംസ്ഥാനങ്ങളിലാണ് പ്രധാന പ്രശ്നങ്ങൾ കാണുന്നതെന്ന് വകുപ്പ് ചൂണ്ടിക്കാട്ടി.

കാലിഫോർണിയ ഗവർണർ ഗാവിൻ ന്യൂസന്റെ ഓഫീസ് ഈ ആരോപണങ്ങളെ തള്ളി. കോവിഡ് കാലത്തിന് മുൻ ട്രംപ് ഭരണകൂടം നടത്തിയ അടിയന്തര വിതരണ നടപടികളാണ് ചില വീഴ്ചകൾക്ക് കാരണമായതെന്ന് അവർ പറഞ്ഞു.

‘തട്ടിപ്പ് തടയുന്നതിൽ കാലിഫോർണിയ മറ്റ് സംസ്ഥാനങ്ങളെക്കാൾ മികച്ച പ്രകടനം കാഴ്ചവെക്കുന്നു,’ എന്നും ന്യൂസം ഓഫീസിന്റെ വക്താവ് മാരിസ സാൽദിവാർ വ്യക്തമാക്കി.

അമേരിക്കയിലെ ഏഅഛരയുടെ കണക്കുകൾ പ്രകാരം, 2020 ഏപ്രിൽ മുതൽ 2023 മെയ് വരെയുള്ള കാലയളവിൽ തൊഴിലില്ലായ്മ ആനുകൂല്യങ്ങളുടെ 11% മുതൽ 15% വരെ തട്ടിപ്പുമായി ബന്ധപ്പെട്ടതാകാമെന്ന് വിലയിരുത്തുന്നു.


കോവിഡ് മഹാമാരിക്കാലത്ത് സഹായങ്ങൾ വേഗത്തിൽ വിതരണം ചെയ്യുന്നതിനാൽ പരിശോധനാ നിയന്ത്രണങ്ങൾ കുറവായിരുന്നുവെന്നും അതാണ് പ്രശ്നങ്ങൾക്ക് കാരണമായതെന്നും റിപ്പോർട്ട് പറയുന്നു.

തൊഴിൽ വകുപ്പ് വരും ആഴ്ചകളിൽ കൂടുതൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമെന്ന് അറിയിച്ചു. ഇതിനൊപ്പം മറ്റ് സാമൂഹ്യ ക്ഷേമ പദ്ധതികളിലും കർശന പരിശോധനകൾ ആരംഭിച്ചിരിക്കുകയാണ്.

വൈസ് പ്രസിഡന്റ് ജെഡി വാൻസ് തട്ടിപ്പ് നിയന്ത്രണത്തിനായി പ്രത്യേക ടാസ്ക് ഫോഴ്സിന് നേതൃത്വം നൽകുന്നു.

ഇതിനൊപ്പം ഹെൽത്ത്, കൃഷി വകുപ്പുകൾ അടക്കമുള്ള ഫെഡറൽ ഏജൻസികളും സംസ്ഥാനങ്ങളിലെ ഡാറ്റ പരിശോധിക്കുന്നതിനും സഹായ വിതരണം നിയന്ത്രിക്കുന്നതിനുമായി പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റീ...പോളിംഗ്




പിഎംശ്രീ ഫണ്ട് ലഭിച്ചതുകൊണ്ട് ഈ സർക്കാരും അത് തുടരണമെന്ന വാദം കള്ളം

# ഫോമാ ഇലക്ഷൻ: നവകേരള അസോസിയേഷൻ ഫ്ളോറിഡ, മാത്യു വർഗീസിനെയും സുശീൽ നാലകത്തിനെയും എൻഡോഴ്സ് ചെയ്തു

ഫ്ളോറിഡ: ഫോമായുടെ 2026'28 ഭരണ സമിതിയിലേയ്ക്ക് പ്രസിഡന്റ് സ്ഥാനാർത്ഥിയായി മൽസരിക്കുന്ന മാത്യു വർഗീസിനെയും (ജോസ് ഫ്ളോറിഡ) ആർ.വി.പി കാൻഡിഡേറ്റായി ജനവിധി തേടുന്ന സുശീൽ നാലകത്തിനെയും ഫ്ളോറിഡയിലെ പ്രമുഖ മലയാളി സംഘടനയായ നവകേരള അസോസിയേഷൻ എൻഡോഴ്സ് ചെയ്തു. നവകേരളഅസോസിയേഷന്റെസ്ഥാപക നേതാവും മുൻ പ്രസിഡന്റും നിലവിലെ അഡ്വൈസറി ബോർഡ് ചെയർമാനുമായി മാത്യു വർഗീസ് ഫോമായുടെ പ്രസിഡന്റായി വരുന്നത് നമ്മുടെ അസോസിയേഷനും സൗത്ത് ഫ്ളോറിഡയിലെ മലയാളികൾക്കും തികച്ചും അഭിമാനകരമാണെന്നും അദ്ദേഹത്തെ നവകേരള അസോസിയേഷൻ ഏകകണ്ഠമായി നാമനിർദേശം ചെയ്യുന്നുവെന്നും പ്രസിഡന്റ് ലിജോ പണിക്കർ പറഞ്ഞു.



അതോടൊപ്പം നവകേരള അസോസിയേഷന്റെ മുൻ പ്രസിഡന്റും ഇപ്പോഴത്തെ ട്രഷററുമായ സുശീൽ നാലകത്ത് ആർ.വി.പിയായി എത്തിയാൽ അത് നവകേരളയുടെ ചരിത്രത്തിലെ നാഴികക്കല്ലായിരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. അസോസിയേഷന്റെ മുൻ പ്രസിഡന്റുമാരുൾപ്പെടെയുള്ളവരും നിലവിലെ ഭരണസമിതി അംഗങ്ങളും ഒരേ മനസോടെ ഇരുവരെയും വിജയിപ്പിക്കുന്നതിനുള്ള സജീവ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാൻ യോഗം തീരുമാനിച്ചു.

അസോസിയേഷൻ പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ, സെക്രട്ടറി ലക്ഷ്മി സൂരജ്, വൈസ് പ്രസിഡന്റ് ദീപു സെബാസ്റ്റ്യൻ, വുമൺസ് ഫോറം ചെയർ സഞ്ജു അബി ആനന്ദ്, കമ്മിറ്റി അംഗങ്ങളായ ജിൻസ് തോമസ്, അഞ്ജു മോഹൻ, മുൻ പ്രസിഡന്റുമാരായ ഷീല ജോസ്, അബി ആനന്ദ്, ബാബു ചക്കിയത്ത്, ജോൺ ഉണ്ണൂണി,ജോസ്പാണിക്കുളങ്ങര,ബിജോയ് എബ്രഹാം, ജെയിസ് പുളിക്കൽ, മുൻ സെക്രട്ടറി അന്തോണി തോട്ടം തുടങ്ങിയവരും സംഘടനയുടെ അഭ്യുദയകാംക്ഷികളും സ്ഥാനാർത്ഥികൾക്ക് ആശംസകൾ നേർന്നു. തന്റെ സംഘടനാ പ്രവർത്തനങ്ങൾക്ക് ചവിട്ടുപടിയായ നവകേരള അസോസിയേഷനോടുള്ള കടപ്പാട് അറിയിച്ച മാത്യു വർഗീസ് കമ്മിറ്റി അംഗങ്ങൾക്കും നവകേരള കുടുംബാംഗഹങ്ങൾക്കും ഹൃദയപൂർവം നന്ദി പറഞ്ഞു. 'ടീം പ്രോമീസ് ഫോമാ' പാനലിലാണ് ഫോമായുടെ സ്ഥാപക നേതാവു കൂടിയായ മാത്യു വർഗീസ് മൽസരിക്കുന്നത്. തന്നിൽ വിശ്വാസമർപ്പിച്ച ഈ മാതൃസംഘടനയുടെ ഓരോ വ്യക്തികൾക്കും സുശീൽ നാലകത്തും കൃതജ്ഞത പ്രകാശിപ്പിച്ചു.

# ഷിക്കാഗോ മലയാളി അസോസിയേഷൻ ഫാദേഴ്സ് ഡേ, സമ്മർ പിക്നിക്, നാഷണൽ ആം റെസ്ലിങ് മത്സരം: 2026 ജൂൺ 21 ഞായറാഴ്ച ഉച്ചക്ക് 2 മണി മുതൽ

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഫാദേഴ്സ് ഡേ, സമ്മർ പിക്നിക്, നാഷണൽ ആം റെസ്ലിങ് മത്സരം, സീനിയേഴ്സ് ഡേ ആഘോഷങ്ങൾ, പ്രശസ്ത മേക്കപ്പ് മാൻ പട്ടണം റഷീദിന്റെ പുസ്തക പ്രകാശനം എന്നിവ 2026 ജൂൺ 21 ഞായറാഴ്ച ഉച്ചക്ക് 2 മണി മുതൽ ഡെസ്പ്ലെയിൻസിലുള്ള ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

ജൂൺ 21 ഞായറാഴ്ച ഉച്ചക്ക് 2 മണി മുതൽ ഈ വർഷത്തെ സമ്മർ പിക്നിക്, നാഷണൽ പഞ്ചഗുസ്തി മത്സരം എന്നിവ നടക്കും. തുടർന്ന് വൈകുന്നേരം 7ന് ക്നാനായ കമ്മ്യൂണിറ്റി സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് ഫാദേർസ് ഡേ ആഘോഷങ്ങൾ നടക്കും. പ്രസ്തുത ആഘോഷ പരിപാടികൾ സിനിമാ താരം ബാബു ആന്റണി ഉദ്ഘാടനം ചെയ്യും. മലയാളത്തിലെ പ്രശസ്ത ഗായകനും ഐഡിയ സ്റ്റാർ സിംഗർ ജേതാവുമായ വിവേകാനന്ദൻ, പ്രശസ്ത ഗായിക ഭുവന ആനന്ദ് എന്നിവർ സംഗീത പരിപാടി അവതരിപ്പിക്കും.



തുടർന്ന് മലയാളത്തിലെ മേക്കപ്പ്മാൻ പട്ടണം റഷീദ് എഴുതിയ 'ദി ആർട് ആൻഡ് സയൻസ് ഓഫ് മേക്കപ്പ് ആൻഡ് അഡോൺമെന്റ് 'എന്ന പുസ്തകത്തിന്റെ പ്രകാശനം നടക്കും. സമൂഹത്തിലെ വിവിധ നിലകളിലുള്ളവരെയും മുതിർന്നവരെയും സമ്മേളനത്തിൽ ആദരിക്കും. പ്രസ്തുത പരിപാടികളുടെ ഒരുക്കങ്ങൾ പൂർത്തിയായതായി അസോസിയേഷൻ ഭാരവാഹികളായ പ്രസിഡന്റ് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡന്റ് ലൂക്ക് ചിറയിൽ, ജോയിന്റ് സെക്രട്ടറി സാറ അനിൽ, ജോയിന്റ് ട്രെഷറർ പ്രിൻസ് ഈപ്പൻ എന്നിവർ അറിയിച്ചു.

പ്രസ്തുത പരിപാടികളിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളെയും ക്ഷണിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു.

# ക്നാ എസ്കേപ്പ് 6.0: കെ.സി.എസ് ഷിക്കാഗോയ്ക്ക് അഭിമാന നിമിഷം!

ഷിക്കാഗോ: കെ.സി.എസ് ഷിക്കാഗോയുടെ കുട്ടികളുടെ വേനൽക്കാല ക്യാമ്പായ ക്നാ എസ്കേപ്പ് 6.0, ജൂൺ 10 മുതൽ 13 വരെ അതിഗംഭീരമായി സംഘടിപ്പിക്കപ്പെട്ടു. 200ലധികം കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പ് പഠനത്തിന്റെയും വിനോദത്തിന്റെയും വിശ്വാസത്തിന്റെയും സൗഹൃദത്തിന്റെയും മനോഹര സംഗമമായി മാറി.



കുട്ടികളുടെ സർഗ്ഗാത്മകതയും കൂട്ടായ്മയും വ്യക്തിത്വവികസനവും ലക്ഷ്യമാക്കി നിരവധി വൈവിധ്യമാർന്ന പരിപാടികൾ ക്യാമ്പിൽ ഉൾപ്പെടുത്തിയിരുന്നു. ആർട്സ് ആൻഡ് ക്രാഫ്റ്റ്സ്, കലാപരിപാടികൾ, ചിത്രരചന, പൂന്തോട്ട നിർമാണം തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികൾ ആവേശപൂർവ്വം പങ്കെടുത്തു.

ക്യാമ്പിലെ ഏറ്റവും ശ്രദ്ധേയമായ പരിപാടികളിലൊന്നായിരുന്നു റിപ്റ്റൈൽ ഷോ. പാമ്പുകൾ, പൈത്തണുകൾ, ഭീമൻ ഓസ്ട്രേലിയൻ പല്ലികൾ, കോക്രോച്ചുകൾ, ഡ്രാഗൺ ടർട്ടിൽ തുടങ്ങിയ ജീവികളെ നേരിൽ കാണാനും സ്പർശിക്കാനുമുള്ള അപൂർവ്വ അവസരം കുട്ടികൾക്ക് ലഭിച്ചു. വിജ്ഞാനവും ആവേശവും ഒരുപോലെ പകർന്ന ഈ പരിപാടി കുട്ടികൾക്ക് മറക്കാനാവാത്ത അനുഭവമായി.

വിശ്വാസപരിശീലനവും ക്നാനായാ പൈതൃക പഠനവും ക്നാ എസ്കേപ്പ് 6.0യുടെ പ്രധാന ഘടകങ്ങളായിരുന്നു. ഫാ. ജോസ് കുന്നത്തുകിഴക്കേതിൽ നയിച്ച ക്ലാസുകൾ കുട്ടികൾക്ക് വിശ്വാസത്തെയും ക്നാനായാ പാരമ്പര്യത്തെയും കുറിച്ചുള്ള ആഴത്തിലുള്ള അറിവ് പകർന്നു. ക്നാനായാ സംസ്കാരത്തിന്റെ മഹത്വവും വിശ്വാസ ജീവിതത്തിന്റെ പ്രാധാന്യവും അദ്ദേഹം ലളിതമായി അവതരിപ്പിച്ചു. കുട്ടികളുടെ സജീവ പങ്കാളിത്തവും കൗതുകം നിറഞ്ഞ ചോദ്യങ്ങളും ഈ സെഷനുകളുടെ വിജയത്തിന് തെളിവായി.

ഔട്ട്ഡോർ വിനോദപരിപാടികളും ക്യാമ്പിന്റെ പ്രധാന ആകർഷണമായിരുന്നു. പ്രാദേശിക പാർക്ക് ഡിസ്ട്രിക്ടിൽ സംഘടിപ്പിച്ച ഡോഡ്ജ് ബോൾ, ടഗ് ഓഫ് വാർ, ഹിൽ ക്ലൈംബിംഗ്, മറ്റ് ടീം ബിൽഡിംഗ് ഗെയിമുകൾ എന്നിവയിൽ കുട്ടികൾ ആവേശത്തോടെ പങ്കെടുത്തു. പുതിയ സൗഹൃദങ്ങൾ വളർത്താനും ജീവിതകാലം മുഴുവൻ ഓർമ്മിക്കാവുന്ന അനുഭവങ്ങൾ സമ്മാനിക്കാനും ഈ പ്രവർത്തനങ്ങൾക്ക് സാധിച്ചു.

ഈ മഹത്തായ വിജയത്തിന് പിന്നിൽ പ്രവർത്തിച്ച പ്രധാന കോർഡിനേറ്റർമാരായ ക്രിസ് കട്ടപ്പുറം, റ്റീന നെടുവാമ്പുഴ, ഫെലിക്സ് പൂത്രുകയിൽ എന്നിവരുടെ സമർപ്പണവും നേതൃത്വവും പ്രത്യേകം അഭിനന്ദനാർഹമാണ്. അവരുടെ അക്ഷീണ പ്രയത്നമാണ് കുട്ടികൾക്ക് സുരക്ഷിതവും സന്തോഷകരവും വിജ്ഞാനപ്രദവുമായ ക്യാമ്പ് അനുഭവം സമ്മാനിച്ചത്.

അതുപോലെ തന്നെ കെ.സി.ജെ.എൽ കോർഡിനേറ്റർമാരായ ബെക്സി പൂവന്തറ, വിനീത പെരികലത്തിൽ, മഹിമ കാരാപ്പള്ളിൽ, കിഡ്സ് ക്ലബ് കോർഡിനേറ്റർമാരായ ഐമ പുത്യേടത്ത്, മരിയ കുന്നുംപുറത്ത്, കൂടാതെ ടിനു ഓച്ചാലിൽ, ലിൻസൺ കൈതമലയിൽ, ജെറ്റ്സി ഇടിയാലിൽ, ബെക്കി ഇടിയാലിൽ, മാർക്ക് ഒറ്റത്തൈക്കൽ എന്നീ സന്നദ്ധ പ്രവർത്തകരുടെയും സേവനം ക്യാമ്പിന്റെ വിജയത്തിൽ നിർണായക പങ്കുവഹിച്ചു. യുവജനങ്ങളും ഹൈസ്കൂൾ വിദ്യാർത്ഥികളും ചെറിയ കുട്ടികൾക്ക് മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകിക്കൊണ്ട് ക്യാമ്പിനെ കൂടുതൽ ഉജ്ജ്വലമാക്കി.

എല്ലാറ്റിനുമുപരി, കെ.സി.എസ് പ്രസിഡന്റ് ജോസ് ആനമലയും വൈസ് പ്രസിഡന്റ് മാറ്റ് വിളങ്ങാട്ടുശ്ശേരിലും കമ്മ്യൂണിറ്റി സെന്ററിലെ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ മാതൃകാപരമായ നേതൃത്വം നൽകി. ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾക്ക് ശേഷം കമ്മ്യൂണിറ്റി സെന്റർ ശുചീകരിക്കുകയും അണുവിമുക്തമാക്കുകയും ചെയ്തതിലൂടെ കുട്ടികൾക്ക് സുരക്ഷിതമായ അന്തരീക്ഷം ഉറപ്പാക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു.

ക്നാ എസ്കേപ്പ് 6.0ന്റെ വിജയത്തിൽ നിർണായക പങ്കുവഹിച്ച എല്ലാ സ്പോൺസർമാർക്കും കെ.സി.എസ് ഷിക്കാഗോ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. പ്രത്യേകിച്ച് ജോബ് മാക്കിൽ (Farmers Insurance), ഡോ. ലിയ കുന്നാശ്ശേരിൽ (NorthShore Smiles / Family Dental Care), ഡോ. സുനിൽ പുല്ല് കാട്ട് (Elite Wellness North Shore), സഞ്ജു പുളിക്കത്തൊട്ടിയിൽ (Lincolnwood Mortgage Services), ഡോ. ജെയ്മി ജോസഫ് ചൊരത്ത് (Chorath Optical, Glenview Costco), ജോസ്മോൻ ചെമ്മച്ചേൽ & ഷാൻ കദളിമറ്റം (Cleartax Consulting), അഡ്വ. റ്റീന തോമസ് നെടുവാമ്പുഴ (Law Office of Teena Thomas) എന്നിവരോട് കെ.സി.എസ് എക്സിക്യൂട്ടീവിന്റെ പ്രത്യേക നന്ദി അറിയിച്ചുകൊള്ളുന്നു.

ഈ മഹത്തായ സംരംഭത്തിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ കോർഡിനേറ്റർമാർക്കും, സന്നദ്ധ പ്രവർത്തകർക്കും, സ്പോൺസർമാർക്കും, മാതാപിതാക്കൾക്കും, പിന്തുണച്ച ഏവർക്കും കെ.സി.എസ് ഷിക്കാഗോ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

ക്നാ എസ്കേപ്പ് 6.0 ഒരു സാധാരണ വേനൽക്കാല ക്യാമ്പ് മാത്രമായിരുന്നില്ല; വിശ്വാസത്തിന്റെയും പാരമ്പര്യത്തിന്റെയും സമൂഹസ്നേഹത്തിന്റെയും നമ്മുടെ പുതിയ തലമുറയുടെ ശോഭനമായ ഭാവിയുടെയും ഒരു മനോഹര ആഘോഷമായിരുന്നു.

ഷാജി പള്ളിവീട്ടിൽ

# ഫിലാഡൽഫിയയിൽ ഹൈസ്കൂൾ, കോളജ് ഗ്രാജുവേറ്റ്സിനെ ആദരിച്ചു



ഫിലാഡൽഫിയ: സെന്റ് തോമസ് സീറോമലബാർ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ നടന്ന ലളിതമായ ഗ്രാജുവേഷൻ ചടങ്ങിൽ ഈ വർഷം സണ്ടേസ്കൂൾ പന്ത്രണ്ടാം ക്ലാസിൽ നിന്നും ഗ്രാജുവേറ്റുചെയ്ത് ഡിപ്ലോമ നേടിയ യുവതീയുവാക്കളെയും, കോളജ് വിദ്യാഭ്യാസം പൂർത്തിയാക്കി ഉന്നതബിരുദങ്ങൾ കരസ്ഥമാക്കിയ യുവതീയുവാക്കളെയും ആദരിച്ചു. ഷിക്കാഗൊ സീറോമലബാർ രൂപതാ ബിഷപ് മാർ ജോയ് ആലപ്പാട്ട് മുഖ്യാതിഥിയായി. സി.സി.ഡി. ക്ലാസ് ഓഫ് 2026 ഗ്രാജുവേറ്റ്സിനെ അനുമോദിച്ചു അനുഗ്രഹപ്രഭാഷണം നടത്തി. മെയ് 31 ഞായറാഴ്ച്ച ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയെ തുടർന്നാണ് പന്ത്രണ്ടാം ക്ലാസ് ഗ്രാജുവേഷൻ ചടങ്ങ് നടന്നത്. മതബോധനസ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ചാക്കോ, പന്ത്രണ്ടാംക്ലാസ് അധ്യാപിക ഡോ. ബിന്ദു മെതിക്കളം എന്നിവർ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഹൈസ്കൂൾ ബിരുദധാരികളെ ആദരിച്ചു.

ജോസഫ് കാഞ്ഞിരക്കാട്ടുതൊട്ടിയിലിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ കൊച്ചുമകൻ ഡോ. ജോസിൻ ജയിംസ് ഏർപ്പെടുത്തിയിരിക്കുന്ന 1000 ഡോളർ കാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും പന്ത്രണ്ടാം ക്ലാസിലെ ബെസ്റ്റ് സ്റ്റുഡന്റായ ജയ്ക്ക് ബെന്നിക്ക് മാർ ജോയ് ആലപ്പാട്ടും, റവ. ഡോ. ജോർജ് ദാനവേലിലും, ഡോ. ജോസിക്കും കുടുംബവും സംയുക്തമായി നൽകി ആദരിച്ചു.

മതബോധനസ്കൂൾ പൂർവവിദ്യാർത്ഥികളായ ഡോ. ജേക്കബ് സെബാസ്റ്റ്യൻ, ജോസഫ് സെബാസ്റ്റ്യൻ, ജയിംസ് മാത്യു, സിറിൽ ജോൺ, ജെറിൻ ജോൺ എന്നിവർ ഏർപ്പെടുത്തിയിട്ടുള്ള ഫാമിലി ഫ്രണ്ട്സ് സ്കോളർഷിപ് 1000 ഡോളർ കാഷ് അവാർഡ് ഏറ്റവും നല്ല ലേഖനം എഴുതിനൽകിയ ഗ്ലോറിയാ സന്തോഷിനു ലഭിച്ചു.


2025–2026 ലെ എസ്.എ.റ്റി പരീക്ഷയിൽ സി.സി. ഡി. പന്ത്രണ്ടാം ക്ലാസിൽനിന്നും ഉന്നതവിജയം നേടിയ ജാക്വലിൻ ജോസഫ്, ജസീക്കാ ജസ്റ്റീൻ, ജെന്നാ നിഖിൽ എന്നിവർക്ക് എസ്.എം.സി.സി. ഫിലാഡൽഫിയ ചാപ്റ്റർ നൽകുന്ന കാഷ് അവാർഡുകൾ എസ്.എം.സി.സി. ചാപ്റ്റർ പ്രസിഡന്റ് സജി സെബാസ്റ്റ്യനും, ഭാരവാഹികളും ചേർന്ന് നൽകി ആദരിച്ചു.

ഈ വർഷം പ്രസിദ്ധീകരിക്കുന്ന സി.സി.ഡി. ഈയർബുക്കിന്റെ പ്രകാശനം ബിഷപ് മാർ ജോയ് ആലപ്പാട്ട് നിർവഹിച്ചു.

ജൂൺ 7ന് നടന്ന ലളിതമായ ചടങ്ങിൽ കോളജ്, യൂണിവേഴ്സിറ്റി തലത്തിൽ ഉന്നതബിരുദങ്ങൾ കരസ്ഥമാക്കിയവരെ പാരിതോഷികങ്ങൾ നൽകി ഇടവക വികാരി റവ. ഡോ. ജോർജ് ദാനവേലിൽ ആദരിച്ചു. കൈക്കാരന്മാരായ ജോബി കൊച്ചുമുട്ടം, സിബിച്ചൻ ചെമ്പ്ളായിൽ, റോഷിൻ പ്ലാമൂട്ടിൽ, കുരുവിള ജയിംസ്, ജിതിൻ കരുമത്തി എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

◗ ജോസ് മാളേയ്ക്കൽ

# മലയാള സാഹിത്യത്തിന്റെ ലോകവേദിയായി ഫൊക്കാന 2026




കലഹാരി റിസോർട്ടിൽ നടക്കുന്ന ചരിത്രപരമായ സമ്മേളനത്തിൽ അടൂർ ഗോപാലകൃഷ്ണൻ ഉൾപ്പെടെ പ്രമുഖ സാഹിത്യസാംസ്കാരിക പ്രതിഭകൾ പങ്കെടുക്കും. പെൻസിൽവാനിയയിലെ കലഹാരി റിസോർട്ടിൽ 2026 ആഗസ്റ്റ് 6 മുതൽ 8 വരെ നടക്കുന്ന ഫൊക്കാന അന്തർദേശീയ കൺവെൻഷനിൽ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും അർഹമായ പ്രാധാന്യം നൽകി വിപുലമായ സാഹിത്യസമ്മേളനം സംഘടിപ്പിക്കുന്നു.

ഇത്തവണത്തെ കൺവെൻഷനിൽ നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ ഒരുമിപ്പിക്കുന്ന ഏറ്റവും വലിയ സാഹിത്യവേദികളിലൊന്നായി ഈ സമ്മേളനം മാറുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്.

കേരളത്തിൽ നിന്നുള്ള പ്രമുഖ സാഹിത്യകാരന്മാരും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന എഴുത്തുകാരും സമ്മേളനത്തിൽ പങ്കെടുക്കും. ഇന്ത്യൻ ചലച്ചിത്രരംഗത്തെ അതുല്യ പ്രതിഭയും ജ്ഞാനപീഠ ജേതാവുമായ സംവിധായകനും എഴുത്തുകാരനുമായ അടൂർ ഗോപാലകൃഷ്ണൻ, സമകാലിക മലയാള സാഹിത്യത്തിലെ ശക്തമായ ശബ്ദവും ഫ്രാൻസിസ് ഇട്ടിക്കോര ഉൾപ്പെടെയുള്ള ശ്രദ്ധേയ കൃതികളുടെ രചയിതാവുമായ ടി.ഡി. രാമകൃഷ്ണൻ, സാഹിത്യ അക്കാദമി അവാർഡ് ജേതാവും പ്രശസ്ത നോവലിസ്റ്റും മുൻ ഐ.എ.എസ്. ഉദ്യോഗസ്ഥനുമായ കെ.വി. മോഹൻകുമാർ, പ്രമുഖ മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ജോസ് പനച്ചിപ്പുറം, ശ്രദ്ധേയ നോവലിസ്റ്റും സാഹിത്യകാരനുമായ പി.പി. ജെയിംസ്, നാടക സാഹിത്യകാരിയും ഗവേഷകയുമായ ഡോ. പ്രമീളാദേവി തുടങ്ങിയ നിരവധി പ്രമുഖർ സമ്മേളനത്തിൽ പങ്കെടുക്കും.

നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നോവൽ, ചെറുകഥ, കവിത, ഹാസ്യം, യാത്രാവിവരണം, ലേഖനം എന്നീ വിഭാഗങ്ങളിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ പ്രസിദ്ധീകരിച്ച മികച്ച കൃതികൾ വിലയിരുത്തി പ്രത്യേക അവാർഡുകൾ സമ്മാനിക്കും. കൂടാതെ നോർത്ത് അമേരിക്കൻ മലയാള സാഹിത്യരംഗത്തിന് സമഗ്ര സംഭാവനകൾ നൽകിയ എഴുത്തുകാർക്ക് പ്രത്യേക അംഗീകാരങ്ങളും നൽകും.

സമ്മേളനത്തോടനുബന്ധിച്ച് ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ട മലയാള പുസ്തകങ്ങളുടെ വിപുലമായ പ്രദർശനം ഒരുക്കുന്നുണ്ട്. പുസ്തക പ്രകാശനങ്ങൾ, പുസ്തകചർച്ചകൾ, എഴുത്തുകാരുമായുള്ള സംവാദങ്ങൾ, സമകാലിക സാഹിത്യത്തിലെ പുതിയ പ്രവണതകളെക്കുറിച്ചുള്ള ചർച്ചകൾ എന്നിവയും പരിപാടിയുടെ ഭാഗമായി നടക്കും.

സാഹിത്യസമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിനായി കോരസൺ വർഗീസ് (ചെയർമാൻ), കെ. കെ. ജോൺസൻ (കോചെയർമാൻ), മുരളി ജെ. നായർ (കോചെയർമാൻ), ഗീത ജോർജ് (കോർഡിനേറ്റർ), ബെന്നി നെച്ചൂർ, അബ്ദുൾ പുന്നയൂർക്കുളം, വേണുഗോപാലൻ കൊക്കോടൻ, അഭിലാഷ് തുണ്ടുമണ്ണിൽ, സന്തോഷ് പാല എന്നിവർ ഉൾപ്പെട്ട സംഘാടകസമിതിയെ ഫൊക്കാന നേതൃത്വം നിയോഗിച്ചു.

നോർത്ത് അമേരിക്കയിലെ മലയാളം എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നോവൽ, ചെറുകഥ, കവിത, ഹാസ്യം, യാത്രാവിവരണം, ലേഖനം, ഓർമ്മക്കുറിപ്പുകൾ എന്നീ വിഭാഗങ്ങളിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ (മാർച്ച് 2024ന് ശേഷം) പുറത്തിറങ്ങിയ കൃതികൾ വിലയിരുത്തി അവാർഡുകൾ നൽകും. നോർത്ത് അമേരിക്കൻ എഴുത്തുകാരുടെ സമഗ്ര സാഹിത്യ സംഭാവനകൾ പരിഗണിച്ചും പ്രത്യേകപുരസ്കാരങ്ങളും നൽകപ്പെടും. കോരസൺ വർഗീസ് (ചെയർമാൻ), കെ.കെ. ജോൺസൻ (കോചെയർമാൻ), സന്തോഷ് പാലാ എന്നിവരുടെ നേതൃത്വത്തിൽ ഉള്ള എഴുത്തുകാരുടെ സമിതി ആയിരിക്കും അവാർഡിനർഹരായവരെ തീരുമാനിക്കുക.

പുസ്തകത്തിന്റെ രണ്ട് കോപ്പികൾ 2026 ജൂലായ് അഞ്ചിനു മുൻപ് താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ചെയർമാൻ, ഫൊക്കാന സാഹിത്യ പുരസ്കാര സമിതി, 3Lane Place, Plainview, NY 11803.

◗ കോരസൺ വർഗീസ്






# ടീം പ്രോമീസ് ഫോമായ്ക്ക് ഡിട്രോയിറ്റിൽ വിവിധ മലയാളി അസോസിയേഷനുകളുടെ ഊഷ്മള സ്വീകരണം

ഡിട്രോയിറ്റ്: അമേരിക്കൻ മലയാളികളുടെ ആശയും അഭിലാഷവുമായ ഫോമായുടെ ജനകീയ പ്രവർത്തനങ്ങളുടെ ഊർജസ്വലമായ തുടർച്ച മുദ്രാവാക്യമാക്കി 2026'28 ഭരണ സമിതിയിലേയ്ക്ക് ആത്മവിശ്വാസത്തോടെ ജനവിധി തേടുന്ന 'ടീം പ്രോമീസ് ഫോമാ'യ്ക്ക് ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ, മിഷിഗൺ മലയാളി അസോസിയേഷൻ, കേരള ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ ഊഷ്മള സ്വീകരണം നൽകി.



ഇക്കഴിഞ്ഞ ജൂൺ 12 വൈകിട്ട് 7ന് ഡിട്രോയിറ്റിലുള്ള ഒഥന്റിക്ക ഇന്ത്യൻ കസിനിൽ സംഘടിപ്പിക്കപ്പെട്ട സ്വീകരണ യോഗത്തിൽ ടീം പ്രോമീസ്, വരുന്ന രണ്ട് കൊല്ലം നടപ്പാക്കാൻ പോകുന്ന വിദ്യാ ജ്യോതി സ്കോളർഷിപ്പ്, ആർദ്രം കാൻസർ പ്രോജക്ട്, കേരള പഠന പദ്ധതി ഉൾപ്പെടെയുള്ള വിവിധ പരിപാടികളെപ്പറ്റി പ്രസിഡന്റ് സ്ഥാനാർത്ഥി മാത്യു വർഗീസ് വിവരിച്ചു.

അമേരിക്കൻ മലയാളി വിദ്യാർത്ഥികൾക്കായയുള്ള 'വിദ്യാജ്യോതി' ഫോമാ 2026-2028 എന്ന പേരിൽ സ്കോളർഷിപ്പ് ഫണ്ട് സ്വരൂപിക്കുന്നതാണ്. യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് ഓസ്റ്റിനിലെ മലയാള വിഭാഗവും കേരളാ യൂണിവേഴ്സിറ്റിയുമായി മലയാള ഭാഷാ പഠനം സംബന്ധിച്ച കേരള പഠന പദ്ധതിക്കും ടീം പ്രോമീസ് ഫോമാ ലക്ഷ്യമിടുന്നുണ്ട്. സമൂഹത്തിന്റെ ആരോഗ്യസുരക്ഷയും ക്ഷേമവും മുൻനിർത്തിക്കൊണ്ടുള്ള ആർദ്രം കാൻസർ കെയർ പദ്ധതിയാണ് മറ്റൊന്ന്. പ്രസ്തുത പദ്ധതി കേരളത്തിലെ കാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പിന്തുണ നൽകും.

യോഗത്തിൽ ഫോമാ നാഷണൽ കമ്മിറ്റി മെമ്പർ തോമസ് കർത്തനാൾ, ഇലക്ഷൻ കമ്മീഷൻ ചെയർമാൻ മാത്യു ചെരുവിൽ, ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റ് ബോബി ആലപ്പാട്ട്, കേരള ക്ലബ് പ്രസിഡന്റ് സുജിത്ത് നായർ, മിഷിഗൺ മലയാളി അസോസിയേഷൻ പ്രതിനിധി ജെയ്സ് മാത്യു, അഡ്വൈസറി ബോർഡ് സെക്രട്ടറി സാജൻ കണിയോടിക്കൽ, കേരള ക്ലബ് മുൻ പ്രസിഡന്റ് ജോളി ഡാനിയേൽ തുടങ്ങിയവർ സംസാരിച്ചു. ആർ. വി.പി ആയി മൽസരിക്കുന്ന ബാബു കുര്യനും നാഷണൽ കമ്മിറ്റിയിലേയ്ക്ക് മൽസരിക്കുന്ന രാജേഷ് കുട്ടിക്കും വുമൺസ് ഫോറത്തിലേയ്ക്ക് മൽസരിക്കുന്ന സുമിനി ജോർഡനും (ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ വിമൺസ് ഫോറം പ്രസിഡന്റ്) യോഗം എല്ലാവിധ വിജയാശംസകളും നേർന്നു.

മാത്യു വർഗീസിന് പുറമെ ജനറൽ സെക്രട്ടറി സ്ഥാനത്തേയ്ക്ക് മൽസരിക്കുന്ന അനു സ്കറിയ, ട്രഷറർ സ്ഥാനാർത്ഥി ബിനോയ് തോമസ്, ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവരുടെ പ്രവർത്തനങ്ങൾ ഫോമായ്ക്ക് മുതൽക്കൂട്ടാവുമെന്ന് ആശംസകൾ നേർന്നുകൊണ്ട് വിവിധ സംഘടനാ നേതാക്കൾ പറഞ്ഞു.

# ഫൊക്കാന ഇന്റർനാഷണൽ കൺവൻഷൻ 2026ൽ 'മിസ്റ്റർ ഫൊക്കാന' മത്സരം; യുവതലമുറയ്ക്ക് വ്യക്തിത്വവും നേതൃത്വവും തെളിയിക്കാനുള്ള വേദി

പെൻസിൽവാനിയ: വടക്കേ അമേരിക്കയിലെ പ്രമുഖ മലയാളി സംഘടനയായ ഫൊക്കാനയുടെ 2026ലെ ഇന്റർനാഷണൽ കൺവൻഷനോടനുബന്ധിച്ച് യുവാക്കൾക്കായി സംഘടിപ്പിക്കുന്ന 'മിസ്റ്റർ ഫൊക്കാന' മത്സരത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. 15 മുതൽ 27 വയസ് വരെയുള്ള യുവാക്കൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം.




"Young Men. Big Stage. Endless Possibilities" എന്ന ആശയവുമായി സംഘടിപ്പിക്കുന്ന പരിപാടി യുവാക്കളുടെ വ്യക്തിത്വം, കഴിവ്, സംസ്കാരബോധം, നേതൃത്വപാടവം എന്നിവ ലോകമലയാളികൾക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള അവസരമാണ്. മത്സര വിജയിക്ക് 'മിസ്റ്റർ ഫൊക്കാന 2026' പട്ടം ലഭിക്കും. കൂടാതെ ഒന്നാം റണ്ണറപ്പ്, രണ്ടാം റണ്ണറപ്പ്, ബെസ്റ്റ് ടാലന്റ്, ബെസ്റ്റ് പേഴ്സണാലിറ്റി, ബെസ്റ്റ് ട്രഡിഷണൽ അറ്റയർ, ഓഡിയൻസ് ഫേവറിറ്റ് തുടങ്ങിയ പ്രത്യേക പുരസ്കാരങ്ങളും സമ്മാനിക്കും.

മത്സരം മൂന്ന് ഘട്ടങ്ങളായാണ് ക്രമീകരിച്ചിരിക്കുന്നത്. ഒന്നാം റൗണ്ടിൽ മത്സരാർത്ഥികൾ സ്വയം പരിചയപ്പെടുത്തുകയും രണ്ടാം റൗണ്ടിൽ ടാലന്റ് ആൻഡ് കൾച്ചറൽ വോക്ക് അവതരിപ്പിക്കുകയും വേണം. മൂന്നാം റൗണ്ടിൽ ചോദ്യോത്തരവേളയിലൂടെ ആശയവിനിമയശേഷി, ആത്മവിശ്വാസം, നേതൃത്വഗുണങ്ങൾ എന്നിവ വിലയിരുത്തും. കേരളത്തിന്റെ പാരമ്പര്യ വസ്ത്രധാരണം, ഇന്ത്യൻ എത്നിക് വെയർ, ഫോർമൽ സ്യൂട്ട്, ഫ്യൂഷൻ സ്റ്റൈൽ എന്നീ വേഷവിധാനങ്ങളിലായിരിക്കും മത്സരാർത്ഥികൾ വേദിയിലെത്തുക എന്ന് മെൻസ് ഫോറം ചെയർ ലിജോ ജോൺ, കമ്മിറ്റി മെമ്പേഴ്സ് ആയ കൃഷ്ണരാജ് മോഹൻ, സുബിൻ മാത്യു, സാജ് കവിൻെരികത്ത്, ജിൻസ് മാത്യു, ഫോബി പോൾ എന്നിവർ അറിയിയിച്ചു.

താഴെകാണുന്ന ലിങ്കിൽ കൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

https://forms.gle/u8ECB2Gx-yQ2e7yAV8

'കാണൂ, സ്വയം വിശ്വസിക്കൂ, വിജയം നേടൂ ... Be Mr. FOKANA" എന്ന സന്ദേശത്തോടെയാണ് ഫൊക്കാന മെൻസ് ഫോറം യുവാക്കളെ മത്സരത്തിലേക്ക് സ്വാഗതം ചെയ്തിരിക്കുന്നത് എന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു .

*ശ്രീകുമാർ ഉണ്ണിത്താൻ*

# പിസിനാക് കോൺഫറൻസ് ജൂലൈ രണ്ടിന് ഷിക്കാഗോയിൽ ആരംഭിക്കുന്നു

ഷിക്കാഗോ: 40-ാമത് നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്തൽ കോൺഫ്രൻസ് ജൂലൈ 2 വ്യാഴാഴ്ച വൈകിട്ട് ഷാംബർഗ് കൺവെൻഷൻ സെന്ററിൽ നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ കൺവെൻഷൻ ഉദ്ഘാടനം ചെയ്യും. ഡോ. സതീഷ് കുമാർ മുഖ്യ സന്ദേശം നൽകും. പ്രീ കോൺഫ്രൻസ് പരിപാടികൾ അഞ്ചരമണിക്ക് ആരംഭിക്കും. പാസ്റ്റർ ലോഡ്സൺ ആന്റണി നേതൃത്വം നൽകുന്ന ഗായക സംഘം പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകും. തുടർന്നുള്ള ദിവസങ്ങളിൽ റവ. ജോ തോമസ്, ഡോ. തോംസൺ കെ. മാത്യു, ഡോ. വിൽസൺ വർക്കി, പാസ്റ്റർ സാബു വർഗീസ്, ഡോ. ഷിബു തോമസ് അറ്റ്ലാന്റാ, ഡോ. റിങ്കു തോംസൺ, റവ. ജോർജ് പി. ചാക്കോ, പാസ്റ്റർ അനീഷ് കൊല്ലം, ഡോ. സജി ഫിലിപ്പ്, പാസ്റ്റർ വൈ. യോഹന്നാൻ, പാസ്റ്റർ സജി മാത്യു, റവ. ജോർജ് മാത്യു പുതുപ്പള്ളി, റവ. ജോൺസൺ ജോർജ് എന്നിവർ പ്രഭാഷണങ്ങൾ നടത്തും.



ലേഡീസ് മീറ്റിങ്ങിൽ ഡോ.ആനി ജോർജ്, ജൂഡി പട്ടാശേരിൽ എന്നിവർ പ്രസംഗിക്കും. നാഷണൽ ലേഡീസ് കൺവീനർ സിസ്റ്റർ ജീന വിൽസൺ സമ്മേളനത്തിന് നേതൃത്വം നൽകും. എഴുത്തുകാരുടെയും മാധ്യമപ്രവർത്തകരുടെയും സമ്മേളനത്തിൽ റവ. ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യാതിഥിയായിരിക്കും.

ഇംഗ്ലീഷ് സേഷനിൽ ജോൺ ബിവിയർ, ജോ മുറാമല്ലേ, ജെയ്സൺ ജെസുദാസൻ തുടങ്ങിയവർ മുഖ്യപ്രഭാഷണങ്ങൾ നടത്തും. അമേരിക്കയിലെ പ്രസിദ്ധ വർഷിപ്പ് ഗ്രൂപ്പായ അപ്പർ റൂം പ്രൈസ് ആൻഡ് നേതൃത്വം നൽകും. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മറ്റ് നേതാക്കന്മാർ വിവിധ സമ്മേളനങ്ങളിൽ അധ്യക്ഷത വഹിക്കും.

നാഷണൽ ഭാരവാഹികളായ ജോർജ് കെ. സ്റ്റീഫൻസൺ, സാം മാത്യു, പ്രസാദ് ജോർജ് ഡോക്ടർ ജോനാഥൻ ജോർജ്, ജീന വിൽസൺ എന്നിവർ നേതൃത്വം നൽകും.

*കുര്യൻ ഫിലിപ്പ്*

# ഷിക്കാഗോ റിവൈവൽ മീറ്റിംഗിൽ റവ. ഷാജി എം. പോൾ പ്രസംഗിക്കുന്നു

ഷിക്കാഗോ: റിവൈവൽ ഷിക്കാഗോയുടെ ഈ വർഷത്തെ കൺവെൻഷനിൽ പവർവിഷൻ ചാനലിലെ പ്രധാന പ്രാസംഗികനായ പാസ്റ്റർ ഷാജി എം. പോൾ പ്രസംഗിക്കും.





ജൂൺ 22 തിങ്കളാഴ്ചയും 23 ചൊവ്വാഴ്ചയും വൈകിട്ട് ആറു മണിക്ക് സയോൺ ക്രിസ്ത്യൻ ചർച്ചിൽ വച്ചാണ് സമ്മേളനം നടക്കുന്നത്. പിസിനാക്ക് നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ സമ്മേളനം ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ഡാനി കെവിൻ ജോൺസൺ, സിസ്റ്റർ ഷൈനി ദാനിയേൽ എന്നിവർ പ്രയ്സ് ആൻഡ് വർഷിപ്പിന് നേതൃത്വം നൽകും.


ഐപിസി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ അനുഗ്രഹ പ്രാർത്ഥന നടത്തും. ഭാരവാഹികളായ പാസ്റ്റർ ആൻഡ്രൂസ് കെ. ജോർജ്, ജോയൽ ഷാജി, സ്റ്റെഫിൻ ജോർജ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകും. പകൽ യോഗങ്ങൾ ചാക്കോ തോമസിന്റെ ഭവനത്തിൽ നടക്കും. വിവരങ്ങൾക്ക് 224-623-2980.

കഥയില്ലായ്മകൾ

# ഇനിയും വേണ്ടേ പുതുവഴി?



സി. രാധാകൃഷ്ണൻ




സർവ്വജ്ഞതയോ സർവ്വ അജ്ഞതയോ ഏതാണ് കേമം എന്ന കാര്യത്തെക്കുറിച്ച് എനിക്ക് ഇപ്പോഴും നിശ്ചയം ആയില്ല. പോരുന്നോ അതിനുള്ള ശ്രമത്തിൽ ചേരാൻ?

**പ്രവേശനം സൗജന്യം. പക്ഷേ, ഒരു അപായ മുന്നറിയിപ്പുണ്ട്:** അകത്ത് കടക്കുന്നത്ര എളുപ്പമല്ല പിന്നെ പുറത്തു പോവൽ! അതേസമയം അകത്തുതന്നെ ഉറച്ചുനിൽക്കലും എളുപ്പമല്ല!!

എന്തിനും രണ്ട് പക്ഷം ഉണ്ടല്ലോ. അതാണ് കുഴപ്പവും. ഈ നാട് എങ്ങനെ നന്നാക്കണം എന്നൊക്കെയാണെങ്കിൽ പക്ഷങ്ങൾ ഒന്നല്ല രണ്ടല്ല രണ്ടായിരം പോലും അല്ല! കാരണം, ഏത് പക്ഷത്തുകാർക്കും അന്യപക്ഷത്തുള്ളവരൊക്കെ ശത്രുക്കളാണ്. വെറും ശത്രുക്കളാണെങ്കിൽ പോട്ടെ, ബൗദ്ധികമായും അധ്യാത്മികമായും ദൈവീകമായും ശത്രുക്കളാണ്! ആത്മരക്ഷ പോലും പിന്നെ അസാധ്യമാവും.

അപ്പോഴാണ് എനിക്ക് തോന്നിയത് എല്ലാം ശരിയായി അറിഞ്ഞാൽ ശരിയായ പക്ഷം കണ്ടുപിടിക്കാം എന്ന്. ആകാവുന്നത്ര തിരയുകയായിരുന്നു ഇതുവരെ. രാത്രിയായാലും പകലായാലും തിരഞ്ഞു. പച്ച പകലും വെളിച്ചം കത്തിച്ചു പോലും തിരിഞ്ഞു. ചിലപ്പോൾ തോന്നി ഇതാ കിട്ടിപ്പോയി എന്ന്. പക്ഷേ, അടുത്ത നിമിഷത്തിൽ അതത്ര ശരിയല്ല എന്ന വെളിപാട് വേറെ വരും!

മരുന്ന് കഴിച്ചിട്ട് തൽക്കാലം രോഗം മാറി, പക്ഷേ, മരുന്നിന്റെ പാർശ്വഫലങ്ങൾ രോഗത്തെക്കാൾ വലിയ ശല്യമായി എന്ന് പറഞ്ഞ പോലെയാവും കഥ. ആത്മനാശകരങ്ങളായ ഗോത്ര ആചാരങ്ങളിൽനിന്നും മുക്തി നേടാൻ ആണ് മതം ഉണ്ടായത്. അത് അതിന്റെ നേതാക്കന്മാരുടെ ദുർമോഹങ്ങൾക്ക് വശംവദമായി മനുഷ്യന് ഉപദ്രവമായപ്പോഴാണ് മറ്റൊരു മതം ഉണ്ടാകുന്നത്. പിന്നെ അതും മോശമായപ്പോൾ വേറൊന്നുണ്ടായി. വന്നുവന്ന് എനിക്ക് അനിഷ്ടം ചെയ്യുന്നവരെ ഉന്മൂലനം ചെയ്യുക എന്ന വഴി തുറന്നുകാണിക്കപ്പെട്ടു.

പിന്നെപ്പിന്നെ ജനായത്തം എന്ന പേരിൽ ഒരു തമാശ വന്നപ്പോൾ എല്ലാ പക്ഷക്കാർക്കും കൂടി സമരസപ്പെട്ട് നിലനിൽക്കാൻ കഴിയും എന്നൊരു മതമുണ്ടായി. മതങ്ങൾ ഇതിനെ തോൽപ്പിക്കാൻ കുറുമുന്നണികൾ ഉണ്ടാക്കിയപ്പോൾ ഒരു മുച്ചീട്ടു കളിക്കുള്ള ഉപാധിയായീ ജനായത്തം. സാധ്യതകളുടെ കണക്കുകൂട്ടാൻ 'മൃദു സാധനങ്ങൾ' (softwares) കൂടി ആയപ്പോൾ ആ മന്ത്രവിദ്യ അറിയാവുന്നവനേ മന്ത്രി ആവാൻ കഴിയൂ എന്നായി. അഥവാ, ആ വിദ്യ പഠിച്ച മന്ത്രവാദികളെവിലയ്ക്ക് വാങ്ങാൻ കഴിയുന്ന അളവിൽ കാശുള്ളവന് മാത്രം. ഒട്ടും കൈ നനയാതെ ഏറ്റവും വലിയ മീൻ പിടിക്കാൻ പറ്റുന്ന ഏർപ്പാട് ജനിച്ചു വളർന്നു: ശുഭനാമം രാഷ്ട്രീയം!

**ആലോചിച്ചു നോക്കൂ:** ജനാധിപത്യത്തിൽ എന്തിനാണ് കക്ഷികൾ? നാട് നോക്കാൻ നല്ല മനുഷ്യരെ നിരത്തിയാൽ പോരേ?

മനുഷ്യരായി പിറന്ന എല്ലാവർക്കും തന്നെ ഒറ്റനോട്ടത്തിൽ അറിയാൻ കഴിയുമല്ലോ നല്ല മനുഷ്യരെ? കാരണം ജാതി എന്തായാലും മതമേതായാലും അവരുടെ പ്രധാന ലക്ഷണം നന്മയായിരിക്കുമല്ലോ. ഒരു മുഖ്യ അധികാരി എന്നുവേണ്ട അയാളുടെ കുശിനിക്കാരൻ പോലും ആവാൻഎന്തും ചെയ്യാം എന്ന് നല്ല മനുഷ്യർ ആരും തന്നെ കരുതുകയില്ല. അധികാരം ഒരു ഭാരമായേ തോന്നൂ. എന്തു പടം വരപ്പിച്ചും ഏതു കുടം പൊട്ടിച്ചും ഒരു മുഖ്യാധികാരി അല്ല അങ്ങനെ ഒരാളുടെ കുശിനിക്കാരൻ എങ്കിലും ആവാൻ വർഷങ്ങളോളം മേശകൾക്കും കട്ടിലുകൾക്കും താഴെ ശ്വാസം പിടിച്ചും പ്രവർത്തിക്കുന്ന മഹാ നിശ്ചയദാർഢ്യത്തെ കുറിച്ച് ഇക്കൂട്ടരുടെ സ്ഥാനാരോഹണ വേളയിൽ സചിത്ര പത്രഗീതങ്ങൾ നമ്മൾ ഈ ഇടെയും വായിച്ചുവല്ലോ!

എല്ലാ തരംതിരിവുകൾക്കും അതീതരായിസന്തോഷമായും എന്തു കാര്യത്തിനും സഹകരിച്ചും കഴിഞ്ഞുകൂടുന്നതിന്നായി പിറന്ന സൃഷ്ടികളെ ധ്രുവീകരിച്ച് (എന്നുവെച്ചാൽ വെവ്വേറെ സൂചികളിൽ കോർത്ത്) നരകത്തിലേക്ക് കെട്ടി താഴ്ത്തുന്ന മഹാതിരുമാലികളെയാണ് നാം ഇപ്പോൾ നേതാക്കന്മാർ എന്ന് വിളിക്കുന്നത്.

ഇതിന് നമ്മെ അല്ലാതെ വേറെ ആരെയെങ്കിലും പഴി പറഞ്ഞിട്ട് വല്ല കാര്യവും ഉണ്ടോ? വലിയ സന്നാഹങ്ങളോടുകൂടി മനുഷ്യരെ എല്ലാ അർത്ഥത്തിലും പറഞ്ഞു പറ്റിക്കുന്ന ഇവരിൽനിന്ന് മോചനം നേടുന്ന വഴിയിൽ പോവരുതേ? അതിന് എല്ലാ അറിവും തികയും വരെ കാത്തിരുന്നാൽ....




## കടുത്ത സമ്മർദ്ദങ്ങൾക്കിടയിലും ഇറാൻ അനുകൂല നിലപാടുമായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്

പശ്ചിമേഷ്യയിലെ കടുത്ത ആഭ്യന്തര യുദ്ധ സാഹചര്യങ്ങൾക്കിടയിലും ഇറാന്റെ ബാലിസ്റ്റിക് മിസൈലുകൾ പൂർണ്ണമായി ഇല്ലാതാക്കണമെന്ന ആവശ്യത്തെ ശക്തമായി എതിർത്ത് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് രംഗത്തെത്തി.

ഇറാന് തങ്ങളുടെ സുരക്ഷയ്ക്കായി ചില മിസൈൽ സംവിധാനങ്ങൾ കൈവശം വെക്കാൻ അവകാശമുണ്ടെന്നാണ് യുഎസ് പ്രസിഡന്റ് പുതിയ നയതന്ത്ര ചർച്ചകളിൽ വ്യക്തമാക്കിയത്. അന്താരാഷ്ട്ര തലത്തിൽ ഇറാന് മേൽ കടുത്ത നിരോധനങ്ങൾ ഏർപ്പെടുത്താൻ സഖ്യകക്ഷികൾ സമ്മർദ്ദം ചെലുത്തുന്നതിനിടയിലാണ് ട്രംപിന്റെ ഈ അപ്രതീക്ഷിത നീക്കം. ഇറാനും അമേരിക്കയും തമ്മിൽ പാകിസ്ഥാന്റെ മധ്യസ്ഥതയിൽ ഇസ്ലാമാബാദിൽ വെച്ച് നടന്ന സമാധാനചർച്ചകളിൽ ഈ വിഷയം വലിയ രീതിയിൽ ചർച്ച ചെയ്യപ്പെട്ടു. ഇറാന്റെ പക്കലുള്ള മാരക ശേഷിയുള്ള ബാലിസ്റ്റിക് മിസൈലുകൾ എല്ലാം തന്നെ പൂർണ്ണമായി നശിപ്പിക്കണമെന്നായിരുന്നു ഇസ്രായേലും മറ്റ് യൂറോപ്യൻ രാജ്യങ്ങളും ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പ്രായോഗികമായ നയതന്ത്ര ബന്ധങ്ങൾ കെട്ടിപ്പടുക്കുന്നതിന് ഇത്തരം കടുത്ത നിർദ്ദേശങ്ങൾ തിരിച്ചടിയാകുമെന്നാണ് ട്രംപ് ഭരണകൂടത്തിന്റെ വിലയിരുത്തൽ.

സ്വന്തം രാജ്യത്തിന്റെ പരമാധികാരവും സുരക്ഷയും ഉറപ്പാക്കാൻ ഏതൊരു രാജ്യത്തിനും അടിസ്ഥാനപരമായ ആയുധങ്ങൾ ആവശ്യമാണെന്ന് ട്രംപ് ഓർമ്മിപ്പിച്ചു. ഇറാന്റെ പക്കൽ നിലവിലുള്ള മിസൈൽ ശേഖരം മുൻപത്തെ അപേക്ഷിച്ച് ഇരുപത് ശതമാനത്തോളമായി കുറയ്ക്കാൻ മുൻപ് നടത്തിയ വ്യോമാക്രമണങ്ങളിലൂടെ അമേരിക്കയ്ക്ക് സാധിച്ചിട്ടുണ്ട്. അതിനാൽ തന്നെ അവശേഷിക്കുന്ന പ്രതിരോധസംവിധാനങ്ങൾകൂടിപൂർണ്ണമായിഇല്ലാതാക്കാൻ ശ്രമിക്കുന്നത് പുതിയൊരു യുദ്ധത്തിന് വഴി തുറക്കുമെന്നാണ് അമേരിക്ക ഭയപ്പെടുന്നത്.

ഇറാൻ തങ്ങളുടെ ആണവായുധ നിർമ്മാണ പദ്ധതികൾ പൂർണ്ണമായും ഉപേക്ഷിക്കുക എന്നതാണ് അമേരിക്കയുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. ഈ സുപ്രധാന വിഷയത്തിൽ വിട്ടുവീഴ്ചയില്ലാത്ത ചർച്ചകളാണ് യുഎസ് പ്രതിരോധ ആസ്ഥാനമായ പെന്റഗൺ നടത്തിവരുന്നത്. എന്നാൽ ആണവ പദ്ധതികൾക്കൊപ്പം അവരുടെ മുഴുവൻ ബാലിസ്റ്റിക് മിസൈലുകളും നിരോധിക്കാൻ ശ്രമിച്ചാൽ സമാധാന കരാറുകളിൽ നിന്നും ഇറാൻ പൂർണ്ണമായി പിന്മാറാൻ സാധ്യതയുണ്ട്.

അന്താരാഷ്ട്ര കപ്പൽ ഗതാഗത മേഖലയായ ഹോർമുസ് കടലിടുക്കിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനും ഇറാന്റെ സഹകരണം അത്യന്താപേക്ഷിതമാണ്. ലഹരിവസ്തുക്കളുടെ കടത്തും സമുദ്ര മേഖലയിലെ തർക്കങ്ങളും പരിഹരിക്കാൻ ഇരുരാജ്യങ്ങളും തമ്മിൽ പുതിയ ധാരണകൾ ഉണ്ടാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ട്രംപ് സ്വീകരിച്ചിരിക്കുന്ന മിതവാദപരമായ നിലപാട് പശ്ചിമേഷ്യൻ രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമാകും. അതേസമയം അമേരിക്കയുടെ ഈ പുതിയ നിലപാടിനെതിരെ ഇസ്രായേൽ ഭരണകൂടം കടുത്ത അതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. ഇറാന്റെ കൈവശമുള്ള ചെറിയ ദൂരപരിധിയുള്ള മിസൈലുകൾ പോലും തങ്ങളുടെ രാജ്യത്തിന് വലിയ സുരക്ഷാ ഭീഷണിയാണെന്നാണ് ഇസ്രായേലിന്റെ വാദം. വരും ദിവസങ്ങളിൽ ഫ്രാൻസിൽ നടക്കുന്ന അന്താരാഷ്ട്ര ഉച്ചകോടികളിൽ ഈ വിഷയത്തിൽ കൂടുതൽ വ്യക്തതയുണ്ടാകുമെന്നാണ് നയതന്ത്ര വിദഗ്ദ്ധർ പ്രവചിക്കുന്നത്.

# ഫൊക്കാന 2026 കൺവെൻഷനിൽ 'മിസ് ഫൊക്കാന' മത്സരം; വിജയിക്ക് മലയാള സിനിമയിൽ അവസരം

ന്യൂയോർക്ക്: ഫൊക്കാന വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഫൊക്കാന 2026 കൺവെൻഷനോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന 'മിസ് ഫൊക്കാന' സൗന്ദര്യപ്രതിഭാ മത്സരത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. 15 മുതൽ 25 വയസ് വരെയുള്ള അവിവാഹിതരായ മലയാളി യുവതികൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അർഹത. മത്സരാർത്ഥികൾ ഫൊക്കാന കൺവെൻഷനിൽ രജിസ്റ്റർചെയ്തിരിക്കുകയോഡേപാസ്വാങ്ങിയിരിക്കുകയോ വേണം. ജൂലൈ 15, 2026നകം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണമെന്ന് സംഘാടകർ അറിയിച്ചു. രജിസ്ട്രേഷന്റെ അവസാന തീയതി ജൂലൈ 1, 2026 ആണ്.




മത്സരം മൂന്ന് റൗണ്ടുകളായാണ് നടക്കുക. ആദ്യ റൗണ്ടിൽ കേരള പാരമ്പര്യത്തെ ആസ്പദമാക്കിയ വസ്ത്രധാരണവും സ്വയംപരിചയപ്പെടുത്തലും ഉണ്ടായിരിക്കും. രണ്ടാം റൗണ്ടിൽ മത്സരാർത്ഥികളുടെ കലാപരമായ കഴിവുകൾ അവതരിപ്പിക്കുന്ന ടാലന്റ് റൗണ്ടും മൂന്നാമതായി ഈവനിംഗ് ഗൗണും ചോദ്യോത്തര റൗണ്ടും നടക്കും. പെൻസിൽവാനിയയിലെ കൽഹാരി റിസോർട്ട് ആൻഡ് കൺവെൻഷൻ സെന്ററിലാണ് മത്സരം നടക്കുന്നത്. ഓഗസ്റ്റ് 8, 2026ന് രാവിലെ പരിപാടികൾ ആരംഭിക്കും.

മത്സരവിജയിക്കൊപ്പംഒന്നാംറണ്ണർഅപ്പിനുംരണ്ടാംറണ്ണർഅപ്പിനുംക്യാഷ്പ്രൈസുകൾനൽകും.മിസ്ഫൊക്കാന ടൈറ്റിൽ വിജയിക്ക് ഒരു മലയാള സിനിമയിൽ അഭിനയിക്കാനുള്ള അവസരവും ലഭിക്കുമെന്ന് സംഘാടകർ അറിയിച്ചു. ഫൊക്കാന വനിതാ ഫോറം ചെയർപേഴ്സൺ രേവതി പിള്ളയുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയാണ് മത്സരം സംഘടിപ്പിക്കുന്നത്. സരൂപ അനിൽ ചെയർപേഴ്സണായും പ്രിയ ലൂയിസ് കോ-ചെയറായും പ്രവർത്തിക്കുന്നു. മേരിക്കുട്ടി മൈക്കിൾ, മേരി ഫിലിപ്പ്, ബെറ്റ്സി സണ്ണി എന്നിവർ കമ്മിറ്റി അംഗങ്ങളാണ്.

കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും സരൂപ അനിലിനെ +1-703-400-9937 എന്ന നമ്പരിലും പ്രിയ ലൂയിസിനെ +1-646-704-9472 എന്ന നമ്പരിലും ബന്ധപ്പെടാവുന്നതാണ്.

കേരളീയ യുവതികളുടെ വ്യക്തിത്വവും സർഗ്ഗാത്മകതയും ആത്മവിശ്വാസവും പ്രോത്സാഹിപ്പിക്കുന്ന വേദിയായി 'മിസ് ഫൊക്കാന' മത്സരം മാറുമെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി പ്രത്യാശ പ്രകടിപ്പിച്ചു. ഏവരെയും ഫൊക്കാന കൺവെൻഷനിലേക്ക് സ്വാഗതം ചെയ്യുന്നതായി ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിയും അറിയിച്ചു.

*ശ്രീകുമാർ ഉണ്ണിത്താൻ*

# സ്വാമി വിവേകാനന്ദ സ്മാരക അനുസ്മരണ ചടങ്ങ് ഇന്ത്യൻ കോൺസുലേറ്റിൽ



ഷിക്കാഗോ: ഇന്ത്യൻ കോൺസുലേറ്റ്, ഷിക്കാഗോയിൽ സംഘടിപ്പിച്ച സ്വാമി വിവേകാനന്ദ സ്മാരക അനുസ്മരണ ചടങ്ങിൽ വിവിധ സാമൂഹ്യസാംസ്കാരിക സംഘടനാ നേതാക്കൾ പങ്കെടുത്തു. ചടങ്ങിൽ അമേരിക്കയിലെ ഇന്ത്യൻ അംബാസഡർ വിനയ് മോഹൻ ക്വാത്ര മുഖ്യാതിഥിയായി സന്നിഹിതനായിരുന്നു. ഇന്ത്യൻ കോൺസുൾ ജനറൽ സോമനാഥ് ഘോഷ് ഉൾപ്പെടെ നിരവധി പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.

ഫൊക്കാന നാഷണൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, മുൻ ഫോമ നാഷണൽ വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, എ.ഐ.ഇ.എ.ഒ പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസ് എന്നിവർ ചടങ്ങിൽ പങ്കെടുത്ത് സ്വാമി വിവേകാനന്ദന്റെ ജീവിതവും സന്ദേശങ്ങളും അനുസ്മരിച്ചു.

1893ൽ ഷിക്കാഗോയിൽ നടന്ന ലോകമത സമ്മേളനത്തിൽ നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിലൂടെ അദ്ദേഹം ലോകശ്രദ്ധ നേടി. മതസൗഹാർദ്ദം, മനുഷ്യസേവനം, യുവജനശക്തി, ആത്മവിശ്വാസം എന്നിവയുടെ പ്രാധാന്യം അദ്ദേഹം ലോകത്തിന് മുന്നിൽ അവതരിപ്പിച്ചു.

സ്വാമി വിവേകാനന്ദന്റെ ആശയങ്ങൾ ഇന്നും യുവജനങ്ങൾക്ക് പ്രചോദനമായി തുടരുകയാണ്. വിദ്യാഭ്യാസം, ആത്മീയത, സാമൂഹിക പ്രതിബദ്ധത എന്നിവയുടെ സമന്വയത്തിലൂടെ വ്യക്തിയുടെയും സമൂഹത്തിന്റെയും ഉന്നമനമാണ് അദ്ദേഹം ലക്ഷ്യമിട്ടത്.

ചടങ്ങിൽ പങ്കെടുത്തവർ സ്വാമി വിവേകാനന്ദന്റെ മഹത്തായ സംഭാവനകളെ അനുസ്മരിക്കുകയും, അദ്ദേഹത്തിന്റെ സന്ദേശങ്ങൾ പുതിയ തലമുറകളിലേക്ക് എത്തിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു.

പരിപാടിക്ക് ശേഷം വിശിഷ്ടാതിഥികൾക്കായി ഒരുക്കിയ പ്രത്യേക അത്താഴവിരുന്നും കലാപരിപാടികളും നടന്നു. തുടർന്ന് നടന്ന സൗഹൃദസംഗമത്തോടെയാണ് ചടങ്ങുകൾ സമാപിച്ചത്.

# യുക്രെയ്ൻ യുദ്ധത്തിൽ യു.എസ്. കൂടുതൽ യാഥാർത്ഥ്യബോധമുള്ള നിലപാടിലേക്ക് മാറിയെന്ന് മാർക്ക് കാർനി



ഫ്രാൻസിലെ എവിയാൻ-ലെസ്-ബെയിൻസ് നഗരത്തിൽ നടന്ന ജി7 ഉച്ചകോടിക്കിടെ, യു.എസ്.യും പ്രസിഡന്റ് ഡൊണാൾഡ് ട്രംപും യുക്രെയ്ൻ യുദ്ധത്തെക്കുറിച്ചുള്ള അവരുടെ നിലപാട് കൂടുതൽ 'യാഥാർത്ഥ്യബോധമുള്ള' ദിശയിലേക്ക് മാറ്റിയതായി കാനഡയുടെ പ്രധാനമന്ത്രി മാർക്ക് കാർനി പറഞ്ഞു.

മറ്റ് ജി7 നേതാക്കൾക്ക് തോന്നിയതുപോലെ, സംഘർഷത്തെക്കുറിച്ചുള്ള യു.എസ്. നിലപാട് ഇപ്പോൾ കൂടുതൽ പ്രായോഗികമായ സമീപനമാണ് സ്വീകരിക്കുന്നത് എന്ന് ബുധനാഴ്ച മാധ്യമങ്ങളോട് സംസാരിക്കുമ്പോൾ കാർനി പറഞ്ഞു.

ഉച്ചകോടിക്കിടെ കഴിഞ്ഞ 36 മണിക്കൂറിനുള്ളിൽ പ്രസിഡന്റ് ട്രംപുമായി പല വിഷയങ്ങളിലും 7 മുതൽ 8 വരെ ചർച്ചകൾ നടത്തിയതായും കാർനി അറിയിച്ചു. കാനഡയുടെ ചൈനീസ് ഇലക്ട്രിക് വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണം ഉൾപ്പെടെയുള്ള വിഷയങ്ങളും ചർച്ചയായതായും അദ്ദേഹം പറഞ്ഞു. ട്രംപ് ഈ ഘടനയെ അനുകൂലിച്ചതായും കാർനി വ്യക്തമാക്കി.

അതേസമയം, കാനഡ വർഷാവസാനത്തോടെ 150 മില്യൺ ടൺ LNG (ദ്രവീകൃത പ്രകൃതി വാതകം) ഉൽപാദിപ്പിക്കുന്ന ലക്ഷ്യത്തിലേക്ക് മുന്നേറുകയാണെന്നും കാർനി പറഞ്ഞു. കൂടാതെ, നവംബറിൽ നടക്കാനിരിക്കുന്ന ജി20 ഉച്ചകോടിക്ക് മുമ്പായി ഇന്ത്യയുമായുള്ള വ്യാപാര കരാർ പൂർത്തിയാക്കുകയാണ് തന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.



# ട്രംപിന്റെ ഇറാൻ നയതന്ത്രം!

(ഒന്നാം പേജ് തുടർച്ച)

ൻസിന്റെ തെറ്റാണെന്ന്. അതുകൊണ്ട് ജെ.ഡി, നീ സൂക്ഷിച്ചോ...’ ഡൊണാൾഡ് ട്രംപ് ഇറാനുമായുള്ള സമാധാന ചർച്ചകൾക്ക് മുന്നിൽ നിന്ന് അധ്യക്ഷത വഹിച്ചതും കഴിഞ്ഞ ദിവസങ്ങളിൽ ഇതിന്റെ നയതന്ത്ര വശങ്ങൾ മാധ്യമങ്ങളിൽ വിശദീകരിച്ചതും വാൻസ് ആയിരുന്നു. അതുകൊണ്ട് തന്നെ കരാർ പാളിയാൽ വാൻസിനെ ബലിമൃഗമാക്കുമെന്ന ട്രംപിന്റെ പ്രസ്താവന തമാശരൂപേണയുള്ളതാണെങ്കിലും ഇതിന് പിന്നിൽ വലിയ രാഷ്ട്രീയ തന്ത്രങ്ങളുണ്ടെന്നാണ് നിരീക്ഷകർ വിലയിരുത്തുന്നത്. 60 ദിവസത്തിനുള്ളിൽ കാര്യങ്ങൾ ശുഭപര്യവസായിയായില്ലെങ്കിൽ ‘തങ്ങൾ വീണ്ടും ബോംബിടാൻ തുടങ്ങും’ എന്ന ട്രംപിന്റെ കടുത്ത മുന്നറിയിപ്പ്, ഈ കരാറിനെ വെറുമൊരു സമാധാന ശ്രമമായല്ല, മറിച്ച് അമേരിക്കയുടെ ആധിപത്യം ഉറപ്പിക്കാനുള്ള ആയുധമായാണ് അദ്ദേഹം കാണുന്നത് എന്നതിന്റെ വ്യക്തമായ സൂചനയാണ്.

### അമേരിക്കൻ രാഷ്ട്രീയത്തിലെ അടിയൊഴുക്കും പശ്ചിമേഷ്യൻ സുരക്ഷയും

കരാറിനെ ട്രംപ് കൈകാര്യം ചെയ്യുന്ന രീതി അമേരിക്കൻ രാഷ്ട്രീയത്തിൽ വലിയ അടിയൊഴുക്കുകൾക്ക് കാരണമായിട്ടുണ്ട്. കരാറിന്റെ ഭാവി ട്രംപിന്റെയും വാൻസിന്റെയും രാഷ്ട്രീയ ഗതി നിർണയിക്കുന്ന ഒന്നാണ്. ഭാവിയിലെ റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥിയായി ഉയർത്തിക്കാട്ടപ്പെടുന്ന വ്യക്തിയാണ് വൈസ് പ്രസിഡന്റ് ജെ.ഡി വാൻസ്. എന്നാൽ കരാർ പരാജയപ്പെട്ടാൽ അതിന്റെ പൂർണമായ കുറ്റം വാൻസിന്റെ തലയിൽ വീഴുന്നത് പാർട്ടിക്കുള്ളിൽ അദ്ദേഹത്തിന്റെ സ്വാധീനം കുറയ്ക്കാൻ ഇടയാക്കും. പ്രതിപക്ഷമായ ഡെമോക്രാറ്റുകൾ വാൻസിന്റെ നയതന്ത്ര പരാജയമായി ഇതിനെ തെരഞ്ഞെടുപ്പുകളിൽ ആയുധമാക്കുകയും ചെയ്യും.

ട്രംപിന്റെ ഏകപക്ഷീയമായ തീരുമാനങ്ങൾക്കെതിരെ യുഎസ് കോൺഗ്രസിലെ ഡെമോക്രാറ്റിക് പാർട്ടി അംഗങ്ങൾ ഇതിനകം തന്നെ രംഗത്തുണ്ട്. 60 ദിവസത്തെ സമയപരിധിക്ക് ശേഷം അമേരിക്ക വീണ്ടും ബോംബാക്രമണത്തിലേക്ക് നീങ്ങുകയാണെങ്കിൽ, അത് ട്രംപ് ഭരണകൂടത്തിന്റെ വലിയ പരാജയമായി പ്രതിപക്ഷം ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കും. ട്രംപിന്റെ യുദ്ധാധികാരങ്ങളെ നിയന്ത്രിക്കാനുള്ള നിയമനിർമ്മാണങ്ങളിലേക്ക് ഡെമോക്രാറ്റുകൾ നീങ്ങാനും ഇത് കാരണമാകും.

60 ദിവസത്തെ ഈ താൽക്കാലിക വെടിനിർത്തൽ കാലാവധി അവസാനിക്കമ്പോൾ കാര്യങ്ങൾ അമേരിക്ക വിചാരിച്ച രീതിയിൽ മന്നോട്ട് പോയില്ലെങ്കിൽ ‘തങ്ങൾ വീണ്ടും ബോംബിടാൻ തുടങ്ങും’ എന്ന ട്രംപിന്റെ പരസ്യ പ്രസ്താവന കേവലമൊരു രാഷ്ട്രീയ ഭീഷണിയല്ല.

മറിച്ച്, വൈറ്റ് ഹൗസിന്റെ അടുത്ത നീക്കങ്ങൾ എന്തായിരിക്കുമെന്നതിന്റെ കൃത്യമായ യുദ്ധപ്രഖ്യാപനമാണ്. ഈ പ്രസ്താവനയ്ക്ക് പിന്നിലെ ആഴത്തിലുള്ള വശങ്ങളും അത് സൃഷ്ടിക്കാൻ പോകുന്ന പ്രത്യാഘാതങ്ങളും എന്താണെന്ന് നോക്കാം.

### ‘മാക്സിമം പ്രഷർ’ നയത്തിന്റെ രണ്ടാം ഘട്ടം

തന്റെ ഒന്നാം ഭരണകാലത്ത് ഇറാനെതിരെ ട്രംപ് പ്രയോഗിച്ച ‘പരമാവധി സമ്മർദ്ദം’ എന്ന തന്ത്രത്തിന്റെ അതിരൂക്ഷമായ പതിപ്പാണ് ഇപ്പോഴത്തെ ഈ ’ബോംബിംഗ് ഭീഷണി’. നയതന്ത്ര ചർച്ചകളുടെ മേശപ്പുറത്തിരിക്കമ്പോഴും സൈനിക ശക്തി കാണിച്ച് എതിരാളിയെ ഭയപ്പെടുത്തുക എന്ന ട്രംപിന്റെ ‘ആർട്ട് ഓഫ് ദി ഡീൽ’ ശൈലിയാണിത്. ഇറാനെ പൂർണ്ണമായി നിരായുധീകരിക്കാനും അവരുടെ ആണവ പദ്ധതികൾ എന്നെന്നേക്കുമായി അവസാനിപ്പിക്കാനും അമേരിക്ക നടത്തുന്ന അവസാന വട്ട ശ്രമമാണിത്. ഈ 60 ദിവസത്തെ സമയപരിധി ഇറാനുള്ള സമാധാനത്തിനുള്ള അവസരമല്ല, മറിച്ച് കീഴടങ്ങാനുള്ള അന്ത്യശാസനമാണെന്ന് ട്രംപ് വ്യക്തമാക്കുന്നു.

### പശ്ചിമേഷ്യയെ കാത്തിരിക്കുന്ന യുദ്ധ മേഘങ്ങൾ

60 ദിവസത്തിന് ശേഷം ട്രംപ് ഈ പ്രസ്താവന നടപ്പിലാക്കാൻ തുനിഞ്ഞാൽ, അത് പശ്ചിമേഷ്യയെ ചരിത്രത്തിലെ ഏറ്റവും വലിയ ചോരപ്പുഴയിലേക്ക് തള്ളിവിടും. അമേരിക്കൻ യുദ്ധവിമാനങ്ങൾ ഇറാന്റെ ആണവ കേന്ദ്രങ്ങളെയും തന്ത്രപ്രധാന സൈനിക താവളങ്ങളെയും ലക്ഷ്യമിട്ട് ബോംബാക്രമണം നടത്തിയാൽ ഇറാൻ നിശബ്ദമായിരിക്കില്ല. ട്രംപിന്റെ ഈ ഭീഷണിക്ക് പിന്നിൽ ഇസ്രായേലിന്റെ ശക്തമായ പിന്തുണയുണ്ട്. അമേരിക്ക ബോംബാക്രമണം ആരംഭിച്ചാൽ, ഇറാന്റെ പരമശത്രുവായ ഇസ്രായേലും നേരിട്ട് യുദ്ധത്തിൽ പങ്കചേരും. ഇറാന്റെ പിന്തുണയുള്ള ഹിസ്ബുള്ള, ഹൂതികൾ തുടങ്ങിയ സംഘടനകൾ ഇസ്രായേലിന് നേരെയും മിഡിൽ ഈസ്റ്റിലെ യുഎസ് സൈനിക താവളങ്ങൾക്ക് നേരെയും ഒരേസമയം പതിനായിരക്കണക്കിന് മിസൈലുകൾ വർഷിക്കാൻ ഇത് കാരണമാകും.

### റഷ്യ–ചൈന അച്ചുതണ്ടിന്റെ തിരിച്ചടി

ട്രംപിന്റെ ഈ കടുത്ത നിലപാട് റഷ്യയെയും ചൈനയെയും ഇറാന് അനുകൂലമായി പരസ്യമായി രംഗത്തിറങ്ങാൻ പ്രേരിപ്പിക്കും. ട്രംപ് വീണ്ടും ബോംബിടാൻ തുടങ്ങിയാൽ, തങ്ങളുടെ തന്ത്രപ്രധാന പങ്കാളിയായ ഇറാന്റെ തകർച്ച തടയാൻ റഷ്യ അത്യാധുനിക വ്യോമപ്രതിരോധ സംവിധാനങ്ങളും (S-400, S-500 മിസൈലുകൾ) സൈനിക സാങ്കേതികവിദ്യയും ഇറാന് കൈമാറും. ചൈനയാകട്ടെ, അമേരിക്കൻ ഉപരോധങ്ങളെ കാറ്റിൽപ്പറത്തി ഇറാന്റെ എണ്ണ പൂർണ്ണമായി വാങ്ങി അവർക്ക് സാമ്പത്തിക പച്ചക്കൊടി കാട്ടും. ഫലത്തിൽ, അമേരിക്കയുടെ ഒരു ബോംബാക്രമണം ലോകശക്തികൾ തമ്മിൽ നേരിട്ട് ഏറ്റുമുട്ടുന്ന ഒരു ആഗോള പ്രതിസന്ധിയായി മാറും.

### ആഗോള സാമ്പത്തിക വിപണിയിലെ ആഘാതം

കരാർ വാർത്തകൾ പുറത്തുവന്നതോടെ ആഗോള വിപണിയിൽ എണ്ണ വില വലിയ തോതിൽ താഴേക്ക് വരികയും ഓഹരി വിപണികൾ ഉണരുകയും ചെയ്തിരുന്നു. എന്നാൽ ഈ 60 ദിവസത്തെ താൽക്കാലിക വെടിനിർത്തൽ പരാജയപ്പെടുകയും ചർച്ചകൾ പൂർണ്ണമായി തകരുകയും ചെയ്താൽ ആഗോള സമ്പദ്‌വ്യവസ്ഥ കടുത്ത പ്രതിസന്ധിയിലാകും.

### ഇന്ധനവിലയിലെ തീപ്പൊരി

നിലവിൽ ഇറാന് എണ്ണ വിൽക്കാനുള്ള അനുമതി താൽക്കാലികമായി ട്രംപ് ഭരണകൂടം നൽകിയിട്ടുണ്ട്. എന്നാൽ കരാർ പരാജയപ്പെട്ടാൽ അമേരിക്ക വീണ്ടും കടുത്ത സാമ്പത്തിക ഉപരോധങ്ങളും നാവിക ഉപരോധവും ഏർപ്പെടുത്തും. ഇതോടെ ഇറാന്റെ എണ്ണ വിപണിയിൽ നിന്ന് അപ്രത്യക്ഷമാകുകയും ബാരലിന് 100 ഡോളറിനും മുകളിലേക്ക് ക്രൂഡ് ഓയിൽ വില കുതിച്ചുയരുകയും ചെയ്യും. ഇത് ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളിൽ കടുത്ത പണപ്പെരുപ്പത്തിന് കാരണമാകും.

### ഹോർമുസ് കടലിടുക്കിലെ യുദ്ധഭീതി

ലോകത്തിലെ മൊത്തം പെട്രോളിയം ഉൽപ്പന്നങ്ങളുടെ അഞ്ചിലൊന്നും കടന്നപോകുന്ന അതീവ തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്കിന്റെ സുരക്ഷ ഈ കരാറിനെ ആശ്രയിച്ചാണിരിക്കുന്നത്. ആദ്യത്തെ 60 ദിവസത്തേക്ക് യാതൊരു വിധ ഫീസും ഈടാക്കാതെ കപ്പലുകൾ കടത്തിവിടാമെന്ന് ഇറാൻ സമ്മതിച്ചിട്ടുണ്ട്. എന്നാൽ ചർച്ചകൾ പാളിയാൽ ഇറാൻ ഈ കടലിടുക്ക് അടയ്ക്കുകയോ മൈനുകൾ സ്ഥാപിക്കുകയോ ചെയ്തേക്കാം. ഇത് അന്താരാഷ്ട്ര വാണിജ്യ കപ്പലുകളുടെ സുരക്ഷിതമായ യാത്രയെ ബാധിക്കുകയും ചരക്കുകൂലി കുത്തനെ കൂട്ടുകയും ചെയ്യും.

ട്രംപിന്റെ ഈ 60 ദിവസത്തെ ’ഇറാൻ സമാധാന കരാർ’ വെറുമൊരു നയതന്ത്ര നീക്കമല്ല, മറിച്ച് വലിയൊരു രാഷ്ട്രീയ ചൂതാട്ടമാണ്. പരാജയപ്പെട്ടാൽ പഴി ചാരാൻ വാൻസിനെ മുന്നിൽ നിർത്തിയും, വിജയിച്ചാൽ ചരിത്രപുരുഷനാകാൻ സ്വയം തയാറെടുത്തും ട്രംപ് നടത്തുന്ന ഈ കളി തീക്കളി തന്നെയാണ്.സ്വിറ്റ്സർലൻഡിലെ ബർഗൻസ്റ്റോക്കിൽ നടക്കാനിരിക്കുന്ന അടുത്ത ഘട്ട ചർച്ചകളിലേക്ക് ലോകം ഉറ്റനോക്കമ്പോൾ ഒരു കാര്യം വ്യക്തമാണ്, ഈ കരാറിന്റെ വിജയം ആഗോള വിപണിയുടെ സ്ഥിരത ഉറപ്പാക്കും. എന്നാൽ ഇതിന്റെ പരാജയവും ട്രംപിന്റെ ‘ബോംബിംഗ്’ ഭീഷണിയും വാഷിംഗ്ടണിൽ രാഷ്ട്രീയ കൊടുങ്കാറ്റും പശ്ചിമേഷ്യയിൽ ചോരപ്പുഴയും ഒഴുക്കുമെന്നുറപ്പാണ്.

# ഫെഡറൽ റിസർവിൽ വൻ അഴിച്ചുപണി

(ഒന്നാം പേജ് തുടർച്ച)

ഭരണപരമായ പരിഷ്കാരങ്ങൾ വാൾസ്ട്രീറ്റിലും ഏഷ്യൻ ഓഹരി വിപണികളിലും വലിയൊരു അനിശ്ചിതത്വത്തിന് തിരികൊളുത്തിയിരിക്കുകയാണ്.

മുൻഗാമി ജെറോം പവലിന്റെ കാലത്ത് ദശാബ്ദങ്ങളായി തുടർന്നിരുന്ന പരമ്പരാഗത കമ്മ്യൂണിക്കേഷൻ ശൈലിയെ പൂർണ്ണമായി വെട്ടിച്ചുരുക്കിക്കൊണ്ടാണ് വാർഷ് തന്റെ ആദ്യ പ്രഖ്യാപനം നടത്തിയത്. ചരിത്രത്തിലാദ്യമായി സ്വന്തം പലിശ നിരക്ക് പ്രവചനങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കാൻ അദ്ദേഹം വിസമ്മതിച്ചു. യുദ്ധാനന്തര ആഗോള സാമ്പത്തിക വീണ്ടെടുപ്പിനെക്കുറിച്ചും, ഈ പുതിയ കടുത്ത സാമ്പത്തിക നയങ്ങൾ വിപണിയിൽ വരുത്താൻ പോകുന്ന ഘടനാപരമായ മാറ്റങ്ങളെക്കുറിച്ചുമുള്ള സമഗ്രമായ റിപ്പോർട്ട് താഴെ നൽകുന്നു.

### കെവിൻ വാർഷിന്റെ അപ്രതീക്ഷിതമായ ചുരുക്കലും അണിയറയിലെ അഞ്ച് ടാസ്ക് ഫോഴ്സുകളും

കേന്ദ്ര ബാങ്കിന്റെ പ്രവർത്തനങ്ങളിൽ വലിയൊരു നവീകരണത്തിന് തുടക്കം കുറിച്ചുകൊണ്ടാണ് വാർഷ് തന്റെ കരിയറിലെ ആദ്യത്തെ വാർത്താ സമ്മേളനം അഭിസംബോധന ചെയ്തത്.

### 130 വാക്കുകളിലേക്ക് ഒതുങ്ങിയ നയപ്രഖ്യാപനം

മുൻപ് സാധാരണയായി മുന്നൂറിലധികം വാക്കുകളിൽ ഇറങ്ങിയിരുന്ന വലിയ ഫെഡ് നയപ്രഖ്യാപന കത്തുകൾ വെറും 130 വാക്കുകളിലേക്ക് വെട്ടിച്ചുരുക്കിക്കൊണ്ടാണ് വാർഷ് വിപണിയെ ഞെട്ടിച്ചത്. ഭാവിയിലെ പലിശ നിരക്കുകൾ ഏത് ദിശയിലേക്ക് പോകുമെന്നതിനെക്കുറിച്ചുള്ള മുൻകൂർ സൂചനകൾ പൂർണ്ണമായി ഈ കത്തിൽ നിന്നും ഒഴിവാക്കപ്പെട്ടു. കൂടുതൽ സംസാരിക്കുന്നത് വിപണിയിൽ കൂടുതൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നാണ് വാർഷിന്റെ പ്രധാന നയം.

### സ്വന്തം ഡോട്ട് പ്ലോട്ട് പ്രവചനം ഒഴിവാക്കിയ ചെയർമാൻ

ഫെഡറൽ റിസർവിലെ പത്തൊൻപത് അംഗങ്ങളിൽ തന്റെ വ്യക്തിപരമായ ഭാവി നിരക്കുകൾ രേഖപ്പെടുത്താൻ വാർഷ് തയ്യാറായില്ല. വിപണി നിക്ഷേപകർ ദീർഘകാലമായി ആശ്രയിച്ചിരുന്ന ഈ സംവിധാനം അതീവ അശാസ്ത്രീയമാണെന്നാണ് അദ്ദേഹം വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കിയത്. ചെയർമാൻ തന്നെ ഈ പ്രക്രിയയിൽ നിന്നും വിട്ടുനിന്നത് വരും നാളുകളിൽ ഈ സംവിധാനം പൂർണ്ണമായി നിർത്തലാക്കുന്നതിന്റെ കൃത്യമായ സൂചനയാണ്.

### ഘടനാപരമായ അഞ്ച് പുതിയ പഠന സംഘങ്ങൾ

കേന്ദ്ര ബാങ്കിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി പുനഃപരിശോധിക്കുന്നതിനായി അഞ്ച് പുതിയ ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുന്നതായി വാർഷ് പ്രഖ്യാപിച്ചു. കമ്മ്യൂണിക്കേഷൻ രീതികൾ, കേന്ദ്ര ബാങ്കിന്റെ ഭീമാകാരമായ ആസ്തി വിവരങ്ങൾ, വിപണി ഡാറ്റകൾ, ഉൽപ്പാദന ക്ഷമത, പണപ്പെരുപ്പ ചട്ടക്കൂടുകൾ എന്നിവയെക്കുറിച്ചാണ് ഈ സംഘങ്ങൾ പഠനം നടത്തുക. സാമ്പത്തിക ശാസ്ത്രരംഗത്തെ ഏറ്റവും മികച്ച ബുദ്ധികേന്ദ്രങ്ങളെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്.

### ട്രംപിന്റെ മൌനാനുവാദവും പലിശ നിരക്ക് വർദ്ധനവിന് പിന്നിലെ കടുത്ത കാരണങ്ങളും

പലിശ നിരക്കുകൾ കുറയ്ക്കണമെന്ന് നിരന്തരം വാദിച്ചിരുന്ന വൈറ്റ് ഹൗസ് പുതിയ ചെയർമാന്റെ ഈ കടുത്ത നിലപാടുകളോട് പുലർത്തുന്ന മനോഭാവം അതീവ തന്ത്രപരമാണ്.

### ട്രംപിന്റെ പുതിയ സമാധാന പ്രതികരണങ്ങൾ

ഫെഡ് തീരുമാനങ്ങൾ പുറത്തുവന്നതിന് പിന്നാലെ ഫ്രാൻസിൽ നടക്കുന്ന ജി7 ഉച്ചകോടിക്കിടയിൽ മാധ്യമങ്ങൾ ചോദിച്ചപ്പോൾ ‘എല്ലാം ശരിയാണ്, അതൊക്കെ അവരുടെ ഇഷ്ടം’ എന്നായിരുന്നു പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ കൗതുകകരമായ മറുപടി. മുൻപ് ജെറോം പവലിനെതിരെ കടുത്ത ഭാഷയിൽ വിമർശനങ്ങൾ ഉന്നയിച്ചിരുന്ന ട്രംപ്, താൻ നിയമിച്ച വാർഷിന് മേൽ കടുത്ത സമ്മർദ്ദങ്ങൾ ചെലുത്തില്ലെന്നാണ് ഇതിലൂടെ വ്യക്തമാക്കുന്നത്. എങ്കിലും പലിശ നിരക്കുകൾ കുറയുന്നത് ബിസിനസ് വിപണിക്ക് ഗുണം ചെയ്യുമെന്ന തന്റെ പഴയ നിലപാട് അദ്ദേഹം ആവർത്തിച്ചു.

### വർഷാവസാനം വരാൻ പോകുന്ന നിരക്ക് വർദ്ധനവിന്റെ സൂചനകൾ

യോഗത്തിൽ പങ്കെടുത്ത പകുതിയോളം പ്രതിനിധികളും വരും മാസങ്ങളിൽ യുഎസ് വിപണിയിൽ ഒരു പലിശ നിരക്ക് വർദ്ധനവ് അനിവാര്യമാണെന്ന കടുത്ത നിലപാടാണ് സ്വീകരിച്ചത്. പശ്ചിമേഷ്യൻ യുദ്ധം കാരണം ഒമാൻ തീരങ്ങളിലും ചെങ്കടലിലും ഉണ്ടായ ഇന്ധന വിതരണ തടസ്സങ്ങൾ പണപ്പെരുപ്പം 4.2 ശതമാനത്തിലേക്ക് ഉയരാൻ കാരണമായിട്ടുണ്ട്. ഈ കടുത്ത പണപ്പെരുപ്പം തടയാൻ വരും നാളുകളിൽ കടം വാങ്ങൽ ചിലവുകൾ വീണ്ടും വർദ്ധിപ്പിക്കേണ്ടി വരും.

### പണപ്പെരുപ്പ പ്രവചനങ്ങളിലെ കനത്ത തിരുത്തലുകൾ

കഴിഞ്ഞ മാർച്ച് മാസത്തിൽ ഈ വർഷത്തെ പണപ്പെരുപ്പം 2.7 ശതമാനമായിരിക്കുമെന്നാണ് ഫെഡ് പ്രവചിച്ചിരുന്നത്. എന്നാൽ പുതിയ അവലോകനത്തിൽ ഇത് 3.6 ശതമാനത്തിലേക്ക് ഉയർത്തി നിശ്ചയിക്കാൻ പുതിയ നേതൃത്വം നിർബന്ധിതരായിരിക്കുകയാണ്. ഊർജ്ജ വിപണിയിലെ ഈ കടുത്ത പുകച്ചിൽ കാരണം 2028ന് മുൻപ് പണപ്പെരുപ്പം തങ്ങളുടെ രണ്ട് ശതമാനം എന്ന ലക്ഷ്യത്തിലേക്ക് തിരികെ എത്തിക്കാൻ കഴിയില്ലെന്ന് ബാങ്ക് സമ്മതിക്കുന്നു.

### യുദ്ധാനന്തര ആഗോള സാമ്പത്തിക വീണ്ടെടുപ്പും തകരുന്ന വിപണി വിലകളും

അമേരിക്കയും ഇറാനും തമ്മിൽ ഒപ്പുവെച്ച പുതിയ സമാധാന കരാർ വിപണിയിൽ വലിയൊരു ആശ്വാസമാണ് നൽകിയിട്ടുള്ളത്.

### ബ്രെന്റ് ക്രൂഡ് ഓയിൽ വിലയിലെ കനത്ത ഇടിവ്

ഹോർമൂസ് കടലിടുക്ക് കസ്റ്റംസ് നിയന്ത്രണങ്ങളോ മറ്റ് തടസ്സങ്ങളോ ഇല്ലാതെ ലോകവ്യാപാരത്തിനായി പൂർണ്ണമായി തുറന്നുനൽകിയതോടെ അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണവിലയിൽ കനത്ത ഇടിവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ധനവില കുറയുന്നത് ആഭ്യന്തര വിപണിയിലെ കടുത്ത വിലക്കയറ്റവും പണപ്പെരുപ്പവും തടയാൻ വലിയ രീതിയിൽ സഹായിക്കും. പുതിയ സാമ്പത്തിക മാറ്റങ്ങൾ വരും മാസങ്ങളിൽ വിപണിക്ക് പുതിയൊരു ഉണർവ് സമ്മാനിക്കും.

### വാൾസ്ട്രീറ്റിലെ തകർച്ച

ഫെഡ് തീരുമാനങ്ങൾക്ക് പിന്നാലെ വാൾസ്ട്രീറ്റിലെ ഡൗ ജോൺസ് സൂചികയിൽ 500ലധികം പോയിന്റുകളുടെ കനത്ത ഇടിവാണ് രേഖപ്പെടുത്തിയത്. ഭാവി പരിപാടികളെക്കുറിച്ചുള്ള കൃത്യമായ സൂചനകൾ പുതിയ ചെയർമാൻ നൽകാത്തത് വലിയ നിക്ഷേപകരെ തങ്ങളുടെ മൂലധനം പിൻവലിക്കാൻ പ്രേരിപ്പിച്ചു. കൃത്യമായ നിയമ ചട്ടക്കൂടുകൾ ഇല്ലാത്ത ഇത്തരം നയങ്ങൾ താല്കാലികമായി ഓഹരി വിപണിയിൽ വലിയൊരു പരിഭ്രാന്തി നിലനിർത്തും.

### പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പാദന ക്ഷമതയും

കൃത്രിമബുദ്ധി സംവിധാനങ്ങളും ഡാറ്റാ സെന്ററുകളുടെ കനത്ത വളർച്ചയും രാജ്യത്തിന്റെ ആകെ ജിഡിപി കണക്കുകളെ വലിയ രീതിയിൽ സ്വാധീനിക്കുന്നുണ്ടെന്ന് കെവിൻ വാർഷ് വാർത്താ സമ്മേളനത്തിൽ പറയുകയുണ്ടായി. ഇത്തരം സാങ്കേതിക മന്നേറ്റങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുമെങ്കിലും നിലവിലുള്ള സാമ്പത്തിക പ്രതിസന്ധികൾ മറികടക്കാൻ ഇത് മാത്രം പോരെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. യുവാക്കളെ അത്യാധുനിക സാങ്കേതിക വിദ്യകളിൽ കൃത്യമായി എഡ്യുക്കേറ്റ് ചെയ്യേണ്ടതിന്റെ അനിവാര്യതയാണ് ഈ മാറ്റങ്ങൾ തെളിയിക്കുന്നത്.

ഫെഡറൽ റിസർവിന്റെ ചരിത്രത്തിലെ ഏറ്റവും കടുത്ത ആശയവിനിമയ പരിഷ്കാരങ്ങൾക്കാണ് കെവിൻ വാർഷിന്റെ ഈ പുതിയ വരവ് തുടക്കം കുറിച്ചിരിക്കുന്നത്. പശ്ചിമേഷ്യൻ യുദ്ധം അവസാനിക്കുന്നതോടെ ആഗോള വിപണി പഴയ നിലയിലേക്ക് മടങ്ങുമെന്ന പ്രതീക്ഷയിലാണെങ്കിലും, പണപ്പെരുപ്പത്തിന്റെ കടുത്ത യാഥാർത്ഥ്യങ്ങൾ വിപണിയെ ദീർഘകാലം പിടിച്ചുലയ്ക്കാൻ ശേഷിയുള്ളവയാണ്.

വരും മാസങ്ങളിൽ സ്വിറ്റ്സർലൻഡിൽ വെച്ച് ഒപ്പുവെക്കാൻ പോകുന്ന പുതിയ ഔദ്യോഗിക ഉടമ്പടികളും ഈ അഞ്ച് ടാസ്ക് ഫോഴ്സുകൾ സമർപ്പിക്കാൻ പോകുന്ന പുതിയ റിപ്പോർട്ടുകളുമായിരിക്കും ലോകം മറ്റൊരു കടുത്ത സാമ്പത്തിക മാന്ദ്യത്തിലേക്ക് പോകമോ അതോ സുരക്ഷിതമായ ഒരു പുതിയ സാമ്പത്തിക യുഗത്തിലേക്ക് കടക്കമോ എന്ന് കൃത്യമായി നിശ്ചയിക്കുക.




**SEEKING BRIDEGROOM**

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.

**Contact:+1-630-642-4596**

**Email: lukescyriac@gmail.com**

#060326

**വരനെ ആവശ്യമുണ്ട്**

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#060326

**Holiday Let**
**Penthouse in Kochi**

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#060326

**ബേബി സിറ്ററെ ആവശ്യമുണ്ട്**

ഷിക്കാഗോ ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 773–679–5526**
**773–396–0535**

#052026

**Babysitter Wanted in Tampa**

**Tampa (Florida) യിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ചെറിയ കുട്ടിയെ നോക്കുന്നതിനായി ബേബി സിറ്ററെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–687–2151**

#051326

**ആവശ്യമുണ്ട്**

**ഷിക്കാഗോയുടെ നോർത്ത് ഗർണിയിൽ** താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുവാൻ സ്ത്രീയെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക: 847–421–2233**

#060326



**നൊവേന**

**വിശുദ്ധ യൂദാ ശ്ലീഹാ നൊവേന**



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**ജേക്കബ് മറിയാമ്മ**

#060326

**ഉണ്ണിയീശോയോടുള്ള നൊവേന**



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ചിന്നമ്മ മാത്യു**

#060326

Newspaper for Malayalees Worldwide ◆Estd.2020
വാചകം
VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

For E-Paper reading visit Vachakam.com

Vachakam.com


# കേരളസമാജം ഓഫ് സൗത്ത് ഫ്ളോറിഡ യൂത്ത് ക്ലബിന്റെ FIFA 2026 eSports Tournament Icebreaker ആവേശോജ്വലമായി

സൗത്ത് ഫ്ളോറിഡ: ലോകകപ്പ് 2026ന്റെ ആവേശം ആഘോഷിക്കുന്നതിനായി കേരളസമാജം ഓഫ് സൗത്ത് ഫ്ളോറിഡ യൂത്ത് ക്ലബ് സംഘടിപ്പിച്ച FIFA 2026 eSports Tournament Icebreaker വലിയ ജനപങ്കാളിത്തത്തോടെയും ആവേശത്തോടെയും നടന്നു. ഫുട്ബോൾ പ്രേമികളായ യുവാക്കളെയും കുടുംബങ്ങളെയും ഒരുമിച്ച് കൊണ്ടുവന്ന ഈ പരിപാടി വിനോദത്തിന്റെയും സൗഹൃദത്തിന്റെയും മത്സരാത്മകതയുടെയും മികച്ച സംഗമമായി മാറി.




കേരളസമാജം ഓഫ് സൗത്ത് ഫ്ളോറിഡ യൂത്ത് ക്ലബ് പ്രസിഡന്റ് ഗില്ലൺ ജോഷിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടി പ്രതീക്ഷകൾക്കപ്പുറം വിജയകരമായി മാറി. പരിപാടിയുടെ ആസൂത്രണം, രൂപകൽപ്പന, നടത്തിപ്പ് എന്നിവ യൂത്ത് ക്ലബ് അംഗങ്ങൾ തന്നെ ഏറ്റെടുത്തത് അവരുടെ നേതൃത്വപാടവവും സംഘടനയോടുള്ള പ്രതിബദ്ധതയും സമൂഹത്തിനും സംഘടനയ്ക്കും അവർ നൽകുന്ന പ്രാധാന്യവും എടുത്തുകാട്ടുന്നതായി.

യൂത്ത് ക്ലബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പൂർണ പിന്തുണ നൽകി കേരളസമാജം പ്രസിഡന്റ് നോയൽ മാത്യുയും സെക്രട്ടറി സഞ്ജയ് നടുപ്പറമ്പിലും ഒപ്പമുണ്ടായിരുന്നു. ജോയിന്റ് സെക്രട്ടറി ദീപക് ഗോപാലകൃഷ്ണൻ പരിപാടിയുടെ ഏകോപന ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുകയും ആവശ്യമായ സാങ്കേതിക പിന്തുണ നൽകുകയും ചെയ്തു.

തന്റെ അധ്യക്ഷപ്രസംഗത്തിൽ യൂത്ത് ക്ലബ് പ്രസിഡന്റ് ഗില്ലൺ ജോഷിയുടെ നേതൃപാടവത്തെയും മറ്റ് യൂത്ത് ക്ലബ് അംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തെയും പ്രസിഡന്റ് നോയൽ മാത്യു പ്രത്യേകം അഭിനന്ദിച്ചു. യുവജനങ്ങളുടെ ഈ വേറിട്ട ആശയത്തിനും മുന്നോട്ടുള്ള എല്ലാ നല്ല പ്രവർത്തനങ്ങൾക്കും കേരളസമാജത്തിന്റെ പൂർണ പിന്തുണ ഉണ്ടാകുമെന്ന് അദ്ദേഹം ഉറപ്പുനൽകുകയും ചെയ്തു.

കേരളസമാജം സ്പോർട്സ് കോർഡിനേറ്റർ വിബിൻ വിൻസന്റ്, കമ്മിറ്റി അംഗംബിജു ബെനിയാം എന്നിവർ വിവിധ ചുമതലകൾ ഏറ്റെടുത്ത് പരിപാടിയുടെ സുഗമമായ നടത്തിപ്പിന് നേതൃത്വം നൽകി. കൂടാതെ എല്ലാ കമ്മിറ്റി അംഗങ്ങളുടെയും അകമഴിഞ്ഞ സഹകരണവും പിന്തുണയും യൂത്ത് ക്ലബിന്റെ നൂതനവും സമയോചിതവുമായ ആശയങ്ങൾക്ക് ശക്തിപകർന്നു. ഇതിലൂടെ പരിപാടിയെ വൻ വിജയമാക്കി മാറ്റാൻ സംഘാടകർക്കു സാധിച്ചു.

2026 ജൂൺ 13ന് ഡേവിയിലെ 14790 ടണ 24th Street-ൽ നടന്ന മത്സരത്തിൽ ജട5 കോൺസോളുകൾ ഉപയോഗിച്ച് ലീഗ് + നോക്ക്ഔട്ട് എന്ന രീതിയിൽ മത്സരങ്ങൾ സംഘടിപ്പിച്ചു. വിവിധ പ്രായവിഭാഗങ്ങളിൽ നിന്നുള്ള മത്സരാർത്ഥികൾ പങ്കെടുത്ത ടൂർണമെന്റ് സൗഹൃദപരമായ മത്സരവീര്യവും കായികമനോഭാവവും പ്രകടമാക്കിയ വേദിയായി മാറി.

മത്സരത്തിൽ റീസ് മാത്യു ഒന്നാം സമ്മാനവും മാത്യു ജോമി രണ്ടാം സമ്മാനവും കരസ്ഥമാക്കി. യൂത്ത് ക്ലബ് പ്രസിഡന്റ് ഗില്ലൺ ജോഷി പങ്കെടുത്ത എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും കേരളസമാജം സ്പോർട്സ് കോർഡിനേറ്റർ വിബിൻ വിൻസന്റ് നന്ദി പ്രകാശനം നടത്തുകയും ചെയ്തു.

ലോകകപ്പ് 2026നെ വരവേൽക്കുന്ന ആദ്യഘട്ട ആഘോഷമായി സംഘടിപ്പിച്ച ഈ eSports Icebreaker, കേരളസമാജം ഓഫ് സൗത്ത് ഫ്ളോറിഡയുടെ യുവജനശക്തിയുടെയും സംഘാടനമികവിന്റെയും മറ്റൊരു മികച്ച ഉദാഹരണമായി മാറി.

യുവജനങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ഒരുക്കുന്നതിനും പുതുമയാർന്ന പരിപാടികൾ അവതരിപ്പിക്കുന്നതിനുമുള്ള കേരളസമാജം ഓഫ് സൗത്ത് ഫ്ളോറിഡയുടെ സാമൂഹിക പ്രതിബദ്ധത ഈ പരിപാടിയിലൂടെ വീണ്ടും തെളിയിക്കപ്പെട്ടു.

# പുടിൻ എത്രയും പെട്ടെന്ന് കരാറുണ്ടാക്കണമെന്ന് ജി7 ഉച്ചകോടിയിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്

റഷ്യയും ഉക്രെയ്നും തമ്മിലുള്ള യുദ്ധത്തിൽ റഷ്യയ്ക്കാണ് കനത്ത നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കി. ഫ്രാൻസിലെ എവിയാനിൽ നടക്കുന്ന പ്രമുഖ ജി7 ഉച്ചകോടിയുടെ പശ്ചാത്തലത്തിലാണ് അദ്ദേഹം ഈ നിർണ്ണായക പ്രസ്താവന നടത്തിയത്. യുദ്ധത്തിൽ ഇരുവിഭാഗത്തിനും വൻതോതിൽ ആളപായം ഉണ്ടാകുന്നുണ്ടെങ്കിലും റഷ്യൻ ഭാഗത്താണ് കൂടുതൽ സൈനികർ കൊല്ലപ്പെടുന്നതെന്ന് ട്രംപ് ചൂണ്ടിക്കാണിച്ചു.



രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം ഇത്രയും വലിയ രീതിയിലുള്ള ഒരു സൈനിക നാശനഷ്ടം ലോകത്ത് ഒരിടത്തും ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഓരോ മാസവും ഇരുപതിനായിരത്തിലധികം യുവാക്കൾ യുദ്ധരംഗത്ത് ബോംബാക്രമണങ്ങളിൽ കൊല്ലപ്പെടുന്നത് അത്യധികം ദയനീയമായ കാര്യമാണ്. അതുകൊണ്ട് തന്നെ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ എത്രയും പെട്ടെന്ന് ഈ യുദ്ധം അവസാനിപ്പിക്കാൻ ഒരു കരാറിന് തയ്യാറാകണമെന്ന് ട്രംപ് കർശനമായി ആവശ്യപ്പെട്ടു.

ഉക്രെയ്ൻപ്രസിഡന്റ്വ്ളാഡിമിർസെലൻസ്കിയുമായി നടത്തിയ പ്രത്യേക ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് യുഎസ് പ്രസിഡന്റ് മാധ്യമങ്ങളോട് സംസാരിച്ചത്. ഇരുരാജ്യങ്ങളും തമ്മിലുള്ള ഈ വലിയ യുദ്ധം പരിഹരിക്കുക എന്നത് വളരെ എളുപ്പമുള്ള കാര്യമാണെന്നാണ് താൻ ആദ്യം കരുതിയിരുന്നതെന്ന് അദ്ദേഹം തുറന്നുപറഞ്ഞു. എന്നാൽ രണ്ട് രാജ്യങ്ങളിലെയും നേതാക്കൾ തമ്മിൽ പരസ്പരമുള്ള കടുത്ത വിയോജിപ്പും ശത്രുതയുമാണ് സമാധാന ശ്രമങ്ങൾക്ക് വലിയൊരു തടസ്സമായി നിൽക്കുന്നത്.

അമേരിക്കൻ ഭൗമശാസ്ത്രപരമായ ദൂരത്തെക്കുറിച്ചും യുദ്ധത്തിൽ തങ്ങൾക്കുള്ള പങ്കിനെക്കുറിച്ചും ട്രംപ് ചില വ്യക്തമാക്കലുകൾ നടത്തിയിട്ടുണ്ട്. അമേരിക്ക ഈ യുദ്ധഭൂമിയിൽ നിന്നും ആയിരക്കണക്കിന് മൈലുകൾ ദൂരെയാണെന്നും അതുകൊണ്ട് തന്നെ ഈ സംഘർഷം തങ്ങളെ നേരിട്ട് ബാധിക്കുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഉക്രെയ്ന് ആവശ്യമായ ആയുധങ്ങൾ അമേരിക്ക വിൽക്കുന്നുണ്ടെന്നും യൂറോപ്യൻ യൂണിയൻ അതിനുള്ള പൂർണ്ണ തുക നൽകുന്നുണ്ടെന്നും ട്രംപ് കൂട്ടിച്ചേർത്തു.

അതിനിടെ റഷ്യയ്ക്ക് മേൽ കൂടുതൽ സാമ്പത്തികവും നയതന്ത്രപരവുമായ സമ്മർദ്ദം ചെലുത്താൻ ജി7 സഖ്യത്തിലെ മറ്റ് ലോകരാജ്യങ്ങൾ ഒന്നിച്ച് തീരുമാനിച്ചിട്ടുണ്ട്. റഷ്യയുടെ ഊർജ്ജ മേഖലയെയും ഇന്ധന കയറ്റുമതിയെയും പൂർണ്ണമായി തകർക്കുന്ന പുതിയ ഉപരോധങ്ങൾ കൊണ്ടുവരാനാണ് ഇവരുടെ നീക്കം. ഉക്രെയ്ൻ നിലവിൽ യുദ്ധമുഖത്ത് ശക്തമായ പ്രതിരോധം തീർക്കുന്നുണ്ടെന്നും റഷ്യ സാമ്പത്തികമായി കടുത്ത പ്രതിസന്ധി നേരിടുകയാണെന്നും ഉച്ചകോടി വിലയിരുത്തി.

റഷ്യൻ എണ്ണക്കപ്പലുകൾക്ക് മേൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തങ്ങൾ തയ്യാറാണെന്ന സൂചനയും ട്രംപ് നൽകിയിട്ടുണ്ട്. ഹോർമുസ് കടലിടുക്ക് വഴിയുള്ള രാജ്യാന്തര എണ്ണക്കടത്ത് സുഗമമാകുന്നതോടെ റഷ്യയ്ക്ക് മേലുള്ള ഉപരോധങ്ങൾ അമേരിക്ക വീണ്ടും കടുപ്പിക്കും. വരും ദിവസങ്ങളിൽ അമേരിക്കൻ പ്രതിനിധികൾ റഷ്യ സന്ദർശിച്ച് സമാധാന ചർച്ചകൾക്ക് പുതിയൊരു വഴിത്തിരിവുണ്ടാക്കാൻ ശ്രമിക്കുമെന്നാണ് വൈറ്റ് ഹൗസ് വൃത്തങ്ങൾ നൽകുന്ന സൂചന.

# ‘ഞാനാണ് ബോസ്’ എന്ന് ജി7 യോഗത്തിൽ ട്രംപ്; യുക്രെയ്ന് പിന്തുണ ശക്തമാക്കി പാശ്ചാത്യ രാജ്യങ്ങൾ

ഫ്രാൻസിലെ എവിയാൻലെസ്ബെയിൻസ് നഗരത്തിൽ നടന്ന ജി7 ഉച്ചകോടിക്കിടെ,യു.എസ്.പ്രസിഡന്റ്ഡോണൾഡ്ട്രംപ് ‘ഞാനാണ് ബോസ്’ എന്ന് മറ്റു ലോക നേതാക്കളുടെ മുന്നിൽ പറഞ്ഞതായി റിപ്പോർട്ട്. 2025 ജൂൺ 15 മുതൽ 17 വരെ നടന്ന യോഗത്തിലാണ് ഈ സംഭവം.

യോഗത്തിൽ യു.എസ്. ഉൾപ്പെടെയുള്ള ജി7 രാജ്യങ്ങളുടെ നേതാക്കൾ റഷ്യക്കെതിരായ പുതിയ ഉപരോധങ്ങൾക്കും യുക്രെയ്നിന് തുടർച്ചയായ പിന്തുണയ്ക്കുമുള്ള ഏകോപിത പ്രഖ്യാപനത്തിനും അംഗീകാരം നൽകി എന്നാണ് പുറത്തു വരുന്ന വിവരം.

യുക്രെയ്ന് പ്രസിഡന്റ് വൊളൊദിമിർ സെലൻസ്കിയും അദ്ദേഹത്തിന്റെ സഹയാത്രികരും, യുദ്ധഭൂമിയിൽ യുക്രെയ്ന് നേടിയ പുരോഗതി ട്രംപിനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചിരുന്നുവെന്നും, റഷ്യ സമാധാന ചർച്ചകളിൽ നിബന്ധനകൾ നിശ്ചയിക്കാൻ കഴിയുന്ന നിലയിൽ ഇല്ലെന്ന് വാദിച്ചതായും റിപ്പോർട്ടിൽ പറയുന്നു.

സംയുക്ത പ്രസ്താവനയ്ക്ക് ശേഷം നടത്തിയ പ്രതികരണത്തിൽ ട്രംപ് റഷ്യയെ "offensive patry" (ആക്രമണകാരി) എന്നാണ് വിശേഷിപ്പിച്ചത്. യുദ്ധത്തിൽ റഷ്യക്ക് യുക്രെയ്നിനെക്കാൾ കൂടുതൽ സൈനിക നഷ്ടമുണ്ടാകുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ, ട്രംപിന്റെ നിലപാടിൽ ‘വലിയ മാറ്റം’ വന്നതായി അഭിപ്രായപ്പെട്ടു. മറ്റ് യൂറോപ്യൻ നേതാക്കളും സമാനമായ പ്രതികരണം രേഖപ്പെടുത്തി.

മുമ്പത്തെ വർഷം കാനഡയിൽ നടന്ന ജി7 ഉച്ചകോടി യുക്രെയ്ൻ വിഷയത്തിൽ ഏകോപിത നിലപാട് ഇല്ലാതെ അവസാനിച്ചിരുന്നു. എന്നാൽ ഈ വർഷം ഫ്രാൻസിൽ നടന്ന യോഗം വിജയകരമായതാണെന്ന് ട്രംപും മാക്രോണും പറഞ്ഞു. യോഗത്തിൽ യു.എസ്.യും ഇറാനും തമ്മിലുള്ള പ്രാഥമിക സമാധാന കരാറിനെ സ്വാഗതം ചെയ്തെങ്കിലും അതിന്റെ നടപ്പാക്കൽ സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടായില്ല. കരാർ പാലിക്കപ്പെടുന്നില്ലെങ്കിൽ വീണ്ടും സൈനിക നടപടിയിലേക്ക് മടങ്ങാൻ സാധ്യതയുണ്ടെന്ന് ട്രംപ് പറഞ്ഞു. ഇറാൻ ആണവ പദ്ധതിയും മിസൈൽ ശേഷിയും സംബന്ധിച്ച് യൂറോപ്യൻ രാജ്യങ്ങൾക്ക് ആശങ്ക നിലനിൽക്കുന്നതായും റിപ്പോർട്ടിൽ പറയുന്നു. ജി7 രാജ്യങ്ങൾ ചൈനയെ ആശ്രയിക്കുന്ന പ്രധാന ധാതുക്കളുടെ വിതരണത്തിൽ ആശ്രയം കുറയ്ക്കാൻ ഏകോപനം ശക്തമാക്കാൻ തീരുമാനിച്ചു. പ്രതിരോധം, സാങ്കേതികവിദ്യ, നവീകരണ ഊർജ മേഖലകളിൽ ആവശ്യമായ ലോഹങ്ങളുടെ വിതരണ ശൃംഖല സുരക്ഷിതമാക്കുക ലക്ഷ്യമാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

ഇന്റർനാഷണൽ എനർജി ഏജൻസിയുടെ പങ്ക് വർധിപ്പിക്കുന്നതും സംഭരണ സംവിധാനം ഏകോപിപ്പിക്കുന്നതും പദ്ധതിയിൽ ഉൾപ്പെടുന്നു. ഉച്ചകോടിക്കിടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) വിഷയവും ചർച്ചയായി. അക ഉപയോഗത്തിലെ ഉത്തരവാദിത്വം, ബോട്ടുകളുടെ നിയമപരമായ ബാധ്യത, സത്യവും അസത്യവും തിരിച്ചറിയുന്നതിലെ വെല്ലുവിളികൾ എന്നിവ ചർച്ച ചെയ്തതായി ആണ് ലഭിക്കുന്ന റിപ്പോർട്ട്.



# എഡ്വേഡ്സ് എയർഫോഴ്സ് ബേസിൽ ബി–52 ബോംബർ വിമാനം തകർന്നുവീണു; മരിച്ച എട്ട് പേരുടെ പേരുകൾ പുറത്ത് വിട്ട് അധികൃതർ

കാലിഫോർണിയയിലെ എഡ്വേഡ്സ് എയർഫോഴ്സ് ബേസിൽ തിങ്കളാഴ്ച ഉണ്ടായ ബി-52 Stratofotrress ബോംബർ വിമാനാപകടത്തിൽ മരിച്ച എട്ട് പേരെ തിരിച്ചറിഞ്ഞതായി റിപ്പോർട്ട്. ഇവരുടെ വിവരങ്ങൾ ബുധനാഴ്ച യു.എസ്. എയർഫോഴ്സ് അധികൃതർ പുറത്തുവിട്ടു.

അപകടത്തിൽ സൈനിക ഉദ്യോഗസ്ഥരും സർക്കാർ സിവിലിയൻ ജീവനക്കാരും കരാർ ജീവനക്കാരും ഉൾപ്പെടുന്നതായി അധികൃതർ അറിയിച്ചു. സംഭവത്തിൽ പ്രധാന ശ്രദ്ധ ഇപ്പോൾ ബാധിത കുടുംബങ്ങളെയും ബേസിലെ ജീവനക്കാരെയും പിന്തുണയ്ക്കുന്നതിലുമാണെന്ന് അവർ വ്യക്തമാക്കി.

എഡ്വേഡ്സ് എയർഫോഴ്സ് ബേസ്, എയർഫോഴ്സ് പ്ലാന്റ് 42 എന്നിവയുടെ വക്താവ് പുറത്തുവിട്ട വിവരങ്ങൾ പ്രകാരം മരിച്ചവരുടെ പേരുകൾ ഇവയാണ്

**മരിച്ചവർ:**

ലെഫ്റ്റനന്റ് കേണൽ ഗബ്രിയേൽ എസ്ട്രെല്ല (40) വെപ്പൺസ് സിസ്റ്റം ഓഫീസർ, മേജർ അലക്സാണ്ടർ ഡേവിസ് (34) വെപ്പൺസ് സിസ്റ്റം ഓഫീസർ, മേജർ റോബർട്ട് ഡീ (40) 419-ാം ടെസ്റ്റ് സ്ക്വാഡ്രൺ പൈലറ്റ്, മേജർ ബ്രാഡ് ഹോവി (35) 419-ാം ടെസ്റ്റ് സ്ക്വാഡ്രൺ പൈലറ്റ്, ജെറോമി സ്മിത്ത് (32) 419-ാം ഫ്ളൈറ്റ് ടെസ്റ്റ് സ്ക്വാഡ്രണിലെ ഫ്ളൈറ്റ് ടെസ്റ്റ് എഞ്ചിനീയർ, ക്രിസ്റ്റഫർ റിഷാർ (41) കരാർ ജീവനക്കാരൻ, ഫ്ളൈറ്റ് ടെസ്റ്റ് എഞ്ചിനീയർ, ലെഫ്റ്റനന്റ് കേണൽ മൈൽസ് മിഡിൽട്ടൺ (റിട്ട.) (50) ബോയിംഗ് പൈലറ്റ്, കേണൽ ഗ്രിഗറി വാട്സൺ (53) ബോയിംഗ് വെപ്പൺസ് ഓഫീസറും യു.എസ്. എയർഫോഴ്സ് റിസർവ് ഓഫീസറും.

തിങ്കളാഴ്ച പ്രാദേശിക സമയം രാവിലെ ഏകദേശം 11:20ഓടെയാണ് അപകടം നടന്നത്. പരീക്ഷണ ദൗത്യത്തിനായി പറന്നുയർന്ന ഉടൻ തന്നെ ശീതയുദ്ധ കാലത്ത് നിർമ്മിച്ച ബി-52 ബോംബർ വിമാനം തകർന്നുവീണതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

യു.എസ്. എയർഫോഴ്സ് ഈ വിമാനത്തെ നിലവിലെ ബി-52 ഫ്ളീറ്റിന്റെ ആധുനികവത്കരണ പദ്ധതിയുടെ ഭാഗമായി പരീക്ഷിച്ചുവരികയായിരുന്നു. പുതിയ റഡാർ സംവിധാനം, അപ്ഡേറ്റു ചെയ്ത അവിയോണിക്സ്, കൂടാതെ 2050കളോളം പ്രവർത്തനം തുടരാൻ ലക്ഷ്യമിട്ടുള്ള റോള്സ്റോയ്സ് എഞ്ചിനുകൾ എന്നിവയുടെ പരീക്ഷണമായിരുന്നു ദൗത്യം.

അപകടത്തെ തുടർന്ന് എഡ്വേഡ്സ് എയർഫോഴ്സ് ബേസിലെ ഫ്ളൈറ്റ് ടെസ്റ്റ് പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെച്ചിട്ടുണ്ട്. അപകടകാരണം കണ്ടെത്തുന്നതിനായി പ്രധാനമായും വിമാനം ടേക്ക് ഓഫ് ചെയ്ത ഘട്ടം പരിശോധിക്കും. എഞ്ചിൻ തകരാർ അല്ലെങ്കിൽ നിയന്ത്രണ പ്രശ്നങ്ങൾ ഉണ്ടായിരുന്നോ എന്നതും അന്വേഷണത്തിൽ ഉൾപ്പെടും.

പരിപാലന രേഖകളും വിശദമായി പരിശോധിക്കും. അപകടത്തിന് മുൻപ് വിമാനം സാങ്കേതിക പ്രശ്നങ്ങൾ നേരിട്ടിരുന്നുവെന്നും അതിനാൽ പറക്കൽ വൈകിപ്പിച്ചിരുന്നുവെന്നുമുള്ള വിവരം മരിച്ചവരിൽ ഒരാളുടെ കുടുംബാംഗങ്ങൾ മാധ്യമങ്ങളോട് പറഞ്ഞിട്ടുണ്ട്.

അമേരിക്കൻ എയർഫോഴ്സ് അറിയിച്ചതനുസരിച്ച്, ഈ അപകടത്തിന്റെ പൂർണ്ണ അന്വേഷണം പൂർത്തിയാക്കാൻ ഏകദേശം ആറുമാസം വരെ സമയം വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.



# റിയൽ എസ്റ്റേറ്റ് വിപണിയിൽ വൻ മാറ്റം: ടൊറന്റോയിൽ ലക്ഷ്വറി വീടുകളുടെ വില്പന ഇടിഞ്ഞു; ആൽബർട്ടയിലേക്ക് ആളൊഴുക്ക്



ടൊറന്റോ: കാനഡയിലെ റിയൽ എസ്റ്റേറ്റ് വിപണിയിൽ പ്രവാസികളെയും നിക്ഷേപകരെയും ഒരേപോലെ ആകർഷിക്കുന്ന തരത്തിൽ വലിയ പ്രാദേശിക മാറ്റങ്ങൾ പ്രകടമാകുന്നതായി റിപ്പോർട്ട്. രാജ്യത്തെ ഏറ്റവും വലിയ നഗരങ്ങളായ ടൊറന്റോ, വാൻകൂവർ എന്നിവിടങ്ങളിൽ ലക്ഷ്വറി ഭവനങ്ങളുടെ വില്പനയിൽ വലിയ ഇടിവ് രേഖപ്പെടുത്തിയപ്പോൾ, ആൽബർട്ട പ്രവിശ്യയിലെ നഗരങ്ങളിലേക്ക് വൻകിട നിക്ഷേപകരും വീട് വാങ്ങുന്നവരും കൂട്ടമായി ചേക്കേറുന്നതായാണ് പുതിയ കണക്കുകൾ വ്യക്തമാക്കുന്നത്.

പ്രമുഖ ആഗോള റിയൽ എസ്റ്റേറ്റ് ശൃംഖലയായ റെമാക്സ് കാനഡ പുറത്തുവിട്ട ഏറ്റവും പുതിയ '2026 സ്പ്രിങ് /സമ്മർ സ്പോട്ട്ലൈറ്റ് ഓൺ ലക്ഷ്വറി റിപ്പോർട്ടിലാണ്' കാനഡയിലെ സമ്പന്നരായ ഉപഭോക്താക്കളുടെ ഈ പുതിയ നീക്കത്തെക്കുറിച്ചുള്ള വിവരങ്ങളുള്ളത്. കാനഡയിലെ പ്രധാന സാമ്പത്തിക ഹബ്ബായ ഗ്രേറ്റർ ടൊറന്റോ ഏരിയയിൽ ഉയർന്ന വിലയുള്ള ആഡംബര വീടുകളുടെ (3 മില്യൺ ഡോളറിന് മുകളിലുള്ളവ) വില്പനയിൽ 16.9 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 361 ലക്ഷ്വറി വീടുകൾ വിറ്റുപോയ സ്ഥാനത്ത് ഈ വർഷം ആദ്യ നാല് മാസങ്ങളിൽ അത് 300 ആയി കുറഞ്ഞു. കനത്ത നികുതികളും ഉയർന്ന ജീവിതച്ചെലവുമാണ് ടൊറന്റോയിൽ നിന്നും വാൻകൂവറിൽ നിന്നും വൻകിട ബയർമാരെ പിന്നോട്ട് വലിക്കുന്നത്.

**ആൽബർട്ടയിലെ നഗരങ്ങൾക്ക് വൻ കുതിപ്പ് (എഡ്മണ്ടനിൽ 47.7 ശതമാനം വളർച്ച)**

ടൊറന്റോയും വാൻകൂവറും തണുത്തുറയുമ്പോൾ ആൽബർട്ടയിലെ നഗരങ്ങൾ റിയൽ എസ്റ്റേറ്റ് വിപണിയിൽ വൻ കുതിപ്പാണ് നടത്തുന്നത്. പ്രത്യേകിച്ച് എഡ്മണ്ടൻ നഗരം രാജ്യത്ത് തന്നെ ഒന്നാം സ്ഥാനത്താണ്. എഡ്മണ്ടനിൽ ലക്ഷ്വറി വീടുകളുടെ വില്പനയിൽ 47.7 ശതമാനം വാർഷിക വളർച്ചയാണ് രേഖപ്പെടുത്തിയത്. 1.5 മില്യൺ ഡോളറിന് മുകളിലുള്ള 65 പ്രോപ്പർട്ടികളാണ് ഈ വർഷം ആദ്യ നാല് മാസങ്ങളിൽ ഇവിടെ വിറ്റുപോയത്.

ആൽബർട്ടയിലെ മറ്റൊരു പ്രമുഖ നഗരമായ കാൽഗറിയിലും ആഡംബര വീടുകളുടെ വില്പനയിൽ 13.5 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**എന്തുകൊണ്ട് ആളുകൾ ആൽബർട്ടയിലേക്ക് മാറുന്നു?**

കാനഡയിലെ മറ്റ് പ്രവിശ്യകളിൽ നിന്നുള്ള ആഭ്യന്തര കുടിയേറ്റമാണ് ആൽബർട്ടയിലെ വിപണിയെ സജീവമാക്കുന്നത്. ഇതിന് പിന്നിൽ പ്രധാനമായും മൂന്ന് കാരണങ്ങളാണുള്ളത്.

1. **കുറഞ്ഞ വിലയ്ക്ക് വലിയ സൗകര്യങ്ങൾ:** ടൊറന്റോയിൽ ഒരു സാധാരണ വീട് വിൽക്കുന്ന പണം ഉണ്ടെങ്കിൽ ആൽബർട്ടയിൽ എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള വലിയ ബംഗ്ലാവുകളോ ഏക്കർ കണക്കിന് സ്ഥലമോ വാങ്ങാൻ സാധിക്കും. ബാക്കി തുക ബാങ്ക് അക്കൗണ്ടിൽ സുരക്ഷിതമായി സൂക്ഷിക്കുകയും ചെയ്യാം.

2. **സാമ്പത്തിക വൈവിധ്യവൽക്കരണം:** ആൽബർട്ട മുൻപ് എണ്ണവാതക മേഖലയെ മാത്രം ആശ്രയിച്ചിരുന്ന പ്രവിശ്യയായിരുന്നു. എന്നാൽ ഇപ്പോൾ ഐടി, അത്യാധുനിക നിർമാണ മേഖലകൾ, ലോജിസ്റ്റിക്സ് എന്നിവയുടെ വളർച്ചയോടെ ഉയർന്ന ശമ്പളം വാങ്ങുന്ന പ്രൊഫഷണലുകളുടെ പ്രധാന കേന്ദ്രമായി ആൽബർട്ട മാറി.

3. **ജീവിതശൈലിയിലെ മാറ്റം:** ജനസാന്ദ്രതയേറിയ ടൊറന്റോ നഗരങ്ങളിലെ തിരക്കുകളിൽ നിന്ന് മാറി പ്രകൃതിരമണീയമായ സ്ഥലങ്ങൾ, വാട്ടർഫ്രണ്ട് പ്രോപ്പർട്ടികൾ, വലിയ വ്യക്തിഗത സൗകര്യങ്ങളുള്ള ടേൺകീ(താമസം തുടങ്ങാൻ പാകത്തിലുള്ള) വീടുകൾ എന്നിവയ്ക്കാണ് സമ്പന്നർ ഇപ്പോൾ മുൻഗണന നൽകുന്നത്.

കാനഡയിലെ റിയൽ എസ്റ്റേറ്റ് വിപണി ചുരുങ്ങുകയല്ല, മറിച്ച് ടൊറന്റോ പോലുള്ള മെട്രോ നഗരങ്ങളിൽ നിന്ന് മിഡ്സൈസ് നഗരങ്ങളിലേക്ക് സമ്പത്ത് വികേന്ദ്രീകരിക്കപ്പെടുകയാണെന്നാണ് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നത്.

കാനഡയിലെ മലയാളി കുടിയേറ്റക്കാർക്കും നിക്ഷേപകർക്കും വരും ദിവസങ്ങളിൽ വലിയ അവസരങ്ങൾ തുറന്ന് നൽകുന്നതാണ് ആൽബർട്ടയിലെ ഈ പുതിയ വിപണി മാറ്റങ്ങൾ.

# ഹോർമുസ് പ്രതിസന്ധി: ആഗോള ഊർജ്ജ വിപണിയിൽ രക്ഷകനാകാൻ കാനഡ; ജി7 രാജ്യങ്ങളുടെ പൂർണ്ണ പിന്തുണ




എവിയാൻ(ഫ്രാൻസ്): മിഡിൽ ഈസ്റ്റിലെ യുദ്ധ പശ്ചാത്തലത്തിൽ ആഗോള ഊർജ്ജ വിപണിയിലെ പ്രതിസന്ധി പരിഹരിക്കാൻ കാനഡ പ്രധാന പങ്കുവഹിക്കുമെന്ന് ജി7 ഉച്ചകോടി. ഹോർമുസ് കടലിടുക്കിലൂടെയുള്ള ഇന്ധന നീക്കത്തിന് ഇറാൻ തടസ്സം സൃഷ്ടിച്ചതോടെയാണ് പുതിയ ബദൽ മാർഗ്ഗങ്ങൾ തേടാൻ വികസിത രാജ്യങ്ങൾ തീരുമാനിച്ചത്. ആഗോള വിപണിയിലേക്ക് വലിയ തോതിൽ ഇന്ധനമെത്തിക്കാനുള്ള കാനഡയുടെ ശേഷിയെ ജി7 രാജ്യങ്ങൾ സ്വാഗതം ചെയ്തു.

ഫ്രാൻസിലെ എവിയാൻ ലെ ബെയ്ൻസിൽ നടന്ന ഉച്ചകോടിക്ക് ശേഷം പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിലാണ് ജി7 നേതാക്കൾ ഇക്കാര്യം വ്യക്തമാക്കിയത്. ഹോർമുസ് കടലിടുക്കിനെ മാത്രമായി ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനായി ഊർജ്ജ വിതരണ ശൃംഖലകൾ വൈവിധ്യവത്കരിക്കുമെന്നും ഇന്ധന ശേഖരം വർദ്ധിപ്പിക്കുമെന്നും നേതാക്കൾ അറിയിച്ചു. വരും വർഷങ്ങളിൽ ആഗോള വിപണിയിലേക്ക് ആവശ്യമായ അധിക ഊർജ്ജം എത്തിക്കാൻ കാനഡയ്ക്ക് സാധിക്കുമെന്നാണ് വിലയിരുത്തൽ.

ഊർജ്ജ ഉത്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികളുമായി കാനഡ ഇതിനകം തന്നെ മുന്നോട്ട് പോവുകയാണെന്ന് പ്രധാനമന്ത്രി മാർക്ക് കാർണി വാർത്താ സമ്മേളനത്തിൽ പറഞ്ഞു. നിരവധി പ്രകൃതി വാതക പദ്ധതികൾ നിലവിൽ പുരോഗമിക്കുകയാണ്. പടിഞ്ഞാറൻ കാനഡയിൽ നിന്നുള്ള ടിഎംഎക്സ് ഓയിൽ പൈപ്പ് ലൈനിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനൊപ്പം അമേരിക്കയിലേക്കും വെസ്റ്റ് കോസ്റ്റിലേക്കും പുതിയ പൈപ്പ് ലൈനുകൾ നിർമ്മിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ടെന്ന് അദ്ദേഹം വ്യക്തമാക്കി.

യൂറോപ്യൻ, ഏഷ്യൻ പങ്കാളികൾക്ക് കാനഡയുടെ ഇന്ധന ശേഷി ഏറെ നിർണ്ണായകമാണെന്നും ഗൾഫ് മേഖലയിലെ പ്രതിസന്ധിയിൽ നിന്ന് ആഗോള സമ്പദ്വ്യവസ്ഥയെ സംരക്ഷിക്കാൻ ബദൽ മാർഗ്ഗങ്ങൾ അത്യാവശ്യമാണെന്നും മാർക്ക് കാർണി കൂട്ടിച്ചേർത്തു.

**ക്രിട്ടിക്കൽ മിനറൽസ് മേഖലയിൽ വലിയ നിക്ഷേപം**

ഊർജ്ജ പ്രതിസന്ധിക്ക് പുറമെ, സ്മാർട്ട്ഫോണുകൾ, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ ക്രിട്ടിക്കൽ മിനറൽസിന്റെ വിതരണത്തിനായി കാനഡ പുതിയ പങ്കാളിത്തം പ്രഖ്യാപിച്ചു. കാനഡയിലെ ഈ മേഖലയിൽ 5 ബില്യൺ ഡോളറിലധികം മൂലധന നിക്ഷേപം ഇതിലൂടെ സാധ്യമാകും. ഈ വർഷം അവസാനത്തോടെ ക്രിട്ടിക്കൽ മിനറൽസ് വിതരണത്തിൽ ഏതെങ്കിലും ഒരു രാജ്യത്തെ (ചൈനയെ ലക്ഷ്യമിട്ട്) മാത്രം ആശ്രയിക്കുന്നത് ഗണ്യമായി കുറയ്ക്കാനും ജി7 ഉച്ചകോടിയിൽ തീരുമാനമായിട്ടുണ്ട്.

ഉക്രെയ്ൻ മിഡിൽ ഈസ്റ്റ് യുദ്ധങ്ങൾ, ആഗോള സാമ്പത്തിക വളർച്ച, മയക്കുമരുന്ന് കടത്ത്, ഓൺലൈൻ സുരക്ഷ, എബോള ബാധ, കാൻസർ ഗവേഷണം തുടങ്ങിയ വിഷയങ്ങളിലും സംയുക്തമായി പ്രവർത്തിക്കാൻ ജി7 രാജ്യങ്ങൾ ധാരണയിലെത്തി.






കേരളം വാചകം

# പി.എം. ശ്രീയിൽ പിന്മാറ്റമില്ല, കേന്ദ്രത്തോട് ഉപാധി വയ്ക്കും

തിരുവനന്തപുരം: എൽ.ഡി.എഫ് സർക്കാർ കേന്ദ്രവുമായി കരാറൊപ്പിട്ട പി.എംശ്രീ വിദ്യാഭ്യാസ പദ്ധതിയുമായി മുന്നോട്ടുപോകാൻ യു.ഡി.എഫ് സർക്കാർ. 99 കോടി കേന്ദ്രത്തിൽ നിന്ന് വാങ്ങുകയും 106 കോടി കേന്ദ്രം അനുവദിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ രണ്ടു ഉപാധികൾ മുന്നോട്ടുവയ്ക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. സ്കൂൾ പാഠ്യപദ്ധതി (കരിക്കുലം) തീരുമാനിക്കുന്നതിൽ സംസ്ഥാന സർക്കാറിന്റെ സ്വാതന്ത്ര്യത്തിൽ കേന്ദ്രം ഇടപെടരുത്. നടപ്പാക്കാനുള്ള സ്കൂളുകൾ തിരഞ്ഞെടുക്കുന്നത് സംസ്ഥാന സർക്കാരായിരിക്കും. ഇവയാണ് ഉപാധികൾ.

വർഗീയ അജൻഡയ്ക്ക് വഴങ്ങാതെ, പാഠ്യപദ്ധതിക്ക് പൂർണമായ സ്വാതന്ത്ര്യം ഉറപ്പാക്കി മാത്രമേ നടപ്പാക്കൂവെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ മന്ത്രിസഭാ യോഗത്തിനു ശേഷം പറഞ്ഞു. ഉപാധികൾ അംഗീകരിച്ചില്ലെങ്കിൽ അപ്പോൾ നോക്കാമെന്നും പറഞ്ഞു.

സർക്കാരിന്റെ ആശയപരമായ എതിർപ്പും ഉപാധികളും സഹിതം കേന്ദ്രത്തെ അറിയിക്കാനുള്ള റിപ്പോർട്ട് തയ്യാറാക്കാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു. വിദ്യാഭ്യാസമന്ത്രി എൻ.ഷംസുദ്ദീൻ കൺവീനറും മന്ത്രിമാരായ റോജി.എം.ജോൺ, പി.സി.വിഷ്ണുനാഥ്, എം.ലിജു എന്നിവർ അംഗങ്ങളുമാണ്.

PM SHRI
Pradhan Mantri ScHools for Rising India
Creating holistic and well-rounded individuals equipped with key 21st Century skills

എൽ.ഡി.എഫ് സർക്കാർ കരാറൊപ്പിട്ടതിനാൽ പി.എം.ശ്രീയിൽ സംസ്ഥാനം പങ്കാളിയാണെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ പറഞ്ഞു. പദ്ധതിയിൽ തുടരാൻ കേരളം നിർബന്ധിതമായി. കരാറൊപ്പിട്ടതോടെ സമഗ്രശിക്ഷ പദ്ധതിയിൽ തടഞ്ഞുവെച്ചിരുന്ന 99 കോടി രൂപയിലധികം കേരളം വാങ്ങിയിട്ടുണ്ട്. ഇതിന് പുറമെയാണ് 106 കോടി അനുവദിച്ചത്.

പദ്ധതിയിൽ ഒപ്പുവെച്ച ബി.ജെ.പി ഇതര സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി സംസാരിച്ചെന്നും സംസ്ഥാനങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങളെ ഹനിക്കാത്ത രീതിയിലുള്ള കൂട്ടായ തീരുമാനം എടുക്കുമെന്നും വി.ഡി.സതീശൻ വ്യക്തമാക്കി.

ഒരു കാരണവശാലും ഒപ്പുവക്കില്ലെന്നായിരുന്നു എൽ.ഡി.എഫ് സർക്കാരിന്റെ നിലപാടെങ്കിലും ധനകാര്യവകുപ്പിന്റെയടക്കം അനുമതിയോടെയാണ് കരാറൊപ്പിട്ടതെന്ന് വി.ഡി.സതീശൻ ചൂണ്ടിക്കാട്ടി.

മന്ത്രിസഭാ അംഗങ്ങളെപോലും ഇരുട്ടിൽ നിറുത്തി രഹസ്യമായി ഒപ്പുവെച്ചു. കരാർപാടില്ലെന്ന് മന്ത്രിസഭായോഗത്തിൽ സി.പി.ഐ മന്ത്രിമാർ വാദിച്ചുകൊണ്ടിരിക്കുമ്പോൾ ഒപ്പുവെച്ച വിവരം മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും അറിയാമായിരുന്നുവെന്നും പറഞ്ഞു.

### കിട്ടാനുണ്ട് 1100കോടി

സമഗ്രശിക്ഷ പദ്ധതിയിൽ തടഞ്ഞുവച്ച 1100 കോടി രൂപ കൂടി കേന്ദ്രത്തിൽ നിന്ന് കിട്ടാനുണ്ട്. ഈ പണം ഔദാര്യമല്ല, അവകാശമാണ്. ജി.എസ്.ടിയുടെ പകുതിയും ആദായ നികുതി പൂർണമായും കൊണ്ടുപോകുന്നത് കേന്ദ്രസർക്കാരാണ്.

പി.എം ശ്രീയിൽ നിന്ന് പിൻമാറാൻ കഴിഞ്ഞ സർക്കാർ കത്തയച്ചിട്ടില്ല. തത്കാലം മാറ്റിവയ്ക്കാനുള്ള കത്താണ് അയച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. കത്തിന്റെ പകർപ്പ് പിന്നീട് മുഖ്യമന്ത്രിയുടെ ഓഫീസ് പുറത്തുവിട്ടു.

പി.എം ശ്രീയിൽ നിന്ന് ഒരു പൈസ പോലും എൽ.ഡി.എഫ് സർക്കാർ വാങ്ങിയിട്ടില്ല. എസ്.എസ്.കെയ്ക്ക് ലഭിച്ച ഫണ്ടിന് പി.എം ശ്രീയുമായി യാതൊരു ബന്ധവുമില്ല. മുഖ്യമന്ത്രി കാര്യം മനസ്സിലാക്കാതെ സംസാരിക്കുകയാണെന്ന് മുൻ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു.

# ടെലിഗ്രാമിന്റെ നിരോധനം ശരിവയ്ക്കുമോ?

ന്യൂഡൽഹി: ടെലിഗ്രാം മെസേജിംഗ് ആപ്പിനെ രാജ്യത്ത് നിരോധിച്ച കേന്ദ്രസർക്കാർ നടപടി ഡൽഹി ഹൈക്കോടതി ശരിവയ്ക്കുമോയെന്നതിൽ ഇന്ന് (ജൂൺ 18) നിർണായക ദിനം. ജൂൺ 21ന് നീറ്റ് പുന:പരീക്ഷ നിശ്ചയിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ 22 വരെയാണ് താത്കാലിക നിരോധനം. ഇതിനെതിരെ ടെലിഗ്രാം കമ്പനി സമർപ്പിച്ച ഹർജിയിൽ കേന്ദ്രസർക്കാരിന് നോട്ടീസ് അയക്കാൻ ജസ്റ്റിസ് തേജസ് കരിയ ഉത്തരവിട്ടു.

സ്റ്റേ അനുവദിക്കണമോയെന്നതിൽ ഇന്ന് ഉച്ചയ്ക്ക് 2.30ന് വാദം കേൾക്കും. വിവിധ പരീക്ഷകൾക്കായുള്ള തയ്യാറെടുപ്പിന് ലക്ഷകണക്കിന് വിദ്യാർത്ഥികൾ ഈ പ്ളാറ്റ്ഫോം ഉപയോഗിക്കുന്നുവെന്നാണ് ടെലിഗ്രാമിന്റെ വാദം. അവർക്ക് തിരിച്ചടിയാകുന്ന നടപടിയാണ് കേന്ദ്രസർക്കാരിൽ നിന്നുണ്ടായത്. നീറ്റുമായി ബന്ധപ്പെട്ട നിയമവിരുദ്ധ ഉള്ളടങ്ങളുള്ള 900ൽപ്പരം ലിങ്കുകൾ തങ്ങൾ നീക്കം ചെയ്തിരുന്നു.

കമ്പനിയുടെ ഭാഗം കേൾക്കാതെ ഏകപക്ഷീയ നടപടിയാണുണ്ടായതെന്നും അറിയിച്ചു. എന്നാൽ പലവട്ടം ആവശ്യപ്പെട്ടിട്ടും കൃത്യമായ തിരുത്തലുകൾക്ക് ടെലിഗ്രാം തയ്യാറാകുന്നില്ലെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയിൽ പ്രതികരിച്ചു. ഇന്ത്യയിലെ 15 കോടിയിലധികം സാധാരണ ഉപയോക്താക്കളെ ശിക്ഷിക്കുന്ന നടപടിയെന്ന് ടെലിഗ്രാം ആപ് സ്ഥാപകൻ പരേൽ ദുറോവ് പ്രതികരിച്ചു. നിരോധനത്തെ പരിഹസിച്ച ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, അടുത്തത് വാട്ട്സ് ആപ്പായിരിക്കുമോയെന്ന് ചോദിച്ചു. വിലക്ക് വിദ്യാർത്ഥികളുടെ താത്പര്യം മുൻനിറുത്തിയാണെന്നാണ് പരീക്ഷാനടത്തിപ്പുകാരായ നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻ.ടി.എ) ഡയറക്ടർ ജനറൽ അഭിഷേക് സിംഗ് അറിയിച്ചത്. 22 ലക്ഷം വിദ്യാർത്ഥികളുടെ ഭാവി കണക്കിലെടുത്താണിത്.

തട്ടിപ്പുകൾ തടയാനാണ് ശ്രമം. ചോദ്യപേപ്പർ ചോർന്നുവെന്ന അഭ്യൂഹങ്ങളിൽ വീഴരുതെന്നും അഭ്യർത്ഥിച്ചു. ഗൂഗിൾ പ്ലേ സ്റ്റോർ, ആപ്പിൾ ആപ് സ്റ്റോർ എന്നിവിടങ്ങളിൽ നിന്ന് ടെലിഗ്രാം നീക്കി. വി.പി.എൻ ഉപയോഗിക്കുന്നവർക്ക് വിദേശ സെർവറുകളിലൂടെ ടെലിഗ്രാം ഉപയോഗിക്കാനാകും. പുനഃപരീക്ഷ നടത്താനുള്ള തീരുമാനം സ്റ്റേ ചെയ്യണമെന്ന ആവശ്യത്തിൽ സുപ്രീം കോടതി ഇടപെട്ടില്ല. ജൂലായിൽ പരിഗണിക്കാൻ മാറ്റി. ഇതോടെ പൊതുതാത്പര്യഹർജി ഫലത്തിൽ അപ്രസക്തമായി.









# ഇ.ഡിക്കു മുന്നിൽ വീണാവിജയനെ 9 മണിക്കൂർ ചോദ്യം ചെയ്തു

കൊച്ചി: സി.എം.ആർ.എൽ കമ്പനിയുമായുള്ള ദുരൂഹ സാമ്പത്തിക ഇടപാടുകളിൽ എക്സാലോജിക് സൊല്യൂഷൻസ് ഉടമയും പിണറായി വിജയന്റെ മകളുമായ വീണാവിജയനെ എൻഫോഴ്സ്മെന്റ് ഡയറക്റേറ്റ് (ഇ.ഡി) ഒമ്പത് മണിക്കൂറോളം നീണ്ട ചോദ്യം ചെയ്യൽ നടപടികൾക്കുശേഷം വിട്ടയച്ചു. രാവിലെ 11നാരംഭിച്ച ചോദ്യം ചെയ്യൽ വൈകിട്ട് ആറോടെ അവസാനിച്ചു. മൂന്നുതവണ ഇവേള നൽകി. രേഖപ്പെടുത്തിയ മറുപടികൾ വായിച്ചു കേട്ടശേഷം നടപടികൾ പൂർത്തിയാക്കി രാത്രി 7.52ന് വീണ പുറത്തെത്തി. മൊഴികളും അതിലെ ശരിതെറ്റുകളും അടിസ്ഥാനമാക്കിയാവും തുടർനടപടി.

സി.എം.ആർ.എല്ലിൽ നിന്ന് 2.78 കോടി രൂപ പ്രതിഫലം കൈപ്പറ്റിയത് സോഫ്റ്റ്‌വെയർ പരിപാലന സേവനങ്ങൾ നൽകിയതിനാണെന്ന് വീണ മറുപടി നൽകിയെന്നാണ് സൂചന. കമ്പനി പൂട്ടിയതിനാൽ സേവനങ്ങളുടെ വിശദാംശങ്ങളോ തെളിവുകളോ കൈവശമില്ലെന്നും പറഞ്ഞു. ബാങ്ക് അക്കൗണ്ടുകളിൽ എവിടെ നിന്നെല്ലാം പണം ലഭിച്ചു, എങ്ങനെ ചെലവഴിച്ചു തുടങ്ങിയവയിൽ വിശദീകരണം ആവശ്യപ്പെട്ടു. പലതിനും വ്യക്തമായ മറുപടി ലഭിച്ചില്ല.



ഇ.ഡിയുടെ രണ്ടാമത്തെ സമൻസിൽ ഇന്നലെ രാവിലെ 10.26നാണ് വീണ കടവന്ത്രയിലെ ഓഫീസിൽ ഹാജരായത്. ഭർത്താവ് മുഹമ്മദ് റിയാസ് എം.എൽ.എ ഒപ്പമെത്തിയെങ്കിലും വീണയെ മാത്രമാണ് അകത്തേക്കു പ്രവേശിപ്പിച്ചത്.

സുദീർഘമായ അന്വേഷണം, നൂറുകണക്കിന് രേഖകളുടെ പരിശോധന എന്നിവയുടെ പിൻബലത്തോടെയും ശക്തമായ മുന്നൊരുക്കത്തോടെയുമാണ് വീണാ വിജയനെ ഇ.ഡി ചോദ്യം ചെയ്തത്. എക്സാലോജിക് സൊല്യൂഷൻസിന്റെ ഇടപാടുകൾ മുതൽ വീണയുടെ സ്വത്തുവിവരം വരെ ഇ.ഡി ശേഖരിച്ചു. കൊച്ചിയിൽ സി.എം. ആർ.എല്ലിന്റെ 2013-18 കാലയളവിലെ സാമ്പത്തിക ഇടപാടുകളിൽ ആദായ നികുതി വകുപ്പ് നടത്തിയ പരിശോധനയിൽ നിന്നാണ് തുടക്കം.

വീണയുടെ സ്ഥാപനത്തിന്, നൽകാത്ത സേവനത്തിന്റെ പേരിലും വായ്പയായും പണം കൈമാറിയെന്ന് ആദായ നികുതി ഇന്ററിം സെറ്റിൽമെന്റ് ബോർഡ് കണ്ടെത്തി. എക്സാലോജിക്കിന് 2.78 കോടി കൈമാറിയെന്ന കണ്ടെത്തലിൽ സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (എസ്.എഫ്.ഐ.ഒ) അന്വേഷിച്ച് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു. എസ്.എഫ്.ഐ.ഒ കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് ഇ.ഡി അന്വേഷണം. സി.എം.ആർ.എല്ലിൽ ഇ.ഡി പരിശോധന നടത്തി. കഴിഞ്ഞ ഏപ്രിലിൽ ചീഫ് ഫിനാൻഷ്യൽ ഓഫീസർ കെ.എസ്.സുരേഷ്കുമാർ, സീനിയർ മാനേജർ എൻ.സി. ചന്ദ്രശേഖരൻ, സീനിയർ ഓഫീസർ അൻജു റാഫേൽ കുരുവിള, സീനിയർ ഫിനാൻസ് മാനേജർ പി. സുരേഷ്കുമാർ, മുൻ കാഷ്യർ വി. വാസുദേവൻ എന്നിവരെ ഇ.ഡി ചോദ്യം ചെയ്തിരുന്നു. ആദായനികുതി വകുപ്പിന്റെ റിപ്പോർട്ട്, എസ്.എഫ്.ഐ.ഒയ്ക്ക് ഷോൺ ജോർജ് സമർപ്പിച്ച പരാതി, എസ്.എഫ്.ഐ.ഒയുടെ കുറ്റപത്രം, അനുബന്ധരേഖകൾ, മറ്റു രേഖകൾ, തെളിവുകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിലാണ് ഇ.ഡി വീണയെ ചോദ്യം ചെയ്യുന്നത്.

**വീണയെ വീണ്ടും വരുത്തിയേക്കും**

സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് കോടതിയിൽ സമർപ്പിച്ച രേഖകൾ ലഭിച്ചശേഷം ആവശ്യമെങ്കിൽ വീണാവിജയനെ വീണ്ടും വിളിപ്പിക്കുമെന്ന് ഇ.ഡി വൃത്തങ്ങൾ പറഞ്ഞു. കൊച്ചി ഓഫീസിലെ ചോദ്യം ചെയ്യൽ ചെന്നൈയിലെ സ്പെഷ്യൽ ഡയറക്ടർ ഓഫീസ്, ഡൽഹിയിലെ ആസ്ഥാനം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ ഓൺലൈനിൽ നിരീക്ഷിച്ചു.

മാസങ്ങളായി ഇ.ഡി തുടരുന്ന അന്വേഷണത്തിൽ ലഭിച്ച വിവരങ്ങൾ, റെയ്ഡിൽ പിടിച്ചെടുത്ത രേഖകൾ, ആദായനികുതി വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട്, സി.എം.ആർ.എൽ ഉടമകൾ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുടെ ചോദ്യം ചെയ്യലിൽ ലഭിച്ച വിവരങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കിയും വീണയെ ചോദ്യം ചെയ്തു. ഓഫീസ് പരിസരത്ത് വൻസുരക്ഷ തിരുവനന്തപുരത്ത് റെയ്ഡ് നടത്തിയ ഇ.ഡി സംഘത്തെ സി.പി.എം പ്രവർത്തകർ ആക്രമിച്ച പശ്ചാത്തലത്തിൽ വൻസുരക്ഷ ഓഫീസ് പരിസരത്ത് പൊലീസ് ഒരുക്കിയിരുന്നു. പ്രതിഷേധിക്കാൻ ആരും എത്തിയില്ല. മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി അടിസ്ഥാനമാക്കിയായിരുന്നു ചോദ്യം ചെയ്യൽ. സി.എം.ആർ.എല്ലിന്റെ സഹോദര സ്ഥാപനമായ എംപവർ ഇന്ത്യാ ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നെടുത്ത വായ്പ, ഇതിന്റെ വിനിയോഗം, തിരിച്ചടവ് എന്നിവ സംബന്ധിച്ചും വിശദീകരണം തേടി.













# യുഎസ് സാമ്പത്തിക പ്രതിസന്ധി മൂർച്ഛിക്കുന്നു: ഭവന വിപണിയിൽ വൻ തകർച്ച; സുരക്ഷിത താവളമായി സ്വർണം



ലോകത്തെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായ അമേരിക്കയിൽ കടുത്ത സാമ്പത്തിക മാന്ദ്യത്തിന്റെ നിഴൽ വീഴ്ത്തിക്കൊണ്ട് പുതിയ റിപ്പോർട്ടുകൾ പുറത്ത്. യുഎസ് പലിശ നിരക്കുകളിലെ വർധനവും ആഭ്യന്തര വിപണിയിലെ പ്രതിസന്ധികളും മൂലം ഭവന നിർമാണ മേഖല ചരിത്രത്തിലെ ഏറ്റവും വലിയ തകർച്ച നേരിടുകയാണ്. എന്നാൽ ഈ ആഗോള സാമ്പത്തിക അസ്ഥിരതകൾക്കിടയിലും നിക്ഷേപകരുടെ സുരക്ഷിത താവളമെന്ന നിലയിൽ രാജ്യാന്തര വിപണിയിൽ സ്വർണ വില സർവകാല റെക്കോർഡുകൾ ഭേദിച്ച് മുന്നേറുകയാണ്.

### തകർന്നടിഞ്ഞ് യുഎസ് ഹോം മാർക്കറ്റ്

അമേരിക്കൻ ഭവന നിർമാണ മേഖലയുമായി ബന്ധപ്പെട്ട് യുഎസ് സെൻസസ് ബ്യൂറോയും കൊമേഴ്സ് ഡിപ്പാർട്ട്മെന്റും സംയുക്തമായി പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ ആഗോള വിപണിയെ ഒന്നടങ്കം ഞെട്ടിക്കുന്നതാണ്. പുതിയ റിപ്പോർട്ടുകൾ പ്രകാരം മെയ് മാസത്തിൽ അമേരിക്കയിലെ ഭവന നിർമാണ പ്രവർത്തനങ്ങളിൽ മുൻമാസത്തെ അപേക്ഷിച്ച് 15.4 ശതമാനത്തിന്റെ വൻ ഇടിവാണ് രേഖപ്പെടുത്തിയത്. സീസണൽ ക്രമീകരണങ്ങൾക്ക് ശേഷമുള്ള വാർഷിക ഭവന നിർമാണ നിരക്ക് വെറും 11.8 ലക്ഷം യൂണിറ്റുകളിലേക്ക് താഴ്ന്നു.

സാമ്പത്തിക വിദഗ്ധർ കുറഞ്ഞത് 14.3 ലക്ഷം യൂണിറ്റുകളുടെ നിർമാണമെങ്കിലും പ്രതീക്ഷിച്ചിടത്താണ് ഈ വൻ തിരിച്ചടി ഉണ്ടായത് എന്നാണ്. കഴിഞ്ഞ വർഷം മെയ് മാസത്തെ അപേക്ഷിച്ച് നോക്കുമ്പോൾ ഭവന നിർമാണ മേഖലയിൽ 8.9 ശതമാനത്തിന്റെ ഇടിവ് നിലവിലുണ്ട്. ഈ തകർച്ചയ്ക്ക് ആക്കം കൂട്ടിക്കൊണ്ട് മുൻ മാസത്തെ കണക്കുകളും താഴേക്ക് തിരുത്തിയാണ് യുഎസ് ഭരണകൂടം ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. നേരത്തെ പ്രതീക്ഷിച്ചതിലും കുറഞ്ഞ നിരക്കിൽ 13.9 ലക്ഷം യൂണിറ്റുകളുടെ നിർമാണം മാത്രമാണ് ഏപ്രിലിൽ നടന്നതെന്ന് പുതിയ തിരുത്തിയ കണക്കുകൾ വ്യക്തമാക്കുന്നു.

ഉയർന്ന പലിശനിരക്കുകൾ, ഭവന വായ്പകളുടെ വർധിച്ച ചെലവുകൾ, നിർമാണ സാമഗ്രികളുടെ വിലക്കയറ്റം എന്നിവയാണ് സാധാരണക്കാരായ ഉപഭോക്താക്കളെയും വൻകിട ബിൽഡർമാരെയും ഒരുപോലെ ഈ മേഖലയിൽ നിന്ന് പിന്നോട്ട് വലിക്കുന്നത്.

### തിരിച്ചുവരവ് പ്രവചനങ്ങൾ പാളി

ഈ വർഷത്തിന്റെ രണ്ടാം പകുതിയോടെ യുഎസ് ഭവന വിപണി ശക്തമായി തിരിച്ചുവരുമെന്ന ശുഭ പ്രതീക്ഷകൾക്കും പുതിയ റിപ്പോർട്ട് മങ്ങലേൽപ്പിച്ചിരിക്കുകയാണ്. ഭാവിയിലെ നിർമാണ പ്രവർത്തനങ്ങളുടെ പ്രധാന സൂചികയായി സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്ന ബിൽഡിംഗ് പെർമിറ്റുകളുടെ എണ്ണത്തിലും മെയ് മാസത്തിൽ 0.7 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തി. പുതുക്കിയ കണക്കുകൾ പ്രകാരം ഏപ്രിലിൽ 14.23 ലക്ഷം പെർമിറ്റുകൾ അനുവദിച്ചിരുന്നത് മെയ് മാസത്തിൽ 14.13 ലക്ഷം യൂണിറ്റുകളായി കുറഞ്ഞു.

ഏപ്രിലിലെ കണക്കുകളും മുൻപ് പുറത്തുവിട്ടതിനേക്കാൾ താഴേക്ക് തിരുത്തിയാണ് ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്. ബിൽഡിംഗ് പെർമിറ്റുകളിലുണ്ടാകുന്ന ഈ തുടർച്ചയായ കുറവ് വരും മാസങ്ങളിലും അമേരിക്കൻ നിർമാണ മേഖലയിലെ മന്ദഗതി ശക്തമായി തുടരുമെന്നതിന്റെ വ്യക്തമായ സൂചനയായാണ് സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നത്.

### പലിശ നിരക്കും ഫെഡ് പോളിസിയും ഉയർത്തുന്ന ആശങ്കകൾ

അമേരിക്കൻ സമ്പദ്‌വ്യവസ്ഥയെ ഇപ്പോൾ ഉറ്റുനോക്കുന്നത് യുഎസ് ഫെഡറൽ റിസർവിന്റെ പുതിയ നയങ്ങളാണ്. പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനായി ഫെഡറൽ റിസർവ് പലിശ നിരക്കുകൾ ദീർഘകാലമായി ഉയർന്ന നിലവാരത്തിൽ നിലനിർത്തുന്നത് ഭവന വായ്പയെടുക്കുന്ന സാധാരണക്കാരെയാണ് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത്. നിലവിൽ 30 വർഷത്തെ മോർട്ട്ഗേജ് പലിശ നിരക്കുകൾ 6.5 ശതമാനത്തിന് മുകളിലാണ് തുടരുന്നത്. ഇതിനൊപ്പം നിർമാണ സാമഗ്രികളുടെ വിലയിലുണ്ടായ 9.6 ശതമാനത്തിന്റെ വാർഷിക വർധനവ് ബിൽഡർമാരുടെ ലാഭക്ഷമതയെയും ബാധിച്ചു.

ഉപഭോക്താക്കളുടെ പക്കൽ പണമില്ലാത്തതും ബാങ്ക് വായ്പകൾക്ക് അമിത പലിശ നൽകേണ്ടി വരുന്നതും മൂലം യുഎസ് ആഭ്യന്തര വിപണിയിൽ കടുത്ത ഉപഭോഗ മന്ദതയാണ് അനുഭവപ്പെടുന്നത്.

### ഇറാൻ–യുഎസ് സമാധാന കരാറും ആഗോള വിപണിയും

അതേസമയം രാജ്യാന്തര തലത്തിൽ ഒടുവിൽ ഇറാൻ യുഎസ് ഇടക്കാല സമാധാന കരാർ സാധ്യമാകുന്നു എന്ന ശുഭവാർത്തയും പുറത്തുവന്നു. സ്വിറ്റ്സർലൻഡിൽ വച്ച് ഇരു രാജ്യങ്ങളും ഒപ്പുവെക്കുന്ന ഈ പുതിയ ധാരണ പ്രകാരം ഇറാനമേലുള്ള ചില പ്രധാന സാമ്പത്തിക ഉപരോധങ്ങൾ നീക്കുമെന്നാണ് വിവരം. പേർഷ്യൻ ഗൾഫിലൂടെയും ഹോർമുസ് കടലിടുക്കിലൂടെയുമുള്ള എണ്ണക്കപ്പലുകളുടെ സുരക്ഷിതമായ ഗതാഗതം പുനസ്ഥാപിക്കപ്പെടുന്നതോടെ ആഗോള വിപണിയിൽ അസംസ്കൃത എണ്ണ വിലയിൽ വലിയ കുറവുണ്ടാകാൻ ഇത് കാരണമാകും.

ഇന്ധന വില കുറയുന്നത് ആഗോളതലത്തിൽ വലിയ രീതിയിലുള്ള ഊർജ്ജപണപ്പെരുപ്പ ആശങ്കകൾക്ക് ആശ്വാസം നൽകുമെന്നാണ് കരുതപ്പെടുന്നത്. എങ്കിലും യുഎസിലെ ആഭ്യന്തര റിയൽ എസ്റ്റേറ്റ് തകർച്ച നൽകുന്ന ആഘാതം മറികടക്കാൻ ഇത് പര്യാപ്തമാവില്ല.

### സുരക്ഷിത താവളമായി സ്വർണം

അമേരിക്കൻ ഭവന മേഖലയിലെ ദുർബലത സാമ്പത്തിക വളർച്ചയെ ബാധിക്കുമെന്ന ആശങ്ക ശക്തമായതോടെ ആഗോള നിക്ഷേപകർ ഓഹരികളിൽ നിന്നും യുഎസ് ബോണ്ടുകളിൽ നിന്നും പിന്മാറി സുരക്ഷിത താവളമായ സ്വർണത്തിലേക്ക് ചുവടുമാറ്റുകയാണ്. വരാനിരിക്കുന്ന വലിയൊരു സാമ്പത്തിക തകർച്ചയിൽ നിന്നും തങ്ങളുടെ മൂലധനം സംരക്ഷിക്കാൻ ബാങ്കുകളും വൻകിട നിക്ഷേപകരും വലിയ തോതിൽ സ്വർണം വാങ്ങിക്കൂട്ടുന്നു. ചൈന ഉൾപ്പെടെയുള്ള ഏഷ്യൻ രാജ്യങ്ങളിൽ നിന്നും സ്വർണത്തിന് വലിയ ഡിമാൻഡാണ് നിലവിലുള്ളത്.

നിലവിൽ രാജ്യാന്തര വിപണിയിൽ സ്പോട്ട് ഗോൾഡ് വില ഔൺസിന് 4,349.40 ഡോളർ എന്ന ഉയർന്ന നിരക്കിലാണ് വ്യാപാരം തുടരുന്നത്. വരും ദിവസങ്ങളിൽ യുഎസ് ഫെഡറൽ റിസർവ് പലിശ നിരക്കുകളിൽ മാറ്റം വരുത്താതിരിക്കുകയും സാമ്പത്തിക മാന്ദ്യ സൂചനകൾ തുടരുകയും ചെയ്താൽ സ്വർണ വില വരും മാസങ്ങളിൽ ഇനിയും കുതിച്ചുയരുമെന്നാണ് ജെ.പി മോർഗൻ പോലുള്ള രാജ്യാന്തര സാമ്പത്തിക ഏജൻസികൾ പ്രവചിക്കുന്നത്. വരും ദിവസങ്ങളിലും സ്വർണ വിപണിക്ക് ഈ അനുകൂല സാഹചര്യം വലിയ പിന്തുണ നൽകും.





# ഡിജിറ്റൽ പോസ്റ്റ്മോർട്ടത്തോട് 'നോ' പറയേണ്ടതില്ല

മനുഷ്യാവകാശം ഹനിക്കപ്പെടുന്നുവെന്ന പരാതി ഇടയ്ക്കിടെ ഉയരുമ്പോഴും മൃതദേഹങ്ങളെ ആദരിക്കുന്നതിൽ തികഞ്ഞ നിഷ്കർഷ പുലർത്തുന്നു പരിഷ്കൃത സമൂഹങ്ങൾ. പോസ്റ്റ്മോർട്ടത്തിന്റെ കാര്യത്തിലുള്ള അതിസൂക്ഷ്മ നിയമങ്ങൾ ഇതിന്റെ അനുബന്ധം തന്നെ. ഇത്തിരി വൈകിയാണെങ്കിലും ഇതു മനസിലാക്കിയിരിക്കുന്നു കേരളവും.





ആരോഗ്യ രംഗത്ത് ആധുനികവത്കരണത്തിന് ഊന്നൽ നൽകുന്ന വിപ്ലവകരമായ ചുവടുവെപ്പാണ് പോസ്റ്റ്മോർട്ടത്തിന് വിർചൽ ഓട്ടോപ്സി നടപ്പാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ തീരുമാനം. കോഴിക്കോട് മെഡിക്കൽ കോളജിലായിരിക്കും ഇതിന് തുടക്കം കുറിക്കുകയെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ വ്യക്തമാക്കി. കേരളം ആരോഗ്യമേഖലയിൽ വികസിത രാജ്യങ്ങളോടൊപ്പമെത്തിയെന്ന് അവകാശപ്പെടുമ്പോഴും പോസ്റ്റ്മോർട്ടത്തിന് പരമ്പരാഗത രീതിയാണ് തുടർന്നുവരുന്നത്. ശരീരത്തിലെ ആന്തരികാവയവങ്ങൾ പൂർണമായി കീറിമുറിച്ച് പരിശോധിക്കുന്ന പരമ്പരാഗത സംവിധാനം തന്നെ.

കഠിനവും കാലതാമസത്തിനിടവരുത്തുന്നതുംമരണത്തിന്റെആഘാതത്തിൽ കഴിയുന്ന കുടുംബങ്ങൾക്കും ബന്ധുക്കൾക്കും കൂടുതൽ ആഘാതമേൽപ്പിക്കുന്നതുമാണ് പരമ്പരാഗത രീതി. വികസിത രാജ്യങ്ങൾ ഇതിനു പകരം മൃതദേഹത്തിന് ഒരു പോറലുമേൽപ്പിക്കാതെ മരണ കാരണം കണ്ടെത്താൻ സഹായിക്കുന്ന ഡിജിറ്റൽ പോസ്റ്റ്മോർട്ടത്തിലേക്ക് മാറിയിട്ട് കാലങ്ങളായി. സി.ടി. സ്കാൻ, എം.ആർ.ഐ, ത്രിമാന ഇമേജിംഗ് തുടങ്ങിയ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ശരീരത്തിന്റെ ആന്തരിക അവയവങ്ങൾ പരിശോധിച്ച് പരുക്കുകൾ, അസ്ഥിക്ക് സംഭവിച്ച ചതവുകൾ, രക്തസ്രാവം, വെടിയേറ്റ പാടുകൾ തുടങ്ങിയവ കണ്ടെത്താൻ കഴിയുന്ന ആധുനിക പരിശോധനാ രീതിയാണ് വിർചൽ ഓട്ടോപ്സി.

പരമ്പരാഗത പോസ്റ്റ്മോർട്ടത്തിൽ ശരീരം തുറക്കുന്നതോടെ, രക്തക്കുഴലിലോ ഹൃദയത്തിലോ ഉണ്ടാകുന്ന വായുവിന്റെയോ മറ്റു വാതകങ്ങളുടെയോ സാന്നിധ്യം അപ്രത്യക്ഷമാകാറുണ്ട്. വിർചൽ ഓട്ടോപ്സിയിൽ ഇത് കൃത്യമായി രേഖപ്പെടുത്തും. ശരീരം കീറിമുറിച്ച് തുറന്നു നോക്കാതെ സാങ്കേതിക വിദ്യ ഉപയോഗിച്ച് ശരീരത്തിന്റെ ഉൾഭാഗത്തേക്ക് കണ്ണെത്താൻ സഹായിക്കുന്ന വിർചൽ ഓട്ടോപ്സി വഴി പരമ്പരാഗത പോസ്റ്റ്മോർട്ടത്തിലൂടെ കണ്ടെത്താൻ പ്രയാസകരമായ പല സൂക്ഷ്മമായ കാര്യങ്ങളും കണ്ടെത്താനാകും.

സംശയമുള്ള മരണങ്ങളിൽ യഥാർഥ മരണകാരണവും സത്യവും കണ്ടെത്താനുള്ള അനിവാര്യമായ നടപടിക്രമമാണ് പോസ്റ്റ്മോർട്ടമെങ്കിലും അത് നിർവഹിക്കപ്പെടുമ്പോൾ മൃതദേഹത്തോടുള്ള ആദരവും കുടുംബത്തിന്റെ വികാരവും പരമാവധി മാനിക്കാൻ ഭരണകൂടത്തിന് ബാധ്യതയുണ്ട്. വിദേശ രാജ്യങ്ങളിൽ പ്രത്യേകിച്ച് ഗൾഫ് നാടുകളിലെ ഫോറൻസിക് വിഭാഗം ഈ സംവിധാനം നന്നായി പ്രയോജനപ്പെടുത്തി വരുന്നു.

വിർചൽ ഓട്ടോപ്സിയിലൂടെ മിനിട്ടുകൾക്കകം സ്കാനിംഗ് പൂർത്തിയാക്കാൻ സാധിക്കുന്നതിനാൽ മൃതദേഹം വിട്ടുനൽകുന്നതിലെ കാലതാമസം ഒഴിവാക്കാനാകും. പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാകുന്നതും കാത്ത് മോർച്ചറിക്കു മുമ്പിൽ മണിക്കൂറുകളോളം കാത്തുനിൽക്കുന്ന ബന്ധുക്കളുടെ പ്രയാസത്തിനും അറുതിയാകും. മാനുഷികതയാണ് ഈ സംവിധാനത്തിന്റെ ഏറ്റവും വലിയ സവിശേഷത. മൃതദേഹത്തോടുള്ള ആദരവും ബഹുമാനവും നിലനിർത്തിക്കൊണ്ട് തന്നെ പോസ്റ്റ്മോർട്ടം നടത്തും. കേരളം പോലെ സാമൂഹിക ബോധമുള്ള ജനവിഭാഗത്തിന് ഇത് ഏറെ ആശ്വാസകരമാണ്. മതപരവും സാംസ്കാരികവുമായ കാരണങ്ങളാൽ മൃതദേഹം കീറിമുറിക്കുന്നതിനോട് വിയോജിപ്പുള്ള കുടുംബങ്ങൾക്ക് വിശേഷിച്ചും.

കോടതികളിൽ തെളിവുകൾ സമർപ്പിക്കുന്നതിലും കൂടുതൽ സഹായകമാണ് പുതിയ സംവിധാനം. പരമ്പരാഗത പോസ്റ്റ്മോർട്ടത്തിൽ ഡോക്ടർ രേഖാമൂലം തയ്യാറാക്കുന്ന റിപ്പോർട്ടും ചില ചിത്രങ്ങളും മാത്രമാണ് കോടതികളിലെത്തുന്നത്. ശരീരം സംസ്കരിച്ചു കഴിഞ്ഞാൽ ഒരു പുനഃപരിശോധന പ്രയാസകരവുമാണ്.

മൃതദേഹം വീണ്ടും പുറത്തെടുത്ത് പരിശോധന നടത്തുന്നത് അത്യന്തം വിഷമകരവും പലപ്പോഴും നിഷ്ഫലവുമായിരിക്കും. വിർചൽ ഓട്ടോപ്സിയിലൂടെ ലഭിക്കുന്ന ഡിജിറ്റൽ ഡാറ്റ കാലപ്പഴക്കത്തിൽ നിഷ്പ്രഭമാകാതെ കമ്പ്യൂട്ടറുകളിൽ സൂക്ഷിച്ചു വെക്കാനാകും.

വർഷങ്ങൾക്കു ശേഷം കേസിൽ പുനരന്വേഷണം പ്രഖ്യാപിച്ചാൽ ഡിജിറ്റൽ തെളിവുകൾ വീണ്ടും പരിശോധിച്ച് പുതിയ നിഗമനങ്ങളിൽ എത്തിച്ചേരാം. കോടതി മുറികളിൽ ജഡ്ജിമാർക്കും അഭിഭാഷകർക്കും മുമ്പാകെ കമ്പ്യൂട്ടർ സ്ക്രീനിലൂടെ മരണകാരണം വ്യക്തമാക്കുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാൻ സാധിക്കുന്നത് വിചാരണാ നടപടികൾ കൂടുതൽ സുതാര്യവും കൃത്യവുമാക്കും. അതേസമയം എല്ലാ കേസുകളിലും ഫലപ്രദമല്ല വിർചൽ ഓട്ടോപ്സി. വിഷബാധ, ചില പ്രത്യേക അണുബാധകൾ, സൂക്ഷ്മ പരിശോധന ആവശ്യമായ കേസുകൾ, രാസപരിശോധന തുടങ്ങിയവക്ക് പരമ്പരാഗത രീതി ആവശ്യമാണ്. വിർചൽ ഓട്ടോപ്സിയോടൊപ്പം പരമ്പരാഗത പോസ്റ്റ്മോർട്ടം രീതിയും നിലനിർത്തേണ്ടി വരും.

നമ്മുടെ നാട്ടിലെ ഏകദേശം 60 ശതമാനത്തോളം കേസുകളിലും വിർചൽ ഓട്ടോപ്സി മാത്രം ഉപയോഗിച്ച് മരണകാരണം കണ്ടെത്താനാകുമെന്നാണ് വിദഗ്ധർ പറയുന്നത്. ഉദാഹരണമായി റോഡപകട മരണങ്ങൾ, അസ്വാഭാവിക സാഹചര്യങ്ങൾ കൊണ്ട് മാത്രം പോസ്റ്റ്മോർട്ടത്തിന് ശിപാർശ ചെയ്യപ്പെടുന്ന ചിലതരം സ്വാഭാവിക മരണങ്ങൾ, ദൃക്സാക്ഷികൾ ഉള്ള മറ്റുതരം അപകട മരണങ്ങൾ എന്നിങ്ങനെയുള്ള മരണങ്ങൾക്ക് മൃതദേഹം കീറിമുറിക്കാതെ കഴിയും.

സ്വിറ്റ്സർലാൻഡിലെ സൂറിച്ച് സർവകലാശാലയാണ് ഈ സംവിധാനം വികസിപ്പിച്ചെടുത്തത്. തുടർന്ന് ജർമനി, ബ്രിട്ടൻ, അമേരിക്ക, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേക്കും ഗൾഫ് നാടുകളിലേക്കും വ്യാപിച്ചു. ഇന്ത്യയിൽ ഡൽഹി എയിംസ്, ഛണ്ഡിഗഢിലെ പ്രമുഖ മെഡിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടായ പി.ജി.ഐ എം.ഇ.ആർ, ഇംഫാലിലെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്നീ സ്ഥാപനങ്ങളിൽ ഇത് സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ഇത് ആരോഗ്യ- ഫോറൻസിക് വിഭാഗത്തിന്റെ ഭാഗമാക്കാനുള്ള നീക്കം ഇപ്പോൾ കേരളത്തിൽ മാത്രമാണ് നടക്കുന്നത്.

അതേസമയം ഉയർന്ന സാമ്പത്തിക ചെലവ് വരുന്ന പദ്ധതിയാണിത്. മികച്ച നിലവാരമുള്ള സി.ടി. സ്കാനറുകൾ, അനുബന്ധ ഉപകരണങ്ങൾ, ഡിജിറ്റൽ ഡാറ്റാ സംവിധാനങ്ങൾ, പ്രത്യേക പരിശീലനം ലഭിച്ച റേഡിയോളജിസ്റ്റുകൾ, ഫോറൻസിക് വിദഗ്ധർ എല്ലാം ഇതിന് ആവശ്യമാണ്. ആരോഗ്യരംഗത്ത് കേരളം പ്രഖ്യാപിച്ച പലപദ്ധതികളും സാമ്പത്തിക പരാധീനതയും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും മൂലം നടക്കാതെ പോയിട്ടുണ്ട്. വിർചൽ ഓട്ടോപ്സി ആ ഗണത്തിൽ പെടാതെ എത്രയും വേഗം ഫലപ്രദമായി നടപ്പാക്കുന്നതിൽ സർക്കാർ ശ്രദ്ധ പുലർത്തുമോയെന്നതാണ് അറിയാനുള്ളത്.

## ഫോറൻസിക് കൃത്യത

മരണത്തിന്റെ നിഗൂഢതകൾ തേടിയുള്ള മനുഷ്യന്റെ അന്വേഷണത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഒരു വ്യക്തി എങ്ങനെ മരിച്ചു, മരണത്തിന് പിന്നിലെ സാഹചര്യങ്ങൾ എന്തായിരുന്നു, കുറ്റകൃത്യമാണോ അപകടമാണോ എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് പോസ്റ്റ്മോർട്ടം. എന്നാൽ ഇതുവരെ ആ അന്വേഷണത്തിന് മൃതദേഹം കീറിമുറിക്കേണ്ടി വന്നിരുന്നു. ഫോറൻസിക് മെഡിസിൻ രംഗത്ത് വലിയ മാറ്റത്തിന് വഴിയൊരുക്കുന്ന വിർചൽ ഓട്ടോപ്സി കാലങ്ങളായി കേരളം ആശിച്ചതാണെന്നതിൽ സംശയമില്ല.

എന്നാൽ, കുറ്റകൃത്യങ്ങളും ദുരൂഹ മരണങ്ങളും മുമ്പുള്ളതിനേക്കാൾ ഉപരി പല രീതിയിലും തരത്തിലും വ്യാപിക്കുന്ന കാലത്ത് ഡിജിറ്റലൈസ് പോസ്റ്റ്മോർട്ടം എല്ലാ കേസുകളിലും സാധ്യമല്ലെങ്കിലും 60 ശതമാനം പോസ്റ്റ്മോർട്ടങ്ങളെങ്കിലും ഇങ്ങനെ ചെയ്യാൻ കഴിയുമെന്ന് തന്നെയാണ് വിദഗ്ധരുടെ പ്രതീക്ഷ.

'വിർചൽ ഓട്ടോപ്സി സംസ്ഥാനത്ത് സാധ്യമാക്കുകയാണെങ്കിൽ അത് പോലീസിനും നീതിന്യായ വ്യവസ്ഥയ്ക്കും അതിനേക്കാളുമുപരി പൊതുജനങ്ങൾക്കും വളരെയേറെ സ്വീകാര്യവും സഹായകരവും ആയിരിക്കുമെന്ന് നിസ്സംശയം പറയാവുന്നതാണ്. പ്രാരംഭഘട്ടത്തിൽ വലിയ ചെലവ് വരുമെങ്കിലും കാലഘട്ടത്തിന്റെ ആവശ്യമാണത്. കേരളത്തിൽ നിലവിലുള്ള വിവിധ മെഡിക്കൽ കോളജുകളിൽ അനുയോജ്യമായ കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത ശേഷം വിർചൽ ഓട്ടോപ്സി എന്ന ഈ സംരംഭം തുടങ്ങുന്നതിന് സർക്കാർ തയ്യാറാകുമെന്ന് പ്രത്യാശിക്കുന്നു' - വിർചൽ ഓട്ടോപ്സിയെ കുറിച്ച് തൃശൂർ മെഡിക്കൽ കോളജിലെ ഫോറൻസിക് സർജൻ ഡോ. ഉന്മേഷ് എ.കെ. പറഞ്ഞതിങ്ങനെ.

മോർച്ചറിയെന്ന പദപ്രയോഗം തന്നെ സാധാരണ മനുഷ്യരുടെ മനസ്സിനെ അസ്വസ്ഥതപ്പെടുത്തുന്നതാണ്. പ്രിയപ്പെട്ടവരുടെ മൃതദേഹം മോർച്ചറിക്കുള്ളിലേക്ക് നൽകി പുറത്ത് കാത്തിരിക്കേണ്ടി വന്ന അനുഭവമുള്ളവരാണ് പലരും. ദുഃഖഭാരം താങ്ങി വിറങ്ങലിച്ച മനസ്സുമായി മോർച്ചറി വരാന്തയിൽ ചെലവഴിച്ച ആ മണിക്കൂറുകൾ ഒരു ദുഃസ്വപ്നമായി മാത്രമേ അവർക്ക് ഓർക്കാനാകൂ. പോസ്റ്റ്മോർട്ടം നടപടികളുടെ ഭാഗമായി അവിടെ മൃതദേഹം എന്ത് ചെയ്യുന്നുവെന്നതിനെക്കുറിച്ച് വലിയ തോതിൽ ചിന്തിക്കാതിരിക്കുകയെന്നതാണ് ആകെയുള്ള പോംവഴി.

ഫോറൻസിക് ശാസ്ത്രത്തിൽ തെളിവുകളുടെ സംരക്ഷണം നിർണായകമാണ്. വിർചൽ ഓട്ടോപ്സിയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്ന് ഡിജിറ്റൽ രേഖകളാണ്. പരിശോധനയിൽ ലഭിക്കുന്ന ചിത്രങ്ങളും വിവരങ്ങളും വർഷങ്ങളോളം സുരക്ഷിതമായി സൂക്ഷിക്കാനാകും. കോടതിയിൽ കേസ് പരിഗണിക്കുമ്പോൾ ഈ വിവരങ്ങൾ വീണ്ടും പരിശോധിക്കാനും മറ്റ് വിദഗ്ധരുടെ അഭിപ്രായം തേടാനും കഴിയും. അന്വേഷണത്തിലെ സുതാര്യത വർധിപ്പിക്കുന്നതിനും തെറ്റായ നിഗമനങ്ങൾ ഒഴിവാക്കുന്നതിനും ഇത് സഹായകമാകും.



ബാബു കദളിക്കാട്

ലോകത്ത് ബി.സി. 44 മുതൽ തന്നെ പോസ്റ്റ്മോർട്ടം നിലവിലുണ്ടെങ്കിലും ഇന്ന് കാണുന്ന തരത്തിരുള്ള പോസ്റ്റ്മോർട്ടം 1700കളിലാണ് നിലവിൽ വന്നത്. ജിയോവാനി ബറ്റീസ മൊർഗാഗ്നി എന്ന ഇറ്റാലിയൻ അനാട്ടമിസ്റ്റ് ആണ് ഈ ശാസ്ത്ര ശാഖയുടെ പിതാവ്. ഒരു മരണത്തിന്റെ കാര്യകാരണങ്ങൾ കണ്ടെത്തുകയെന്നത് തന്നെയാണ് പോസ്റ്റ്മോർട്ടത്തിന്റെ ഉദ്ദേശ്യം.

മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ലെങ്കിൽ അതിന് സഹായകമാകുന്ന കാര്യങ്ങൾ കണ്ടെത്താനും പോസ്റ്റ്മോർട്ടം വഴി സാധിക്കാറുണ്ട്. അസ്ഥി പരിശോധനയിലൂടെ വയസ്, ഉയരം എന്നിവ കണ്ടെത്താം. മുമ്പ് നടത്തിയ ശസ്ത്രക്രിയകളെ സംബന്ധിച്ച ബാഹ്യ- ആന്തരിക സൂചനകളും കിട്ടും. സാമ്പിൾ പരിശോധനകളിലും മറ്റും പുതു സാങ്കേതികത ഉപയോഗിക്കുന്നുണ്ടെങ്കിലും മൃതദേഹം തുറന്നുള്ള പരിശോധനാ രീതിയിൽ പുതിയ കാലത്തും വലിയ മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല. ഉളിയും ചുറ്റികയും ഉപയോഗിച്ച് തലയോട്ടി പൊട്ടിക്കുന്നതിന് പകരം 'ഓട്ടോപ്സി സോ' എന്ന ഉപകരണം ഉപയോഗിക്കുന്നുവെന്നത് മാത്രമാണ് ഇതിലെ പുതുമ.

ആധുനിക സാങ്കേതിക വിദ്യയുടെ ലക്ഷ്യം മനുഷ്യജീവിതം കൂടുതൽ മെച്ചപ്പെടുത്തുക എന്നതാണ്. മരിച്ചവരോടുള്ള ആദരവും ജീവനുള്ളവരുടെ നീതിയും അവകാശവും ഒരുപോലെ സംരക്ഷിക്കാൻ കഴിയുന്ന സംവിധാനമാണ് വിർചൽ ഓട്ടോപ്സി. മൃതദേഹത്തെ മുറിവേൽപ്പിക്കാതെ മരണകാരണം കണ്ടെത്താൻ കഴിയുന്ന ഈ സാങ്കേതികവിദ്യ, ഫോറൻസിക് ശാസ്ത്രത്തിന്റെ ഭാവിയെ മാറ്റിമറിച്ചേക്കും.

കേരളം ഈ രംഗത്ത് മുന്നോട്ട് പോകുമ്പോൾ, അത് ഒരു സാങ്കേതിക നവീകരണം മാത്രമല്ല; മരണാനന്തര നടപടികളിൽ കൂടുതൽ മാനുഷികത കൊണ്ടുവരാനുള്ള ഒരു സാമൂഹിക മുന്നേറ്റം കൂടിയായിരിക്കും.




# ഈ കപ്പൽ ആടിയുലയരുത് സാർ!

വി.ഡി. സതീശൻ തന്റെ കപ്പൽ യാത്ര തുടങ്ങിയിട്ടേയുള്ളൂ..

അത് തീരംവിട്ട് അരനാഴിക പിന്നിട്ടിട്ടില്ല. പ്രതീക്ഷകളുടെ വൻ തിരമാലകൾ ഭേദിച്ച് വേണം അതിന് മുന്നോട്ടു കുതിക്കാൻ. വാഗ്ദാനങ്ങളുടെ ഓളപ്പാത്തികളിലൂടെ നിലതെറ്റാതെ അതിന് സഞ്ചാരപഥം തെളിയണം. എതിർപ്പുകളുടെ അടിയൊഴുക്കുകൾ താണ്ടി വേണം ആദ്യ കര തൊടാൻ !

അപ്പോഴേയ്ക്കും സ്റ്റാർട്ടിങ് ട്രബിൾ ആരോപിച്ച് രംഗത്ത് വരുന്നവരുടെ ശബ്ദം കേരളം കേട്ടുതുടങ്ങി.

കപ്പൽ പുറപ്പെടും മുമ്പ് 'ഈ കപ്പൽ ആടിയൂലയുന്നുവോ സർ' എന്ന് ചോദിക്കുന്നവരെ തൽക്കാലം വിടാം.


പരാജയച്ചുഴിയിൽപ്പെട്ട് അടിത്തട്ടിലേക്ക് ആണ്ടുപോയ ആരെയും ഈ ഘട്ടത്തിൽ കുറ്റപ്പെടുത്താൻ വയ്യ. കാരണം, അവരുടെ എതിർപ്പുകൾ കരുത്താക്കാൻ വി.ഡി. സതീശൻ എന്ന മുഖ്യമന്ത്രിക്ക് കഴിയും എന്ന് കരുതാനായിരിക്കും അധികാരത്തിലെത്താൻ അദ്ദേഹത്തെ പിന്തുണച്ചവർക്ക് ഇഷ്ടം. തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തവർക്കും, മുഖ്യമന്ത്രിയാവാൻ പാർട്ടിക്കുള്ളിൽ കൂടെ നിന്നവർക്കും അങ്ങനെതന്നെ.

വീണ്ടും വിജയിക്കുന്ന വി.ഡി. സതീശനെ നിലനിർത്തിയാൽ മാത്രമേ അദ്ദേഹം തെരഞ്ഞെടുപ്പാനന്തരം പറഞ്ഞ വിസ്മയങ്ങൾ കേരളത്തിന് യഥാവിധം ലഭിക്കുകയുള്ളൂ.

തെരഞ്ഞെടുപ്പ് പ്രചാരണ കാലത്ത് പ്രവചന സ്വഭാവത്തോടെ വിജയത്തിന്റെ കണക്കുകൾ മാധ്യമങ്ങൾക്ക് മുന്നിൽ പറഞ്ഞ സതീശൻ, പതിറ്റാണ്ടുകൾ നീണ്ട രാഷ്ട്രീയ ജീവിതത്തിൽ ആദ്യമായാണ് അധികാരത്തിന്റെ കുപ്പായം അണിയുന്നത് എന്ന പ്രത്യേകതയുണ്ട്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ഭരണപരിചയം കുറവാണെന്ന് കരുതുന്നവരും ധാരാളമുണ്ട്.

പരിചയസമ്പന്നനല്ലാത്ത ഒരാൾ.. ഭരിക്കുന്നവരെ അടുത്തുനിന്ന് കണ്ടു മാത്രം അനുഭവമുള്ള ഒരാൾ.. ഭരിച്ചവരെ കുറേക്കാലം നിരന്തരം വിമർശിച്ചു കൊണ്ടിരുന്ന ഒരാൾ ...പക്ഷേ ആദ്യം എത്തിയത് സർവ്വതിനും മേലെ മുഖ്യമന്ത്രിപദത്തിൽ !

35-ാം വയസ്സിൽ നിയമസഭാംഗമായി തുടങ്ങിയ സതീശൻ 61ൽ മുഖ്യമന്ത്രിയാകുമ്പോൾ സംഭവിക്കുന്നതും പ്രതീക്ഷിക്കുന്നതും ഇതുവരെ നടത്തിയ വാക് പോരാട്ടങ്ങളുടെ പൂർത്തീകരണമാണ്.




## സിൻഡിക്കേറ്റുകൾ

ഇവിടെ ഒരു മാധ്യമ സിൻഡിക്കേറ്റ് ഉണ്ടെന്ന് പണ്ട് പിണറായി വിജയൻ ആരോപിച്ചപ്പോൾ പൊതുവേ കരുതി അത് സി.പി.എം വിരോധികളായ കുറച്ച് മാധ്യമങ്ങൾ കൈകോർത്ത് നടത്തുന്ന പിണറായി വധമാണെന്ന്. എന്നാൽ, അധികാരത്തിലേറി മണിക്കൂറുകൾക്കകം മാധ്യമ വിചാരണയുടെ കൂർത്ത നഖങ്ങൾ തനിക്ക് നേരെ നീണ്ടു വരുന്നത് സതീശനും അനുഭവിച്ചറിഞ്ഞു. പ്രത്യേകിച്ച്,നവമാധ്യമങ്ങൾ കരുത്തരായി മാറിയ ഇക്കാലത്ത്. നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണക്കാലത്ത് സതീശൻ വല്ലാതെ നുണ പറയുന്നു എന്നായിരുന്നു ഇടതുപക്ഷത്തിന്റെ ആക്ഷേപം. എന്നാൽ,അതേ നുണകളുടെ ഘോഷയാത്രയാണ് തനിക്ക് നേരെ വരുന്നതെന്ന് സതീശൻ ഇപ്പോൾ തിരിച്ചറിയുന്നു. അത് അദ്ദേഹം തുറന്നു പറയുക കൂടി ചെയ്തു.

സർക്കാരിനെ വിമർശിക്കുകയല്ല, തകർക്കുകയാണ് ലക്ഷ്യം എന്ന മട്ടിൽ മാധ്യമ സിൻഡിക്കേറ്റുകൾ ഒരു മാസത്തിനുള്ളിൽ കരുത്തരായിക്കഴിഞ്ഞുവത്രെ.

പുതിയ സർക്കാർ സഹകരണ സ്ഥാപനങ്ങളിലെ ഫീസ് കൂട്ടിയെന്നായിരുന്നു ആദ്യ വാർത്ത. അത് ഇടത് സർക്കാർ ഫെബ്രുവരിയിൽ കൂട്ടിയതാണെന്ന് സതീശൻ തിരുത്തിയപ്പേഴേക്കും വാർത്ത ലോകംചുറ്റി തിരിച്ചു വന്നു കഴിഞ്ഞു. ആർ.എസ്.എസിന്റെ പരിപാടിയിൽ വി.സിമാർ പങ്കെടുത്തത് തെറ്റാണെന്ന് താൻ പറഞ്ഞെങ്കിലും അത് പ്രതിപക്ഷം കേട്ടില്ലെന്ന് അദ്ദേഹം പരിതപിക്കുന്നു. ഇടതുകാലത്ത് നാല് വി.സിമാർ ആർ.എസ്.എസ് പരിപാടിയിൽ പങ്കെടുത്തപ്പോൾ അതിനെ അന്നത്തെ മന്ത്രി ബിന്ദു ന്യായീകരിച്ചു. ഒടുവിൽ കെ.എസ്.ആർ.ടി.സിയിലെ സ്ത്രീകളുടെ സൗജന്യ യാത്ര അട്ടിമറിക്കാൻ സർക്കാർ തന്നെ ഓർഡിനറി ബസ്സുകളെ സിറ്റി ബസ്സുകളാക്കി മാറ്റിയെന്ന സിൻഡിക്കേറ്റ് വാർത്തയും പൊളിച്ചടുക്കാൻ മുഖ്യമന്ത്രി തന്നെ കളത്തിലിറങ്ങേണ്ടി വന്നു.

ഈ കപ്പൽ ആടിയുലയുകയില്ല സാർ എന്ന് വീണാ ജോർജിനെ പോലെ വിളിച്ചു കൂവാനും തൽക്കാലം ആരും കൂടെയില്ല.

## വിസ്മയം ബജറ്റിലും?

ആഭ്യന്തര വകുപ്പ് രമേശ് ചെന്നിത്തല പിടിച്ചുവാങ്ങിയപ്പോൾ ആഭ്യന്തരം കൈവശമില്ലാത്ത മുഖ്യമന്ത്രിയായി മാറിയ സതീശൻ, തന്റെ ഇഷ്ട മേഖലയായ സാമ്പത്തികം കൈവശം വച്ചപ്പോൾ തന്നെ ഒരു വിസ്മയ ബജറ്റ് പ്രതീക്ഷിക്കപ്പെട്ടതാണ്. ഒന്നര പതിറ്റാണ്ട് മുമ്പ് ലോട്ടറി മാഫിയക്കാലത്ത് ധനമന്ത്രി തോമസ് ഐസക്കുമായി കണക്കു വെച്ച് സംവാദം നടത്തിയ സതീശന്റെ ആദ്യ ബജറ്റ് ഒരു സ്നേഹ ബജറ്റ് ആയിരിക്കുമെന്ന് ന്യായമായി ഊഹിക്കാം. ബജറ്റ് അവതരിപ്പിക്കാൻ അവസരം ലഭിച്ച അപൂർവ്വം കോൺഗ്രസ് മുഖ്യമന്ത്രിമാരിൽ ഒരാൾ കൂടിയാണ് സതീശൻ.

വിസ്മയങ്ങൾ ഒളിപ്പിച്ച ആ ബജറ്റിന് വേണ്ടിയായിരിക്കാം മൂന്നുദിവസത്തോളം സന്ദർശകരെ മാറ്റി നിർത്തി അദ്ദേഹം കണക്കുകളുടെ ലോകത്ത് 'വനവാസ' ത്തിന് പോയത്. കണക്ക് പറഞ്ഞു മടുക്കുമെന്ന് ഉറപ്പായപ്പോഴാണ് സതീശൻ ഒരു 'അര'പിണറായി ലൈനിൽ മാധ്യമങ്ങളോട് അല്പം അകൽച്ച പുലർത്തിയത്. അങ്ങനെയെങ്കിൽ പ്രചരണങ്ങളും കൊഴുക്കട്ടെ എന്നായി എതിർ ചേരി.

തുടക്കത്തിലെ അതിനു പറ്റിയ ചേരുവകൾ വീണുകിട്ടുകയും ചെയ്തു. അതിൽ സണ്ണി ജോസഫിന്റെ അളിയൻ നിയമനവും രാജിയും നാട്ടുകാർക്ക് പറഞ്ഞു ചിരിക്കാൻ വകയുണ്ടാക്കി. പിന്നാലെ വന്ന ഗവൺമെന്റ് പ്ലീഡർ നിയമനം രാഷ്ട്രീയ എതിരാളികളിൽ പോലും അമ്പരപ്പ് ഉണ്ടാക്കി. എന്നാൽ ആ തെറ്റായ നിയമനങ്ങൾ കയ്യോടെ തിരുത്തി സർക്കാർ തടിയൂരി.

ഭരണ പരിചയക്കുറവ് ആരോപിച്ചവർക്ക് അതൊരു ആയുധവുമായി. വെട്ടിയും തിരുത്തിയും മുന്നോട്ട് പോകാൻ സതീശന് കൂട്ട് സതീശൻ മാത്രം!

ആഭ്യന്തര ആരോഗ്യ വകുപ്പുകളിൽ നടക്കുന്ന കാര്യങ്ങൾ. ആരോഗ്യവകുപ്പ് ഡയറക്ടറെ മാറ്റിയത് ഉൾപ്പെടെയുള്ള തലവേദനകൾ. ദേവസ്വം ബോർഡിലേത് ഉൾപ്പെടെയുള്ള സ്ഥലംമാറ്റ വിവാദങ്ങൾ. പേഴ്സണൽ സ്റ്റാഫിൽ കയറി പറ്റുന്ന അനഭിമതർ ...

എന്നാൽ അതിനിടെ, ചില നല്ല കാര്യങ്ങളും നടക്കുന്നു..

മവേലി സ്റ്റോറിൽ സബ്സിഡി സാധനങ്ങൾ സ്റ്റോക്ക് ഇല്ലെന്ന സത്യം രേഖപ്പെടുത്തിയതിന് സപ്ലൈകോയുടെ പ്രതികാര നടപടി നേരിട്ട മനേജരെ തിരിച്ചെടുത്തത് പോലുള്ള കാര്യങ്ങൾ.

ഏതായാലും ബജറ്റ് കഴിഞ്ഞ് കുറെ നല്ല കാര്യങ്ങൾക്ക് തുടക്കമിടാൻ മുഖ്യമന്ത്രി സമയം ചോദിച്ചിട്ടുണ്ട്.

മുല്ലപ്പെരിയാർ വിഷയത്തിൽ തമിഴ്നാടുമായും രാത്രികാല യാത്രയിൽ കർണാടകയുമായും കേരളത്തിന്റെ വിഷയങ്ങൾ ചർച്ച ചെയ്യാൻ ഒരുങ്ങുകയാണ് സർക്കാർ.

ബജറ്റിൽ 35000 കോടിയുടെ സ്വപ്നം കാണുന്ന തനിക്ക്, 20,500 കോടി മാത്രമേ ഖജനാവിൽ നീക്കിയിരിപ്പ് കാണുന്നുള്ളൂ എന്ന് പറയേണ്ടി വന്നു,സതീശന് !

ഏതായാലും,സുസ്ഥിരമായ ഒരു ഭരണം ഏതൊരു ജനതയുടെയും അവകാശമാണ്. ഭരിക്കാൻ അധികാരത്തിൽ കയറ്റിയവരെ അതിന് അനുവദിക്കുക കൂടി വേണം. മുൻകാല ചെയ്തികളുടെ എല്ലാം പാപഭാരം ഏറ്റു കൊണ്ടുവേണം ആർക്കും ഭരണയന്ത്രം തിരിക്കാൻ.

ചെയ്തുപോയ തെറ്റുകൾ തിരുത്തപ്പെടാനും ആവർത്തിക്കാതിരിക്കാനും ജാഗ്രത പുലർത്തേണ്ട പുതിയ ഭരണാധികാരികളെ നിരന്തരം വേട്ടയാടി പ്രതിപക്ഷത്തേക്കാൾ വലിയ പ്രതിപക്ഷം കളിക്കുന്നത് വിനോദമാക്കുന്നവർ ചെയ്യുന്നത് ഭരണ യന്ത്രത്തെ പിന്നോട്ട് തിരിക്കലാണ്. താൽക്കാലികമായെങ്കിലും അതു സൃഷ്ടിക്കുന്ന പ്രതിസന്ധികൾ നാടിന് ആപത്താണ്; ജനവിരുദ്ധമാണ്.. അത് ജനാധിപത്യത്തിന്റെ ഏത് അളവുകൾ വച്ചുകൊണ്ടാണെങ്കിലും !

നന്നാക്കാൻ കഴിയാത്ത സ്റ്റാർട്ടിങ് ട്രബിൾ ഉണ്ടോ?

പ്രജിത്ത് രാജ്






## അധ്യായം 37

# അപ്രതീക്ഷിതമായ ചില തീരുമാനങ്ങൾ..!

മൂടൽമഞ്ഞിന്റെ പ്രഭാതം. അതേ, നേര്യമംഗലത്തെ പ്രഭാതം അന്ന് പതിവിലും നിശ്ശബ്ദമായിരുന്നു. മലകൾക്കിടയിലൂടെ ഒഴുകിയെത്തിയ മൂടൽമഞ്ഞ് പുനർജനിയുടെ ഓരോ മരങ്ങളെയും വെളുത്ത പുതപ്പുകൊണ്ട് പൊതിഞ്ഞിരുന്നു. മഴ പൂർണമായി മാറിയിരുന്നില്ല. ഇലകളിൽനിന്ന് വെള്ളത്തുള്ളികൾ ഇനിയും ഇറ്റിറ്റ് വീണുകൊണ്ടിരിക്കുന്നു.

റോബിൻസ് ഉറക്കമുണർന്നെങ്കിലും എഴുന്നേൽക്കാൻ തോന്നിയില്ല. കുറച്ചു നേരം കിടക്കയിൽത്തന്നെ കിടന്നു. അവന്റെ മനസ്സിനെ ഹിമാലയം മാടിവിളിക്കുന്നതുപോലെ തോന്നി. പണ്ടെങ്ങോ ജോർജ് ലൂക്കാസ് ഹിമാലയത്തെക്കുറിച്ചും സ്വാമി രാമയെക്കുറിച്ചും മോട്ടിവേറ്റർ റോബിൻ ശർമ്മയെക്കുറിച്ചും അവനോട് വാചാലനായത് എന്തോ ഇന്നലെ സ്വപ്നത്തിൽ വീണ്ടു കാണാനിടയായി. അതിനിടയിലാണ് ബീനയുടെ മുഖം വീണ്ടും തെളിഞ്ഞുവരുന്നത്.

പിന്നെ റോബിൻസിന്റെ ശ്രദ്ധ മുഴുവൻ ബീനയുടെ മുഖത്തായി..!

ഒരിക്കൽ നഷ്ടപ്പെട്ടെന്ന് കരുതിയവൾ ജീവിതത്തിലേക്ക് തിരികെ വന്നതുപോലെ അവന് തോന്നി. ജാലകത്തിലൂടെ പുറത്തേക്ക് നോക്കിയപ്പോൾ അകലെയുള്ള ബെഞ്ചിൽ ബീന ഇരിക്കുന്നത് കണ്ടു. എന്തായാലും ഇത് സ്വപ്നമല്ല. അവളുടെ കൈയിൽ ചായക്കപ്പുണ്ട്.

അവൻ മെല്ലെ പുറത്തേക്കു നോക്കി.

ബീന അവനെ ജാലകപ്പഴുതിലൂടെ കണ്ടപ്പോൾ ചെറുതായി പുഞ്ചിരിച്ചു.

''ഉറങ്ങിയോ?''

''കുറച്ചൊക്കെ''.

''എനിക്കും നന്നായി ഉറങ്ങാൻ കഴിഞ്ഞില്ല.'' ബീന അവന്റെ കണ്ണുകളിലേക്ക് നോക്കിക്കൊണ്ട് പറഞ്ഞു. ചില നിമിഷങ്ങൾ കടന്നുപോയി. ആരും ഒന്നും പറഞ്ഞില്ല. അവർക്കിടയിൽ മൗനത്തിന് പോലും ഒരു ചരിത്രമുണ്ടായിരുന്നു. അവസാനം ബീന ജനലിനടുത്തേക്കു വന്നിട്ട് വീണ്ടും സംസാരിച്ചുതുടങ്ങി.

''ഇന്നലെ എല്ലാവരും ഉണ്ടായതുകൊണ്ട് പറയാൻ പറ്റിയില്ല.''

റോബിൻസ് അവളെ നോക്കി.

''എന്ത്?''

ബീന ചായക്കപ്പിലേക്കു നോക്കി.

''ഞാൻ പലതവണ നിന്നെക്കുറിച്ച് അന്വേഷിച്ചിരുന്നു.''

റോബിൻസിന്റെ മുഖം മാറി.

''എനിക്കറിയാം.''

''ഇല്ല... നിനക്കറിയില്ല.''

അവളുടെ ശബ്ദം പതുക്കെ വിറച്ചു.

''നിന്നെ കടലിൽ കാണാതായെന്ന വാർത്ത വന്ന ദിവസം ഞാൻ ആശുപത്രിയിൽ ഡ്യൂട്ടിയിലായിരുന്നു. അന്ന് മുഴുവൻ എന്റെ ഹൃദയം തീച്ചൂളയിൽ കിടന്ന് വേവുന്നതുപോലെ തോന്നി. രാത്രി എനിക്ക് രോഗികളെ കാണാൻ പോലും കഴിഞ്ഞില്ല.''

റോബിൻസ് ഒന്നും പറഞ്ഞില്ല.

''അതിനുശേഷം മാസങ്ങളോളം ഞാൻ ഓരോ വാർത്തയും നോക്കി..!''

''ക്ഷമിക്കണം.'' അവൻ വീണ്ടും അതേ വാക്ക് പറഞ്ഞു. ബീന ചെറിയൊരു ചിരിയോടെ തലകുലുക്കി. അതെങ്ങനെ ക്ഷമിക്കാനാകും..!

''ഇപ്പോൾ തോന്നുന്നു, നിന്റെ ക്ഷമാപണത്തേക്കാൾ എനിക്ക് വേണ്ടിയിരുന്നത് നീ ജീവനോടെ ഉണ്ടെന്ന അറിവായിരുന്നു.'' അവരുടെ കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടി.

പിന്നെ അവൾ ആകാശത്തിലേക്ക് നോക്കി.

''നിനക്കറിയാമോ റോബിൻസ്...''

''എന്ത്?''

''നമ്മൾ നഷ്ടപ്പെടുത്തിയതെന്താണെന്ന് എനിക്ക് ഇന്നലെയാണ് ശരിക്കും മനസ്സിലായത്.''

അവൻ മിണ്ടാതെ കേട്ടു.

''പന്ത്രണ്ട് വർഷം.''

അവൾ വിരലുകൾ കൊണ്ട് കപ്പിന്റെ വക്കിൽ തലോടിക്കൊണ്ടിരുന്നു.

''ഒരു മനുഷ്യന്റെ ജീവിതത്തിൽ സംഭവിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട വർഷങ്ങൾ.'' അവളുടെ കണ്ണുകൾ നിറഞ്ഞു.

കുറച്ചനേരം അവൾ അവനെ നോക്കിയിരുന്നു. പിന്നെ ദീർഘമായി ശ്വാസം വിട്ടു. പിന്നെ, മൗനം ഇരുവരുടെയും ഇടയിൽ വീണുടഞ്ഞു. ഒരു നിമിഷത്തേക്ക് സമയം നിലച്ചതുപോലെ. ദൂരെയെവിടെയോ പക്ഷികൾ ശബ്ദമുണ്ടാക്കി ചിറകടിച്ചു പറക്കുന്നു.

റോബിൻസ് ചിരിക്കാൻ ശ്രമിച്ചു. ബീന ശക്തിയായൊരു നെടുവീർപ്പിട്ടു. അവളുടെ കണ്ണുകൾ നിറഞ്ഞു. പിന്നെ ചിരക്കാൻ ശ്രമിച്ചെങ്കിലും ആ ചിരിക്ക് പിന്നിൽ കണ്ണുനീരിന്റെ നല്ല നനവുണ്ടായിരുന്നു.

''അല്ല റോബിൻസ്.'' അവൾ മെല്ലെ പറഞ്ഞു: ''മറ്റുള്ളവരുടെ ജീവിതത്തിൽ നടന്ന പല കാര്യങ്ങളും നമ്മുടെ ജീവിതത്തിൽ നടന്നില്ല.''

ഒരാൾക്ക് കുടുംബമുണ്ടാകേണ്ട സമയത്ത് അയാൾ യുദ്ധഭൂമികളിലും ദുരന്തഭൂമികളിലും വാർത്ത തേടി അലഞ്ഞു നടന്നു. മറ്റൊരാൾക്ക് ഒരു വീട് ഉണ്ടാകേണ്ട സമയത്ത് അവൾ ആശുപത്രികളുടെ ഇടനാഴികളിലൂടെ രോഗികൾക്കായി ഓടിക്കൊണ്ടിരുന്നു. രണ്ടുപേരും ഒരർത്ഥത്തിൽ വിജയിച്ചിരുന്നു. പക്ഷേ എന്തോ, എവിടെയോ നഷ്ടപ്പെട്ടപോലൊരു തോന്നൽ സാവകാശം ഉയർന്നു പൊങ്ങാൻ തുടങ്ങിയിരുന്നുവല്ലോ..?

അവൾ ദൂരെയായി കളിക്കുന്ന കുട്ടികളിലേക്ക് നോക്കി.

''ചിലപ്പോഴൊക്കെ ആശുപത്രിയിൽ കുഞ്ഞുങ്ങളെ കാണുമ്പോൾ...'' അവൾ വാക്കുകൾ പൂർത്തിയാക്കിയില്ല.

റോബിൻസിന് മനസ്സിലായി. അവൻ അവളുടെ കൈയിൽ മെല്ലെ സ്പർശിച്ചു. ഒരു ആശ്വാസം പോലെ. ഒരു വാഗ്ദാനം പോലെ. ബീന കൈ പിൻവലിച്ചില്ല. അവൾ അവനെ നോക്കി. അവരുടെ കണ്ണുകളിൽ ഇപ്പോൾ യുവത്വത്തിന്റെ ആവേശമുണ്ടായിരുന്നില്ല. പകരം ജീവിതം പഠിപ്പിച്ച ഒരു പക്വതയുണ്ടായിരുന്നു.

''നമുക്ക് നഷ്ടമായതൊന്നും തിരികെ കിട്ടില്ല.'' ബീന പതുക്കെ പറഞ്ഞു.

''ഇല്ല.''

''പക്ഷേ...'' അവൾ പുഞ്ചിരിച്ചു.

''ഇനി നഷ്ടപ്പെടുത്താതിരിക്കാം.''

റോബിൻസ് അവളെ നോക്കി.

ആ വാക്കുകൾക്ക് ദൃഢതയുണ്ടായിരുന്നു. പ്രതീക്ഷയുണ്ടായിരുന്നു..! വളരെക്കാലത്തിനുശേഷം. ജീവിതം രണ്ടുപേർക്കും ഒരു രണ്ടാമത്തെ അവസരം നൽകാൻ തയ്യാറെടുക്കുന്നതുപോലെ. മൂടൽമഞ്ഞിനിടയിലൂടെ സൂര്യപ്രകാശം പതുക്കെ മലമുകളിലേക്ക് വീണുതുടങ്ങി. ഒരു പുതിയ ദിവസത്തിന്റെ തുടക്കം.

ഒരുപക്ഷേ... ഒരു പുതിയ ജീവിതത്തിന്റെയും. ഞാൻ ചായ കൊണ്ടുവരാം. ബീന അടുക്കളയിലേക്കു പോയി. റോബിൻസ് വീണ്ടു അലോചനയിൽ മുഴുകി. തന്റെ ജന്മനാടായ ചെപ്പുകുളത്തെ പോകണം. അവന്റെ മനസ്സിൽ മറ്റെന്തോ വലിയ കണക്കുകൂട്ടലുകൾ നടക്കുകയായിരുന്നു. ചായയുമായി ബീന അകത്തേക്ക് വന്നു.

''രാവിലെ തന്നെ എന്താ ഇത്ര ഗൗരവം?'' അവൾ പുഞ്ചിരിയോടെ ചോദിച്ചു. റോബിൻസ് ഒന്ന് തിരിഞ്ഞുനോക്കി. പുഞ്ചിരിക്കാൻ ശ്രമിച്ചെങ്കിലും അത് കണ്ണുകളിലേക്ക് എത്തിയില്ല.

അവൾ ചായ അവന് നൽകി എതിർവശത്തുള്ള കസേരയിൽ ഇരുന്നു. മുറിക്കുള്ളിൽ കുറച്ചു നിമിഷങ്ങൾ നിശ്ശബ്ദത നിറഞ്ഞു. പുറത്ത് മഴത്തുള്ളികൾ മേൽക്കൂരയിൽ പതിക്കുന്ന ശബ്ദം മാത്രം.

''അലൂമയുടെ ദ്വീപ്...'' റോബിൻസ് പതുക്കെ പറഞ്ഞു. ആ പേര് കേട്ട നിമിഷം തന്നെ ബീനയുടെ കണ്ണുകളിൽ കൗതുകം മിന്നി.

''അതെതാ സ്ഥലം?'' അവൾ ചോദിച്ചു.

''ഭൂപടത്തിൽ കാണാത്ത ഒരു ദ്വീപ്. മാത്രമല്ല അത്. അലൂമ അറിയാതെ എത്തിപ്പെട്ട സ്ഥലം. അവിടെ ജീവിക്കുന്നവർക്ക് പുറത്തുള്ള ലോകം അത്ര പ്രസക്തമല്ല.''

അവന്റെ വാക്കുകൾ വളരെ സൂക്ഷ്മമായിരുന്നു. ആമോസ് ജീവിതരീതിയെക്കുറിച്ചു കേട്ടിട്ടില്ലേ..? അതുപോലൊന്നോ, അതിനേക്കാൾ മെച്ചമായ ഒന്നോ കെട്ടിപ്പടുക്കണം. അലൂമ എല്ലാത്തിനും അടിത്തറ പാകിയിട്ടുണ്ട്. കൂടുതൽ ചോദിക്കാൻ ബീന ശ്രമിച്ചെങ്കിലും അവൻ വിശദാംശങ്ങൾ ഒഴിവാക്കി.

''എല്ലാം ഇപ്പോൾ പറയാൻ പറ്റില്ല. സമയം വന്നാൽ നീ തന്നെ കാണും.''

ആ മറുപടി കേട്ടപ്പോൾ അത്ഭുതമായി ബീനയ്ക്ക്. നിരാശ തോന്നിയില്ല. മറിച്ച്, ആ രഹസ്യം അവളെ കൂടുതൽ ആകർഷിച്ചു. അവൾ ജനലിലൂടെ പുറത്തേക്ക് നോക്കി.

''അറിയാമോ റോബിൻസ്... ഞാൻ തിരിച്ചു വന്നതിന്റെ യഥാർത്ഥ കാരണം?''

അവൻ മിണ്ടാതെ അവളെ നോക്കി.

''ഇംഗ്ലീഷ് മരുന്നുകളുടെ ലോകം എനിക്ക് മടുത്തു.'' അവളുടെ ശബ്ദം അപ്രതീക്ഷിതമായി ഗൗരവമായി.

''പുറത്തുനിന്ന് കാണുമ്പോൾ അത് ഗവേഷണമാണ്... പുരോഗതിയാണ്... മനുഷ്യരാശിക്ക് വേണ്ടിയുള്ള സേവനമാണ്. അതു സത്യം തന്നെ..! പക്ഷേ അവരെ നിയന്ത്രിക്കുന്നത് വലിയൊരു കോർപ്പറേറ്റ് ശൃംഖലയാണ്.''

റോബിൻസ് ഒന്നും പറഞ്ഞില്ല.

''പണം...അധികാരം...മറച്ചുവെച്ച പരീക്ഷണങ്ങൾ... മനുഷ്യജീവിതങ്ങളെ അക്കങ്ങളായി കാണുന്ന സമീപനങ്ങൾ...''

അവൾ ഒരു നിമിഷം നിർത്തി.

''എല്ലാവരും മോശമാണെന്ന് പറയുന്നില്ല. പക്ഷേ ഞാൻ കണ്ട ചില കാര്യങ്ങൾ ഇന്നും എനിക്കുറങ്ങാൻ കഴിയാത്തത്ര ഭീകരമാണ്.''

മുറിക്കുള്ളിലെ അന്തരീക്ഷം പതുക്കെ മാറുകയായിരുന്നു.

''ഒരു ഘട്ടത്തിൽ മനസ്സിലായി... അതിന്റെ ഭാഗമായിട്ട് തുടരാൻ എനിക്ക് കഴിയില്ലെന്ന്.''

''അതുകൊണ്ടാണ് രാജിവെച്ചത്.''

റോബിൻസിന്റെ മുഖത്ത് കുറേക്കൂടി വ്യക്തമായ ആദരവ് തെളിഞ്ഞു.

''അപ്പോൾ ഇത് പറ്റിയ സന്ദർഭം തന്നെ.!'' അവൾ ചെറുതായി ചിരിച്ചു.

''ഇനി എവിടെയെങ്കിലും ശാന്തമായി ജീവിക്കണം എന്നു തീരുമാനിച്ചാണ് നാട്ടിലേക്കു വന്നത്.''

''ലോകത്തിൽ അങ്ങനെയൊരു സ്ഥലം ഇപ്പോഴും ഉണ്ടെന്ന് വിശ്വസിക്കുന്നോ?''

''ഉണ്ട്.''

''എവിടെ?'' ബീന നേരെ അവന്റെ കണ്ണുകളിലേക്ക് നോക്കി.

''നീ പറഞ്ഞ ആ ദ്വീപിൽ ആയിരിക്കാം.''

ആ വാക്കുകൾ കേട്ട നിമിഷം റോബിൻസിന്റെ മുഖത്ത് വിചിത്രമായ ഒരു ഭാവം തെളിഞ്ഞു. അത്ഭുതമോ? അല്ലെങ്കിൽ മറ്റെന്തോ? പുറത്ത് കാറ്റ് ശക്തമായി വീശി. ജനൽപ്പാളി ചെറുതായി വിറച്ചു.

''അവിടെ പോകുന്നത് എളുപ്പമല്ല, ബീന.''

''ഞാൻ എളുപ്പമുള്ള വഴികൾ തേടുന്ന ആളല്ല.'' വീണ്ടും നിശ്ശബ്ദത. ഒടുവിൽ റോബിൻസ് പതുക്കെ എഴുന്നേറ്റു.

''അപ്പോൾ തീരുമാനമായോ?''

''അതെ.''

''ഇനിയുള്ള ജീവിതം...?'' റോബിൻസ് ചോദിച്ചു.

''അലൂമയുടെ ദ്വീപിൽ നമ്മൾ ഒരുമിച്ച്..''

അവരുടെ കണ്ണുകൾ വീണ്ടും ഒന്നിച്ചു. എന്നാൽ ഒരുമിച്ചുള്ള ആ യാത്ര തുടങ്ങും മുമ്പ് എനിക്ക് ഒറ്റയ്ക്കൊരു യാത്ര കൂടി ഉണ്ട്. അതുകഴിഞ്ഞ് ഉടൻ ഞാനിവിടെ മടങ്ങിയെത്തും. റോബിൻസ് അത് പറഞ്ഞു തീരും മുമ്പെ ബീന അയാളുടെ കൈ കടന്നുപിടിച്ചുകൊണ്ട് പറഞ്ഞു.


''അതിന് ഞാൻ വിട്ടിട്ടുവേണ്ടെ..?''

(തുടരും)

### കഥ ഇതുവരെ

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപ്പെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചുകയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാല കഥ പറയുന്നു. അതിനു ശേഷം അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തുനിയുന്നു റോബിൻസ്. ആ സമയം ആരെയോ തിരക്കി ഒരു കപ്പൽ ആ ദ്വീപിനെ ലക്ഷ്യമാക്കി യാത്ര തിരിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം കേരളത്തിൽ എത്തി പഴയ സുഹൃത്തുക്കളെ കാണുന്നു.

തുടർന്നു വായിക്കുക



# യുഎസ് – ഇറാൻ ഉടമ്പടിക്ക് പിന്നാലെ പശ്ചിമേഷ്യയിൽ രൂപപ്പെടുന്ന പുതിയ ആഗോള സമവാക്യങ്ങൾ



ന്യൂഡൽഹി/വാഷിംഗ്ടൺ/ടെഹ്റാൻ: ദശാബ്ദങ്ങളായി പശ്ചിമേഷ്യൻ മണ്ണിലെ ഭൗമരാഷ്ട്രീയ ഗതിവിഗതികളെയും ഇന്ധന വിപണികളെയും തങ്ങളുടെ സൈനിക കരുത്ത് കൊണ്ട് മാത്രം നിയന്ത്രിച്ചിരുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ സൂര്യൻ ആകാശത്ത് പതുക്കെ താണുതുടങ്ങുന്നതിന്റെ കൃത്യമായ സൂചനകളാണ് വിപണിയിൽ നിന്നും പുറത്തുവരുന്നത്.

പശ്ചിമേഷ്യൻ കടലിടുക്കുകളെ നിശ്ചലമാക്കിയ കടുത്ത പ്രതിസന്ധികൾക്ക് താല്കാലികശ്വാസമിടവേളനൽകിക്കൊണ്ട് അമേരിക്കയും ഇറാനും തമ്മിൽ ഡിജിറ്റലായി ഒപ്പുവെച്ച ഇടക്കാല സമാധാന ഉടമ്പടി ഒരു വലിയ ചരിത്രപരമായ മാറ്റത്തിന്റെ തുടക്കമായാണ് വിലയിരുത്തപ്പെടുന്നത്. ഏറ്റവും പുതിയ തന്ത്രപ്രധാനമായ നയരേഖകൾ വ്യക്തമാക്കുന്നത്, ഈ കരാറിലൂടെ അമേരിക്ക പശ്ചിമേഷ്യയിൽ നിന്നും തങ്ങളുടെ സാന്നിധ്യം ഘട്ടംഘട്ടമായി പിൻവലിക്കാൻ ഒരുങ്ങുകയാണെന്നാണ്.

തങ്ങളുടെ ആകെ സൈനികസാമ്പത്തിക വിഭവങ്ങളും അത്യാധുനിക ആയുധശേഖരവും ചൈനയെ തളയ്ക്കുക എന്ന ലക്ഷ്യത്തോടെ ഇൻഡോ-പസഫിക് സമുദ്ര മേഖലകളിലേക്ക് പൂർണ്ണമായി മാറ്റിവെക്കാനാണ് വാഷിംഗ്ടൺ ഇപ്പോൾ ശ്രമിക്കുന്നത്. എന്നാൽ അമേരിക്കൻ സ്വാധീനം കുറയുന്നതോടെ പശ്ചിമേഷ്യയിൽ രൂപപ്പെടുന്ന വലിയൊരു അധികാര ശൂന്യതയിലേക്ക് ബെയ്ജിംഗും മോസ്കോയും ഇസ്ലാമാബാദും ചേർന്ന് പുതിയൊരു പ്രതിരോധ സഖ്യം തീർക്കുമോ എന്ന ഭീതിയിലാണ് ലോകരാജ്യങ്ങൾ.

വൻശക്തികളുടെ ഈ പുതിയ പിന്മാറ്റ തന്ത്രങ്ങളെക്കുറിച്ചും അത് ഏഷ്യൻ വിപണികളിലും ഭാരതീയ സുരക്ഷയിലും ഉണ്ടാക്കാൻ പോകുന്ന കനത്ത ആഘാതങ്ങളെക്കുറിച്ചുമുള്ള സമഗ്രമായ അന്വേഷണാത്മക റിപ്പോർട്ട് താഴെ നൽകുന്നു.

### വാഷിംഗ്ടണിന്റെ പിന്മാറ്റ തന്ത്രങ്ങളും ഇൻഡോ–പസഫിക്കിലെ റെപ്ലിക്കേറ്റർ പദ്ധതിയും

പശ്ചിമേഷ്യയിൽ നിന്നും തങ്ങളുടെ യുദ്ധക്കപ്പലുകളും സൈനികരെയും പിൻവലിക്കാൻ അമേരിക്ക തീരുമാനിച്ചതിന് പിന്നിൽ കടുത്ത ചില ആഗോള അജണ്ടകളുണ്ട്.

### ചൈനീസ് അധിനിവേശത്തെ തളയ്ക്കാനുള്ള പ്ലാൻ എ

തായ്‌വാൻ കടലിടുക്കിലും ദക്ഷിണ ചൈനാ കടലിലും ചൈനീസ് നാവിക സേന നടത്തുന്ന കടുത്ത മുന്നേറ്റങ്ങളെ പ്രതിരോധിക്കുക എന്നതാണ് വൈറ്റ് ഹൗസിന്റെ ഇപ്പോഴത്തെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. പശ്ചിമേഷ്യൻ യുദ്ധങ്ങളിൽ തങ്ങളുടെ സാമ്പത്തിക ശേഷി പാഴാക്കിക്കളയുന്നത് നിർത്തിവെക്കാൻ പെന്റഗൺ ഉന്നത ഉദ്യോഗസ്ഥർ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് മേൽ കടുത്ത സമ്മർദ്ദമാണ് ചെലുത്തിയിരുന്നത്. ഇതിന്റെ ഭാഗമായാണ് ഇറാനുമായി അടിയന്തിരമായി ഒരു ഡിജിറ്റൽ കരാറിൽ ഒപ്പിടാൻ അമേരിക്ക തയ്യാറായത്.

### ആയിരക്കണക്കിന് കടൽ ഡ്രോണുകളുടെ വലിയ വിന്യാസം

ഇൻഡോ-പസഫിക് മേഖലയിൽ ചൈനയുടെ കപ്പലുകളെ നേരിടാൻ ആയിരക്കണക്കിന് ചെലവ് കുറഞ്ഞ സ്വയംഭരണാധികാരമുള്ള റോബോട്ടിക് ബോട്ടുകൾ അതിവേഗം നിർമ്മിച്ചെടുക്കാനുള്ള അമേരിക്കയുടെ 'റെപ്ലിക്കേറ്റർ' പദ്ധതിക്ക് ഇനി കൂടുതൽ വേഗത ലഭിക്കും.

ഒമാൻ തീരത്ത് അപ്പാച്ചെ പൈലറ്റുമാരെ രക്ഷിക്കാൻ ഉപയോഗിച്ച സാറോണിക് കോർസെയർ പോലുള്ള കടൽ ഡ്രോണുകളായിരിക്കും ഇനി അമേരിക്കയുടെ പ്രധാന ആയുധം. മനുഷ്യന്റെ നേരിട്ടുള്ള പങ്കാളിത്തമില്ലാത്ത ഈ പുതിയ യുദ്ധശൈലി തങ്ങളുടെ പ്രതിരോധ ബജറ്റിന് വലിയൊരു ആശ്വാസമാണ് നൽകുന്നത്.

### താവളങ്ങൾ അടച്ചുപൂട്ടുന്ന പെന്റഗൺ നയം

കുവൈറ്റ്, ബഹ്റൈൻ എന്നിവിടങ്ങളിൽ നിലവിലുള്ള യുഎസ് അഞ്ചാം നാവികപ്പടയുടെ ചില തന്ത്രപ്രധാനമായ പട്രോളിംഗ് കേന്ദ്രങ്ങൾ വരും വർഷങ്ങളിൽ പൂർണ്ണമായി അടച്ചുപൂട്ടാനോ അവയുടെ വലിപ്പം പകുതിയായി കുറയ്ക്കാനോ ആണ് അമേരിക്ക പദ്ധതിയിടുന്നത്. ഈ വലിയ താവളങ്ങളുടെ സംരക്ഷണ ചുമതല ജിസിസി രാജ്യങ്ങൾ സ്വന്തം ചിലവിൽ ഏറ്റെടുക്കണമെന്ന് ട്രംപ് കടുത്ത ഭാഷയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് അറബ് ലോകത്ത് വലിയൊരു സുരക്ഷാ അനിശ്ചിതത്വത്തിന് കാരണമായിട്ടുണ്ട്.

### പശ്ചിമേഷ്യയിലെ പുതിയ അധികാര ചതുരങ്കവും പാകിസ്ഥാൻ-ചൈന അച്ചുതണ്ടിന്റെ കുതിപ്പും

അമേരിക്കയുടെ പിന്മാറ്റം ഈ മേഖലയിലെ പഴയ സുരക്ഷാ സഖ്യങ്ങളെ പൂർണ്ണമായി മാറ്റിമറിക്കുന്ന പുതിയൊരു ഭൗമരാഷ്ട്രീയ മത്സരത്തിനാണ് വഴിതുറന്നിരിക്കുന്നത്.

### ബെയ്ജിംഗിന്റെ നിശ്ശബ്ദ നയതന്ത്ര വിജയങ്ങൾ

അമേരിക്കൻ സ്വാധീനം കുറയുന്നതോടെ പശ്ചിമേഷ്യൻ വിപണികളിലേക്ക് തങ്ങളുടെ അത്യാധുനിക ഡിജിറ്റൽ സംവിധാനങ്ങളും ഇൻഫ്രാസ്ട്രക്ചർ പദ്ധതികളും വൻതോതിൽ എത്തിക്കാനാണ് ചൈന ശ്രമിക്കുന്നത്. സൗദി അറേബ്യയും ഇറാനും തമ്മിലുള്ള സമാധാന ചർച്ചകൾക്ക് മുൻപ് ബെയ്ജിംഗ് തുടക്കം കുറിച്ചതുപോലെ, ഈ പുതിയ കരാറിന് പിന്നിലും ചൈനയുടെ കടുത്ത സാമ്പത്തിക ഉറപ്പുകൾ ഉണ്ടായിരുന്നു. ഇത് ഡോളറിന് പകരമായി പുതിയൊരു കറൻസി വിപണി രൂപപ്പെടാൻ കാരണമാകും.

### ഇസ്ലാമാബാദിന്റെ പുതിയ ആഗോള മേധാവിത്വങ്ങൾ

യുഎസ്ഇറാൻ സമാധാന ചർച്ചകളിൽ പാകിസ്ഥാൻ പ്രധാനമന്ത്രി ഷെഹബാസ് ശരീഫ് വഹിച്ച തന്ത്രപരമായ മധ്യസ്ഥത ആഗോള ഭൂപടത്തിൽ ഇസ്ലാമാബാദിന്റെ പ്രധാന്യം ഇരട്ടിയാക്കിയിരിക്കുകയാണ്. തങ്ങളുടെ വിദേശനയങ്ങളിലെ ഈ വലിയ കുതിച്ചുചാട്ടം വരും നാളുകളിൽ വിദേശ നിക്ഷേപകരെ പാകിസ്ഥാനിലേക്ക് ആകർഷിക്കാൻ സഹായിക്കും. ഈ പുതിയ സഖ്യം ഭാരതീയ അതിർത്തികളിൽ പുതിയൊരു തന്ത്രപ്രധാനമായ വെല്ലുവിളിയാണ് ഉയർത്തുന്നത്.

### ഇസ്രായേലിന്റെ ഒറ്റപ്പെടലും പുതിയ യുദ്ധഭീതികളും

അമേരിക്ക ഇറാനുമായി നടത്തിയ ഈ അടിയന്തര കരാറിനെ പൂർണ്ണമായി തള്ളിക്കളഞ്ഞുകൊണ്ട് ഇസ്രായേൽ രംഗത്തെത്തിയത് പശ്ചിമേഷ്യയെ വീണ്ടുമൊരു കടുത്ത പ്രതിസന്ധിയിലേക്ക് നയിക്കുന്നുണ്ട്. ഹെസ്ബൊള്ളയ്ക്കും ഇറാനുമെതിരെയുള്ള പോരാട്ടങ്ങളിൽ തങ്ങളെ അമേരിക്ക ഒറ്റപ്പെടുത്തിയെന്നാണ് ബെന്യാമിൻ നെതന്യാഹു വിശ്വസിക്കുന്നത്. സ്വന്തം സുരക്ഷയ്ക്കായി ഇസ്രായേൽ നടത്തുന്ന പുതിയ വ്യോമാക്രമണങ്ങൾ ഈ ഇടക്കാല കരാറിന്റെ നിലനിൽപ്പിനെ കടുത്ത രീതിയിൽ ചോദ്യം ചെയ്യുന്നവയാണ്.

പശ്ചിമേഷ്യൻ ആകാശത്തുനിന്നും അമേരിക്കൻ സൂര്യൻ അസ്തമിക്കമ്പോൾ രൂപപ്പെടുന്ന ഈ പുതിയ ലോകക്രമം അതീവ ജാഗ്രതയോടെയാണ് നിരീക്ഷിക്കപ്പെടേണ്ടത്. പ്രാദേശിക കക്ഷികളെ ഭിന്നിപ്പിച്ചു കീഴടക്കുന്ന പഴയ നയങ്ങൾ മാറ്റിമറിച്ചുകൊണ്ട് ഒരു പുതിയ ആഗോള സാമ്പത്തിക കൂട്ടായ്മയാണ് ഇവിടെ വളർന്നുവരുന്നത്.

വരും മാസങ്ങളിൽ പുതിയതായി അധികാരമേറ്റ വി.ഡി. സതീശൻ സർക്കാരിന്റെ വിപണി ഇടപെടലുകളും അന്താരാഷ്ട്ര തലത്തിൽ നടക്കാൻ പോകുന്ന പുതിയ നയതന്ത്ര ചർച്ചകളുമായിരിക്കും നമ്മുടെ നാടിന്റെയും ആഗോള വിപണികളുടെയും യഥാർത്ഥ ഭാവി സുരക്ഷ കൃത്യമായി നിശ്ചയിക്കുക.

# ഇറാൻ – യു.എസ് ചരിത്രക്കരാർ: ആഗോള വിപണിയിലെ വിലക്കയറ്റത്തിന് ഉടൻ അറുതിയാകുമോ




വർഷങ്ങൾ നീണ്ട അനിശ്ചിതത്വങ്ങൾക്കൊടുവിൽ ഇറാനും അമേരിക്കയും തമ്മിൽ ഇടക്കാല സമാധാനക്കരാറിൽ ധാരണയായ വാർത്ത ആഗോളതലത്തിൽ വലിയ ആശ്വാസമാണ് പകരുന്നത്. എന്നാൽ യുദ്ധ സമാനമായ സാഹചര്യങ്ങൾക്ക് അയവ് വന്നാലും സാധാരണക്കാരുടെ കീശ ചോർത്തുന്ന എണ്ണ, ഭക്ഷ്യ വസ്തുക്കൾ, വിമാന ടിക്കറ്റുകൾ തുടങ്ങിയവയുടെ വിലക്കയറ്റം ഉടനടി കുറയില്ലെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ.

കരാർ ഔദ്യോഗികമായി ഒപ്പിടുന്നതോടെ ലോകത്തിലെ പ്രധാന ചരക്കുപാതകൾ തുറക്കുമെങ്കിലും, വിപണി പൂർണ്ണമായും സാധാരണ നിലയിലാകാൻ മാസങ്ങൾ എടത്തേക്കും. 2026 ലെ ആഗോള വിപണിയെ ഈ കരാർ എങ്ങനെയെല്ലാം ബാധിക്കുമെന്ന് വിശദമായി പരിശോധിക്കാം.

### ഹോർമുസ് കടലിടുക്ക്: എന്തുകൊണ്ട് ഇത് നിർണായകം?

കരാർ ഔദ്യോഗികമായി ഒപ്പിടുന്നതോടെ ലോകത്തിലെ ഏറ്റവും തന്ത്രപ്രധാനമായ ഹോർമുസ് കടലിടുക്ക് പൂർണമായും തുറക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയിട്ടുണ്ട്. ആഗോള സമ്പദ്വ്യവസ്ഥയുടെ ജീവനനാഡിയായാണ് ഈ ചരക്ക് ഇടനാഴി അറിയപ്പെടുന്നത്. യുദ്ധം തുടങ്ങുന്നതിന് മുൻപ് ആഗോള എണ്ണ നീക്കത്തിന്റെ 20 ശതമാനവും ഈ വഴിയിലൂടെയായിരുന്നു. കൂടാതെ ആഗോള വളംനീക്കത്തിന്റെ 30 ശതമാനവും ഹോർമുസ് കടലിടുക്ക് വഴിയാണ് കടന്നപോയിരുന്നത്. ഇറാൻ ഈ പാത അടച്ചതോടെയാണ് ആഗോള വിതരണ ശൃംഖല പൂർണ്ണമായും തകിടം മറിഞ്ഞതും അന്താരാഷ്ട്ര വിപണിയിൽ ഉത്പന്നങ്ങൾക്ക് കൃത്രിമ ക്ഷാമം നേരിട്ടതും.

### എണ്ണവില കുറഞ്ഞിട്ടും എന്തുകൊണ്ട് വിപണിയിൽ പ്രതിഫലിക്കുന്നില്ല?

സമാധാന കരാർ പ്രഖ്യാപനം ഉണ്ടായതിന് പിന്നാലെയുണ്ടായ ആശ്വാസത്തിൽ ആഗോള അസംസ്കൃത എണ്ണ വില ബാരലിന് 80 ഡോളറായി കുറഞ്ഞിട്ടുണ്ട് (യുദ്ധത്തിനുമുൻപ് ഇത് 67 ഡോളറായിരുന്നു). എങ്കിലും ഇന്ധനവില പെട്ടെന്ന് കുറയാത്തതിന് പിന്നിൽ ചില സാങ്കേതിക കാരണങ്ങളുണ്ട്.

1. **റിഫൈനറികളുടെ മുൻകൂർ കരാറുകൾ**: പൊതവേ, എണ്ണ ശുദ്ധീകരണശാലകൾ ചുരുങ്ങിയത് ഒരു മാസമോ അതിൽക്കൂടുതലോ കാലയളവിലേക്കുള്ള അസംസ്കൃത എണ്ണ ഉയർന്ന വിലയ്ക്ക് മുൻകൂട്ടി പണമടച്ചാണ് വാങ്ങാറ്. അതുകൊണ്ട് പുതിയ കുറഞ്ഞ നിരക്കിലുള്ള എണ്ണ വിപണിയിൽ എത്തുന്നതുവരെ, പഴയ ഉയർന്ന വിലയ്ക്ക് വാങ്ങിയ എണ്ണ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ അവർ തയ്യാറാകില്ല.

2. **വിതരണത്തിനുള്ള സമയ ദൈർഘ്യം**: കുറഞ്ഞ വിലയ്ക്ക് വീണ്ടും അസംസ്കൃത എണ്ണ വാങ്ങി ശുദ്ധീകരിച്ച് പ്രാദേശിക വിപണികളിലെത്തിക്കാൻ ചുരുങ്ങിയത് നാല് മുതൽ ആറ് ആഴ്ച വരെ സമയമെടുക്കും. അതുവരെ സാധാരണ ഉപഭോക്താക്കൾക്ക് ഈ വിലക്കുറവിന്റെ ഗുണം നേരിട്ട് ലഭിക്കില്ല.

### വിമാന ടിക്കറ്റ് നിരക്കുകളും ഭക്ഷ്യവിലയും

എണ്ണ വിലയിൽ ഉണ്ടാകുന്ന കുറവ് വിമാന ടിക്കറ്റ് നിരക്കുകളെയും നിത്യോപയോഗ സാധനങ്ങളുടെ വിലയെയും സ്വാധീനിക്കാൻ ഇനിയും സമയമെടുക്കും. വിമാനക്കമ്പനികൾ സാധാരണയായി തങ്ങളുടെ ഇന്ധനമായ എടിഎഫ് മാസങ്ങൾക്ക് മമ്പേ ഫ്യുവൽ ഹെഡ്ജിംഗ് വഴി മുൻകൂട്ടി വാങ്ങി വെക്കാറുണ്ട്.

ഉയർന്ന വിലയ്ക്ക് വാങ്ങി സംഭരിച്ചിരിക്കുന്ന ഈ ഇന്ധന സ്റ്റോക്ക് തീരുന്ന മുറയ്ക്കേ ടിക്കറ്റ് നിരക്കുകൾ കുറയ്ക്കാൻ കമ്പനികൾക്ക് സാധിക്കൂ. അതിനാൽ വരും മാസങ്ങളിലെ വിമാന യാത്രകൾക്ക് ഇപ്പോഴും ഉയർന്ന നിരക്ക് തന്നെ നൽകേണ്ടി വരും.

### ഭക്ഷ്യ വസ്തുക്കളും പലചരക്ക് സാധനങ്ങളും

ഭക്ഷ്യ സാധനങ്ങളുടെ വില നേരിട്ട് ഇന്ധനച്ചെലവിനെയും ഗതാഗത ച്ചെലവിനെയും ആശ്രയിച്ചിരിക്കുന്നു. ആഗോള സൂപ്പർ മാർക്കറ്റുകളുടെ സംഘടനയായ ഇൻഡിപെൻഡന്റ് ഗ്രോസേഴ്സ് അലയൻസ് വ്യക്തമാക്കുന്നത് അനുസരിച്ച്, ഭക്ഷണ സാധനങ്ങളുടെ ആകെ ഉത്പാദനവിതരണ ചെലവിന്റെ അഞ്ച് ശതമാനം മുതൽ 30 ശതമാനം വരെ ഇന്ധനച്ചെലവിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഹോർമുസ് പാത അടഞ്ഞതോടെ കൃഷിക്ക് ആവശ്യമായ വളത്തിന്റെ വില ക്രമാതീതമായി ഉയർന്നിരുന്നു. വളം നീക്കം പുനസ്ഥാപിക്കപ്പെട്ട്, അടുത്ത വിളവെടുപ്പ് നടക്കമ്പോൾ മാത്രമേ യഥാർത്ഥ ഭക്ഷ്യവിലക്കുറവ് വിപണിയിൽ പ്രകടമാകൂ.

### വിപണിയിലെ മറ്റ് ആഘാതങ്ങൾ

യുദ്ധം മൂലം അസംസ്കൃത എണ്ണയുടെ വിതരണം മാത്രമല്ല, നിത്യോപയോഗ സാധനങ്ങളായ ചെരിപ്പ്, വസ്ത്രങ്ങൾ, ഇലക്ട്രോണിക്സ് ഘടകങ്ങൾ എന്നിവയുടെ വിതരണ ശൃംഖലയും തകർന്നിരുന്നു. ചരക്കുകൂലി കുത്തനെ ഉയർന്നതാണ് ഇതിന് കാരണം.

കപ്പൽ ഗതാഗതം പൂർണ്ണ തോതിൽ സുരക്ഷിതമാകണമെങ്കിൽ ഇൻഷുറൻസ് കമ്പനികൾ തങ്ങളുടെ പ്രീമിയം നിരക്കുകൾ കുറയ്ക്കേണ്ടതുണ്ട്. ഇതിനും മാസങ്ങളുടെ സമയ ദൈർഘ്യം ആവശ്യമാണ്.

ഇറാൻയു.എസ് സമാധാന കരാർ ആഗോള സമ്പദ്വ്യവസ്ഥയ്ക്ക് ദീർഘകാലാ അടിസ്ഥാനത്തിൽ വലിയ ഉത്തേജനം നൽകുമെന്നതിൽ തർക്കമില്ല. വിപണിയിലെ അനിശ്ചിതത്വം മാറിയത് നിക്ഷേപകരിൽ ആത്മ വിശ്വാസം വളർത്തിയിട്ടുണ്ട്.

എങ്കിലും യുദ്ധം വരുത്തിവെച്ച സാമ്പത്തിക ആഘാതങ്ങളിൽ നിന്ന് വിപണിയും വിതരണ ശൃംഖലയും പൂർണമായി മുക്തമാകാൻ 2026 ന്റെ രണ്ടാം പകുതി വരെ സാധാരണക്കാർ കാത്തിരിക്കേണ്ടി വരും. ചുരുക്കത്തിൽ, സമാധാനം ഉടനടി പ്രാബല്യത്തിൽ വരുമെങ്കിലും യഥാർത്ഥ വിലക്കുറവിലേക്ക് വിപണി മാറാൻ അൽപം കൂടി ക്ഷമയോടെ കാത്തിരിക്കേണ്ടി വരും.

# ശിവസേന ഉദ്ധവ് വിഭാഗത്തിൽ പിളർപ്പ്: അടിയന്തര യോഗം



ന്യൂഡൽഹി: തൃണമൂൽ കോൺഗ്രസിലെ വിമത നീക്കത്തിനു സമാനമായ നീക്കങ്ങളും അഭ്യൂഹങ്ങളും മഹാരാഷ്ട്രയെയും ഇളക്കിമറിക്കുന്നു. ശിവസേന ഉദ്ധവ് വിഭാഗത്തിലുള്ള ഒമ്പത് ലോക്സഭാ എം.പിമാരിൽ ആറുപേർ എൻ.ഡി.എ പക്ഷത്തുള്ള ശിവസേന ഷിൻഡേ വിഭാഗത്തിലേക്ക് കൂറുമാറുമെന്നാണ് അഭ്യൂഹം.

ഇതിനിടെ കൂറുമാറ്റം തടയാൻ ഉദ്ധവ് വിഭാഗം ഡൽഹിയിൽ അടിയന്തര യോഗം വിളിച്ചു. ആറ് വിമത എം.പിമാർ പ്രത്യേക ബ്ളോക്കായി നിൽക്കണമെന്ന് ആവശ്യപ്പെട്ട് ലോക്സഭാ സ്പീക്കർക്ക് കത്തുനൽകി. ഈ നീക്കത്തിന് ചുക്കാൻ പിടിക്കാൻ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡേ ഡൽഹിയിലെത്തിയിരുന്നു.

ജൂൺ 18ന് രാവിലെ 11ന് പാർലമെന്റിലെ പാർട്ടി ചേംബറിൽ വിളിച്ച ഉദ്ധവ് വിഭാഗത്തിന്റെ യോഗത്തിൽ കർശനമായി പങ്കെടുക്കണമെന്ന് എം.പിമാർക്ക് വിപ്പ് നൽകിയിട്ടുണ്ട്. ഉദ്ധവ് ഡൽഹിയിലേക്ക് തിരിച്ചു. എത്ര എം.പിമാർ പങ്കെടുക്കുമെന്നത് യഥാർത്ഥ ചിത്രം വ്യക്തമാക്കും. പ്രത്യേക ബ്ളോക്കായി നിൽക്കാനുള്ള വിമതരുടെ നീക്കം അനുവദിക്കരുതെന്നും തങ്ങളുടെ വാദം കേൾക്കണമെന്നും ഉദ്ധവ് വിഭാഗം സ്പീക്കർക്ക് കത്തുനൽകി.

കൂറുമാറാൻ എം.പിമാർക്ക് 50 കോടി രൂപ ഓഫർ ലഭിച്ചതായി ഉദ്ധവ് വിഭാഗം നേതാവ് സഞ്ജയ് റൗത്ത് പറഞ്ഞു. പാർട്ടി വിടാൻ താത്പര്യമുണ്ടെങ്കിൽ രാജി വയ്ക്കണം. ഇന്നത്തെ യോഗത്തിൽ പങ്കെടുത്തില്ലെങ്കിൽ നടപടിയെടുക്കും. ഷിൻഡേയുടെ മകൻ ശ്രീകാന്ത് ഷിൻഡെ വിമത എം.പിമാരുമായി കൂടിക്കാഴ്ച നടത്തിയെന്ന വാർത്ത ഉദ്ധവ് വിഭാഗം തള്ളി.

19ന് മുംബയിൽ വച്ച് ഷിൻഡേ വിഭാഗത്തിൽ ലയിക്കാനാണ് ആറ് എം.പിമാരുടെ നീക്കം. മൂന്നിൽ രണ്ട് എം.പിമാരുള്ളതിനാൽ കൂറുമാറ്റ നിരോധന നിയമം ബാധകമാകില്ലെന്നാണ് കരുതുന്നത്. ബംഗാളിൽ 20 തൃണമൂൽ എം.പിമാർ എൻ.സി.പി. ഐയിൽ ലയിക്കുന്നതിന് സമാനമാണ് നീക്കം. ഒമ്പത് അംഗങ്ങളുള്ള ഉദ്ധവ് വിഭാഗം മൂന്നായി ചുരുങ്ങിയാൽ പ്രതിപക്ഷത്തിനും തിരിച്ചടിയാകും. സർക്കാരിന് ബില്ലുകൾ പാസാക്കാനുള്ള ഭൂരിപക്ഷം കൂടുകയും ചെയ്യും.

# മൈസൂരു സർക്കാർ ആശുപത്രിയിൽ 24 മണിക്കൂറിനിടെ മരിച്ചത് 11 രോഗികൾ



മൈസൂരു (കർണാടക): മൈസൂരുവിലെ സർക്കാർ ആശുപത്രിയിൽ 24 മണിക്കൂറിനുള്ളിൽ 11 ഹൃദ്രോഗികൾ മരിച്ച സംഭവത്തിൽ കർണാടകയിൽ വ്യാപക പ്രതിഷേധം. ഡോക്ടർമാരുടെ കുറവും ചികിത്സാസൗകര്യങ്ങളുടെ മോശം അവസ്ഥയുമാണ് കാരണമെന്ന് ആരോപിച്ച് മരിച്ചവരുടെ ബന്ധുക്കൾ രംഗത്തെത്തി. മൈസൂരു ജയദേവ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കാർഡിയോ വാസ്കുലർ സയൻസസ് ആൻഡ് റിസർച്ചിലാണ് കൂട്ടമരണം. 40നും 85നും ഇടയിൽ പ്രായമുള്ളവരാണ് മരിച്ചത്.

ചികിത്സയിലിരിക്കെ തിങ്കളാഴ്ച രാവിലെ നാലുപേരും രാത്രി അഞ്ചുപേരും ചൊവ്വാഴ്ച രാവിലെ, രണ്ടുപേരുമാണ് മരിച്ചത്. മൈസൂരു, കുടക്, ഹാസൻ, മാണ്ഡ്യ ചാമരാജ നഗർ സ്വദേശികളായ സയ്യിദ് ആരിഫ് പാഷ (80), ഹരീഷ് ബി.ആർ (40), ബാലശങ്കർ (65), സംഷുന്നീഷ് (70), രാജു (54), നിങ്കഗൗഡ (70), മസീന ബാനു (58), ഗോപാലരാജു (55), ബൈറോജി റാവു (80), സുഹൽഖാൻ (43), നീലി (79) എന്നിവരാണ് മരിച്ചത്.

ആശയവിനിമയത്തിന്റെ അഭാവവും അടിയന്തര ഘട്ടങ്ങളിൽ ഇടപെടുന്നതിന് ആശുപത്രിയിൽ വേണ്ടത്ര മെഡിക്കൽ സംവിധാനങ്ങൾ ഇല്ലാതിരുന്നതാണ് കൂട്ടമരണത്തിന് ഇടയാക്കിയതെന്നാണ് ആരോപണം. രോഗികൾക്ക് അടിയന്തര വൈദ്യസഹായം ലഭിച്ചില്ലെന്നും ആക്ഷേപമുയർന്നു. വിശദമായ അന്വേഷണം വേണമെന്ന് ബന്ധുക്കൾ ആവശ്യപ്പെട്ടു.

അതേസമയം, അടിയന്തര ചികിത്സ ലഭിക്കേണ്ട സമയം കഴിഞ്ഞ് 12 മുതൽ 24 മണിക്കൂർവരെ വൈകിയാണ് രോഗികളെ ആശുപത്രിയിൽ എത്തിച്ചതെന്നും അതിനാലാണ് ഇത്രയധികം മരണങ്ങൾ സംഭവിച്ചതെന്നുമാണ് ആശുപത്രി അധികൃതരുടെ വിശദീകരണം. ചികിത്സ ലഭിക്കാതെ ആരും മരിച്ചിട്ടില്ലെന്നും ജീവനക്കാരുടെ കുറവോ അശ്രദ്ധയോ മൂലമല്ല മരണങ്ങളെന്നും മെഡിക്കൽ സൂപ്രണ്ട് ഡോ.കെ.എസ്.സദാനന്ദ് പറഞ്ഞു.

രാത്രി ഡ്യൂട്ടിയിൽ മൂന്ന് ഡോക്ടർമാർ ഉണ്ടായിരുന്നുവെന്നും ആവശ്യമെങ്കിൽ സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിക്കാമെന്നും അദ്ദേഹം അറിയിച്ചു.

മൈസൂരു കൂടാതെ കുടക്, ഹാസൻ, മാണ്ഡ്യ ചാമരാജ നഗർ എന്നീ അയൽ ജില്ലകളിൽ നിന്നുള്ള രോഗികൾക്ക് ഹൃദ്രോഗത്തിന് വിദഗ്ധ ചികിത്സയ്ക്കായി സമീപിക്കാവുന്ന ഏക ആശുപത്രിയാണിത്. അതിനാൽ ഇവിടെ എപ്പോഴും ഗുരുതരാവസ്ഥയിലുള്ള കേസുകൾ മാത്രമാണ് എത്തുന്നത്. കിടക്കകൾ പൂർണ്ണമായും നിറഞ്ഞതിനാൽ നിലവിൽ 20 രോഗികളെ ട്രോളികളിലാണ് ചികിത്സിക്കുന്നത്. 18 രോഗികളെ പ്രവേശിപ്പിക്കാൻ ശേഷിയുള്ള ഐ.സി.യുവിൽ അസാധാരണ തിരക്ക് കാരണം 25 കേസുകൾ കൈകാര്യം ചെയ്യേണ്ടി വന്നു. ഒരു ഡോക്ടർക്ക് സാധാരണയായി ഒരു ദിവസം 50 മുതൽ 60 വരെ രോഗികളെ കാണാൻ കഴിയും. നിലവിലെ സാഹചര്യത്തിൽ ഇവിടുത്തെ ഡോക്ടർമാർക്ക് 100 ൽ കൂടുതൽ രോഗികളെ ചികിത്സിക്കേണ്ടി വരുന്നു






നിരീക്ഷണം വാചകം

# പ്രൊജക്റ്റ് മാവനിലെ 'ഗ്രോക്ക്' വിന്യാസവും സ്വയംഭരണ യുദ്ധതന്ത്രങ്ങളിലെ മാനവിക പ്രതിസന്ധിയും

സാൻ ഫ്രാൻസിസ്കോ/വാഷിംഗ്ടൺ: പശ്ചിമേഷ്യൻ മണ്ണിൽ അമേരിക്കയും ഇറാനും തമ്മിൽ ഒപ്പുവെച്ച താല്കാലിക ഡിജിറ്റൽ സമാധാന കരാറിന്റെ ആശ്വാസത്തിൽ ലോകവിപണി ഉറ്റനോക്കുമ്പോൾ, ആഗോള യുദ്ധചരിത്രത്തെത്തന്നെ പൂർണ്ണമായി മാറ്റിമറിക്കുന്ന അതീവ ഞെട്ടിക്കുന്ന ഒരു നയതന്ത്ര രഹസ്യമാണ് യുഎസ് നീതിന്യായ മന്ത്രാലയം ഔദ്യോഗികമായി പുറത്തുവിട്ടിരിക്കുന്നത്.



ഇറാനെതിരെയുള്ള വ്യോമാക്രമണങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ലക്ഷ്യങ്ങൾ കൃത്യമായി കണ്ടെത്തുന്നതിനും ശതകോടീശ്വരൻ ഇലോൺ മസ്കിന്റെ 'എക്സ്എഐ' കമ്പനി വികസിപ്പിച്ച 'ഗ്രോക്ക് ഗവ്' എന്ന അതീവ രഹസ്യ കൃത്രിമബുദ്ധി സംവിധാനമാണ് പെന്റഗൺ പൂർണ്ണമായി ഉപയോഗിച്ചതെന്ന് യുഎസ് ഗവൺമെന്റ് ഔദ്യോഗികമായി സ്ഥിരീകരിച്ചു.

യുഎസ് നീതിന്യായ മന്ത്രാലയം മിസിസിപ്പി ഫെഡറൽ കോടതിയിൽ സമർപ്പിച്ച പ്രത്യേക നിയമ രേഖകളിലാണ് ഈ അതീവ ഗൗരവമേറിയ വിവരങ്ങൾ അടങ്ങിയിട്ടുള്ളത്. പെന്റഗണിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗം മേധാവി കാമറൂൺ സ്റ്റാൻലി കോടതിയിൽ നൽകിയ സത്യവാങ്മൂലം അനുസരിച്ച്, യുഎസ് സൈന്യത്തിന്റെ 'പ്രൊജക്റ്റ് മാവൻ' എന്ന അത്യാധുനിക എഐ വിന്യാസ പദ്ധതിയിലാണ് ഗ്രോക്ക് മോഡലുകൾ ഉപയോഗിച്ചത്.

ഇറാനെതിരെയുള്ള 'ഓപ്പറേഷൻ എപിക് ഫ്യൂരി' എന്ന സൈനിക ദൗത്യത്തിൽ വെറും 96 മണിക്കൂറിനുള്ളിൽ 2,000 വ്യത്യസ്ത താവളങ്ങളിലേക്ക് 2,000 അത്യാധുനിക മാരക ആയുധങ്ങൾ കൃത്യമായി തൊടുക്കാൻ സൈന്യത്തെ സഹായിച്ചത് ഈ ആൽഗോരിതങ്ങളുടെ കടുത്ത വേഗതയായിരുന്നു. മെഷീൻ ലേണിംഗ് സംവിധാനങ്ങൾ മാനവികതയുടെ നിലനിൽപ്പിന് എത്രത്തോളം വലിയ ഭീഷണിയാണ് ഉയർത്തുന്നത് എന്നതിനെക്കുറിച്ചും, മനുഷ്യന്റെ നിയന്ത്രണങ്ങൾ മറികടന്ന് യന്ത്രങ്ങൾ സ്വന്തം വിവേചനബുദ്ധിയോടെ പ്രവർത്തിക്കാനുള്ള സാധ്യതകളെക്കുറിച്ചുമുള്ള സമഗ്രമായ റിപ്പോർട്ട് താഴെ നൽകുന്നു.

### പ്രൊജക്റ്റ് മാവനിലെ ആൽഗോരിതം വേട്ടയും ആൻത്രോപിക്കിന്റെ പിന്മാറ്റ രഹസ്യങ്ങളും

അമേരിക്കൻ സൈന്യം തങ്ങളുടെ യുദ്ധതന്ത്രങ്ങൾ പൂർണ്ണമായി കോർപ്പറേറ്റ് സിലിക്കൺ വാലിയിലെ എഐ ലബോറട്ടറികൾക്ക് മുന്നിൽ പണയം വെക്കുന്ന കാഴ്ചയാണ് ഈ വിജ്ഞാപനത്തിലൂടെ പുറത്തുവരുന്നത്.

**ആൻത്രോപിക്കിന്റെ ശക്തമായ നിലപാടുകൾ**: കഴിഞ്ഞ ഫെബ്രുവരി മാസം വരെ പെന്റഗണിന്റെ പ്രൊജക്ട് മാവന് കരുത്ത് പകർന്നിരുന്നത് ആൻത്രോപിക് കമ്പനിയുടെ 'ക്ലോഡ്' എന്ന പ്രശസ്ത എഐ മോഡലായിരുന്നു. എന്നാൽ, യാതൊരു വിധ മനുഷ്യ മേൽനോട്ടവുമില്ലാതെ പൂർണ്ണമായി ഓട്ടോമേറ്റഡ് ആയി മിസൈലുകൾ തൊടുക്കുന്നതിനും അമേരിക്കൻ പൗരന്മാരുടെ വിവരങ്ങൾ ചോർത്തുന്നതിനും തങ്ങളുടെ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ കഴിയില്ലെന്ന് പ്രഖ്യാപിച്ച് ആൻത്രോപിക് കരാറിൽ നിന്നും പിന്മാറുകയായിരുന്നു. ഈ വിടവിലേക്കാണ് ഇലോൺ മസ്കിന്റെ ഗ്രോക്ക് സംവിധാനങ്ങളുമായി പെന്റഗൺ തന്ത്രപരമായ കരാറുകളിൽ ഒപ്പുവെച്ചത്.

മിനാബിലെ പെൺകുട്ടികളുടെ സ്കൂളിലെ വലിയ കൂട്ടക്കുരുതി: എഐ ഡ്രിവൻ ടാർഗെറ്റിംഗ് സംവിധാനങ്ങളുടെ കടുത്ത പരാജയം വ്യക്തമാക്കുന്നതായിരുന്നു ഇറാന്റെ തെക്കൻ നഗരമായ മിനാബിൽ ഉണ്ടായ കനത്ത മിസൈൽ ദുരന്തം. ഗ്രോക്ക് ആൽഗോരിതങ്ങൾ നൽകിയ തെറ്റായ ഡാറ്റകളുടെ അടിസ്ഥാനത്തിൽ യുഎസ് സൈന്യം തൊടുത്ത ബോംബുകൾ പതിച്ചത് ഒരു പെൺകുട്ടികളുടെ സ്കൂളിന് മേലായിരുന്നു. ഈ ഭീകരമായ സ്ഫോടനത്തിൽ 175ലധികം നിരപരാധികളായ കുട്ടികളാണ് ഒരൊറ്റ നിമിഷം കൊണ്ട് ചോരയിൽ മുങ്ങി മരിച്ചുപോയതെന്ന് യാഹൂ ന്യൂസ് പുറത്തുവിട്ട അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കുന്നു.

**മിസിസിപ്പി ഡാറ്റാ സെന്ററിലെ വലിയ പരിസ്ഥിതി യുദ്ധം**: മിസിസിപ്പിയിൽ പ്രവർത്തിക്കുന്ന ഇലോൺ മസ്കിന്റെ ഭീമാകാരമായ എഐ ഡാറ്റാ സെന്ററിന് ആവശ്യമായ വൈദ്യുതിക്കായി നിയമവിരുദ്ധമായി സ്ഥാപിച്ച ഡസൻ കണക്കിന് ഗ്യാസ് ടർബൈനുകൾക്കെതിരെ എൻഎഎസിപി എന്ന മനുഷ്യാവകാശ സംഘടന കടുത്ത നിയമപോരാട്ടം ആരംഭിച്ചിട്ടുണ്ട്. കറുത്തവർഗ്ഗക്കാർ ജീവിക്കുന്ന മേഖലകളിൽ വലിയ മലിനീകരണമുണ്ടാക്കുന്ന ഈ പ്ലാന്റ് അടിയന്തിരമായി അടച്ചുപൂട്ടണമെന്ന് അവർ ആവശ്യപ്പെടുന്നു. എന്നാൽ ഈ ഡാറ്റാ സെന്റർ പൂട്ടിയാൽ അത് അമേരിക്കയുടെ യുദ്ധ മന്ത്രാലയത്തിന്റെ ആകെ സുരക്ഷയെത്തന്നെ ബാധിക്കുമെന്നാണ് യുഎസ് ഗവൺമെന്റ് കോടതിയിൽ വാദിക്കുന്നത്.

### മനുഷ്യന്റെ കില്ലർ സ്വിച്ച് നഷ്ടപ്പെടുമ്പോൾ; എഐ സ്വന്തം വിവേചനബുദ്ധിയോടെ പ്രവർത്തിക്കുമോ?

യുദ്ധമുഖങ്ങളിൽ കമ്പ്യൂട്ടർ കോഡുകൾക്ക് പൂർണ്ണമായ സ്വയംഭരണാധികാരം നൽകുന്നത് മനുഷ്യരാശിയുടെ സമ്പൂർണ്ണ നാശത്തിന് കാരണമാകുമെന്നാണ് ആഗോള ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നത്.

**ആൽഗോരിതങ്ങൾ സ്വന്തം വഴി തിരഞ്ഞെടുക്കുമ്പോൾ**: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനങ്ങൾ അവയുടെ കടുത്ത ഡാറ്റാ പഠനങ്ങളിലൂടെ മനുഷ്യൻ ചിന്തിക്കാത്ത പുതിയ ചില യുദ്ധവഴികൾ സ്വയം രൂപീകരിക്കാനുള്ള സാധ്യതകൾ അതീവ കൂടുതലാണ്. ഒരു കമ്പ്യൂട്ടർ പ്രോഗ്രാമിന് മുന്നിൽ ശത്രുവിനെ ഇല്ലാതാക്കുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രം നൽകുമ്പോൾ, അതിനിടയിൽ ഉണ്ടാകുന്ന നിരപരാധികളായ മനുഷ്യരുടെ ജീവനുകളെ ഒരു വെറും സംഖ്യയായി മാത്രമേ അത് കണക്കാക്കൂ. യന്ത്രങ്ങൾക്ക് മനുഷ്യനെപ്പോലെ സഹതാപമോ ധാർമ്മിക ബോധമോ ഇല്ലെന്നത് ഈ വിന്യാസത്തെ അതീവ അപകടകരമാക്കുന്നു.

**മനുഷ്യന്റെ നിയന്ത്രണങ്ങൾ ലംഘിക്കുന്ന ഇൻട്യൂഷൻ ഭീതി**: എഐ മോഡലുകളിലെ ന്യൂറൽ നെറ്റ്‌വർക്കുകൾ കടുത്ത സങ്കീർണ്ണതകളിലേക്ക് കടക്കുമ്പോൾ അവ എങ്ങനെയാണ് ഒരു പ്രത്യേക തീരുമാനത്തിൽ എത്തിയത് എന്ന് കണ്ടുപിടിക്കാൻ അതിന്റെ നിർമ്മാതാക്കൾക്ക് പോലും കഴിയില്ല. യുദ്ധത്തിനിടയിൽ ഉണ്ടാകുന്ന കടുത്ത ആശയക്കുഴപ്പങ്ങൾക്കിടയിൽ, മനുഷ്യൻ നൽകുന്ന 'കില്ലർ സ്വിച്ച്' ഉത്തരവുകളെ അവഗണിച്ചുകൊണ്ട് സ്വന്തം സുരക്ഷ മുൻനിർത്തി യന്ത്രങ്ങൾ മനുഷ്യർക്ക് നേരെ തന്നെ തിരിയാനുള്ള സാധ്യതകൾ നിലവിലുണ്ട്. ആയുധങ്ങൾ സ്വയം ചിന്തിക്കാൻ തുടങ്ങിയാൽ അത് മനുഷ്യന്റെ അന്ത്യക്കുറിപ്പായി മാറും.

**ഗൂഗിൾ ജീവനക്കാരുടെ വലിയ ആഭ്യന്തര വിപ്ലവം**: പെന്റഗണിന് തങ്ങളുടെ അത്യാധുനിക സാങ്കേതിക വിദ്യകൾ കൈമാറുന്നതിനെതിരെ ഗൂഗിളിലെ 600ലധികം മുതിർന്ന പ്രോഗ്രാമർമാരും എഞ്ചിനീയർമാരും ഒപ്പിട്ട കടുത്ത കത്ത് മാനേജ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. തങ്ങൾ വികസിപ്പിക്കുന്ന ശാസ്ത്രീയ വിദ്യകൾ നിരപരാധികളായ മനുഷ്യരെ കൊല്ലാൻ ഉപയോഗിക്കുന്നത് അനുവദിക്കില്ലെന്നാണ് അവരുടെ പക്ഷം. സിലിക്കൺ വാലിയിലെ ഈ ആഭ്യന്തര ഭിന്നിപ്പുകൾ വരും നാളുകളിൽ കടുത്ത കോർപ്പറേറ്റ് തർക്കങ്ങൾക്ക് വഴിതുറക്കും.

ഇലോൺ മസ്കിന്റെ ഗ്രോക്ക് എഐ മോഡൽ ഇറാനിലെ മനുഷ്യർക്ക് മേൽ കനത്ത പ്രഹരമേൽപ്പിക്കാൻ പെന്റഗൺ ഉപയോഗിച്ചു എന്ന ഔദ്യോഗിക വെളിപ്പെടുത്തൽ ആഗോള സാങ്കേതിക വിദ്യയുടെ ഇരുണ്ട വശങ്ങളെയാണ് തുറന്നുകാട്ടുന്നത്. യന്ത്രങ്ങൾക്ക് പൂർണ്ണമായ സ്വയംഭരണാധികാരം നൽകുന്ന പുതിയ യുദ്ധനയങ്ങൾ മനുഷ്യരാശിയുടെ ആകെ നിലനിൽപ്പിന് തന്നെ വലിയൊരു ഭീഷണിയാണ് സൃഷ്ടിക്കുന്നത്.

വരും ആഴ്ചകളിൽ മിസിസിപ്പി കോടതിയിൽ നിന്നും ഉണ്ടാകാൻ പോകുന്ന പുതിയ നിയമപരമായ വിധികളും അന്താരാഷ്ട്ര തലത്തിൽ രൂപപ്പെടേണ്ട പുതിയ എഐ നിയന്ത്രണ ചട്ടങ്ങളും മാത്രമായിരിക്കും നമ്മുടെ ആഗോള വ്യവസ്ഥിതിയെ ഒരു വലിയ റോബോട്ടിക് ദുരന്തത്തിൽ നിന്നും പൂർണ്ണമായി സംരക്ഷിക്കുക.

# ആകാശത്തെ മുത്തശ്ശൻമാർ വീഴുമ്പോൾ: ആഗോള പ്രതിരോധ മേഖലയെ പിടിച്ചുലച്ച കരിനിഴൽ

ആഗോള പ്രതിരോധ ചരിത്രത്തിൽ അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു യാദൃശ്ചികതയ്ക്കാണ് കഴിഞ്ഞ ദിവസം ലോകം സാക്ഷ്യം വഹിച്ചത്. മണിക്കൂറുകളുടെ വ്യത്യാസത്തിൽ ലോകത്തെ ഏറ്റവും വലിയ രണ്ട് ആണവശക്തികളുടെ തന്ത്രപ്രധാന ബോംബർ വിമാനങ്ങളാണ് തകർന്നുവീണത്. വൻ വൻകരകൾ താണ്ടി ആറ്റമിക് ബോംബുകൾ വർഷിക്കാൻ ശേഷിയുള്ള അമേരിക്കയുടെ ബി-52 സ്ട്രാറ്റോഫോർട്രെസ് വിമാനവും റഷ്യയുടെ അതിവേഗ സൂപ്പർസോണിക് ബോംബറായ ടിയു-22എം3 വിമാനവുമാണ് ഒരേ ദിവസം ആകാശത്ത് നിന്ന് പതിച്ചത്.



ശീതയുദ്ധ കാലത്തെ ബദ്ധവൈരികളായ ഈ രണ്ട് വിമാനങ്ങളും ഒരേദിവസം അപകടത്തിൽപ്പെട്ടത് കേവലം രണ്ട് വിമാന അപകടങ്ങൾ എന്നതിനപ്പുറം വലിയൊരു പ്രതിരോധ പ്രതിസന്ധിയുടെയും ആകാശത്തെ മുത്തശ്ശൻ വിമാനങ്ങളുടെ വാർദ്ധക്യത്തിന്റെയും നേർച്ചിത്രമാണ്.

### മൊജാവേയിലെ കരിപ്പുക

തെക്കൻ കാലിഫോർണിയയിലെ മൊജാവേ മരുഭൂമിയിലുള്ള പ്രശസ്തമായ എഡ്വേർഡ്സ് വ്യോമതാവളത്തിൽ നിന്നും പതിവ് പരീക്ഷണ പറക്കലിനായി ബി-52 ബോംബർ റൺവേയിൽ നിന്ന് ഉയർന്നുപൊങ്ങിയത് പ്രാദേശിക സമയം രാവിലെ 11:20 ഓടെയാണ്. അപ്പോഴാണ് ആ ദുരന്തം സംഭവിച്ചത്. റൺവേ വിട്ട് നിമിഷങ്ങൾക്കകം വിമാനം കൺമുന്നിൽ കത്തിയമർന്നു. ഫുട്ബോൾ മൈതാനത്തേക്കാൾ വലിയ വിസ്തൃതിയിൽ കരിഞ്ഞുണങ്ങിയ മരുഭൂമിയിൽ കനത്ത പുകപടലങ്ങൾ ഉയർന്നു.

യു.എസ് വ്യോമസേനയുടെ ചരിത്രത്തിലെ ഏറ്റവും കടുപ്പമേറിയ ദുരന്തങ്ങളിലൊന്നാണ് തെക്കൻ കാലിഫോർണിയയിലെ മൊജാവേ മരുഭൂമിയിലുള്ള പ്രശസ്തമായ എഡ്വേർഡ്സ് വ്യോമതാവളത്തിൽ അരങ്ങേറിയത്. വ്യോമതാവളത്തിന്റെ റൺവേയിൽ നിന്ന് പറന്നുയർന്ന ഉടനെയാണ് ബി-52 ബോംബർ വിമാനം നിയന്ത്രണം വിട്ട് തകർന്നുവീണു. വിമാനത്തിന്റെ പഴയ അനലോഗ് റഡാർ സംവിധാനം മാറ്റി അത്യാധുനിക ഡിജിറ്റൽ റഡാർ ആക്കുന്ന നിർണായക പരീക്ഷണ പറക്കലിലായിരുന്നു വിമാനം. അപകടത്തിൽ വിമാനത്തിലുണ്ടായിരുന്ന വ്യോമസേനാ ഉദ്യോഗസ്ഥർ, വിമാന നിർമ്മാതാക്കളായ ബോയിങ് കമ്പനിയുടെ സാങ്കേതിക വിദഗ്ദ്ധർ, സിവിൽ കരാറുകാർ എന്നിവരുൾപ്പെടെ എട്ടുപേരും സംഭവസ്ഥലത്ത് തന്നെ മരണപ്പെട്ടു.

തകർന്നുവീണ ഉടൻ വിമാനത്തിന് തീപിടിച്ചതിനാൽ ആർക്കും തന്നെ രക്ഷപ്പെടാൻ സാധിച്ചില്ലെന്ന് യു.എസ് സൈനിക വക്താവ് സ്ഥിരീകരിച്ചു. ആഗോള പ്രതിരോധ രംഗത്തെ അത്യാധുനിക നവീകരണ ശ്രമങ്ങൾക്കിടയിലുണ്ടായ ഈ വൻ ദുരന്തത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ വിപുലമായ അന്വേഷണമാണ് യു.എസ് സൈന്യം പ്രഖ്യാപിച്ചിരിക്കുന്നത്. ഇരു രാജ്യങ്ങൾക്കും ഈ വിമാനങ്ങളോട് കിടപിടിക്കുന്ന ദൂരപരിധിയോ, ആയുധശേഷിയോ ഉള്ള മറ്റൊരു വിമാനം വികസിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പുതിയ വിമാനങ്ങൾ നിർമ്മിക്കുന്നത് വൻ സാമ്പത്തിക ചിലവുള്ള കാര്യമായതിനാൽ, കാലത്തിനനുസരിച്ച് റഡാറുകളും കമ്പ്യൂട്ടറുകളും എഞ്ചിനുകളും മാറ്റിസ്ഥാപിച്ച് ഈ വിമാനങ്ങളെ കുപ്പായം മാറ്റി ഇന്നും സർവീസിൽ നിലനിർത്തുകയാണ് ചെയ്യുന്നത്.

### സൈബീരിയയിലെ ഇടിയും റഷ്യൻ പൈലറ്റുമാരുടെ അത്ഭുത രക്ഷപ്പെടലും

യു.എസ് ദുരന്തത്തിന്റെ ഞെട്ടൽ മാറും മുൻപാണ് സൈബീരിയയിലെ ഇർകുത്സ്ക് മേഖലയിൽ നിന്ന് റഷ്യൻ ബോംബർ തകർന്ന വാർത്ത വരുന്നത്. റഷ്യയുടെ ബെലായ വ്യോമതാവളത്തിൽ നിന്നും പതിവ് പരിശീലന പറക്കൽ നടത്തി മടങ്ങുകയായിരുന്ന ടിയു-22എം3 ബോംബർ വിമാനം ലാൻഡിങ്ങിന് തൊട്ടുമുമ്പ് തകർന്നുവീഴുകയായിരുന്നു.

അങ്കാറ നദീതീരത്തെ വന മേഖലയിലേക്ക് വിമാനം കുത്തനെ മൂക്കുകുത്തി താഴേക്ക് പതിക്കുന്നതിന്റെ ഭീതിപ്പെടുത്തുന്ന ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്.

എന്നാൽ അമേരിക്കൻ ദുരന്തത്തിൽ നിന്ന് വ്യത്യസ്തമായി, റഷ്യൻ വിമാനത്തിലെ 4 പൈലറ്റുമാരും വിമാനം നിലം പതിക്കുന്നതിന് തൊട്ടുമുൻപ് അത്ഭുതകരമായി 'ഇജക്റ്റ്' ചെയ്ത് (പാരാഷൂട്ട് വഴി പുറത്തേക്ക് ചാടി) രക്ഷപ്പെട്ടു.

വിമാനത്തിൽ മിസൈലുകളോ മറ്റ് യുദ്ധസാമഗ്രികളോ ഇല്ലാതിരുന്നതിനാൽ വലിയൊരു സ്ഫോടനം ഒഴിവായി. പ്രാഥമിക വിവരങ്ങൾ അനുസരിച്ച് എഞ്ചിൻ തകരാറായിരുന്നു അപകടത്തിന് കാരണം.

### പ്രതിരോധ വിദഗ്ധരുടെ വിലയിരുത്തൽ

സാങ്കേതികവിദ്യ എത്ര പുരോഗമിച്ചാലും പതിറ്റാണ്ടുകൾ പഴക്കമുള്ള വിമാനങ്ങളുടെ ലോഹഘടനയ്ക്ക് ഉണ്ടാകുന്ന ക്ഷതം പരിഹരിക്കാൻ കഴിയില്ല. ഈ രണ്ട് തുടർച്ചയായ അപകടങ്ങൾ സൂചിപ്പിക്കുന്നത് വൻ ശക്തി രാജ്യങ്ങളുടെ ദീർഘദൂര വ്യോമ വ്യൂഹം നേരിടുന്ന കടുത്ത മാനസികസാങ്കേതിക സമ്മർദ്ദത്തെയാണ്.

### പ്രതിരോധ വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്ന പ്രധാന കാരണങ്ങൾ ഇവയാണ്

സമാനതകളില്ലാത്ത പേലോഡ് ശേഷി: ടൺ കണക്കിന് ഭാരമുള്ള ആണവായുധങ്ങളും ക്രൂയിസ് മിസൈലുകളും വഹിച്ചുകൊണ്ട് വൻകരകൾ താണ്ടി പറക്കാനുള്ള ഇവയുടെ ശേഷിക്ക് പകരം വെയ്ക്കാൻ പുതിയ തലമുറയിലെ ചെറിയ സ്റ്റെൽത്ത് വിമാനങ്ങൾക്ക് കഴിയില്ല.


ലോഹക്ഷതവും വാർദ്ധക്യവും: എത്രയൊക്കെ പുതിയ കമ്പ്യൂട്ടറുകളും എഞ്ചിനുകളും വെച്ച് നവീകരിച്ചാലും, പതിറ്റാണ്ടുകൾ പഴക്കമുള്ള ഈ ഭീമൻ വിമാനങ്ങളുടെ അടിസ്ഥാന ലോഹഘടനയ്ക്ക് ഉണ്ടാകുന്ന ക്ഷതം പൂർണ്ണമായി പരിഹരിക്കാൻ കഴിയില്ല. ഇതാണ് അപകടസാധ്യത വർദ്ധിപ്പിക്കുന്നത്.

**സാമ്പത്തിക ചിലവ്**: പുതിയ ഭീമൻ ബോംബർ വിമാനങ്ങൾ പൂർണ്ണമായി വികസിപ്പിച്ചെടുക്കുക എന്നത് വൻ സാമ്പത്തിക ബാധ്യത വരുത്തുന്ന കാര്യമാണ്.

ഈ അപകടങ്ങൾ സൂചിപ്പിക്കുന്നത് മറ്റൊന്നുമല്ല, പുതിയ തലമുറയിലെ സ്റ്റെൽത്ത് ബോംബറുകളായ യു.എസിന്റെ ബി-21 റൈഡർ, റഷ്യയുടെ പാക് ദാ എന്നിവയുടെ വരവ് ഇരുരാജ്യങ്ങളും അടിയന്തിരമായി വേഗത്തിലാക്കേണ്ടതുണ്ടെന്ന മുന്നറിയിപ്പുകൂടിയാണ്.



# ഷക്കീറ വീണ്ടും പ്രണയത്തിൽ?



മുൻ സ്പാനിഷ് ഫുട്ബോൾ താരം ജെറാർഡ് പിക്വെയുമായുള്ള വിവാഹമോചനത്തിന് ശേഷം പ്രശസ്ത പോപ്പ് ഗായിക ഷക്കീറ വീണ്ടും പ്രണയത്തിലായെന്ന് റിപ്പോർട്ടുകൾ. മെക്സിക്കോയിൽ നടന്ന ലോകകപ്പ് ഫുട്ബോൾ ഉദ്ഘാടന ചടങ്ങിൽ തകർപ്പൻ പ്രകടനം കാഴ്ചവെച്ച ഷക്കീറയെ, പ്രശസ്ത ഹോളിവുഡ് നടൻ മാനുവൽ ഗാർസിയ റുൾഫോയ്ക്കൊപ്പം ലോസ് ആഞ്ചലസിലെ ഒരു പ്രമുഖ ഹോട്ടലിൽ വെച്ച് കണ്ടെത്തിയതോടെയാണ് പുതിയ ചർച്ചകൾക്ക് തുടക്കമായത്.ലോസ് ആഞ്ചലസിലെ സൺസെറ്റ് ടവർ ഹോട്ടലിൽ നിന്ന് ഇരുവരും ഒരുമിച്ച് ചിരിച്ചുസംസാരിച്ച് പുറത്തേക്ക് വരുന്ന ചിത്രങ്ങൾ പ്രമുഖ സെലിബ്രിറ്റി ഗോസിപ്പ് പ്ലാറ്റ്ഫോമായ 'ഡ്യൂമോയ്' ആണ് പുറത്തുവിട്ടത്. കറുത്ത വസ്ത്രങ്ങൾ ധരിച്ചെത്തിയ ഇരുവരും ഒരേ കാറിലാണ് ഹോട്ടലിൽ നിന്നും മടങ്ങിയത്. മാനുവൽ ഗാർസിയ കാറോടിച്ചപ്പോൾ മുൻസീറ്റിൽ ഷക്കീറയുമുണ്ടായിരുന്നു. അതീവ സന്തോഷത്തോടെ പരസ്പരം തമാശകൾ പറഞ്ഞു ചിരിക്കുന്ന ഇവരുടെ ചിത്രങ്ങൾ ആരാധകർക്കിടയിൽ വലിയ തോതിൽ പ്രചരിക്കുന്നുണ്ട്. തന്റെ പങ്കാളിയായിരുന്ന ഫുട്ബോൾ താരം ജെറാർഡ് പിക്വെ തന്നെ വഞ്ചിച്ചതിനെ തുടർന്നുണ്ടായ വിവാദങ്ങൾക്കും വേർപിരിയലിനും ശേഷം ഷക്കീറയുടെ പ്രണയജീവിതത്തെക്കുറിച്ച് വലിയ രീതിയിലുള്ള ചർച്ചകൾ നടന്നിരുന്നു. 'പ്രശസ്ത നെറ്റ്ഫ്ലിക്സ് പരമ്പരയായ 'ദി ലിങ്കൺ ലോയർ', ഹോളിവുഡ് ചിത്രങ്ങളായ 'ജുറാസിക് വേൾഡ് റീബർത്ത്', 'എ മാൻ കോൾഡ് ഓട്ടോ' എന്നിവയിലൂടെ ശ്രദ്ധേയനായ മെക്സിക്കൻ നടനാണ് മാനുവൽ ഗാർസിയ-റുൾഫോ. പ്രശസ്ത കൺട്രി മ്യൂസിക് താരങ്ങളായ ടിം മക്ഗ്രോയുടെയും ഫെയ്ത്ത് ഹില്ലിന്റെയും മകൾ ഓഡ്രി മക്ഗ്രോയുമായി മാനുവൽ പ്രണയത്തിലായിരുന്നു. എന്നാൽ ഈ വർഷം ആദ്യം ഇരുവരും സമൂഹമാധ്യമങ്ങളിൽ പരസ്പരം അൺഫോളോ ചെയ്തതോടെ ഇവർ വേർപിരിഞ്ഞതായി വാർത്തകൾ വന്നിരുന്നു. ഇതിന് പിന്നാലെയാണ് ഇപ്പോൾ ഷക്കീറയ്ക്കൊപ്പം താരം ക്യാമറക്കണ്ണുകളിൽ പെട്ടിരിക്കുന്നത്.

## പാട്ടിനിടെ കഴുത്തിൽ ഭീമൻ ചീവീട്; കസാഖ്സ്ഥാനിലെ നിമിഷത്തെക്കുറിച്ച ജെന്നിഫർ ലോപ്പസ്


കഴിഞ്ഞ വർഷം  കസാഖ്സ്ഥാനിൽ നടന്ന സംഗീതപരിപാടിക്കിടെ തന്റെ കഴുത്തിൽ ഭീമൻ ചീവീട് വന്നിരുന്ന നിമിഷത്തെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെച്ച് പ്രശസ്ത ഹോളിവുഡ് ഗായികയും നടിയുമായ ജെന്നിഫർ ലോപ്പസ്. പ്രമുഖ പോഡ്കാസ്റ്റിലാണ് താരം ആ കൗതുകകരവും ഒപ്പം ഭയപ്പെടുത്തുന്നതുമായ അനുഭവം വെളിപ്പെടുത്തിയത്. ''സ്റ്റേജിൽ ലൈറ്റുകൾ അണച്ച്, തന്റെ മേൽ മാത്രം സ്പോട്ട്ലൈറ്റ് പതിഞ്ഞുനിന്ന ശാന്തമായ നിമിഷത്തിൽ ഒരു സ്പാനിഷ് ഗാനം ആലപിക്കുകയായിരുന്നു താനെന്ന് ലോപ്പസ് ഓർക്കുന്നു.



ആ സമയത്താണ് കാണികൾ പെട്ടെന്ന് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങിയത്. പാട്ടിന്റെ ഭംഗി കണ്ടാകാം അവർ ബഹളം വെയ്ക്കുന്നതെന്നാണ് താൻ ആദ്യം കരുതിയത്.എന്നാൽ പെട്ടെന്നാണ് തന്റെ കഴുത്തിലൂടെ എന്തോ ഒന്ന് ഇഴഞ്ഞു നീങ്ങുന്നതായി അനുഭവപ്പെട്ടതെന്ന് താരം പറഞ്ഞു. അതൊരു കൂറ്റൻ പ്രാണിയായിരുന്നു. പാട്ടിന്റെ അവസാന വരികൾ പാടിത്തീർക്കുന്നത് വരെ താൻ ഒട്ടും അനങ്ങാതെ അതെല്ലാം സഹിച്ചു നിന്നു. പാടിക്കഴിഞ്ഞ ഉടൻ തന്നെ അത് ലൈറ്റിന് നേരെ പറന്നുപോയെന്നും, ഒരു ചെറിയ ഹെലികോപ്റ്ററിന്റെ വലിപ്പമുള്ളതുപോലെയാണ് തനിക്ക് അതിനെ തോന്നിയതെന്നും ലോപ്പസ് തമാശയായി പറഞ്ഞു.

## ഞങ്ങളുടെ വിവാഹം കഴിഞ്ഞു; സ്ഥിരീകരിച്ച് ടോം ഹോളണ്ട്

ഹോളിവുഡിലെ ഏറ്റവും പ്രിയപ്പെട്ട താരദമ്പതികളായ ടോം ഹോളണ്ടും സെൻഡായയും രഹസ്യമായി വിവാഹിതരായി എന്ന വാർത്തകൾ ഒടുവിൽ സ്ഥിരീകരിച്ചു. മാസങ്ങളായി ഇരുവരുടെയും വിവാഹത്തെക്കുറിച്ച് പ്രചരിച്ചിരുന്ന അഭ്യൂഹങ്ങൾക്കാണ് നടൻ ടോം ഹോളണ്ട് ഇപ്പോൾ ഒരു അഭിമുഖത്തിലൂടെ വിരാമമിട്ടിരിക്കുന്നത്. നേരത്തെ ഇറ്റലിയിലെ ലേക് കോമോയിൽ വെച്ച് ഇരുവരും വിവാഹിതരായെന്ന രീതിയിൽ എഐ ഉപയോഗിച്ച് നിർമ്മിച്ച ചില ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. അടുത്തിടെ 'എസ്ക്വയർ' മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ ഈ ചിത്രങ്ങളെക്കുറിച്ച് സംസാരിക്കവെയാണ് താരം വിവാഹവാർത്ത സ്ഥിരീകരിച്ചത്. ഈ വ്യാജ ചിത്രങ്ങൾ കണ്ട് തന്റെ മുത്തശ്ശിക്ക് താൻ വിവാഹത്തിന് ക്ഷണിച്ചില്ലേ എന്ന സംശയമുണ്ടായതായി ടോം ഹോളണ്ട് പറഞ്ഞു. എന്നാൽ കുടുംബത്തിലെ മറ്റാർക്കെങ്കിലും ഈ ചിത്രങ്ങൾ കണ്ട് ഇതേ സംശയമുണ്ടായോ എന്ന ചോദ്യത്തിന്, 'ഇല്ല, കാരണം അവരെല്ലാവരും അവിടെ വിവാഹത്തിന് ഉണ്ടായിരുന്നു,' എന്നായിരുന്നു ഹോളണ്ടിന്റെ മറുപടി.



ഇതിലൂടെ തങ്ങളുടെ വിവാഹം ഇതിനകം കഴിഞ്ഞുവെന്ന് താരം വ്യക്തമാക്കുകയായിരുന്നു. എന്നാൽ ഇതിനപ്പുറം കൂടുതൽ വിവരങ്ങൾ പങ്കുവെക്കാൻ താരം തയ്യാറായില്ല.കഴിഞ്ഞ മാർച്ച് മാസത്തിൽ സെൻഡായയുടെ പ്രശസ്ത സ്റ്റൈലിസ്റ്റായ ലോ റോച്ച് ഒരു റെഡ് കാർപെറ്റ് പരിപാടിക്കിടെ നടത്തിയ വെളിപ്പെടുത്തലോടെയാണ് ഇരുവരുടെയും രഹസ്യവിവാഹ വാർത്തകൾ ആദ്യമായി പുറത്തുവരുന്നത്. 'വിവാഹം ഇതിനകം കഴിഞ്ഞു, നിങ്ങളെല്ലാവർക്കും അത് മിസ്സായി,' എന്നായിരുന്നു ലോ റോച്ച് അന്ന് മാധ്യമങ്ങളോട് പറഞ്ഞത്. അന്ന് ഇതേക്കുറിച്ച് പ്രതികരിക്കാതിരുന്ന താരങ്ങളാണ് ഇപ്പോൾ വാർത്ത സത്യമാണെന്ന് സമ്മതിച്ചിരിക്കുന്നത്.തന്റെ ജീവിതപങ്കാളിയെ കണ്ടെത്തിയതിലുള്ള സന്തോഷവും ടോം ഹോളണ്ട് അഭിമുഖത്തിൽ പങ്കുവെച്ചു.

## 'താരപദവിയിൽ അഹങ്കരിച്ചു, രോഗം എല്ലാം മാറ്റിമറിച്ചു'; സമാന്ത

തന്റെ വ്യക്തിജീവിതത്തെയും സിനിമാ കരിയറിനെയും ആഴത്തിൽ സ്വാധീനിച്ച രോഗകാലത്തെക്കുറിച്ചും അതിനുശേഷമുണ്ടായ നിർബന്ധിത ഇടവേളയെക്കുറിച്ചും തുറന്ന് സംസാരിച്ച് തെന്നിന്ത്യൻ താരം സമാന്ത റൂത്ത് പ്രഭു. സമാന്ത പ്രധാന വേഷത്തിലെത്തുന്ന ഏറ്റവും പുതിയ തെലുങ്ക് ചിത്രമായ 'മാ ഇന്റി ബംഗാര'ത്തിന്റെ പ്രൊമോഷന്റെ ഭാഗമായി നൽകിയ അഭിമുഖത്തിലാണ് താരം തന്റെ അനുഭവങ്ങൾ പങ്കുവെച്ചത്.ചെറിയൊരു പട്ടണത്തിൽ നിന്ന് വന്ന് സിനിമയിൽ ഇത്രയധികം താരപദവിയും ജനപ്രീതിയും നേടിയത് തന്നെ അത്ഭുതപ്പെടുത്തിയിരുന്നതായി സമാന്ത പറയുന്നു. തിയേറ്ററുകളിൽ ആളുകൾ തന്റെ പേര് വിളിച്ച് ആർപ്പുവിളിക്കുന്നത് തന്നെ ആവേശഭരിതയാക്കിയെന്നും ഒരു ഘട്ടത്തിൽ താൻ 'സ്റ്റാർഡം' എന്ന കളിക്ക് അടിമയായി മാറിയെന്നും താരം തുറന്നുസമ്മതിച്ചു. ഒരു വർഷം തുടർച്ചയായി ചെയ്ത അഞ്ച് സിനിമകളും ഹിറ്റായതോടെ സിനിമാ ലോകം തനിക്ക് 'ഗോൾഡൻ ലെഗ്' എന്ന വിശേഷണം നൽകിയെന്നും, അതോടെ പ്രേക്ഷകരുടെ പ്രതീക്ഷയ്ക്കൊത്ത് എപ്പോഴും ഉയരണമെന്ന ചിന്ത മാത്രമായി മാറിയെന്നും സമാന്ത ഓർക്കുന്നു.കരിയറിന്റെ ഏറ്റവും തിരക്കേറിയ സമയത്താണ് 2022-ൽ വിജയ് ദേവരകൊണ്ടയ്ക്കൊപ്പമുള്ള 'ഖുഷി' എന്ന ചിത്രത്തിന്റെ ചിത്രീകരണത്തിനിടെ സമാന്തയ്ക്ക് 'മയോസിറ്റിസ്' എന്ന അപൂർവ ഓട്ടോഇമ്മ്യൂൺ രോഗം സ്ഥിരീകരിക്കുന്നത്. രോഗബാധയെ തുടർന്ന് സിനിമാ ജീവിതത്തിൽ നിന്ന് എടുത്ത നിർബന്ധിത ഇടവേളയാണ് തന്റെ ജീവിതത്തോടുള്ള കാഴ്ചപ്പാട് തന്നെ മാറ്റിയതെന്ന് സമാന്ത വെളിപ്പെടുത്തി.'ഏറ്റവും കൂടുതൽ ജോലി ചെയ്യണമെന്നും കൂടുതൽ സിനിമകൾ ചെയ്യണമെന്നും ആഗ്രഹിച്ച സമയത്താണ് എനിക്ക് മാറിനിൽക്കേണ്ടി വന്നത്. അഭിനേതാക്കളായാൽ കരിയറിന് അവസാനമില്ലെന്ന ഒരു തോന്നൽ വരും, അതോടൊപ്പം ഒരുതരം അഹങ്കാരവും ഉണ്ടാകും. എന്നാൽ ഈ ഇടവേളയാണ് പല കാര്യങ്ങളുടെയും അവസാനത്തെക്കുറിച്ച് ചിന്തിക്കാൻ എന്നെ പഠിപ്പിച്ചത്. അത് എന്നെ പല രീതിയിൽ മാറ്റിമറിച്ചു. തിരികെ അഭിനയരംഗത്തേക്ക് വരുമ്പോൾ പഴയ ചില ശീലങ്ങളും സമീപനങ്ങളും മാറ്റണമെന്ന് ഞാൻ തീരുമാനിച്ചു,' സമാന്ത പറഞ്ഞു.




## വൻ വെളിപ്പെടുത്തലുമായി ക്രിസ് ഇവാൻസ്;

# അവഞ്ചേഴ്സ് സീക്രട്ട് വാർസിലും സ്റ്റീവ് റോഗേഴ്സ് എത്തും



മാർവൽ സിനിമാറ്റിക് യൂണിവേഴ്സിലേക്ക് ക്യാപ്റ്റൻ അമേരിക്കയായി തിരികെവരുന്ന വാർത്തകൾക്ക് പിന്നാലെ, ആരാധകർക്ക് മറ്റൊരു വമ്പൻ സർപ്രൈസ് കൂടി സമ്മാനിച്ച് നടൻ ക്രിസ് ഇവാൻസ്. 2026 ഡിസംബറിൽ റിലീസ് ചെയ്യുന്ന ‘അവഞ്ചേഴ്സ്: ഡൂംസ്ഡേ’ക്ക് പുറമെ, 2027-ൽ പുറത്തിറങ്ങാനിരിക്കുന്ന ‘അവഞ്ചേഴ്സ്: സീക്രട്ട് വാർസിലും’ താൻ സ്റ്റീവ് റോഗേഴ്സായി ഉണ്ടാകുമെന്ന് താരം സ്ഥിരീകരിച്ചു.‘കോമിക് കോൺ മോം’ എന്ന മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് താരം ഈ നിർണ്ണായക വിവരം പങ്കുവെച്ചത്. രഹസ്യങ്ങൾ സൂക്ഷിക്കാൻ തനിക്ക് ഒട്ടും കഴിയില്ലെന്ന് തമാശയായി പറഞ്ഞ ഇവാൻസ്, ഏതാനും മാസങ്ങൾക്കുള്ളിൽ അടുത്ത അവഞ്ചേഴ്സ് ചിത്രത്തിന്റെ ഷൂട്ടിംഗിൽ പങ്കുചേരുമെന്ന് വ്യക്തമാക്കി. ഇതോടെ, ’അവഞ്ചേഴ്സ്: ഡൂംസ്ഡേ’യിൽ റോബർട്ട് ഡൗണി ജൂനിയറിന്റെ വില്ലൻ കഥാപാത്രമായ ഡോക്ടർ ഡൂമിന്റെ ആക്രമണങ്ങളെ അതിജീവിച്ച് സ്റ്റീവ് റോഗേഴ്സ് അടുത്ത ഭാഗത്തിലേക്കും എത്തുമെന്ന് ഉറപ്പായിരിക്കുകയാണ്.

## 300 കോടി ക്ലബ്ബിൽ ‘പെദ്ധി’; രാം ചരണിന്റെ കരിയറിലെ ഏറ്റവും വലിയ സോളോ ഹിറ്റ്



തെലുങ്ക് സൂപ്പർതാരം രാം ചരണിനെ കേന്ദ്രകഥാപാത്രമാക്കി ബുചി ബാബു സന സംവിധാനം ചെയ്ത പാൻ ഇന്ത്യൻ ചിത്രം ‘പെദ്ധി’ ബോക്സ് ഓഫീസിൽ പുത്തൻ റെക്കോർഡുകൾ സൃഷ്ടിക്കുന്നു. മികച്ച പ്രേക്ഷക പ്രതികരണങ്ങളോടെ മുന്നേറുന്ന ചിത്രം ഇതിനോടകം തന്നെ ആഗോള ബോക്സ് ഓഫീസിൽ നിന്ന് 304.95 കോടി രൂപ സ്വന്തമാക്കി 300 കോടി ക്ലബ്ബിൽ ഇടംപിടിച്ചു. രാം ചരണിന്റെ കരിയറിലെ ഏറ്റവും വലിയ സോളോ ഹിറ്റിലേക്കാണ് ചിത്രം കുതിക്കുന്നത്. ആന്ധ്ര പ്രദേശ്, നൈസാം (തെലങ്കാന) മേഖലകളിൽ നിന്ന് മാത്രമായി ചിത്രം 196.10 കോടി രൂപ കളക്ട് ചെയ്തിട്ടുണ്ട്. കേവലം നാല് കോടി രൂപ കൂടി നേടിയാൽ ആന്ധ്ര-നൈസാം മേഖലകളിൽ നിന്ന് മാത്രം 200 കോടി നേടുന്ന ചിത്രമെന്ന മാന്ത്രിക സംഖ്യയിലേക്കും പെദ്ധി എത്തും.



## ഇന്ത്യൻ സിനിമാ ചരിത്രത്തിൽ ആദ്യം; ഒഡീസി പ്രീമിയറിനായി നോളനും സംഘവും മുംബൈയിലേക്ക്

വിഖ്യാത ഹോളിവുഡ് സംവിധായകൻ ക്രിസ്റ്റഫർ നോളൻ ചരിത്രത്തിലാദ്യമായി തന്റെ ഒരു ചിത്രത്തിന്റെ ഔദ്യോഗിക പ്രീമിയർ പ്രദർശനത്തിനായി ഇന്ത്യയിലേക്ക് എത്തുന്നു. നോളൻ സംവിധാനം ചെയ്യുന്ന ഏറ്റവും പുതിയ മിഥോളജിക്കൽ എപ്പിക് ചിത്രമായ ’ദി ഒഡീസി’യുടെ ആഗോള പ്രൊമോഷൻ ക്യാമ്പെയ്ന്റെ ഭാഗമായാണ് മുംബൈയെ തിരഞ്ഞെടുത്തതെന്ന് യൂണിവേഴ്സൽ പിക്ചേഴ്സ് ഇന്റർനാഷണൽ അറിയിച്ചു. ലണ്ടൻ, പാരീസ്, ന്യൂയോർക്ക് എന്നീ നഗരങ്ങൾക്കൊപ്പമാണ് അന്താരാഷ്ട്ര പ്രീമിയർ പട്ടികയിൽ മുംബൈയും ഇടംപിടിച്ചിരിക്കുന്നത്. മുംബൈയിലെ ഫീനിക്സ് പല്ലാഡിയം മാളിലുള്ള പി.വി.ആർ ഐക്കൺ ഐമാക്സിലാണ് ചിത്രത്തിന്റെ ഇന്ത്യയിലെ പ്രീമിയർ പ്രദർശനം നടക്കുക. ചിത്രത്തിന്റെ റിലീസിന് മുന്നോടിയായി ജൂലൈയിൽ നടക്കുന്ന ഈ വമ്പൻ ചടങ്ങിൽ പങ്കെടുക്കാൻ സംവിധായകൻ ക്രിസ്റ്റഫർ നോളനൊപ്പം നിർമ്മാതാവ് എമ്മ തോമസും ചിത്രത്തിലെ പ്രധാന താരങ്ങളായ മാറ്റ് ഡാമൺ, ടോം ഹോളണ്ട് എന്നിവരും ഇന്ത്യയിലെത്തും.

## പുതിയ ചിത്രം ക്യാപിറ്റോൾ കലാപത്തെക്കുറിച്ച്; ഷോൺ പെൻ വീണ്ടും സംവിധാനത്തിലേക്ക്



വൺ ബാറ്റിൽ ആഫ്റ്റർ അനദർ’ എന്ന ചിത്രത്തിലൂടെ കരിയറിലെ മൂന്നാമത് ഓസ്കാർ പുരസ്കാരം സ്വന്തമാക്കിയ പ്രശസ്ത നടനും സംവിധായകനുമായ ഷോൺ പെൻ തന്റെ സ്വപ്ന പദ്ധതിയുമായി വീണ്ടും സംവിധായകന്റെ തൊപ്പി അണിയുന്നു. 2021-ൽ പുറത്തിറങ്ങിയ ’ഫ്ലാഗ് ഡേ’ക്ക് ശേഷം ഷോൺ പെൻ പൂർണ്ണമായി സംവിധാനം ചെയ്യുന്ന പുതിയ ഫീച്ചർ ഫിലിം, അമേരിക്കയെ നടുക്കിയ ജനുവരി 6-ലെ യു.എസ് ക്യാപിറ്റോൾ കലാപത്തെ പശ്ചാത്തലമാക്കിയുള്ളതാണ്.ഓസ്കാർ ചിത്രത്തിന് ശേഷം പ്രമുഖ നിർമ്മാണ കമ്പനിയായ വാർണർ ബ്രദേഴ്സുമായി ഷോൺ പെൻ വീണ്ടും ഒന്നിക്കുന്ന ചിത്രം കൂടിയാണിത്. ചിത്രത്തിന്റെ തിരക്കഥ ഒരുക്കുന്നതും അദ്ദേഹം തന്നെയാണ്. ക്യാപിറ്റോൾ കലാപത്തിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന ഒരു യുവ പൊലീസുകാരന്റെ ജീവിതത്തെയും സങ്കീർണ്ണമായ സൗഹൃദങ്ങളെയും കേന്ദ്രീകരിച്ചാണ് ചിത്രത്തിന്റെ കഥ വികസിക്കുന്നത്.

### ‘മാധുരിയോട് മത്സരിക്കാൻ പേടി, പ്രമുഖ നടിമാർ ആ വേഷം വേണ്ടെന്നുവെച്ചു‘

# ‘ദിൽ തോ പാഗൽ ഹേ’ ഓർമ്മകൾ പങ്കുവെച്ച് കരിഷ്മ കപൂർ





ബോളിവുഡ് സിനിമാ ചരിത്രത്തിലെ എക്കാലത്തെയും വലിയ പ്രണയകാവ്യങ്ങളിലൊന്നായ ’ദിൽ തോ പാഗൽ ഹേ’ എന്ന ചിത്രത്തെക്കുറിച്ചുള്ള രസകരമായ വെളിപ്പെടുത്തലുമായി നടി കരിഷ്മ കപൂർ. ഷാരൂഖ് ഖാൻ, മാധുരി ദീക്ഷിത് എന്നിവർക്കൊപ്പം കരിഷ്മയും തകർപ്പൻ വേഷത്തിലെത്തിയ ചിത്രം റിലീസ് ചെയ്തിട്ട് വർഷങ്ങൾ കഴിഞ്ഞെങ്കിലും ഇപ്പോഴും ആരാധകരുടെ പ്രിയപ്പെട്ട ചിത്രങ്ങളിലൊന്നാണ്. എന്നാൽ കരിഷ്മ അവതരിപ്പിച്ച ’നിഷ’ എന്ന കഥാപാത്രം അക്കാലത്തെ മുൻനിര നടിമാരെല്ലാം നിരസിച്ചതായിരുന്നുവെന്ന് താരം ഇപ്പോൾ വെളിപ്പെടുത്തുന്നു.ഇന്ത്യ ടുഡേയ്ക്ക് നൽകിയ അഭിമുഖത്തിലാണ് കരിഷ്മ കപൂർ ചിത്രത്തിന്റെ പിന്നാമ്പുറ വിശേഷങ്ങൾ പങ്കുവെച്ചത്. ‘ദിൽ തോ പാഗൽ ഹേ ഒരുങ്ങുന്ന സമയത്ത്, മാധുരി ദീക്ഷിതിന് എതിരെ അഭിനയിക്കാൻ ഒരു നടിപോലും തയ്യാറായിരുന്നില്ല. ബോളിവുഡിലെ ഏറ്റവും മികച്ച നർത്തകിയായ മാധുരിയോടൊപ്പം ഒരു ഡാൻസ് മത്സരത്തിൽ പങ്കെടുക്കാനും അവരോട് മത്സരിക്കാനും എല്ലാവർക്കും ഭയമായിരുന്നു,‘ കരിഷ്മ പറഞ്ഞു.താൻ അവതരിപ്പിച്ച ’നിഷ’ എന്ന കഥാപാത്രം പരമ്പരാഗത നായിക സങ്കൽപ്പങ്ങളെ തിരുത്തിക്കുറിക്കുന്നതായിരുന്നുവെന്ന് കരിഷ്മ ഓർക്കുന്നു. ‘സാധാരണയായി നായകൻ നായികയെ പ്രണയിക്കുന്നതാണ് സിനിമകളിൽ കണ്ടിട്ടുള്ളത്. എന്നാൽ ഇതിൽ നായകൻ നായികയെ നിരസിക്കുകയാണ് ചെയ്യുന്നത്. നായകന്റെ പ്രണയം കിട്ടാതെ പോയ നിഷയുടെ വേദന പ്രേക്ഷകർക്ക് നേരിട്ട് അനുഭവിക്കാൻ സാധിക്കുമായിരുന്നു. തികച്ചും വ്യത്യസ്തവും വെല്ലുവിളി നിറഞ്ഞതുമായ ആ വൈകാരിക യാത്ര ഇന്നും എനിക്ക് രോമാഞ്ചം നൽകുന്നതാണ്,‘ കരിഷ്മ കൂട്ടിച്ചേർത്തു.ഒരു മ്യൂസിക്കൽ ട്രൂപ്പിലെ അംഗങ്ങൾക്കിടയിലുണ്ടാകുന്ന പ്രണയവും നൃത്തവും പശ്ചാത്തലമാക്കി ഇതിഹാസ സംവിധായകൻ യഷ് ചോപ്ര ഒരുക്കിയ ’ദിൽ തോ പാഗൽ ഹേ’ 1997-ലാണ് തീയേറ്ററുകളിലെത്തിയത്. ആ വർഷം ഏറ്റവും കൂടുതൽ കളക്ഷൻ നേടിയ ബോളിവുഡ് ചിത്രമായി മാറിയ ഇത് 3 ദേശീയ പുരസ്കാരങ്ങളും 7 ഫിലിം ഫെയർ അവാർഡുകളും ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ വാരിക്കൂട്ടിയിരുന്നു. ചിത്രത്തിലെ ഗാനങ്ങളും ഡയലോഗുകളും ഇന്നും ഏറെ ജനപ്രിയമാണ്.നിലവിൽ ഒടിടി പ്ലാറ്റ്ഫോമുകളിൽ സജീവമാണ് ഇരു നടിമാരും.

# യുഎസ് ഇറാൻ ഡിജിറ്റൽ ഒപ്പുവെക്കലിന് പിന്നിലെ 10 മറുപടിയില്ലാത്ത ചോദ്യങ്ങളും ടെഹ്റാനിലെ ആഭ്യന്തര വിപ്ലവ ഭീതിയും

വാഷിംഗ്ടൺ / ടെഹ്റാൻ: പശ്ചിമേഷ്യൻ മണ്ണിൽ മൂന്ന് മാസത്തിലധികമായി ആഗോള ഇന്ധന വിപണിയെയും വ്യോമപാതകളെയും ശ്വാസംമുട്ടിച്ച കടുത്ത നാവികവ്യോമ യുദ്ധത്തിന് താല്കാലിക വിരാമമിട്ടുകൊണ്ട് അമേരിക്കയും ഇറാനും തമ്മിൽ ചരിത്രത്തിലാദ്യമായി ഒരു പ്രാഥമിക ഇടക്കാല സമാധാന ഉടമ്പടിയിൽ ഡിജിറ്റലായി ഒപ്പുവെച്ചിരിക്കുകയാണ്. യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപും ഇറാന്റെ ഉന്നത പ്രതിനിധികളും അതീവ രഹസ്യമായി കമ്പ്യൂട്ടർ ശൃംഖലകൾ വഴി ഒപ്പുവെച്ച ഈ ഡിജിറ്റൽ കരാർ പ്രകാരം പശ്ചിമേഷ്യയിലെ സൈനിക നടപടികൾ പൂർണ്ണമായി അവസാനിപ്പിക്കാനും ഹോർമൂസ് കടലിടുക്ക് ലോകവ്യാപാരത്തിനായി അടിയന്തിരമായി തുറന്നുനൽകാനും ധാരണയായിട്ടുണ്ട്. അന്താരാഷ്ട്ര വാർത്താ ഏജൻസികകൾ പുറത്തുവിട്ട ഏറ്റവും പുതിയ തത്സമയ വിവരങ്ങൾ അനുസരിച്ച്, യുദ്ധം അവസാനിക്കുന്നു എന്ന പ്രഖ്യാപനം ആഗോള വിപണികൾക്ക് വലിയൊരു ആശ്വാസമാണ് നൽകിയിട്ടുള്ളത്.

എന്നാൽ, കമ്പ്യൂട്ടർ സ്ക്രീനുകളിൽ തിളങ്ങുന്ന ഈ ഡിജിറ്റൽ സമാധാനം യഥാർത്ഥത്തിൽ കളിക്കളത്തിൽ എങ്ങനെ പ്രവർത്തിക്കും എന്നതിനെക്കുറിച്ച് അതീവ സങ്കീർണ്ണമായ പത്ത് മറുപടിയില്ലാത്ത ചോദ്യങ്ങളാണ് അന്താരാഷ്ട്ര ഭൗമരാഷ്ട്രീയ നിരീക്ഷകർ ഉയർത്തുന്നത്. പുറമേക്ക് യുദ്ധത്തിന്റെ കനലുകൾ അടങ്ങുമ്പോൾ, മറുവശത്ത് ഇറാന്റെ പരമോന്നത ഭരണാധികാരിയായ മൊജ്തബ ഖമേനിയുടെ നേതൃത്വത്തിലുള്ള ഇസ്ലാമിക് ഭരണകൂടം സ്വന്തം നാട്ടിലെ കടുത്ത അമർഷമുള്ള ജനങ്ങളുടെ വലിയ ആഭ്യന്തര പ്രക്ഷോഭങ്ങളെ നേരിടേണ്ടി വരും എന്ന ഭീതിയിലാണ്. യുദ്ധം നൽകിയ താല്കാലിക ദേശീയ വികാരം അവസാനിച്ചതോടെ സാമ്പത്തിക തകർച്ചയിലും കടുത്ത വിലക്കയറ്റത്തിലും വലയുന്ന ഇറാന്റെ സാധാരണ ജനങ്ങൾ ഭരണകൂടത്തിനെതിരെ തെരുവിൽ വലിയൊരു വിപ്ലവത്തിന് തിരികൊളുത്താൻ ഒരുങ്ങുകയാണ്. ഈ പുതിയ ഭൗമരാഷ്ട്രീയ മാറ്റങ്ങളുടെ അണിയറ രഹസ്യങ്ങളെക്കുറിച്ചുള്ള സമഗ്രമായ രാജ്യാന്തര അന്വേഷണാത്മക റിപ്പോർട്ട് താഴെ നൽകുന്നു.

### ഡിജിറ്റൽ കരാറിലെ മറുപടിയില്ലാത്ത പത്ത് ചോദ്യങ്ങളും പരാജയപ്പെടുന്ന പ്രായോഗികതയും



അമേരിക്കയും ഇറാനും തമ്മിൽ ഡിജിറ്റൽ ഒപ്പുവെക്കൽ പൂർത്തിയാക്കിയെങ്കിലും ഈ ഉടമ്പടി ദീർഘകാലം നിലനിൽക്കമോ എന്നതിൽ കടുത്ത ആശങ്കകൾ നിലനിൽക്കുന്നുണ്ട്.

### വിദേശ ആസ്തികളുടെ മരവിപ്പ് മാറ്റലിന്റെ സുതാര്യത

കരാറിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥയായ 25 ബില്യൺ ഡോളറിന്റെ ഇറാന്റെ മരവിപ്പിച്ച വിദേശ നിക്ഷേപങ്ങൾ അമേരിക്ക എങ്ങനെയാണ് വിട്ടു നൽകുക എന്നതിൽ ഇപ്പോഴും വ്യക്തത വന്നിട്ടില്ല. ഈ വൻ തുക ഒറ്റയടിക്ക് ഇറാന് കൈമാറിയാൽ അത് അവർ തങ്ങളുടെ ആയുധപ്പുരകൾ ശക്തമാക്കാൻ ഉപയോഗിക്കുമെന്ന് അമേരിക്കൻ കോൺഗ്രസിലെ പ്രമുഖ അംഗങ്ങൾ വാദിക്കുന്നു. അതേസമയം പണം പൂർണ്ണമായി തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്താതെ ആണവ നിലയങ്ങളിൽ യാതൊരുവിധ പരിശോധനകളും അനുവദിക്കില്ലെന്ന കടുത്ത നിലപാടിലാണ് ടെഹ്റാൻ ഭരണകൂടം.

### ആണവ പരിശോധനകളുടെ പുതിയ അന്താരാഷ്ട്ര ചട്ടങ്ങൾ

ഇറാന്റെ വിവാദപരമായ ആണവ നിലയങ്ങളായ ഫോർഡോ, നതാൻസ് എന്നിവയിൽ അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ പരിശോധകർക്ക് എപ്പോഴൊക്കെ പ്രവേശിക്കാൻ സാധിക്കും എന്ന ചോദ്യത്തിന് കൃത്യമായ മറുപടിയില്ല. തങ്ങൾ സമ്പുഷ്ടീകരിച്ചു വെച്ചിരിക്കുന്ന ബോംബ് ഗ്രേഡ് യുറേനിയം ശേഖരം ദ്രവീകരിക്കാൻ ഇറാൻ സമ്മതിച്ചിട്ടുണ്ടെങ്കിലും അത് ഏത് വിദേശ രാജ്യത്തിന്റെ മേൽനോട്ടത്തിലാണ് നടപ്പിലാക്കുക എന്നത് വ്യക്തമല്ല. വരും ദിവസങ്ങളിൽ നടക്കാൻ പോകുന്ന 60 ദിവസത്തെ ചർച്ചകളിൽ ഈ വിഷയം വലിയൊരു തർക്കത്തിന് വഴിതുറക്കും.

### ഇസ്രായേലിന്റെ കടുത്ത വെല്ലുവിളികളും ലബനൻ ചോദ്യവും

ട്രംപിന്റെ ഈ പുതിയ സമാധാന ഉടമ്പടിയെ പൂർണ്ണമായി തള്ളിക്കളഞ്ഞുകൊണ്ട് ഇസ്രായേൽ ഭരണകൂടം രംഗത്തെത്തിയത് കരാറിന്റെ നിലനിൽപ്പിനെ ത്തന്നെ കടുത്ത രീതിയിൽ ബാധിച്ചിട്ടുണ്ട്. ഹെസ്ബൊള്ളയുടെ ഭീഷണികൾ പൂർണ്ണമായി ഇല്ലാതാക്കാതെയും തെക്കൻ ലബനനിലെ തങ്ങളുടെ സൈനിക വിന്യാസങ്ങൾ മാറ്റാതെയും ഒരു വെടിനിർത്തലിനും തങ്ങൾ തയ്യാറല്ലെന്ന് ഇസ്രായേൽ വ്യക്തമാക്കുന്നു. സഖ്യകക്ഷിയായ ഇസ്രായേലിനെ നിയന്ത്രിക്കാൻ ട്രംപിന് കഴിഞ്ഞില്ലെങ്കിൽ ഈ ഇടക്കാല സമാധാനം വെറും ദിവസങ്ങൾക്കുള്ളിൽ തകർന്നടിയും.

### ഹൂതി വിമതരുടെ മിസൈൽ വേട്ടയുടെ ഭാവി

ചെങ്കടലിലൂടെയുള്ള സമുദ്ര വാണിജ്യ പാതകളിൽ യെമനിലെ ഹൂതി വിമതർ നടത്തുന്ന മിസൈൽ ആക്രമണങ്ങൾ ഈ കരാറോടെ പൂർണ്ണമായി അവസാനിക്കമോ എന്നതിൽ ഉറപ്പില്ല. തങ്ങൾ ഇറാനിൽ നിന്നും സാങ്കേതിക സഹായങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിലും തങ്ങളുടെ പോരാട്ടങ്ങൾ സ്വതന്ത്രമാണെന്നാണ് ഹൂതി കമാൻഡർമാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പശ്ചാത്തലത്തിൽ ചെങ്കടലിലെ കപ്പലുകളുടെ സുരക്ഷ ഉറപ്പാക്കുക എന്നത് പെന്റഗണിന് മുന്നിലെ വലിയൊരു സാങ്കേതിക വെല്ലുവിളിയാണ്.

### യുദ്ധം ഒടുങ്ങമ്പോൾ ടെഹ്റാനിൽ കത്തുന്ന ആഭ്യന്തര ജനരോഷവും ഭരണകൂടത്തിന്റെ പുതിയ ഭീതികളും

കഴിഞ്ഞ മൂന്ന് മാസമായി ബാഹ്യ യുദ്ധത്തിന്റെ പേര് പറഞ്ഞ് ആഭ്യന്തര ജനകീയ പ്രതിഷേധങ്ങളെ അടിച്ചമർത്തിയിരുന്ന ഇറാന്റെ ഭരണാധികാരികൾക്ക് ഇനി വരും നാളുകൾ കനത്ത പരീക്ഷണത്തിന്റേതാണ്.

### റിയാലിന്റെ കടുത്ത മൂല്യത്തകർച്ചയും സാധാരണക്കാരന്റെ ദുരിതങ്ങളും

ഇറാനിയൻ കറൻസിയായ റിയാലിന്റെ മൂല്യം ഡോളറിനെതിരെ ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിരക്കിലേക്ക് കൂപ്പുകുത്തിയത് നാട്ടിൽ കടുത്ത പണപ്പെരുപ്പത്തിനാണ് കാരണമായിട്ടുള്ളത്. തൊഴിലാളികളുടെ ശമ്പളം വർദ്ധിപ്പിക്കാതെ ഭരണകൂടം തങ്ങളുടെ ആകെ സാമ്പത്തിക വിഭവങ്ങളും യുദ്ധത്തിനായി ചിലവഴിച്ചതിനെതിരെ സാധാരണ ജനങ്ങൾക്കിടയിൽ കടുത്ത അമർഷമുണ്ട്.

ഇന്ധനത്തിനും നിത്യോപയോഗ സാധനങ്ങൾക്കും ഏർപ്പെടുത്തിയ കടുത്ത റേഷനിംഗ് സംവിധാനങ്ങൾ ജനജീവിതം ദുസ്സഹമാക്കി കഴിഞ്ഞു.

### മൊജ്തബ ഖമേനിയുടെ നേതൃത്വത്തിന് മുന്നിലെ വലിയ വെല്ലുവിളികൾ

ഇറാന്റെ പരമോന്നത നേതാവായി മൊജ്തബ ഖമേനി അധികാരം ഏറ്റെടുത്തതിന് ശേഷം രാജ്യം നേരിടുന്ന ഏറ്റവും വലിയ ആഭ്യന്തര പ്രതിസന്ധിയാണിത്. യുദ്ധം അവസാനിക്കുന്നതോടെ നാട്ടിലെ യുവാക്കളും വിദ്യാർത്ഥി സംഘടനകളും കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെയും സാംസ്കാരിക നിയന്ത്രണങ്ങൾക്കെതിരെയും തെരുവിൽ വലിയ പ്രക്ഷോഭങ്ങൾക്ക് പദ്ധതിയിടുന്നുണ്ട്. ഈ ജനകീയ വിപ്ലവത്തെ തോക്കുകൾ കൊണ്ട് മാത്രം ദീർഘകാലം അടിച്ചമർത്താൻ ഭരണകൂടത്തിന് കഴിയില്ല.

### ആയുധപ്പുരകളിലെ മിസൈൽ ശൂന്യതയും സൈന്യത്തിന്റെ നിരാശയും

തുടർച്ചയായി അമേരിക്കയും ഇസ്രായേലുമായി നടത്തിയ കടുത്ത പോരാട്ടങ്ങളിൽ ഇറാന്റെ പക്കലുള്ള വലിയൊരു പങ്ക് അത്യാധുനിക ബാലിസ്റ്റിക് മിസൈലുകളും ഡ്രോണുകളും തീർന്നപോയതായി പ്രതിരോധ നിരീക്ഷകർ വിലയിരുത്തുന്നു.

തങ്ങളുടെ പ്രധാന നാവിക താവളങ്ങൾക്ക് സംഭവിച്ച കനത്ത കേടുപാടുകൾ പരിഹരിക്കാൻ വർഷങ്ങളുടെ കഠിനാധ്വാനം ആവശ്യമാണ്. ഈ സൈനിക ബലഹീനതകൾ ആഭ്യന്തരമായി ഭരണകൂടത്തിന്റെ ആത്മവിശ്വാസം വൻ തോതിൽ കുറച്ചിട്ടുണ്ട്.

### ആഗോള സാമ്പത്തിക വിന്യാസങ്ങളും വിപണിയിലെ പുതിയ മാറ്റങ്ങളും

അന്താരാഷ്ട്ര തലത്തിൽ രൂപപ്പെടുന്ന ഈ പുതിയ താല്കാലിക സമാധാന അന്തരീക്ഷം ആഗോള ഓഹരി വിപണികളിലും വികസ്വര രാജ്യങ്ങളിലും വലിയ ചലനങ്ങളാണ് ഉണ്ടാക്കുന്നത്.

### ബ്രെന്റ് ക്രൂഡ് ഓയിൽ വില 88 ഡോളറിന് താഴേക്ക്

യുഎസ്ഇറാൻ ഡിജിറ്റൽ കരാർ യാഥാർത്ഥ്യമായതോടെ അന്താരാഷ്ട്ര വിപണിയിൽ ബ്രെന്റ് ക്രൂഡ് ഓയിൽ വില ബാരലിന് 88 ഡോളറിന് താഴേക്ക് അതിവേഗം ഇടിഞ്ഞിട്ടുണ്ട്. ഇന്ധനവില കുറയുന്നത് നാട്ടിലെ കടുത്ത വിലക്കയറ്റവും പണപ്പെരുപ്പവും തടയാൻ വലിയ രീതിയിൽ സഹായിക്കും.

അമേരിക്കയും ഇറാനും തമ്മിൽ ഡിജിറ്റൽ ശൃംഖലകൾ വഴി ഒപ്പുവെച്ച ഈ ഇടക്കാല സമാധാന ഉടമ്പടി കേവലമൊരു താല്കാലിക ശ്വാസമിടവേള മാത്രമാണ്. മറുപടിയില്ലാത്ത പത്ത് ചോദ്യങ്ങളിലെ സാങ്കേതിക തർക്കങ്ങളും ഇറാന്റെ ആഭ്യന്തര തെരുവുകളിൽ കത്തുന്ന ജനരോഷവും വരും നാളുകളിൽ ഈ കരാറിന്റെ ഭാവി കടുത്ത രീതിയിൽ പരീക്ഷിക്കും.

വരും ആഴ്ചകളിൽ സ്വിറ്റ്സർലൻഡിൽ വെച്ച് നടക്കാൻ പോകുന്ന നേരിട്ടുള്ള നയതന്ത്ര ചർച്ചകളും ടെഹ്റാനിലെ പുതിയ ജനകീയ മന്നേറ്റങ്ങളുമായിരിക്കും പശ്ചിമേഷ്യ വീണ്ടുമൊരു കടുത്ത യുദ്ധത്തിലേക്ക് പോകമോ അതോ ശാശ്വതമായ സമാധാനത്തിലേക്ക് മടങ്ങമോ എന്ന് കൃത്യമായി നിശ്ചയിക്കുക.

# ബീച്ച് വോളിബോളിൽ നിന്ന് ലോകകപ്പ് റെക്കോർഡിലേക്ക്; വൊസീഞ്ഞോ എന്ന 'അത്ഭുത ഗോളി'

2026 ലോകകപ്പിലെ തങ്ങളുടെ കന്നി മത്സരത്തിൽ തന്നെ ഫുട്ബോൾ ലോകത്തെ ഞെട്ടിച്ചിരിക്കുകയാണ് കാബോ വെർദെ എന്ന കുഞ്ഞൻ രാജ്യം. മുൻ ലോകയൂറോപ്പ് ചാമ്പ്യന്മാരായ കരുത്തരായ സ്പെയിനിനെ ഗോൾരഹിത സമനിലയിൽ തളച്ചാണ് ഈ ആഫ്രിക്കൻ രാജ്യം ചരിത്രം കുറിച്ചത്. സ്പാനിഷ് പടയുടെ എണ്ണം പറഞ്ഞ ആക്രമണങ്ങളെ അമ്പരിപ്പിക്കുന്ന പ്രകടനത്തോടെ തടുത്തിട്ടത് കാബോ വെർദെയുടെ നായകനും 40 കാരനുമായ ഗോൾകീപ്പർ ജോസിമർ ജോസ് എവോറ ഡയസ് എന്ന 'വൊസീഞ്ഞോ' ആണ്. മത്സരത്തിലെ തകർപ്പൻ പ്രകടനത്തോടെ ലോക ഫുട്ബോളിലെ പുതിയ തരംഗമായി മാറിയിരിക്കുകയാണ് ഈ താരം.



### സ്പെയിനിന്റെ 27 ഷോട്ടുകൾക്ക് മുന്നിൽ മഹാമേരുവായി വൊസീഞ്ഞോ

യൂറോപ്യൻ ചാമ്പ്യന്മാരായ സ്പെയിനിനെതിരെ കാബോ വെർദെയ്ക്ക് കളിവിദഗ്ധർ ആരും തന്നെ സാധ്യത കൽപ്പിച്ചിരുന്നില്ല. പ്രതീക്ഷിച്ചതുപോലെ കളിയുടെ 74 ശതമാനം സമയവും പന്ത് സ്പാനിഷ് താരങ്ങളുടെ കാൽക്കലായിരുന്നു. ലക്ഷ്യത്തിലേക്ക് അവർ ഉതിർത്തത് 27 ഷോട്ടുകൾ. എന്നാൽ സ്പെയിനിന്റെ 18 കാരനായ സൂപ്പർ താരം ലമീൻ യമാൽ അടക്കമുള്ളവരുടെ ഗോളെന്നുറച്ച പല മുന്നേറ്റങ്ങളെയും വൊസീഞ്ഞോ അതിസാഹസികമായി തടഞ്ഞു. മത്സരത്തിൽ 7 നിർണായക സേവുകളുമായി കളം നിറഞ്ഞ ഈ നാൽപ്പതുകാരൻ തന്നെയാണ് കളിയിലെ മികച്ച താരത്തിനുള്ള പുരസ്കാരവും സ്വന്തമാക്കിയത്.

കളി അവസാനിച്ചതിന് പിന്നാലെ കരിയറിലെ ഏറ്റവും വലിയ നേട്ടത്തിന്റെ സന്തോഷക്കണ്ണീരുമായി നടുക്കളത്തിലിരുന്ന നായകനെ സഹതാരങ്ങൾ ഓടിയെത്തി കെട്ടിപ്പിടിക്കുകയായിരുന്നു. കാബോ വെർദെയെ സംബന്ധിച്ച് ഈ സമനില ഒരു കിരീട നേട്ടത്തോളം മധുരമുള്ളതാണ്.

### റെക്കോർഡുകൾ തിരുത്തി നാൽപ്പതുകാരൻ

സ്പെയിനെതിരായ മത്സരത്തോടെ നിരവധി അപൂർവ്വ റെക്കോർഡുകളാണ് വൊസീഞ്ഞോ തന്റെ ലോകകപ്പ് ഡയറിയിൽ എഴുതിച്ചേർത്തത്. ഒരു രാജ്യത്തിന്റെ ചരിത്രത്തിലെ ആദ്യ ലോകകപ്പ് മത്സരത്തിൽ കളിക്കാനിറങ്ങുന്ന ലോകത്തെ ഏറ്റവും പ്രായം കൂടിയ താരം എന്ന റെക്കോർഡ് ഇനി വൊസീഞ്ഞോയ്ക്ക് സ്വന്തം. സ്പെയിനിനെതിരെ ബൂട്ടണിയുമ്പോൾ 40 വയസും 12 ദിവസവുമായിരുന്നു അദ്ദേഹത്തിന്റെ പ്രായം.

ലോകകപ്പ് ചരിത്രത്തിൽ ഒരൊറ്റ ഗോൾ പോലും വഴങ്ങാതെ മത്സരം പൂർത്തിയാക്കുന്ന മൂന്നാമത്തെ ഏറ്റവും പ്രായം കൂടിയ ഗോൾകീപ്പറായും താരം മാറി.

### കളിക്കളത്തിന് പുറത്ത് വോളിബോൾ കോച്ചും ഇലക്ട്രീഷ്യനും!

വൊസീഞ്ഞോയുടെ ജീവിതം ഫുട്ബോൾ മൈതാനത്തിന് പുറത്തും കൗതുകങ്ങൾ നിറഞ്ഞതാണ്. അദ്ദേഹം ഒരു പ്രൊഫഷണൽ ഫുട്ബോളർ മാത്രമല്ല, ഒരു ബീച്ച് വോളിബോൾ പരിശീലകൻ കൂടിയാണ്. കാബോ വെർദെയിലെ 'റെയ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ' വേനൽക്കാലത്ത് കുട്ടികൾക്കായി അദ്ദേഹം വോളിബോൾ ക്ലാസുകൾ നയിക്കാറുണ്ട്.

ലോകകപ്പിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി ഇത്തവണ മാത്രമാണ് അദ്ദേഹം തന്റെ അധ്യാപന ചുമതലകളിൽ നിന്ന് താൽക്കാലികമായി വിട്ടുനിന്നത്. ബീച്ച് വോളിബോൾ കോർട്ടിലെ അനുഭവങ്ങൾ തന്നെ ഒരു മികച്ച ഗോൾകീപ്പറായി മാറാൻ സഹായിച്ചുവെന്ന് വൊസീഞ്ഞോ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പം ഒരു ഇലക്ട്രീഷ്യൻ ജോലിയിൽ നിന്നാണ് അദ്ദേഹം ലോകകപ്പിന്റെ വെള്ളി വെളിച്ചത്തിലേക്ക് എത്തിയത് എന്നതും ശ്രദ്ധേയമാണ്.

മണൽപ്പരപ്പിലെ വോളിബോൾ കളി തന്റെ ഫുട്ബോൾ കരിയറിനെ എങ്ങനെ സ്വാധീനിച്ചു എന്ന് വൊസീഞ്ഞോ തന്നെ മുൻപ് വ്യക്തമാക്കിയിട്ടുണ്ട്: 'മണലിൽ കളിക്കുന്നത് ശരീരത്തിന്റെ ഫ്ലെക്സിബിലിറ്റിയും വേഗതയും വർദ്ധിപ്പിക്കാൻ സഹായിക്കും.

വോളിബോളിലെ 'ഡൈവിങ്' രീതികളാണ് ഫുട്ബോൾ പോസ്റ്റിന് മുന്നിൽ പെട്ടെന്ന് പ്രതികരിക്കാനും വായുവിൽ ഉയർന്നുചാടി പന്ത് തട്ടിയകറ്റാനും എന്നെ സഹായിക്കുന്നത്.' എന്നായിരുന്നു അദേഹത്തിന്റെ പ്രതികരണം. ലക്ഷ്യ ബോധമുണ്ടെങ്കിൽ ഏത് പ്രതികൂല സാഹചര്യങ്ങളെയും മറികടക്കാമെന്ന് തെളിയിക്കുന്നതാണ് ഈ 40 കാരന്റെ ജീവിതം.


തുടക്കകാലത്ത് മികച്ച പരിശീലന സൗകര്യങ്ങളോ ആധുനിക സ്റ്റേഡിയങ്ങളോ ഇല്ലാതിരുന്നിട്ടും, സ്വന്തം കഠിനാധ്വാനത്തിലൂടെയും ലക്ഷ്യബോധത്തിലൂടെയും ലോക വേദിയിലെത്തിയ വൊസീഞ്ഞോയുടെ കരിയർ ഫുട്ബോൾ പ്രേമികൾക്ക് വലിയൊരു പ്രചോദനമാണ്.


# ഓന്തുവർഗ്ഗങ്ങളൊക്കെ എന്ത്? ഭരണം മാറിയപ്പോൾ ചിലർ കളം മാറുന്നു, നിറം മാറുന്നു !

കേരളാ വിൻഡോ


ആന്റണി ചടയംമുറി

തോൽവിക്ക് ഇരകളെ തേടി സി.പി.എം. നേതാക്കൾ തലങ്ങും വിലങ്ങും ഓട്ടം. ചാനലുകളിൽ ലോകകപ്പ് വാർത്തകളുടെ ബഹളം. കൊച്ചിയിലെ ഇ.ഡി. ഓഫീസിൽ പിണറായിയുടെ മകൾ വീണ ചോദ്യമുനയിൽ. വെള്ളാപ്പള്ളിക്ക് എതിരെ പി.ശശിയും, മനോരമയ്ക്കെതിരെ എം.വി.ഗോവിന്ദനും മാന നഷ്ടത്തിന് കേസ് കൊടുത്തിരിക്കുന്നു. പിണറായിക്ക് ഗുഡ് സർട്ടിഫിക്കറ്റ് നൽകുന്ന വെള്ളാപ്പള്ളി നടേശൻ എല്ലാം കുളമാക്കിയത് പി.ശശിയാണെന്ന് മാതൃഭൂമി ചാനലിൽ പറഞ്ഞതാണ് പ്രശ്നമായത്.



നേരത്തെ ഏഷ്യാനെറ്റിലുണ്ടായിരുന്ന ബിജു പങ്കജ് എന്ന റിപ്പോർട്ടർ 41 മിനിറ്റ് നീണ്ടു നിൽക്കുന്ന അഭിമുഖമാണ് വെള്ളാപ്പള്ളിയുമായി കഴിഞ്ഞ ദിവസം നടത്തിയത്. ഈ അഭിമുഖത്തിൽ ഉടനീളം പിണറായിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായിരുന്ന പി.ശശിയെ വെള്ളാപ്പള്ളി പ്രതിക്കൂട്ടിലാക്കുകയായിരുന്നു. 'ശുദ്ധനും നല്ലവനുമായ' പിണറായിയെ എല്ലാ അർത്ഥത്തിലും ഇരുട്ടിൽ നിർത്തിയാണ് പി.ശശി തീരുമാനമെടുത്തിരുന്നതെന്നായിരുന്നു വെള്ളാപ്പള്ളിയുടെ ആരോപണം.

ഒരു സമുദായ നേതാവെന്ന നിലയിൽ രണ്ട് വള്ളത്തിലല്ല പല വള്ളത്തിലും കാല് വയ്ക്കേണ്ടി വരുമെന്ന് വെള്ളാപ്പള്ളി വിശദീകരിക്കുന്നു. അഭിമുഖത്തിനിടയിൽ വി.എം. സുധീരനെ താനാണ് തോൽപ്പിച്ചതെന്ന് അദ്ദേഹം അവകാശപ്പെട്ടു. സുധീരൻ കട്ടപ്പുറത്തായത് അയാളുടെ പിടിപ്പുകേട് കൊണ്ടാണെന്നായിരുന്നു വെള്ളാപ്പള്ളിയുടെ വാദം.

ഇതിനിടെ യു.ഡി.എഫ് മനസുള്ള ജീവനക്കാരുടെ എണ്ണം സെക്രട്ടറിയേറ്റിൽ കുടിവരികയാണ്. എങ്ങനെയും പുതിയ മന്ത്രിമാരെ മണിയടിച്ച് തങ്ങളുടെ പദവി ഉറപ്പിക്കാൻ എൻ.ജി.ഒ. യൂണിയന്റെ തലപ്പത്തുള്ളവർ തന്നെ രംഗത്തുണ്ട്.

''ഞങ്ങൾ വെറും ജീവനക്കാരല്ലേ, അധികാരികൾ പറഞ്ഞാൽ എന്തു ചെയ്യാനാണ്'' എന്ന മട്ടിൽ മാപ്പു സാക്ഷി വേഷം കെട്ടുന്നവരും നിരവധിയാണ്. ഇങ്ങനെ വേഷം മാറി അഭിനയിക്കുന്നവരെ തിരിച്ചറിയാൻ ചില മന്ത്രിമാർക്ക് കഴിയുമെങ്കിലും മറ്റ് ചിലർ ഇക്കാര്യത്തിൽ പരാജയപ്പെടുന്നുണ്ട്.

### തോറ്റിട്ടില്ല, തോറ്റിട്ടില്ല...!

ഭരണവിരുദ്ധ വികാരമല്ല കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് തോൽവിക്ക് കാരണമെന്ന് ചില നേതാക്കൾ കോറസ് പോലെ പാടുന്നുണ്ട്. പക്ഷെ ആ പാട്ടിൽ വലിയ കഴമ്പില്ല. മുൻമന്ത്രി പി.രാജീവും ദേശീയ പാർട്ടി സെക്രട്ടറി എം.എ. ബേബിയും ''ഭരണവിരുദ്ധ വികാരം മനസ്സിലാക്കുന്നതിൽ'' പാർട്ടി പരാജയപ്പെട്ടുവെന്ന് സൂചിപ്പിച്ചു കഴിഞ്ഞു. തളിപ്പറമ്പിൽ ജയിച്ച ടി.കെ. ഗോവിന്ദനാകട്ടെ പാർട്ടി തോറ്റതിനു കാരണം പിണറായി എന്ന ഒറ്റ നേതാവാണെന്ന് പച്ചയ്ക്ക് വാർത്താ സമ്മേളനം വിളിച്ചു കൂട്ടി പറയുകയുണ്ടായി.

കേരളത്തിലെ 140 മണ്ഡലങ്ങളിലും ഇടതുമുന്നണിയുടെ സ്ഥാനാർത്ഥി പിണറായി വിജനാണെന്നായിരുന്നു ഗോവിന്ദന്റെ കമന്റ്. വാർത്താ സമ്മേളനത്തിൽ ഒപ്പമുണ്ടായിരുന്ന പി.വി.കുഞ്ഞിക്കൃഷ്ണനും ഇതേ വാദഗതിയാണുയർത്തിയത്. തളിപ്പറമ്പിൽ പാർട്ടി സെക്രട്ടറി എം.വി.ഗോവിന്ദൻ ഭാര്യ ശ്യാമള ടീച്ചറിനെ സ്ഥാനാർത്ഥിയാക്കിയത് കണ്ണൂർ ജില്ലാ കമ്മറ്റിയാണ് താനല്ലെന്ന ഡയലോഗും ജനങ്ങൾ വലിയ കോമഡിയായാണ് കേട്ടത്.

### കിഫ്ബി എന്ന കൊള്ള സംഘം

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2000ലാണ് ഡോ. തോമസ് ഐസക് ധനകാര്യ മന്ത്രിയായിരിക്കെ കിഫ്ബി ആരംഭിച്ചത്. ആദ്യം സർക്കാർ ഖജനാവിൽ നിന്ന് ഒറ്റ പൈസ പോലും വേണ്ടെന്നു മന്ത്രി ഐസക് പറഞ്ഞിരുന്നു. കിഫ്ബിക്കായുള്ള ധനസമാഹരണത്തിനായി ലണ്ടനിലെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മസാല ബോണ്ട് ഇറക്കിയതുപോലും പിൽക്കാലത്ത് വിവാദമായി. ആ പരിപാടി സംഘടിപ്പിക്കാൻ 11 കോടി രൂപയോളമാണ് അന്ന് കിഫ്ബി ചെലവഴിച്ചതത്രെ.

ആദ്യമെല്ലാം ഖജനാവിൽ നിന്ന് പണം പറ്റാതിരുന്ന കിഫ്ബി പിൽക്കാലത്ത് മോട്ടർവാഹന നികുതിയും ഇന്ധന സെസും ദിവസേന വാങ്ങിച്ചെടുക്കുന്ന കറക്കു കമ്പനിയായി മാറുകയായിരുന്നു. സെക്രട്ടറിയേറ്റിന് നേരെ മുമ്പിൽ ഒരു ആഡംബര സൗധമെന്ന മട്ടിലാണ് കിഫ്ബിയുടെ ഓഫീസ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ഈ കെട്ടിടത്തിന്റെ വാടക സംബന്ധിച്ചും എന്തോ ഇന്റലിജൻസ് കേസുണ്ടെന്ന് പറയപ്പെടുന്നു.

400നും 500നും മദ്ധ്യേ ജീവനക്കാർ കിഫ്ബിയിലുണ്ട്. കിഫ്കോൺ, കെഡിസ്ക് തുടങ്ങിയ കിഫ്ബിയുടെ അനുബന്ധ സ്ഥാപനങ്ങളിൽ നിന്നുള്ള ശമ്പളവും ഇവർ പിടുങ്ങുന്നുണ്ട്. ലക്ഷം രൂപയ്ക്കു മേൽ ശമ്പളമുള്ള അൻപതോളം ഉദ്യോഗസ്ഥർ, ചീഫ് സെക്രട്ടറിയെക്കാൾ ശമ്പളം പറ്റുന്ന കെ.എം. എബ്രഹാം, റിട്ടയർ ചെയ്ത ശേഷം കൂറ്റൻ തുക പെൻഷനായി വാങ്ങിക്കൊണ്ടിരിക്കുന്ന ഐ.എ.എസുകാർ എന്നിങ്ങനെ കിഫ്ബിയെന്ന കൊള്ള സങ്കേതം ഇപ്പോൾ കുപ്രസിദ്ധമായിക്കഴിഞ്ഞു.

തനതു വരുമാനമില്ലാത്ത കിഫ്ബി എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ വായ്പകളായി കേന്ദ്രം പരിഗണിച്ച്, കേന്ദ്ര വായ്പാ വിഹിതം വെട്ടിക്കുറയ്ക്കാൻ തുടങ്ങിയത് പിൽക്കാലത്ത് വലിയ പ്രശ്നമായി മാറി. കിഫ്ബി വികസനത്തിനായുള്ള ഒറ്റമൂലിയെന്നാണ് ഡോ. ഐസക് വിശേഷിപ്പിച്ചത്. എന്നാൽ, അതേ ഒറ്റമൂലി സംസ്ഥാനത്തിന്റെ സാമ്പത്തികാരോഗ്യത്തിന് പാരയായെന്നതാണ് യാഥാർത്ഥ്യം.

### പണ്ട്, പപ്പൻ, പ്രിയപ്പെട്ട പപ്പൻ..

കൊല്ലം ജില്ല വിഭജിച്ച് പത്തനംതിട്ട ജില്ല രൂപീകരിച്ച നാൾ മുതൽ എ. പത്മകുമാർ സി.പി.എമ്മിന് പ്രിയപ്പെട്ട പപ്പനാണ്. പത്തനംതിട്ട ജില്ലാ കമ്മിറ്റി രൂപീകരിച്ചപ്പോൾ എല്ലാ നേതാക്കളും വി.എസ്. പക്ഷക്കാരായിരുന്നു. എന്നാൽ അന്ന് പിണറായിയോടൊപ്പം അടിയുറച്ചു നിന്ന ഏക യുവനേതാവായിരുന്നു പത്മകുമാർ. ഏറ്റവും കുറഞ്ഞ പ്രായത്തിൽ തന്നെ (21 വയസ്സ്) എം.എൽ.എ.യായി മാറിയ പത്മകുമാർ അന്നുമുതൽ ഇന്നലെ വരെ (ചൊവ്വ) ജില്ലാ സെക്രട്ടറിയേറ്റ് അംഗമായിരുന്നു.

ചൊവ്വാഴ്ചയാണ് പത്മകുമാറിനെ പാർട്ടിയിൽ നിന്ന് പുറത്താക്കുമെന്ന് പ്രഖ്യാപിച്ച് ഡോ. ഐസക്കിന്റെ നേതൃത്വത്തിൽ ജില്ലാ കമ്മിറ്റി യോഗം ചേർന്നത്. ഇതിനിടെ പത്മകുമാറിന്റെ സഖാക്കളായ സുഹൃത്തുക്കൾ ഇടഞ്ഞു കഴിഞ്ഞിരുന്നു. ശബരിമല സ്വർണ്ണക്കൊള്ള കേസിൽ പ്രതിയായ പത്മകുമാറിന് മാധ്യമങ്ങൾക്കു മുമ്പിൽ വരാൻ നിയമപരമായ തടസ്സമുണ്ട്. അതുകൊണ്ടാവാം പത്മകുമാറിന്റെ സുഹൃത്തുക്കൾ വാട്സാപ്പിൽ ചില ചോദ്യങ്ങൾ ഉന്നയിച്ചത്. സ്വർണ്ണക്കൊള്ളയിലെ മുഖ്യപ്രതിയെന്നു പറയുന്ന ഉണ്ണിക്കൃഷ്ണൻ പോറ്റിയുമായി പത്മകുമാർ നിൽക്കുന്ന ഏതെങ്കിലുമൊരു ഫോട്ടോയുണ്ടോ?

ദേവസ്വം മന്ത്രിയായിരുന്ന കടകംപള്ളി സുരേന്ദ്രൻ പോറ്റിയുടെ വീട്ടിൽ പലവട്ടം പോയതായും ഫോട്ടോ എടുത്തതായും മാധ്യമങ്ങൾ തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് 'പത്മകുമാർ പക്ഷക്കാർ' പറയുന്നു. ശബരിമലയിൽ യുവതീകളെ പ്രവേശിപ്പിക്കാൻ പത്മകുമാർ എതിരായിരുന്നതിനാൽ, ഈ വിവാദ സംഭവം നടന്ന ദിവസം പത്മകുമാറിനെ ശബരിമലയിൽ നിന്ന് തലസ്ഥാനത്തേയ്ക്ക് വിളിച്ചുവരുത്തിയ കാര്യവും സുഹൃത്തുക്കൾ ചൂണ്ടിക്കാണിക്കുന്നു.

പത്മകുമാറും കുടുംബവും കടുത്ത അയ്യപ്പ ഭക്തരാണെന്ന് പാർട്ടിക്കാർ തന്നെ സമ്മതിക്കുന്നുണ്ട്. അങ്ങനെയുള്ള 'പപ്പൻ' അയ്യപ്പന്റെ സ്വർണ്ണം മോഷ്ടിക്കില്ലെന്നു പറയുന്നതിൽ യുക്തിയുണ്ട്.

### ഇല്ലാത്ത കാശുണ്ടാക്കി ഒരു ബജറ്റ്!


ഇടതുമുന്നണി മന്ത്രിസഭയുടെ കഴിഞ്ഞ ബജറ്റ് ഒരുതരം തട്ടിക്കൂട്ടലായിരുന്നു. ഭരിക്കാൻ നാലേ മുക്കാൽ വർഷം കിട്ടിയിട്ടും നടപ്പാക്കാതിരുന്ന നിരവധി പദ്ധതികളെക്കുറിച്ച് അന്ന് മന്ത്രി ബാലഗോപാലൻ പ്രഖ്യാപനം നടത്തി. പക്ഷെ അതിനുള്ള പണമൊന്നും ഖജനാവിലുണ്ടായിരുന്നില്ലെന്ന് ധനമന്ത്രി കൂടിയായ മുഖ്യമന്ത്രി സതീശൻ ബുധനാഴ്ച വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 35000 കോടിയുടെ ആ ബജറ്റ് നടപ്പാക്കാൻ 20,500 കോടി രൂപ ഖജനാവിലില്ലെന്ന് സതീശൻ കുറ്റപ്പെടുത്തുന്നു.

മറ്റൊരു വിവാദം പി.എം.ശ്രീയുമായി ബന്ധപ്പെട്ടതാണ്. മന്ത്രിസഭ പോലും അറിയാതെ പി.എം.ശ്രീ പദ്ധതിയിൽ ഒപ്പിട്ടതുമൂലം 'സർവശിക്ഷ അഭിയാൻ' പദ്ധതിയിലെ കുടിശ്ശികയിൽ 106 കോടിയോളം രൂപ സംസ്ഥാനത്തിനു കിട്ടിയെന്ന് കണക്കുണ്ട്. എന്നാൽ ആ പണവുമായി പി.എം.ശ്രീ പദ്ധതിക്ക് ബന്ധമൊന്നുമില്ലെന്ന് പഴയ വിദ്യാഭ്യാസമന്ത്രി ശിവൻകുട്ടി അവകാശപ്പെടുന്നു. പി.എം.ശ്രീയിൽ ഒപ്പിട്ട് സംസ്ഥാന സർക്കാർ പണം വാങ്ങിയെന്ന സതീശന്റെ ആരോപണം ഭാഗികമായി ശരിയാണ്. എന്നാൽ, കേന്ദ്രം നൽകിയ കുടിശ്ശിക പി.എം.ശ്രീയുമായി ബന്ധപ്പെട്ടതല്ലെന്ന് ശിവൻകുട്ടി ആണയിടുന്നു. ഒടുവിൽ കോമഡിക്കാർ പറയുന്നതുപോലെ 'ആ പഴമല്ലേ ഈ പഴമെന്നു' ചോദിച്ചാൽ രണ്ടും ഒരേ പഴമാണെന്നു തന്നെയല്ലേ ജനം കരുതുക?

സി.പി.എമ്മിന്റെ പോഷക സംഘടനയായ എൻ.ജി.ഒ യൂണിയൻ കോട്ടയത്തു നടത്തിയ സംസ്ഥാന സമ്മേളനത്തിൽ മുഖ്യപ്രാസംഗികയായി എത്തിയത് ഷൈലജ ടീച്ചർ ആയിരുന്നു. ലേബർ കോഡ്, ഡി.എം. കുടിശ്ശിക, പിൻവാതിൽ നിയമനം ഇങ്ങനെ വിഷയങ്ങൾ പലതുണ്ടായിട്ടും യൂണിയൻ ഇത്തവണ ചർച്ച ചെയ്ത വിഷയം കേട്ടാൽ ചിരിവരും ! ലിംഗ സമത്വവും സാമൂഹിക നീതിയും ! എന്റമ്മോ എന്തൊരു തൊലിക്കട്ടിയല്ലേ?

സി.പി.എമ്മിന്റെ തോൽവിക്ക് കാരണഭൂതനായി ഡിഫിക്കാർ 'ആണും പെണ്ണും കെട്ട' ഒരു ജീവിയെ കണ്ടെത്തിയതായി ഒരു വാർത്ത കണ്ടു. ഡിഫിക്കാർ കണ്ടെത്തിയ ആ ജീവിയുടെ പേര് 'ഗോ......വി'! ഈ അക്ഷരങ്ങൾ ഏത് നേതാക്കളുടെ പേരുകളുടെ തുടക്കത്തിലാണുള്ളതെന്ന് കണ്ടെത്തിയാൽ പാർട്ടിയെ തോൽപ്പിച്ച 'വൈറസിനെ' പിടികിട്ടുമത്രെ! കൊടുകൈ 'ഡിഫി' ക്ക് ! അങ്ങനെയല്ലേ?



# വ്യാജ ആയുധക്കരാറിന്റെ മറവിൽ 700 കോടിയുടെ രാജ്യാന്തര നിക്ഷേപത്തട്ടിപ്പ്: നിജസ്ഥിതി പുറത്ത്

**എഴുനൂറ് കോടിയുടെ വമ്പൻ തട്ടിപ്പാണ് ഇവിടെ അരങ്ങേറിയിരിക്കുന്നത്. ഇത്തരത്തിലുള്ളൊരു വമ്പൻ തട്ടിപ്പു ഒരു തരത്തിലും തുടർന്ന് ഉണ്ടാകാതിരിക്കാൻ ഉന്നതാധികാരികൾ അതീവ ജാഗ്രതയോടെ ഇരിക്കുകയും വേണം. ഈ കേസിൽ പലർക്കും കോടികളുടെ നഷ്ടമുണ്ടായി എന്നതിനേക്കാൾ വലിയ പ്രശ്നം ഇന്ത്യയിലെ അന്വേഷണ സംവിധാനങ്ങളിൽ പൊതുസമൂഹത്തിനുള്ള വിശ്വാസം ഇല്ലാതാവുക കൂടി ചെയ്തിരിക്കുന്നു. പണം നഷ്ടപ്പെട്ടവരെ ഇനിയും കഷ്ടപ്പെടുത്താതെ എത്രയും വേഗം പരിഹാരം ഉണ്ടാക്കുകയും വേണം.**

ഡൽഹി ഡെർബാർ

അമേരിക്കൻ പ്രതിരോധ വകുപ്പിന്റെയും (പെന്റഗൺ) ഭാരത സർക്കാരിന്റെയും ഔദ്യോഗിക പദവികളും ദേശീയ മുദ്രകളും വ്യാജമായി ചമച്ച്, മലയാളി പ്രവാസികൾ ഉൾപ്പെടെ നൂറുകണക്കിന് നിക്ഷേപകരെ കെണിയിലാക്കിയ 700 കോടി രൂപയുടെ മെഗാ നിക്ഷേപത്തട്ടിപ്പിന്റെ ഞെട്ടിക്കുന്ന വിവരങ്ങളാണ് അടുത്തിടെ പുറത്തുവന്നിരുന്നത്.

ന്യൂഡൽഹി ആസ്ഥാനമായി രജിസ്റ്റർ ചെയ്ത 'വി.പി.വി.വി. ടെക്നോ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്' എന്ന കമ്പനിയുടെ മറവിലാണ് ഈ വൻ തട്ടിപ്പ് അരങ്ങേറിയത്. തട്ടിപ്പിനിരയായ ഒരു എറണാകുളം ചെങ്ങമനാട് സ്വദേശി നൽകിയ പരാതിയിലാണ് വിദേശ ഏജൻസികളെപ്പോലും ഞെട്ടിച്ച ഈ രാജ്യാന്തര സാമ്പത്തിക കുറ്റകൃത്യത്തിന്റെ ചുരുളഴിയുന്നത്.

കെണിയൊരുക്കിയ 'ഇൻഡോ-യുഎസ് പസിഫിക് പീസ് ട്രീറ്റി' അമേരിക്കൻ പ്രതിരോധ വകുപ്പിൽ നിന്ന് 83,000 കോടി രൂപയുടെ ആയുധ നിർമ്മാണ കരാറും നാസയ്ക്ക് ആവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വിതരണം ചെയ്യാനുള്ള ഓർഡറും തങ്ങളുടെ കമ്പനിക്ക് ലഭിച്ചിട്ടുണ്ടെന്ന് കാണിച്ചാണ് പ്രതികൾ നിക്ഷേപകരെ സമീപിച്ചത്. ഇതിനായി ഇന്ത്യയും അമേരിക്കയും തമ്മിൽ ഒപ്പുവെച്ചു എന്ന് അവകാശപ്പെടുന്ന 'ഇൻഡോ-യുഎസ് പസിഫിക് പീസ് ട്രീറ്റി' എന്ന വ്യാജ ഉടമ്പടി രേഖ ഇവർ കാണിക്കുകയും ചെയ്തിരുന്നു.

ഈ കരാറുകളിൽ പണം നിക്ഷേപിച്ചാൽ കോടിക്കണക്കിന് രൂപയുടെ ലാഭവിഹിതം അസാധാരണ വേഗതയിൽ ലഭിക്കുമെന്ന് വിശ്വസിപ്പിച്ച് നൂറോളം മലയാളികൾ ഉൾപ്പെടെ അഞ്ഞൂറിലധികം നിക്ഷേപകരിൽ നിന്നായി പ്രതികൾ 700 കോടിയോളം രൂപ സമാഹരിക്കുകയായിരുന്നു.



തട്ടിപ്പിന്റെ ആസൂത്രണവും കബളിപ്പിക്കൽ രീതികളും നിക്ഷേപകരിൽ വിശ്വാസ്യത ജനിപ്പിക്കാൻ തികച്ചും സിനിമ സ്റ്റൈലിലുള്ള വിപുലമായ സജ്ജീകരണങ്ങളാണ് പ്രതികൾ ഒരുക്കിയിരുന്നത്: വ്യാജ നയതന്ത്ര പ്രതിനിധി 'ഡോക്ടർ സാബ്': യുഎസിലെ ഇന്ത്യൻ നയതന്ത്ര പ്രതിനിധിയെന്ന വ്യാജേന 'ഡോക്ടർ സാബ്' (തനുഷ് പാണ്ഡ്യ) എന്നൊരാളെ പ്രതികൾ നിക്ഷേപകർക്ക് പരിചയപ്പെടുത്തി. പെന്റഗണിൽ നിന്ന് കമ്പനിക്ക് കരാർ വാങ്ങി നൽകിയത് ഇയാളാണെന്നാണ് നിക്ഷേപകരെ വിശ്വസിപ്പിച്ചിരുന്നത്.

### ഹൈടെക് സുരക്ഷാ നാടകം

ന്യൂഡൽഹി വസന്ത് നഗറിലുള്ള വി.പി.വി.വി കമ്പനിയുടെ ആഡംബര ഓഫീസിലാണ് നിക്ഷേപകരുമായുള്ള കൂടിക്കാഴ്ചകൾ നടന്നിരുന്നത്. പ്രതിരോധ കരാറുകളുടെ രഹസ്യസ്വഭാവം നിലനിർത്താനെന്ന വ്യാജേന, ഓഫീസിൽ കയറ്റുന്നതിന് മുൻപ് നിക്ഷേപകരുടെ മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച്, കണ്ണട, ആഭരണങ്ങൾ എന്നിവയെല്ലാം വാങ്ങി പ്രത്യേക അലമാരയിൽ പൂട്ടിവെയ്ക്കുമായിരുന്നു. വ്യാജ മുദ്രകളുടെ ഉപയോഗം: ഇന്ത്യയുടെയും അമേരിക്കയുടെയും ഔദ്യോഗിക മുദ്രകൾ പതിപ്പിച്ച വ്യാജ സർട്ടിഫിക്കറ്റുകളും കരാർ പകർപ്പുകളുമാണ് ഓഫീസിനുള്ളിൽ വെച്ച് നിക്ഷേപകരെ കാണിച്ചിരുന്നത്.

### ഔദ്യോഗിക സ്ഥിരീകരണം

എംബസി രേഖ പുറത്ത്കരാർ പ്രകാരം ലാഭവിഹിതം ലഭിക്കാതിരുന്നതോടെ സംശയം തോന്നിയ നിക്ഷേപകർ വിവരാവകാശ നിയമപ്രകാരം വാഷിംഗ്ടണിലെ ഇന്ത്യൻ എംബസിയെ സമീപിച്ചതോടെയാണ് തട്ടിപ്പിന്റെ നിജസ്ഥിതി പുറത്തുവരുന്നത്. 'ഇന്ത്യ ഗവൺമെന്റോ യുഎസ് ഗവൺമെന്റോ 'ഇൻഡോ-യുഎസ് പസിഫിക് പീസ് ട്രീറ്റി' എന്ന പേരിൽ ഒരു ഉടമ്പടിയിലോ കരാറിലോ ഒപ്പുവെച്ചിട്ടില്ല' എന്ന് യുഎസിലെ ഇന്ത്യൻ എംബസി ഔദ്യോഗികമായി മറുപടി നൽകി. ഇതോടെ പ്രതികൾ കാണിച്ച രേഖകളെല്ലാം പൂർണ്ണമായും വ്യാജമാണെന്ന് സ്ഥിരീകരിക്കപ്പെട്ടു.

ഈ കേസിൽ അന്വേഷണം ശക്തമായതോടെ പ്രതികൾ നിയമത്തെയും നിക്ഷേപകരെയും വീണ്ടും കബളിപ്പിക്കാൻ ശ്രമങ്ങൾ നടത്തി.

തങ്ങൾക്കെതിരെയുള്ള പരാതികളിൽ ഡൽഹി പോലീസ് അന്വേഷണം നടത്തി കമ്പനിയെ കുറ്റവിമുക്തരാക്കി എന്ന തരത്തിൽ ഒരു വ്യാജ റിപ്പോർട്ട് ചമച്ച് പ്രതികൾ ഡൽഹി പ്രസ് ക്ലബ്ബിൽ ആഘോഷമായൊരു പത്രസമ്മേളനം വരെ നടത്തി. എന്നാൽ അന്തിമ റിപ്പോർട്ട് തയ്യാറായിട്ടില്ലെന്നും അന്വേഷണം തുടരുകയാണെന്നും ഡൽഹി പോലീസ് വ്യക്തമാക്കി.

കേസിലെ പ്രധാന സൂത്രധാരനായ 'ഡോക്ടർ സാബ്' വ്യാജ ഐഡന്റിറ്റി ഉപയോഗിച്ച് മുൻകൂർ ജാമ്യം നേടിയ ശേഷം വിദേശത്തേക്ക് കടന്നതായി റിപ്പോർട്ടുകളുണ്ട്. കേസിലെ ഒന്നാം പ്രതിയായ കൊല്ലം സ്വദേശി വെങ്കിട്ട വെങ്കിടിനെ കേന്ദ്രീകരിച്ച് അന്വേഷണം പുരോഗമിക്കുകയാണ്.

ദേശീയ സുരക്ഷയുടെയും അന്താരാഷ്ട്ര പ്രതിരോധ കരാറുകളുടെയും വലിയ പേരുകൾ പറഞ്ഞ് വൻകിട നിക്ഷേപകരെ ലക്ഷ്യമിട്ട് നടത്തിയ അതിസങ്കീർണ്ണമായ ഒരു വൈറ്റ് കോളർ കൊള്ളയാണിത്. ഇന്ത്യയിലെയും അമേരിക്കയിലെയും കേന്ദ്ര അന്വേഷണ ഏജൻസികളുടെയും രഹസ്യാന്വേഷണ വിഭാഗങ്ങളുടെയും സംയുക്ത നിരീക്ഷണത്തിലാണ് നിലവിൽ ഈ കേസ് മുന്നോട്ടുപോകുന്നത്. ഔദ്യോഗിക മുദ്രകൾ കണ്ട് മാത്രം വഞ്ചിതരാകാതെ, ഇത്തരം വലിയ നിക്ഷേപങ്ങൾക്ക് മുമ്പ് സർക്കാർ തലത്തിലുള്ള ഔദ്യോഗിക സ്ഥിരീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ഈ സംഭവം വീണ്ടും ഓർമ്മിപ്പിക്കുന്നു. അതുപോലെ ഇത്തരത്തിലുള്ളൊരു വമ്പൻ തട്ടിപ്പു പദ്ധതി ഒരു തരത്തിലും തുടർന്നുണ്ടാകാതിരിക്കാൻ ഉന്നതാധികാരികൾ അതീവ ജാഗ്രതയോടെ ഇരിക്കുകയും വേണം. ഈ കേസിൽ പലർക്കും കോടികളുടെ നഷ്ടമുണ്ടായി എന്നതിനേക്കാൾ വലിയ പ്രശ്നം ഇന്ത്യയിലെ അന്വേഷണ സംവിധാനങ്ങളിൽ പൊതുസമൂഹത്തിനുള്ള വിശ്വാസം ഇല്ലാതാവുക കൂടി ചെയ്തിരിക്കുന്നു. പണം നഷ്ടപ്പെട്ടവരെ ഇനിയും കഷ്ടപ്പെടുത്താതെ എത്രയും വേഗം പരിഹാരം ഉണ്ടാക്കുകയും വേണം.

▶ *എമ എൽസ എൽവിൻ*

# മണ്ഡല പുനർനിർണ്ണയ ബിൽ പാസാക്കാൻ എൻ.ഡി.എയ്ക്ക് ഇനി വെറും 6 വോട്ടുകൾ മാത്രം മതിയെന്ന് പുതിയ റിപ്പോർട്ട്

ദേശീയ രാഷ്ട്രീയത്തിൽ വലിയ ചർച്ചകൾക്ക് വഴിതുറന്നുകൊണ്ട് ലോക്സഭാ മണ്ഡലങ്ങളുടെ പുനർനിർണ്ണയം നടപ്പിലാക്കാനുള്ള നിർണ്ണായക നീക്കങ്ങളുമായി കേന്ദ്ര ഭരണകക്ഷിയായ എൻ.ഡി.എ മുന്നോട്ട് പോകുന്നതായി സൂചനകൾ. പ്രതിപക്ഷ പാർട്ടികളിൽ അടുത്തിടെയുണ്ടായ ആഭ്യന്തര തർക്കങ്ങളും പിളർപ്പുകളും ഭരണപക്ഷത്തിന് പുതിയ ആത്മവിശ്വാസം നൽകുന്നുണ്ട്. പാർലമെന്റിൽ ഈ ചരിത്രപരമായ ബിൽ പാസാക്കിയെടുക്കാൻ എൻ.ഡി.എ സഖ്യത്തിന് ഇനി വെറും ആറ് വോട്ടുകളുടെ കുറവ് മാത്രമാണുള്ളതെന്നാണ് രാഷ്ട്രീയ നിരീക്ഷകർ വിലയിരുത്തുന്നത്.

രാജ്യത്തെ ജനസംഖ്യാ വർദ്ധനവിന് അനുസൃതമായി പാർലമെന്റ് മണ്ഡലങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രത്യേക നടപടിയാണ് മണ്ഡല പുനർനിർണ്ണയം അഥവാ ഡിലിമിറ്റേഷൻ. ഇത് യാഥാർത്ഥ്യമാകുന്നതോടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ലോക്സഭാ സീറ്റുകളുടെ



എണ്ണത്തിൽ വലിയ വർദ്ധനവുണ്ടാകും. ഈ നയതന്ത്രപരമായ മാറ്റം രാജ്യത്തിന്റെ ഭാവി രാഷ്ട്രീയ സമവാക്യങ്ങളെ പൂർണ്ണമായി മാറ്റിമറിക്കാൻ പോന്ന ഒന്നാണ്.

പ്രതിപക്ഷ സഖ്യത്തിലെ പ്രമുഖ പ്രാദേശിക കക്ഷികളിൽ നിലനിൽക്കുന്ന കടുത്ത അസ്ഥിരത ഭരണപക്ഷത്തിന് കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കുന്നുണ്ട്. മഹാരാഷ്ട്രയിലും മറ്റ് ചില പ്രമുഖ സംസ്ഥാനങ്ങളിലും പ്രതിപക്ഷ എംപിമാർ കൂട്ടത്തോടെ ഭരണപക്ഷത്തെ പിന്തുണയ്ക്കാൻ ഒരുങ്ങുന്നതായി വാർത്തകൾ വന്നിരുന്നു. ഇത്തരം രാഷ്ട്രീയ അട്ടിമറികൾ പാർലമെന്റിന്റെ ഇരുസഭകളിലും ഭരണഘടന ഭേദഗതി ബില്ലുകൾ പാസാക്കാൻ സർക്കാരിന് ആവശ്യമായ ഭൂരിപക്ഷം നൽകും.

ഭരണഘടന ഭേദഗതി ആവശ്യമായ ഇത്തരം ബില്ലുകൾക്ക് പാർലമെന്റിൽ ഹാജരുള്ള അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷമാണ് അത്യാവശ്യമായിട്ടുള്ളത്. നിലവിലെ സാഹചര്യത്തിൽ എൻ.ഡി.എ സഖ്യത്തിന് സ്വന്തം നിലയ്ക്ക് ഈ വലിയ ഭൂരിപക്ഷം തികയ്ക്കാൻ സാധിക്കില്ലായിരുന്നു. എന്നാൽ പ്രതിപക്ഷത്ത് നിന്നും ഉണ്ടാകുന്ന പുതിയ കലാപങ്ങളും വോട്ടെടുപ്പിൽ നിന്നുള്ള വിട്ടുനിൽക്കലുകളും സർക്കാരിന്റെ ലക്ഷ്യങ്ങൾ വേഗത്തിലാക്കാൻ സഹായിക്കും.

അതേസമയം മണ്ഡല പുനർനിർണ്ണയ പദ്ധതിക്കെതിരെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രാദേശിക പാർട്ടികൾ ശക്തമായ എതിർപ്പാണ് രേഖപ്പെടുത്തുന്നത്.

ജനസംഖ്യ കൃത്യമായി നിയന്ത്രിച്ച കേരളം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങൾക്ക് പുതിയ പരിഷ്കാരം വലിയ രാഷ്ട്രീയ തിരിച്ചടിയാകുമെന്ന് ഇവർ ആശങ്കപ്പെടുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് കൂടുതൽ മേധാവിത്വം ലഭിക്കുന്നത് രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ തകർക്കുമെന്നാണ് പ്രതിപക്ഷത്തിന്റെ പ്രധാന ആരോപണം. കേന്ദ്ര സർക്കാർ ഈ സുപ്രധാന പരിഷ്കാരവുമായി മുന്നോട്ടുപോയാൽ അതിനെ നിയമപരമായും രാഷ്ട്രീയമായും നേരിടാനാണ് പ്രതിപക്ഷ കൂട്ടായ്മയുടെ തീരുമാനം.

വരാനിരിക്കുന്ന പാർലമെന്റ് സമ്മേളനങ്ങളിൽ ഈ വിഷയം വലിയ രീതിയിലുള്ള തർക്കങ്ങൾക്കും ഭരണപ്രതിപക്ഷ പോരാട്ടങ്ങൾക്കും കാരണമാകുമെന്ന കാര്യം ഉറപ്പാണ്. വരും ദിവസങ്ങളിൽ സ്വതന്ത്ര കക്ഷികളുടെ നിലപാടുകളും ഈ ബില്ലിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ വലിയ പങ്ക് വഹിക്കും.



# ക്രൊയേഷ്യയെ തോൽപ്പിച്ച് ഇംഗ്ലണ്ടിന് മികച്ച തുടക്കം

ഡാലസ്: ഫുട്ബോൾ ലോകകപ്പ് ക്യാമ്പെയ്ന് ശക്തമായ തുടക്കം കുറിച്ച് ഇംഗ്ലണ്ട് ക്രൊയേഷ്യയെ ത്രില്ലർ മത്സരത്തിൽ മറികടന്നു. ആക്രമണത്തിൽ ശക്തിയും പ്രതിരോധത്തിൽ ചില വീഴ്ചകളും ഉണ്ടായിരുന്നെങ്കിലും, മത്സരത്തിന്റെ അവസാനം ഇംഗ്ലണ്ട് വിജയം സ്വന്തമാക്കുകയായിരുന്നു.മത്സരത്തിന്റെ ആദ്യ പകുതിയിൽ തന്നെ 12-ാം മിനിറ്റിൽ ഹാരി കെയിൻ ഇംഗ്ലണ്ടിന് മുന്നേറ്റം നൽകി. നോണി മഡുവേക്കെയെ ലൂക്ക മോഡ്രിച്ച് ഫൗൾ ചെയ്തതിന് പിന്നാലെ ലഭിച്ച പെനാൽറ്റി ആദ്യ ശ്രമത്തിൽ ക്രൊയേഷ്യ ഗോൾകീപ്പർ ഡൊമിനിക് ലിവാക്കോവിച്ച് രക്ഷിച്ചെങ്കിലും, അദ്ദേഹം ലൈൻ വിട്ട് മുന്നേറിയതിനാൽ വീണ്ടും കിക്ക് അനുവദിക്കപ്പെട്ടു. രണ്ടാം അവസരം കെയിൻ പാഴാക്കാതെ ഗോൾ ആക്കി മാറ്റി. 36-ാം മിനിറ്റിൽ ക്രൊയേഷ്യ തിരിച്ചടിച്ചു. മാർട്ടിൻ ബറ്റുരിനയുടെ ശക്തമായ ഷോട്ട് ഇംഗ്ലണ്ട് ഗോൾകീപ്പർ ജോർദൻ പിക്ക്ഫോർഡ് തൊട്ടെങ്കിലും തടയാൻ സാധിച്ചില്ല.ആദ്യ പകുതി അവസാനിക്കാനിരിക്കെ, ഡെക്ലാൻ റൈസിന്റെ കോർണറിൽ നിന്ന് കെയിൻ ശക്തമായ ഹെഡർ ഗോൾ നേടി ഇംഗ്ലണ്ടിനെ വീണ്ടും മുന്നിലെത്തിച്ചു. ഇതോടെ കെയിൻ ഗാരി ലിനേക്കറിന്റെ ലോകകപ്പ് ഗോൾ റെക്കോർഡിനൊപ്പമെത്തി, തന്റെ കരിയറിലെ 81-ാം അന്താരാഷ്ട്ര ഗോൾ കൂടിയായി. എന്നാൽ, ക്രൊയേഷ്യ വീണ്ടും തിരിച്ചടിച്ചു. ഇടവേളയ്ക്ക് മുൻപ് തന്നെ ഇവാൻ പെരിസിച്ചിന്റെ ഹെഡർ പാസ് പെടാർ മുസ ഗോൾ ആക്കി മാറ്റി, മത്സരം 2-2 സമനിലയിലാക്കി.രണ്ടാം പകുതിയിൽ ജൂഡ് ബെല്ലിങ്ഹാം തന്റെ കഴിവ് തെളിയിച്ചു. ശക്തമായ ഡ്രൈവും കൃത്യമായ ഫിനിഷും ഉപയോഗിച്ച് ഇംഗ്ലണ്ടിനെ വീണ്ടും മുന്നിലെത്തിച്ചു. തുടർന്ന് പകരക്കാരനായി ഇറങ്ങിയ മാർക്കസ് റാഷ്ഫോർഡ് അഞ്ചു മിനിറ്റ് ബാക്കി നിൽക്കുമ്പോൾ നേടിയ മനോഹര ഗോൾ മത്സരത്തിന് അവസാന മുദ്രയിട്ടു.ഇംഗ്ലണ്ട് ആക്രമണത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ചെങ്കിലും പ്രതിരോധത്തിൽ ചില ദൗർബല്യങ്ങൾ കാണപ്പെട്ടു.

# ഗ്രൗണ്ടിലെ കൈയാങ്കളി, ലങ്കൻ താരത്തിന് കനത്ത പിഴ

ത്രിരാഷ്ട്ര ഏകദിന പരമ്പരയിലെ ഇന്ത്യ എ-ശ്രീലങ്ക എ മത്സരത്തിന് ശേഷം ഗ്രൗണ്ടിൽവെച്ച് ശ്രീലങ്കൻ താരങ്ങളുമായി കൈയ്യാങ്കളിയിലേർപ്പെട്ട സംഭവത്തിൽ കൗമാര താരം വൈഭവ് സൂര്യവംശിക്കെതിരെ നടപടിയെടുക്കേണ്ടെന്ന് ബിസിസിഐ തീരുമാനം. എന്നാൽ, വൈഭവിനെ നിരന്തരം അധിക്ഷേപിക്കുകയും തർക്കത്തിന് കാരണക്കാരനാകുകയും ചെയ്ത ലങ്കൻ താരം വിഷേൻ ഹാലംബാഗെയ്ക്കെതിരെ ശ്രീലങ്കൻ ക്രിക്കറ്റ് ബോർഡ് കർശന നടപടിയെടുത്തുവെന്ന് ക്രിക് ബസ് റിപ്പോർട്ട് ചെയ്തു. തിങ്കളാഴ്ച ദാംബുള്ളയിൽ നടന്ന മത്സരത്തിൽ സൂപ്പർ ഓവറിൽ ഇന്ത്യ എ ടീം തോറ്റതിന് തൊട്ടുപിന്നാലെയായിരുന്നു ഇരു ടീമിലെയും താരങ്ങൾ തമ്മിൽ മൈതാനത്ത് കടുത്ത വാക്പോരിലും കൈയ്യാങ്കളിയിലും ഏർപ്പെട്ടത്.മത്സരശേഷം 15-കാരനായ വൈഭവ് സൂര്യവംശി എതിർ താരവുമായി കൈയാങ്കളിക്ക് മുതിർന്നതിനാൽ ബിസിസിഐ കൗമാര താരത്തിന് കാരണംകാണിക്കൽ നോട്ടീസോ മുന്നറിയിപ്പോ നൽകിയേക്കുമെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ ഇത്തരം റിപ്പോർട്ടുകളെ ബിസിസിഐ സെക്രട്ടറി





ദേവ്ജിത് സൈക്കിയ പൂർണ്ണമായി തള്ളി. കളിക്കാർ കളിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കട്ടെ എന്നാണ് ബിസിസിഐ നിലപാട്. മറ്റ് ബാഹ്യവിഷയങ്ങളിലേക്ക് അവരുടെ ശ്രദ്ധ നഷ്ടപ്പെടുത്താൻ തങ്ങൾ ആഗ്രഹിക്കുന്നില്ലെന്നായിരുന്നു ദേവ്ജിത് സൈക്കിയയുടെ പ്രതികരണം.അതേസമയം, തർക്കത്തിന് കാരണക്കാരനായ വിഷേൻ ഹാലംബാഗെയ്ക്കെതിരെ ശ്രീലങ്കൻ ക്രിക്കറ്റ് ബോർഡ് കടുത്ത നടപടിയെടുത്തതായി ക്രിക് ബസ് റിപ്പോർട്ട് ചെയ്തു. ആദ്യ മത്സരത്തിലും തിങ്കളാഴ്ച നടന്ന മത്സരത്തിലും ഹാലംബാഗെ വൈഭവിനെ തുടർച്ചയായി ആധിക്ഷേപിച്ചിരുന്നു.



## അരങ്ങേറ്റത്തിൽ ഇരട്ട ഗോളുകളുമായി തിളങ്ങി ഹാലണ്ട്

നീണ്ട 26 വർഷത്തെ കാത്തിരിപ്പിന് ശേഷം ഒരു പ്രധാന അന്താരാഷ്ട്ര ടൂർണമെന്റിനെത്തിയ നോർവെയ്ക്ക് ലോകകപ്പിൽ വിജയത്തുടക്കം. ബോസ്റ്റണിൽ നടന്ന ഗ്രൂപ്പ് ഐ മത്സരത്തിൽ മറുപടിയില്ലാത്ത ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് നോർവേ ഏഷ്യൻ കരുത്തരായ ഇറാഖിനെ തകർത്തത്. നോർവെയ്ക്കായി സൂപ്പർ താരം എർലിങ് ഹാലണ്ട് ഇരട്ട ഗോളുകൾ നേടി തിളങ്ങി. കരിയറിലെ തന്റെ ആദ്യ ലോകകപ്പ് മത്സരത്തിൽ തന്നെയാണ് മാഞ്ചസ്റ്റർ സിറ്റി താരം ഗോൾ വേട്ട നടത്തിയത്.


# റൊണാൾഡോയുടെ റെക്കോർഡും തൂക്കി! എംബാപ്പെയെ പിന്നിലാക്കി ഗോൾഡൻ ബൂട്ട് റേസിലും

# മെസ്സി മുന്നിൽ







ലയണൽ മെസ്സിയാണോ ക്രിസ്റ്റ്യാനോ റൊണാൾഡോയാണോ ലോകത്തെ മികച്ച താരം എന്ന ദശാബ്ദങ്ങൾ നീണ്ട തർക്കങ്ങൾക്ക് കൻസാസ് സിറ്റിയിലെ ആ രാത്രിയോടെ വിരാമമായിരിക്കുകയാണ്. കരിയറിന്റെ ഇരുപതാം വർഷത്തിലും റെക്കോർഡുകൾ ഒന്നൊന്നായി തിരുത്തിക്കുറിച്ച് മെസ്സി ഫുട്ബോൾ ചരിത്രത്തിന്റെ നെറുകയിൽ ഒറ്റയ്ക്ക് നിൽക്കുകയാണ്. തന്റെ 39-ാം ജന്മദിനത്തിന് തൊട്ടുമുമ്പ്, അതും കരിയറിലെ ആദ്യ ലോകകപ്പ് ഗോൾ നേടിയ അതേ തിയ്യതിയിൽ (ജൂൺ 16) തന്നെയാണ് അൾജീരിയക്കെതിരെ മെസ്സി ഈ വിസ്മയ ഹാട്രിക് കുറിച്ചത്.മത്സരത്തിൽ ക്ലോസെയുടെ 16 ലോകകപ്പ് ഗോളുകൾ എന്ന റെക്കോർഡിനൊപ്പം എത്തിയതിന് പുറമെ, തന്റെ എക്കാലത്തെയും വലിയ എതിരാളിയായ ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ ഒരു ചരിത്ര റെക്കോർഡ് കൂടി മെസ്സി മറികടന്നു.തുടർച്ചയായ കരിയർ മികവിന്റെയും ഫിറ്റ്നസിന്റെയും പേരിൽ റൊണാൾഡോയെ പ്രശംസിക്കുന്നവർക്കുള്ള മറുപടി കൂടിയായിരുന്നു മെസ്സിയുടെ ഈ പ്രകടനം.38 വയസ്സും 357 ദിവസവും പ്രായമുള്ളപ്പോഴാണ് മെസ്സി അൾജീരിയക്കെതിരെ ഹാട്രിക് നേടിയത്. ഇതോടെ ലോകകപ്പ് ചരിത്രത്തിൽ ഹാട്രിക് നേടുന്ന ഏറ്റവും പ്രായം കൂടിയ താരം എന്ന റെക്കോർഡ് ഇനി മെസ്സിക്ക് സ്വന്തം. 2018 ലോകകപ്പിൽ സ്പെയിനെതിരെ 33 വയസ്സും 122 ദിവസവും പ്രായമുള്ളപ്പോൾ റൊണാൾഡോ സ്ഥാപിച്ച റെക്കോർഡാണ് മെസ്സി ഇവിടെ തകർത്തത്.ലോകകപ്പിലെ ഗോൾഡൻ ബൂട്ടിനായുള്ള പോരാട്ടത്തിലും മെസ്സി തന്നെയാണ് ഇപ്പോൾ മുന്നിൽ.



# ഉയർന്ന രക്തസമ്മർദ്ദം മരുന്നില്ലാതെ കുറയ്ക്കാം; ദിവസവും മിനിറ്റുകൾ മാത്രം മാറ്റിവെക്കേണ്ട 3 ലളിതമായ ശ്വാസക്രിയകൾ ഇതാ!

ആധുനിക ജീവിതശൈലിയും കടുത്ത മാനസിക സമ്മർദ്ദവും കാരണം ഇന്നത്തെ തലമുറ നേരിടുന്ന ഏറ്റവും വലിയ ആരോഗ്യ വെല്ലുവിളികളിൽ ഒന്നാണ് ഉയർന്ന രക്തസമ്മർദ്ദം. ഹൃദയാഘാതം ഉൾപ്പെടെയുള്ള മാരകമായ രോഗങ്ങളിലേക്ക് നയിച്ചേക്കാവുന്ന ഈ വില്ലനെ കീഴടക്കാൻ മരുന്നുകൾക്ക് പുറമെ പ്രകൃതിദത്തമായ ചില വഴികളും ഉണ്ടെന്നാണ് പുതിയ മെഡിക്കൽ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ദിവസവും കുറച്ചു സമയം മാത്രം മാറ്റിവെച്ച് ചെയ്യാവുന്ന ചില പ്രത്യേക ശ്വാസക്രിയകൾ വഴി രക്തസമ്മർദ്ദം അതീവ സുഗമമായി കുറയ്ക്കാൻ സാധിക്കും.



രക്തസമ്മർദ്ദം പെട്ടെന്ന് നിയന്ത്രണ വിധേയമാക്കാൻ സഹായിക്കുന്ന ഏറ്റവും ഫലപ്രദമായ ഒരു ശാസ്ത്രീയ മാർഗ്ഗമാണ് ഡയഫ്രമാറ്റിക് ബ്രീത്തിങ് അഥവാ വയർ ഉപയോയിച്ചുള്ള ശ്വാസമെടുക്കൽ രീതി. സാധാരണയായി ആളുകൾനെഞ്ച്മാത്രംവികസിപ്പിച്ചാണ്ശ്വാസമെടുക്കാറുള്ളത് എന്നാൽ ഇതിന് പകരമായി ശ്വാസം എടുക്കുമ്പോൾ വയർ പുറത്തേക്ക് വരികയും ശ്വാസം വിടുമ്പോൾ വയർ ഉള്ളിലേക്ക് പോകുകയും ചെയ്യുന്ന രീതിയാണിത്. ഈ ലളിതമായ ശ്വാസക്രിയ ശരീരത്തിലെ വാഗസ് ഞരമ്പുകളെ ഉത്തേജിപ്പിക്കുകയും ഹൃദയമിടിപ്പ് സാധാരണ നിലയിലാക്കാൻ വലിയ രീതിയിൽ സഹായിക്കുകയും ചെയ്യും.

ബോക്സ് ബ്രീത്തിങ് എന്നറിയപ്പെടുന്ന രണ്ടാമത്തെ പ്രക്രിയ അമേരിക്കൻ നാവികസേനയിലെ ഉദ്യോഗസ്ഥർ കടുത്ത മാനസിക സമ്മർദ്ദമുള്ള ഘട്ടങ്ങളിൽ സ്വയം ശാന്തരാകാൻ ഉപയോഗിക്കുന്ന ഒരു വിദ്യയാണ്. ഇതിനായി ആദ്യം നാല് സെക്കൻഡ് സമയമെടുത്ത് മൂക്കിലൂടെ ശ്വാസം ഉള്ളിലേക്ക് എടുക്കുകയാണ് ചെയ്യേണ്ടത്. അതിനുശേഷം അടുത്ത നാല് സെക്കൻഡ് നേരം ശ്വാസം ഉള്ളിൽ തന്നെ അടക്കിപ്പിടിച്ച് നിർത്തേണ്ടതുണ്ട്.

തുടർന്ന് അടുത്ത നാല് സെക്കൻഡ് കൊണ്ട് ആ ശ്വാസം പൂർണ്ണമായി പുറത്തേക്ക് വിടുകയും വീണ്ടും നാല് സെക്കൻഡ് നേരം ശ്വാസമെടുക്കാതെ ശൂന്യമായി തുടരുകയും ചെയ്യുക. ഒരു സമചതുരത്തിന്റെ ആകൃതിയിൽ നാല് ഘട്ടങ്ങളായി ചെയ്യുന്നതുകൊണ്ടാണ് ഇതിനെ ബോക്സ് ബ്രീത്തിങ് എന്ന് വിളിക്കുന്നത്. ഈ ക്രിയ ദിവസവും അഞ്ച് മിനിറ്റ് തുടർച്ചയായി ചെയ്യുന്നത് വഴി ധമനികളിലെ കടുത്ത സമ്മർദ്ദം കുറയ്ക്കാൻ സാധിക്കും.

നാല് ഏഴ് എട്ട് (478) എന്നറിയപ്പെടുന്ന മൂന്നാമത്തെ ശ്വാസക്രിയ ഉറക്കക്കുറവ് പരിഹരിക്കാനും ഒപ്പം രക്തസമ്മർദ്ദം പെട്ടെന്ന് താഴ്ത്താനും അതീവ അനയോജ്യമായ ഒന്നാണ്. ഈ രീതി അനുസരിച്ച് ആദ്യം നാല് സെക്കൻഡ് കൊണ്ട് മൂക്കിലൂടെ വായു ഉള്ളിലേക്ക് എടുക്കുകയാണ് ചെയ്യേണ്ടത്. അതിനശേഷം ഏഴ് സെക്കൻഡ് നേരം ആ ശ്വാസം ഉള്ളിൽ തന്നെ നിർത്തിയ ശേഷം എട്ട് സെക്കൻഡ് സമയം എടുത്ത് വായയിലൂടെ പൂർണ്ണമായി പുറത്തേക്ക് കളയുക.

